13
ഒക്ടോബർ 2018 ശനി
1194 കന്നി 27
തിരുവനന്തപുരം

# കേരളകൗമുദി

SINCE 1911
FOUNDER EDITOR: K. SUKUMARAN B.A

107 വർഷങ്ങൾ
4 തലമുറകൾ

14 പേജ് ₹ 7.50

THIRUVANANTHAPURAM | KOLLAM | PATHANAMTHITTA | ALAPUZHA | KOTTAYAM | KOCHI | THRISSUR | KOZHIKODE | KANNUR | BENGALURU
www.keralakaumudi.com www.facebook.com/keralakaumudi

## ഒറ്റനോട്ടം



**മൗറിഷ്യസ് ബാങ്കിൽ സൈബർ കൊള്ള**
പേജ് 11



**സടകുടഞ്ഞ് ഉണരാൻ സി.പി.എം**
പേജ് 7

## കോട്ടയത്ത് രണ്ടിടത്തും കളമശേരിയിലും കവർച്ചാ ശ്രമം

# ഇരുമ്പനത്തും കൊരട്ടിയിലും എ.ടി.എം തകർത്ത് 35.8 ലക്ഷം കവർന്നു



തൃപ്പൂണിത്തുറ, കൊരട്ടി: എറണാകുളത്തെ ഇരുമ്പനത്തും തൃശൂരിലെ കൊരട്ടിയിലും ഇന്നലെ വെളുപ്പിന് എ.ടി.എമ്മുകൾ ഗ്യാസ് കട്ടർ ഉപയോഗിച്ച് തകർത്ത് 36 ലക്ഷത്തോളം രൂപ കവർന്നു. ഇരുമ്പനം പുതിയറോഡ് ജംഗ്ഷനിൽ എയർപോർട്ട് സീപോർട്ട് റോഡിലെ എസ്.ബി.ഐയുടെ എ.ടി.എമ്മിൽ നിന്ന് 25 ലക്ഷത്തിലേറെ (25,05,200 ) രൂപയും കൊരട്ടി ദേശീയ പാതയോരത്തെ സൗത്ത് ഇന്ത്യൻ ബാങ്കിന്റെ എ.ടി.എം തകർത്ത് 10.8 ലക്ഷം രൂപയുമാണ് കവർന്നത്. കോട്ടയത്ത് എം.സി റോഡരികിൽ പത്തു കിലോമീറ്റർ പരിധിയിൽ മോനിപ്പള്ളി എസ്.ബി.ഐ കൗണ്ടറിലും വെമ്പള്ളിയിൽ സൗത്ത് ഇന്ത്യൻ ബാങ്കിന്റെ എ.ടി.എമ്മിലും കളമശേരി എച്ച്.എം.ടി റോഡിൽ ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ടിന് എതിർവശത്തെ എസ്.ബി.ഐ എ.ടി.എം കൗണ്ടറിലും കവർച്ചാ ശ്രമവുമുണ്ടായി.

എ.ടി.എം കൗണ്ടറിലെ കാമറകൾ സ്പ്രേ പെയിന്റ് അടിച്ച് മറച്ച നിലയിലാണ്. ഒരേ സംഘമാണ് എല്ലായിടത്തും മോഷണം നടത്തിയതെന്നും സംഘത്തിലെ മൂന്ന് പേരുടെ ദൃശ്യങ്ങൾ എം.സി റോഡരികിൽ മണിപ്പുഴയിലെ സ്ഥാപനത്തിലെ സി.സി.ടി.വി കാമറയിൽ നിന്നു ലഭിച്ചു.

എറണാകുളം ഇരുമ്പനത്ത് മോഷ്ടാക്കൾ തകർത്ത എസ്.ബി.ഐ യുടെ എ.ടി.എം കൗണ്ടർ

### മോഷ്ടാക്കൾ അന്യസംസ്ഥാനക്കാരെന്ന് നിഗമനം
### സ്പ്രേ പെയിന്റടിച്ച് കാമറകൾ മറച്ചു
### ഗ്യാസ് കട്ടറുപയോഗിച്ച് എ.ടി.എം തകർത്തു
### സംഘം സഞ്ചരിച്ച വാഹനം കണ്ടെത്തി




മോഷ്ടാവിന്റെ സി.സി ടി.വി ദൃശ്യം

സി.സി ടിവി ദൃശ്യങ്ങൾ വച്ച് ഇവർ അന്യസംസ്ഥാനക്കാരാണെന്നാണ് പൊലീസ് നിഗമനം. കോട്ടയം മണിപ്പുഴയിൽ നിന്ന് മോഷ്ടിച്ച പിക്ക്അപ്പ് വാനിലാണ് സംഘം സഞ്ചരിച്ചതെന്ന് ഇന്നലെ വൈകിട്ട് കണ്ടെത്തി. ചാലക്കുടി ഗവ. ബോയ്സ് ഹൈസ്കൂൾ ഗ്രൗണ്ടിൽ ഉപേക്ഷിക്കപ്പെട്ട നിലയിൽ കണ്ട വാഹനം പരിശോധിച്ചപ്പോഴാണ് ഇക്കാര്യം മനസിലായത്.

ഇരുമ്പനത്ത് ഇന്നലെ വെളുപ്പിന് 3.24 നാണ് മോഷണമെന്ന് കൗണ്ടറിനുള്ളിലെ കാമറ ദൃശ്യങ്ങളിൽ നിന്നു മനസിലായിട്ടുണ്ട്. ഗ്യാസ് കട്ടർ ഉപയോഗിച്ച് കാഷ് ബോക്സ് അറുത്തു മാറ്റുകയായിരുന്നു. രണ്ട് പേരുടെ ദൃശ്യങ്ങളും ഇവർ വന്ന പിക്ക് അപ്പ് വാനും കാമറയിൽ പതിഞ്ഞിട്ടുണ്ട്. ഇവർ മുഖം പാതി മറച്ചിട്ടുണ്ട്. എ.ടി.എം തകരാറിലാണെന്ന വിവരം കിട്ടിയതിനെ തുടർന്ന് ബാങ്കിന്റെ സൂപ്പർവൈസർമാർ രാവിലെ എത്തിയപ്പോഴാണ് കവർച്ച മനസിലായത്. തുടർന്ന് തൃപ്പൂണിത്തുറ ഹിൽപാലസ് പൊലീസിൽ അറിയിച്ചു. ഇതേ എ.ടി.എം മൂന്ന് വർഷം മുമ്പ് തകർത്ത് മോഷണ ശ്രമം നടന്നിരുന്നു.

**കൊരട്ടിയിൽ കവർച്ച പുലർച്ചെ**
പേജ് 7



### കോട്ടയം ടു ചാലക്കുടി കവർച്ച ഇങ്ങനെ

- കോട്ടയം കോടിമതയിലെ വെയ് ബ്രിഡ്ജിൽ നിന്ന് പിക്കപ്പ് വാഹനം മോഷ്ടിച്ചു
- പുലർച്ചെ 1.30. കുറവിലങ്ങാട്ട് രണ്ട് എ.ടി.എമ്മുകൾ തകർക്കാനുള്ള ശ്രമം പരാജയപ്പെട്ടു
- 3.30 ന് തൃപ്പൂണിത്തുറ ഇരുമ്പനത്തെ എ.ടി.എം തകർത്ത് 25 ലക്ഷം മോഷ്ടിച്ചു
- ഡ്രൈവർ മാത്രം വാഹനത്തിൽ
- മുഖം പാതി മറച്ച രണ്ടു പേർ എ.ടി.എമ്മിൽ
- ദൃശ്യങ്ങൾ പതിയാതിരിക്കാൻ രണ്ടു കാമറകളിലേക്കും പെയിന്റ് സ്പ്രേ പ്രയോഗം
- എ.ടി.എമ്മിന്റെ കീബോർഡിന് താഴെയുള്ള കാഷ് ഡോറ്, വശങ്ങളിലെ ഇരുമ്പ് പാളി ഗ്യാസ് കട്ടർ ഉപയോഗിച്ച് മുറിച്ചുമാറ്റി തുറന്നു
- ഗ്യാസ് കട്ടർ തീ ജ്വാലയായി പ്രവർത്തിക്കുന്നതിനാൽ ശബ്ദമില്ല
- സംഘം കളമശേരിയിലെത്തി എ.ടി.എം തകർക്കാൻ ശ്രമിച്ചെങ്കിലും അലാറം മുഴങ്ങിയതോടെ പരാജയപ്പെട്ടു
- 5 മണിയോടെ കൊരട്ടിയിലെത്തി 10 ലക്ഷം കവർന്നു
- ചാലക്കുടി റെയിൽവേ സ്റ്റേഷനിൽ വാഹനം ഉപേക്ഷിച്ച് ട്രെയിനിൽ ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിലേക്ക് കടന്നു
- ആറു മണിയോടെ പ്രതികൾ കയറിയെന്ന് പൊലീസ് നിഗമനം

## സെക്രട്ടേറിയറ്റ് അസിസ്റ്റന്റ് പരീക്ഷ ഇന്ന്

**5 ലക്ഷത്തോളം പേർ എഴുതും**

തിരുവനന്തപുരം: ആറേമുക്കാൽ ലക്ഷം പേർ അപേക്ഷിച്ചതിൽ നിന്ന് ഉദ്യോഗാർത്ഥികളുടെ കൺഫർമേഷൻ വഴി തിരഞ്ഞെടുക്കപ്പെട്ട 5 ലക്ഷം പേർ ഇന്ന് സെക്രട്ടേറിയറ്റ് അസിസ്റ്റന്റ് പരീക്ഷയെഴുതും. അസിസ്റ്റന്റ്/ ഓഡിറ്റർ തസ്തികയ്ക്കായുള്ള ( സെക്രട്ടേറിയറ്റ്, പി.എസ്.സി, എജീസ് ഓഫീസ്, വിജിലൻസ് തുടങ്ങിയ വകുപ്പുകൾ) ഒ.എം.ആർ പരീക്ഷയാണ് സംസ്ഥാനത്തെ വിവിധ കേന്ദ്രങ്ങളിൽ ഇന്ന് ഉച്ചയ്ക്ക് 1.30 മുതൽ 3.15 വരെ നടത്തുന്നത്. കഴിഞ്ഞ തവണ 6 ലക്ഷത്തിലധികം പേർ അപേക്ഷിച്ചിരുന്നെങ്കിലും മൂന്നര ലക്ഷം പേർ മാത്രമേ പരീക്ഷയ്ക്കെത്തിയിരുന്നുള്ളൂ. അതിനാലാണ് ഇത്തവണ ഉദ്യോഗാർത്ഥികളുടെ കൺഫർമേഷൻ ഏർപ്പെടുത്തിയത്. അഡ്മിഷൻ ടിക്കറ്റുകൾ അവരവരുടെ പ്രൊഫൈലിൽ ലഭ്യമാക്കിയിട്ടുണ്ട്. അഡ്മിഷൻ ടിക്കറ്റ്, ഒറിജിനൽ തിരിച്ചറിയൽ രേഖ എന്നിവസഹിതം ഉച്ചയ്ക്ക് 1.30 ന് മുൻപ് ഉദ്യോഗാർത്ഥികൾ പരീക്ഷാ ഹാളിൽ പ്രവേശിക്കണം. നിശ്ചിത സമയം കഴിഞ്ഞു വരുന്നവരെയോ അവശ്യ രേഖകൾ ഇല്ലാത്തവരെയോ പരീക്ഷ എഴുതാൻ അനുവദിക്കില്ല.



## ഡോ. രേഖാ നായർ ആർ.സി.സി ആദ്യ വനിതാ ഡയറക്ടർ

തിരുവനന്തപുരം: റീജിയണൽ കാൻസർ സെന്ററിലെ പാത്തോളജി വിഭാഗം അഡിഷണൽ പ്രൊഫസറും ദേശീയ രക്താർബുദരോഗ നിർണയ വിദഗ്ദ്ധയുമായ ഡോ. രേഖ നായരെ ഡയറക്ടറായി നിയമിച്ചു.

ആർ.സി.സി. യിലെ നാലാമത്തെ ഡയറക്ടറും ആദ്യത്തെ വനിതാ ഡയറക്ടറുമാണ് ഡോ.രേഖ നായർ. ആഗസ്റ്റ് 10 ന് കൊച്ചിൻ കാൻസർ സെന്ററിൽ നടന്ന അഭിമുഖത്തിൽ ഡൽഹി നാഷണൽ കാൻസർ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ ഡോ. ജി.കെ. രഥ്, മുംബയ് ടാറ്റ മെമ്മോറിയൽ ഹോസ്പിറ്റൽ ഡയറക്ടർ ഡോ. രാജൻബദ്വ, കൊൽക്കത്ത ടാറ്റ മെമ്മോറിയൽ കാൻസർ സെന്റർ ഡയറക്ടർ ഡോ. മാമൻചാണ്ടി, കൊച്ചിൻ കാൻസർ സെന്റർ ഡയറക്ടർ ഡോ. മോനി കുര്യാക്കോസ് എന്നിവരടങ്ങിയ സെർച്ച് കമ്മിറ്റിയാണ് ഡോ. രേഖ നായരെ ഡയറക്ടറായി നാമനിർദ്ദേശം ചെയ്തത്. ഇത് സർക്കാർ അംഗീകരിച്ചതായി മന്ത്രി കെ.കെ.ശൈലജ അറിയിച്ചു.

**വിദേശത്തും വൈദഗ്ദ്ധ്യം നേടി**
- പേജ് 14

## തലവര

സർക്കാരിനെതിരായ പ്രചാരണങ്ങളെ ശക്തമായി പ്രതിരോധിക്കാൻ സി.പി.എം



കരിമല കയറ്റം... കഠിനം...കഠിനം...

# പി.എഫ് പെൻഷൻ കള്ളക്കളി ഹൈക്കോടതി പൊളിച്ചു

■ ഉയർന്ന പി.എഫ് പെൻഷന് കൂടിയ വിഹിതം അടയ്ക്കാം ■ 2014 ൽ കൊണ്ടുവന്ന വിവാദ ഭേദഗതി റദ്ദാക്കി

കൊച്ചി : പി.എഫ് പെൻഷൻ തുക പരമാവധി കുറയ്ക്കുക എന്ന ലക്ഷ്യത്തോടെ എംപ്ലോയീസ് പ്രൊവിഡന്റ് ആക്ടിൽ 2014 ൽ കേന്ദ്രം കൊണ്ടുവന്ന തൊഴിലാളി വിരുദ്ധ ഭേദഗതി ഹൈക്കോടതി സിവിഷൻ ബെഞ്ച് അപ്പാടെ റദ്ദാക്കി. പി.എഫ് പെൻഷൻകാരുടെ ചിരകാല ആവശ്യമാണ് ഇതോടെ നിറവേറിയത്. ശമ്പള അടിസ്ഥാനത്തിൽ പ്രോവിഡന്റ് ഫണ്ട് പെൻഷൻ ലഭിക്കാൻ തൊഴിലാളികൾക്ക് ഇനി കൂടുതൽ വിഹിതം അടയ്ക്കാം. മാത്രമല്ല ഈ ഓപ്ഷൻ സമയ പരിധിയില്ലാതെ തിരഞ്ഞെടുക്കാമെന്നും ഹൈക്കോടതി വ്യക്തമാക്കി. ഇതിനു വിരുദ്ധമായി എംപ്ലോയീസ് പ്രോവിഡന്റ് ആക്ടിൽ 2014 ൽ കൊണ്ടുവന്ന ഭേദഗതി നിയമവിരുദ്ധവും സ്വേച്ഛാപരവുമാണെന്ന് കുറ്റപ്പെടുത്തിക്കൊണ്ടാണ് ഡിവിഷൻ ബെഞ്ച് റദ്ദാക്കിയത്. 2014 ലെ ഭേദഗതി തൊഴിലാളി വിരുദ്ധമാണെന്നാരോപിച്ച് കെൽട്രോൺ ഉദ്യോഗസ്ഥനായ ടി.വൈ. വിജയകുമാർ ഉൾപ്പെടെ നൽകിയ 507 ഹർജികളാണ് ഹൈക്കോടതി പരിഗണിച്ചത്. പെൻഷൻ തുക കണക്കാക്കാൻ വിരമിക്കുന്നതിന് മുമ്പുള്ള 12 മാസത്തെ ശരാശരി ശമ്പളമാണ് നേരത്തേ കണക്കിലെടുത്തിരുന്നതെങ്കിൽ ഭേദഗതി വന്നതോടെ ഇത് അവസാന അഞ്ച് വർഷത്തെ ശമ്പളത്തിന്റെ ശരാശരി കണക്കിലെടുക്കുന്ന നിലയിലായി. നിലവിലെ ആനുകൂല്യം ഇല്ലാതാക്കുന്ന ഇത്തരം വ്യവസ്ഥ നിലനിൽക്കില്ലെന്നും ഹൈക്കോടതി വ്യക്തമാക്കി.

1995 ലെ ഇ.പി.എഫ് പെൻഷൻ സ്കീമനുസരിച്ച് പെൻഷൻ കണക്കാക്കുന്നത് പരമാവധി 6500 രൂപ ശമ്പളമായി നിശ്ചയിച്ചായിരുന്നു. ഇതിൽ തൊഴിലുടമയുടെ വിഹിതത്തിൽ നിന്ന് 8.33 ശതമാനം തുകയാണ് പെൻഷൻ ഫണ്ടിലേക്ക് മാറ്റിയിരുന്നത്. ഇതോടൊപ്പം തൊഴിലാളിക്ക് തന്റെ യഥാർത്ഥ ശമ്പളത്തിന്റെ വിഹിതം നൽകി ഉയർന്ന പെൻഷനു വേണ്ടി ഓപ്ഷൻ നൽകാൻ വ്യവസ്ഥയുണ്ടായിരുന്നു. ഭേദഗതി വന്നതോടെ പരമാവധി ശമ്പളം 15,000 ആക്കി നിജപ്പെടുത്തി. മാത്രമല്ല, ഈ തുകയ്ക്ക് മുകളിലുള്ള ശമ്പളത്തിന്റെ അടിസ്ഥാനത്തിൽ വിഹിതം നൽകി ഉയർന്ന പെൻഷന് ആറ് മാസത്തിനകം ഓപ്ഷൻ നൽകണമെന്നും കൂടിയ ശമ്പളത്തിന്റെ 1.16 ശതമാനം തുക അധിക വിഹിതമായി അടയ്ക്കണമെന്നും നിഷ്കർഷിച്ചിരുന്നു. ഇതും റദ്ദാക്കി. ഉയർന്ന പെൻഷനു വേണ്ടി ഓപ്ഷൻ നൽകാൻ നിശ്ചിത തീയതി തീരുമാനിക്കുന്നത് വിരമിച്ചവരെ രണ്ടായി തിരിക്കുമെന്ന് ഹൈക്കോടതി വിലയിരുത്തി. യഥാർത്ഥ ശമ്പളത്തിന്റെ അടിസ്ഥാനത്തിൽ വിഹിതം നൽകാൻ തയ്യാറുള്ളവർക്ക് അർഹതപ്പെട്ട പെൻഷൻ നിഷേധിക്കുന്നത് സ്വേച്ഛാപരമാണ്. ഇതു നിലനിൽക്കില്ലെന്നും വിധിയിൽ വ്യക്തമാക്കുന്നു. തൊഴിലാളികൾക്ക് അനുകൂലമായ വിധിയായാണിതെന്നും കുറഞ്ഞ പെൻഷൻ നൽകാൻ പി. എഫ് അധികൃതർ നടത്തിയ കുത്സിത നീക്കമാണ് പൊളിഞ്ഞതെന്നുമാണ് വിലയിരുത്തുന്നത്.

### സുപ്രീംകോടതിയെ സമീപിക്കും



ന്യൂഡൽഹി: എംപ്ലോയീസ് പ്രോവിഡന്റ് ഫണ്ട് പെൻഷൻ പദ്ധതിയുമായി ബന്ധപ്പെട്ട കേരള ഹൈക്കോടതി വിധിക്കെതിരെ എംപ്ലോയീസ് ഓർഗനൈസേഷൻ സുപ്രീംകോടതിയിൽ അപ്പീൽ നൽകിയേക്കും. കേരള ഹൈക്കോടതി വിധി വൻ സാമ്പത്തിക ബാദ്ധ്യതയുണ്ടാക്കുമെന്ന് ഇ.പി.എഫ്.ഒ വൃത്തങ്ങൾ സൂചിപ്പിച്ചു. പി.എഫുമായി ബന്ധപ്പെട്ട് 1995 മുതലുള്ള കേസുകൾ സുപ്രീംകോടതിയിൽ കെട്ടിക്കിടപ്പുണ്ട്.

### കണക്കുകൾ പറയും

2012ൽ പ്രതിമാസ ശമ്പളം 55,000 രൂപയായിരുന്ന ഒരാൾക്ക് ഇപ്പോൾ കിട്ടുന്ന പി.എഫ്.പെൻഷൻ 2186 രൂപ.

**പുതിയ പി.എഫ് പെൻഷൻ കിട്ടുന്നത്**

*(1995 മുതൽ 2012 വരെയുള്ള 17 വർഷം കണക്കാക്കി)*

$$\frac{17x\ 55000}{70} = 13,357 \text{ രൂപ}$$

പക്ഷേ ഇതിനായി ശമ്പളത്തിന്റെ 8.33 % പെൻഷൻ നിധിയിലേക്ക് അടയ്ക്കേണ്ടിയിരുന്നു. മുമ്പ് പ്രതിമാസം പരമാവധി 5,000 വരെയുടേയും പിന്നീട് 6,500 രൂപയുടെയും 8.33% മാത്രമേ പെൻഷനിലേക്ക് അടച്ചിരുന്നുള്ളൂ. മുഴുവൻ ശമ്പളത്തിന്റെയും 8.33% നൽകാൻ വേണ്ടി ബാക്കി തുകയായ 2.30,000 രൂപയും അതിന്റെ പലിശയും ഇയാൾ ഇ.പി. എഫിലേക്ക് അടയ്ക്കേണ്ടിവരും.

## അപ്പക്കഷണങ്ങൾ മോഷ്ടിക്കരുത്



കൊച്ചി : സർക്കാരിന് ബാദ്ധ്യതയില്ലാതിരുന്നിട്ടും വാർദ്ധക്യ കാലത്ത് മാന്യമായി ജീവിക്കാൻ കഴിയാത്തത്ര തുച്ഛമായ തുക ഇ.പി.എഫ് പെൻഷനായി നൽകുന്നത് അംഗീകരിക്കാനാവില്ലെന്ന് ഹൈക്കോടതി വ്യക്തമാക്കി. പരമാവധി ശമ്പളം 15,000 രൂപയായി നിജപ്പെടുത്തുമ്പോൾ ഒരു ദിവസം 500 രൂപ മാത്രമേ ആകൂ. കൂലിപ്പണിക്കാർക്കു പോലും ഇതിലേറെ തുക ലഭിക്കും. വിരമിക്കുന്നവർക്ക് ഗുണകരമായ ഒരു പദ്ധതി അട്ടിമറിക്കലാണിത്. പെൻഷൻ കണക്കാക്കാനുള്ള പരമാവധി ശമ്പളമായി ഇത്ര കുറഞ്ഞ തുക നിശ്ചയിച്ചത് സമൂഹത്തിലെ മാറ്റങ്ങൾ കാണാതെയാണ്. കൂടിയ തുക പെൻഷനായി നൽകുന്നത് പെൻഷൻ ഫണ്ട് കുറയ്ക്കുമെന്ന വിചിത്ര വാദമാണ് ഇ.പി.എഫ് അധികൃതർ ഇതിനെതിരെ ഉന്നയിക്കുന്നത്. തൊഴിലാളികൾ 15,000 രൂപയിൽ കൂടിയ ശമ്പളത്തിന്റെ അടിസ്ഥാനത്തിൽ വിഹിതമടയ്ക്കുമ്പോൾ 1.66 ശതമാനം തുക അധിക വിഹിതമായി നൽകണമെന്നു പറയുന്നതും നിലനിൽക്കില്ല. ഇത്തരത്തിൽ അധിക വിഹിതം ഈടാക്കാൻ നിയമത്തിൽ വ്യവസ്ഥയില്ല. പ്രവർത്തനക്ഷമമല്ലാത്ത വിവിധ അക്കൗണ്ടുകളിലായി അവകാശപ്പെടാത്ത പെൻഷനായി 32,000 കോടി രൂപ കെട്ടിക്കിടപ്പുണ്ടെന്ന് സെൻട്രൽ പ്രൊവിഡന്റ് ഫണ്ട് കമ്മിഷണർ മാദ്ധ്യമങ്ങളോടു വെളിപ്പെടുത്തിയിട്ടുണ്ട്. എന്നിട്ടും ഉയർന്ന പെൻഷൻ നൽകുന്നത് പെൻഷൻ ഫണ്ട് ചുരുങ്ങാനിടയാക്കുമെന്ന വാദത്തിന് അടിസ്ഥാനമില്ല. യഥാർത്ഥ ശമ്പളത്തിന്റെ അടിസ്ഥാനത്തിൽ നൽകുന്ന വിഹിതം പെൻഷൻ ഫണ്ടിന്റെ അടിത്തറ വികസിപ്പിക്കും. ഇതൊരു തുടർ പ്രക്രിയയാണ്. പെൻഷൻ ഫണ്ട് സുരക്ഷിതമാക്കാൻ പെൻഷൻകാരുടെ ചുണ്ടിൽ നിന്ന് അപ്പക്കഷണങ്ങൾ മോഷ്ടിച്ചെടുക്കുന്നതിന് ന്യായീകരണമില്ലെന്ന് ഹൈക്കോടതി വിധിന്യായത്തിൽ പറഞ്ഞു.

# അക്ബറിനെതിരെ കൊളംബിയൻ യുവതിയും; മീ ടൂ പരാതികൾ നാല് ജഡ്ജിമാരുടെ പാനലിന്



ന്യൂഡൽഹി: മീ ടൂ കാമ്പെയിനിലൂടെ കൂടുതൽ സ്ത്രീകൾ വെളിപ്പെടുത്തുന്ന ലൈംഗിക അതിക്രമങ്ങൾ പരിശോധിക്കാൻ നാല് ജഡ്ജിമാരും മറ്റ് നിയമ വിദഗ്ദ്ധരും ഉൾപ്പെടുന്ന സമിതി രൂപീകരിക്കുമെന്ന് കേന്ദ്ര വനിതാ ശിശു ക്ഷേമ മന്ത്രി മേനകാ ഗാന്ധി പറഞ്ഞു. പദവികളിൽ ഇരിക്കുന്നവർക്കെതിരെ നടപടിയുണ്ടാകുമെന്നാണ് പ്രതീക്ഷയെന്നും ലൈംഗികാരോപണ വിധേയനായ കേന്ദ്രമന്ത്രി എം. ജെ. അക്ബറിന്റെ പേര് പരാമർശിക്കാതെ മേനക പറഞ്ഞു.

അതേസമയം ആരോപണ വിധേയനായ വിദേശകാര്യ സഹമന്ത്രി എം.ജെ. അക്ബർക്കെതിരെ ലൈംഗിക ആരോപണവുമായി കൊളംബിയൻ യുവതിയും രംഗത്ത് വന്നു.

വർഷങ്ങൾക്കു മുമ്പ് നടന്ന സംഭവങ്ങളിൽ നിയമ നടപടിക്ക് തടസമുണ്ടോ എന്നും സമിതി പരിശോധിക്കുമെന്ന് മേനക വ്യക്തമാക്കി. കൂടുതൽ വനിതകൾ വെളിപ്പെടുത്തലുകളുമായി മുന്നോട്ടു വരട്ടെ. പരാതികളുടെ സ്വഭാവം, വർഷങ്ങൾക്കു മുമ്പ് നടന്ന സംഭവങ്ങൾ, നിയമ വശങ്ങൾ തുടങ്ങി മീ ടൂ കാമ്പെയിനിന്റെ എല്ലാ പ്രശ്നങ്ങളും സമിതി പരിശോധിക്കും. ഇതിൽ കേന്ദ്രത്തെ ഉപദേശിക്കേണ്ടതും സമിതിയാണ്.

25 വർഷങ്ങൾ കഴിഞ്ഞ് വെളിപ്പെടുത്തുന്ന പരാതികളിൽ എങ്ങനെ നടപടിയെടുക്കുമെന്നും ആലോചിക്കണം. വലിയ പദവികൾ വഹിക്കുന്നവർക്കെതിരെയുള്ള പരാതികളിൽ കഴമ്പുണ്ടെന്നാണ് കരുതുന്നത്. അവർക്കെതിരെ സർക്കാർ സംവിധാനം പ്രതികരിക്കും. ബേഠി ബച്ചാവോ ബേഠി പഠാവോ തുടങ്ങിയ അഭിമാന പദ്ധതികൾ കൊണ്ടുവന്ന കേന്ദ്രസർക്കാരിന് സ്ത്രീ സംരക്ഷണം പ്രധാനമാണ്.

> **അ**തിക്രമങ്ങൾ സ്ത്രീകൾ തുറന്നു പറയണം. പീഡകരുടെ പേര് വെളിപ്പെടുത്തി നാണം കെടുത്തണം. സ്ത്രീകളുടെ വേദന അല്പം ശമിക്കട്ടെ. www.shebox.nic.in, min-wcd@nic.in എന്നീ വെബ്സൈറ്റുകളിൽ പരാതി നൽകാം. പരാതിക്കാരുടെ വിവരങ്ങൾ രഹസ്യമായി സൂക്ഷിക്കും. സമിതി പരാതികളിൽ നടപടിയെടുക്കും.
>
> *മേനകാ ഗാന്ധി*

> **മീ** ടൂ കാമ്പെയിൻ വന്നതിനാൽ എല്ലാവരും സ്ത്രീകളോട് ബഹുമാനത്തോടും മാന്യതയോടും പെരുമാറാൻ പഠിക്കണം. അല്ലാത്തവർക്കുള്ള അവസരം കഴിഞ്ഞു. സത്യം ഉറക്കെ വിളിച്ചു പറയണം. അത് മാറ്റങ്ങളുണ്ടാക്കും. അതാണ് മീടൂ.
>
> *രാഹുൽഗാന്ധി*

### അക്ബറിനെതിരെ എട്ടാമത്തെ പരാതി

**എം**. ജെ.അക്ബറിനെതിരെയുള്ള എട്ടാമത്തെ പരാതിയാണ് കൊളംബിയൻ യുവതിയുടേത്. 2007ൽ ഏഷ്യൻ ഏജ് പത്രത്തിൽ ഇന്റേൺഷിപ്പ് ചെയ്യുമ്പോൾ അക്ബർ മോശമായി പെരുമാറിയെന്നാണ് ഇപ്പോൾ അമേരിക്കയിലുള്ള വനിത പറയുന്നത്. ഡൽഹിയിൽ മാദ്ധ്യമ പ്രവർത്തകരായ മാതാപിതാക്കൾ വഴിയാണ് അക്ബറിന്റെ അടുത്ത് പരിശീലനത്തിന് പോയത്. അവസാന ദിവസം അക്ബർ കടന്നുപിടിച്ച് ചുംബിച്ചെന്നാണ് ആരോപണം.



*ശബരിമല സ്ത്രീ പ്രവേശനത്തിലെ സർക്കാർ നിലപാടിൽ പ്രതിഷേധിച്ച് ശബരിമല ആചാരങ്ങൾ സംരക്ഷിക്കണം എന്നാവശ്യപ്പെട്ടുകൊണ്ട് പന്തളം അയ്യപ്പധർമ്മ സംരക്ഷണ സമിതിയുടെ നേതൃത്വത്തിൽ സെക്രട്ടേറിയറ്റിന് മുന്നിൽ നടന്ന നാമജപയജ്ഞം പന്തളം കൊട്ടാരം ട്രസ്റ്റ് പ്രസിഡന്റ് പി.ജി.ശശികുമാർ വർമ്മ ഉദ്ഘാടനം ചെയ്യുന്നു* *ഫോട്ടോ :എസ്. ജയചന്ദ്രൻ*

**സെക്രട്ടേറിയറ്റ് നടയിൽ അയ്യപ്പഭക്തരുടെ പ്രതിഷേധം ഇരമ്പി**

**ശബരിമല സംരക്ഷണ യാത്രയ്ക്ക് കൊല്ലത്ത് ഉജ്ജ്വലവരവേല്പ്**

പേജ് 7

# അനന്തപുരി

www.keralakaumudi.com www.facebook.com/keralakaumudi



സിറ്റി കൗമുദിയിൽ
- നാമം ജപിച്ചൊരു സമരം
- രാജവീഥിയും കടന്ന് മാലിന്യമാമാങ്കം
- പ്രതീക്ഷയുടെ പുൽനാമ്പായി 'സഞ്ജീവനി'

## കുമാരപുരം ശാഖ

തിരുവനന്തപുരം : എസ്.എൻ.ഡി.പി യോഗം കുമാരപുരം ശാഖയിലെ ഭരണസമിതി അംഗങ്ങൾ , യൂത്ത് മൂവ്മെന്റ്, വനിതാസംഘം, മൈക്രോഫിനാൻസ്, കുടുംബയൂണിറ്റ് കൺവീനർ ജോയിന്റ് കൺവീനർമാർ എന്നിവരുടെ സംയുക്ത യോഗം ഇന്ന് വൈകിട്ട് 4ന് ശാഖാപ്രസിഡന്റ് മണ്ണമൂട്ടം ശശിയുടെ അദ്ധ്യക്ഷതയിൽ ശാഖാഹാളിൽ വച്ച് പി.കെ.എസ്.എസ് തിരുവനന്തപുരം യൂണിയൻ സെക്രട്ടറി ആലുവിള അജിത്ത് ഉദ്ഘാടനം ചെയ്യുന്നു. വിദ്യാധരൻ, രാജ് കുമാർ, രാജു,സുരേന്ദ്രൻ, പ്രൂളചന്ദ്രൻ, അനിൽകുമാർ എന്നിവർ പങ്കെടുക്കുന്ന യോഗത്തിൽ എല്ലാ അംഗങ്ങളും പങ്കെടുക്കണമെന്ന് ശാഖാസെക്രട്ടറി ബൈജുതമ്പി അറിയിക്കുന്നു.

## മണ്ണന്തല ആനന്ദവല്ലീശ്വരം ദേവിക്ഷേത്രം

തിരുവനന്തപുരം : മണ്ണന്തല ആനന്ദവല്ലീശ്വരം ദേവിക്ഷേത്ര തിരുസന്നിധിയിൽ പൂജവയ്പ്പ് മഹോത്സവത്തിന്റെ ഭാഗമായി ചൊവ്വാഴ്ചസന്ധ്യദീപാരാധനയ്ക്കുശേഷംപൂജവയ്ക്കുന്നതുംവെള്ളിയാഴ്ച രാവിലെ 8ന് പൂജയെടുക്കുന്നതുമാണ്. തുടർന്ന് ക്ഷേത്ര മേൽശാന്തി അമ്മനേഴത്ത് അനിൽ അരവിന്ദ് തന്ത്രികളുടെ മുഖ്യകാർമ്മികത്വത്തിൽ കുട്ടികളെ എഴുത്തിനിരുത്തുന്നതുമാണ്. വിദ്യാർത്ഥികൾക്ക് വിദ്യയും ഓർമ്മശക്തിയും പ്രദാനം ചെയ്യുന്ന സാരസ്വതാരിഷ്ടം ക്ഷേത്രസന്നിധിയിൽ തയ്യാറാക്കി ജപസിദ്ധി വരുത്തി കുട്ടികൾക്ക് നൽകുന്നു.

## ഇടയാർ വടക്കേ ദേവീക്ഷേത്രം

കോവളം: തിരുവല്ലം ഇടയാർ വടക്കേ ദേവീക്ഷേത്രത്തിന്റെ ആഭിമുഖ്യത്തിൽ വിജയദശമി ദിനമായ 19 ന് രാവിലെ 9 ന് നൃത്തം, സംഗീതം എന്നീ ഇനങ്ങളിൽ താല്പര്യമുള്ളവർക്ക് വിദ്യാരംഭ ചടങ്ങുകൾ സംഘടിപ്പിച്ചിട്ടുള്ളതായി ക്ഷേത്രം രക്ഷാധികാരി അറിയിച്ചു. ഫോൺ: 9495831677

## കരിക്കകം പണിക്കക്കുടി ശ്രീചാമുണ്ഡി ക്ഷേത്രം

തിരുവനന്തപുരം: കരിക്കകം പണിക്കക്കുടി ശ്രീചാമുണ്ഡി ക്ഷേത്രത്തിലെ ട്രസ്റ്റ് ഡയറക്ടർ ബോർഡ് യോഗം 14ന് വൈകിട്ട് 4ന് ക്ഷേത്രനടയിൽ നടക്കും.

## നന്തൻകോട് ശ്രീഭദ്രകാളി ദേവിക്ഷേത്രം

തിരുവനന്തപുരം: നന്തൻകോട് ശ്രീഭദ്രകാളി ക്ഷേത്രത്തിൽ നവരാത്രി മഹോത്സവവും ഉദയാസ്തമന പൂജയും 16ന് രാവിലെ നിർമ്മാല്യ ദർശനത്തോടെ ആരംഭിക്കും. ആചാര്യ ശാരദ ടീച്ചറുടെ നേതൃത്വത്തിൽ ദേവീമാഹാത്മ്യ പാരായണം നാരായണീയപാരായണം എന്നിവ ഉണ്ടായിരിക്കും.മഹോത്സവം 19ന് സമാപിക്കും.

## തപോവനാശ്രമത്തിൽ നവരാത്രി ആഘോഷം

തിരുവനന്തപുരം: നവരാത്രിയോടനുബന്ധിച്ച് കുടപ്പനക്കുന്ന് തപോവനാശ്രമത്തിൽ 17ന് വൈകിട്ട് പൂജവെക്കുന്നതും19ന് രാവിലെ 7ന് ജ്ഞാനയാത്ര കുറിക്കലോടുകൂടി പൂജകൾ അവസാനിക്കുന്നതുമാണ്.

നവരാത്രിക്ക് മുന്നോടിയായുള്ള ഒരാഴ്ച സാധനാവാരമായി ആചരിക്കുന്നതാണ്. ജ്ഞാനയാത്ര കുറിക്കലിന് രജിസ്റ്റർ ചെയ്യുന്നതിന് ബന്ധപ്പെടുക: 0471-2730640, 8129292954

## കോലിയക്കോട് കുറ്റിപ്പാല ശ്രീഭഗവതി ക്ഷേത്രം

തിരുവനന്തപുരം: കോലിയക്കോട് കുറ്റിപ്പാല ശ്രീ ഭഗവതി ക്ഷേത്രത്തിൽ പൂജവെപ്പ് മഹോത്സവം ആഘോഷിക്കുന്നു. 17ന് വൈകിട്ട് പൂജ വയ്ക്കുന്നതും 19 ന് രാവിലെ പൂജയെടുക്കുന്നതുമാണ്.

വിജയദശമി ദിനത്തിൽ സരസ്വതീപൂജയും വിദ്യാരംഭവും ഉണ്ടായിരിക്കുമെന്ന് ക്ഷേത്രഭാരവാഹികൾ അറിയിച്ചു.

## പ്രകൃതി സ്കൂൾ ഒഫ് ഡാൻസിൽ വിദ്യാരംഭം

തിരുവനന്തപുരം: കാട്ടായിക്കോണം പ്രകൃതി സ്കൂൾ ഒഫ് ഡാൻസിൽ 16,17,18,19 തീയതികളിൽ വിദ്യാരംഭ മഹോത്സവം നടക്കും.

16ന് വൈകിട്ട് 7ന് പൂജവയ്ക്കും 19ന് രാവിലെ 8.30ന് വിദ്യാരംഭം. വൈകിട്ട് 7.30ന് ഡാൻസ് ' നൃത്തതരംഗ് '.വിശദവിവരങ്ങൾക്ക് ഫോൺ: 9349813497.

## തുമരിമുട്ടത്ത് വിദ്യാരംഭം

തിരുവനന്തപുരം : പാപ്പനംകോട് തുമരിമുട്ടം ശ്രീ മഹാവിഷ്ണു ക്ഷേത്രത്തിൽ വിജയദശമി ദിനമായ 19ന് രാവിലെ 8 മുതൽ ദുർഗാമണ്ഡപത്തിൽജി.ആർ. മധുസൂദനൻ നായർ വിദ്യാരംഭകർമ്മം നിർവഹിക്കുന്നു.

## കൊഞ്ചിറവിള ക്ഷേത്രം

തിരുവനന്തപുരം കൊഞ്ചിറവിളശ്രീഭഗവതി ക്ഷേത്രത്തിലെ ഈവർഷത്തെ നവരാത്രി മഹോത്സവത്തോടനുബന്ധിച്ച് മഹാനവമി ദിവസമായ 18ന് ക്ഷേത്രത്തിൽ മഹാലക്ഷദീപം നടത്തുന്നു.

ഏറ്റവും കൂടുതൽ എണ്ണ ദീപങ്ങൾ തെളിയിച്ച് 150009 എന്ന ഗിന്നസ് റെക്കാഡ് തിരുത്തിക്കുറിക്കുന്നതാണ് ചടങ്ങ്.

## സൗജന്യ മെഡിക്കൽ ക്യാമ്പ്

തിരുവനന്തപുരം: ആനയറ വലിയ ഉദയേശ്വരം റസിഡന്റ്സ് അസോസിയേഷന്റെ ആഭിമുഖ്യത്തിൽ ഇന്ന് രാവിലെ 9.30 മുതൽ ഉച്ചയ്ക്ക് ഒരുമണിവരെ കടകംപള്ളിയിലെ കുടുംബാരോഗ്യ കേന്ദ്രത്തിന്റെ സഹകരണത്തോടെ യംഗ്മെൻസ് ജിംനേഷ്യത്തിൽ സൗജന്യ മെഡിക്കൽ ക്യാമ്പ് സംഘടിപ്പിക്കുന്നു.

## സ്വദേശി ഗ്രാമ വികസന കേന്ദ്രം

തിരുവനന്തപുരം: സ്വദേശി ഗ്രാമവികസന കേന്ദ്രത്തിന്റെയും നാഷണൽ സ്കിൽ ഡവലപ്മെന്റ് ബോർഡിന്റെയും സംയുക്താഭിമുഖ്യത്തിൽ പഴവർഗ സംസ്കരണം, കേക്ക് നിർമ്മാണം, പേപ്പർബാഗ് നിർമ്മാണം എന്നിവയിൽ സ്വയം തൊഴിൽ പരിശീലനം സംഘടിപ്പിക്കുന്നു.

കേശവദാസപുരം സ്വദേശി ഗ്രാമവികസന കേന്ദ്രത്തിൽ 13 മുതൽ 17 വരെയുള്ള തീയതികളിലാണ് പരിശീലനം നൽകുക. ഫോൺ:9446430831, 0471-2540025

കോവളം - ബേക്കൽ ജലപാത

# പാർവതി പുത്തനാറിന് ഇനി നല്ലകാലം

◗ ഷാജിമോൻ

കോവളം: വിനോദസഞ്ചാരവും ജലഗതാഗതവും ലക്ഷ്യമാക്കി തുടങ്ങുന്ന കോവളം - ബേക്കൽ ജലപാതയുടെ ഭാഗമായുള്ള പാർവതി പുത്തനാർ നവീകരണം സംബന്ധിച്ചുള്ള പനത്തുറ നിവാസികളുടെ ആശങ്കകൾ പരിഹരിക്കും, ജനങ്ങൾക്ക് അർഹമായ നഷ്ടപരിഹാരം നൽകുമെന്നും ജില്ലാ കളക്ടർ കെ. വാസുകി പറഞ്ഞു.

ഇന്നലെ രാവിലെ കളക്ടറുടെ ചേംബറിൽ ഒ. രാജഗോപാൽ എം.എൽ.എ, എ.ഡി.എം വിനോദ്, ധീവരസഭ ജില്ലാപ്രസിഡന്റ് പനത്തുറ ബൈജു, ഇൻലാൻഡ് നാവിഗേഷൻ ഉദ്യോഗസ്ഥർ, റവന്യൂ വകുപ്പ് ഉദ്യോഗസ്ഥർ, എയർപോർട്ട് അതോറിട്ടി ഉദ്യോഗസ്ഥർ, ജനപ്രതിനിധികൾ, രാഷ്ട്രീയ കക്ഷി നേതാക്കൾ തുടങ്ങിയവർ പങ്കെടുത്ത യോഗത്തിലാണ് തീരുമാനം.

KAUMUDI ALERT

കോവളം പനത്തുറ - തിരുവല്ലം ഇടയാർ വഴി - മൂന്നാറ്റുമുക്ക് - മുട്ടത്തറ - വള്ളക്കടവ്- ചാക്ക - കരിക്കകം - വേളി കായൽ - തുടർന്ന് ആക്കുളം എന്നിങ്ങനെ വിവിധ ഘട്ടങ്ങളായാണ് ജലപാത നവീകരിക്കുന്നത്. എല്ലായിടത്തും ഒരേ ആഴം വരത്തക്കവിധമാണ് നവീകരണം. നീക്കം ചെയ്യുന്ന മണ്ണ് കളക്ടർ നിർദ്ദേശിക്കുന്ന സ്ഥലങ്ങളിലെത്തിച്ച് നിരപ്പാക്കും. ഇരുകരകളിലുള്ള വീടുകളിലെ മാലിന്യം ആറിലേക്ക് പതിക്കാതിരിക്കാൻ ഓടകളും പണിയും. പ്രത്യേക പൈപ്പ് ലൈൻ സ്ഥാപിച്ച് മുട്ടത്തറ ട്രീറ്റ്മെന്റ് പ്ലാന്റിലേക്ക് എത്തിക്കുന്നതിനുള്ള സംവിധാനമാണ് സ്ഥാപിക്കുകയെന്ന് ഉൾനാടൻ ജലഗതാഗത വകുപ്പ് അധികൃതർ പറഞ്ഞു.



മണ്ണും ചെളിയും കൊണ്ട് മൂടപ്പെട്ട കിടക്കുന്ന പനത്തുറയിലെ പാർവതീ പുത്തനാർ




ആദ്യം ശുചീകരിക്കുന്നത്
കോവളം മുതൽ ആക്കുളം ബോട്ട് ജെട്ടി വരെയുള്ള
**17.5** കിലോമീറ്റർ

രണ്ടാം ഘട്ടത്തിൽ
ആക്കുളം മുതൽ കൊല്ലം വരെയുള്ള ടി.എസ് കനാലിന്റെ വീതികൂട്ടലും നവീകരണ പ്രവർത്തനവും

### ചാക്കയിൽ ബോട്ട് ജെട്ടി



കോവളം - ആക്കുളം ജലപാത യാഥാർത്ഥ്യമാകുന്നതിന്റെ ഭാഗമായി തിരുവനന്തപുരം വിമാനത്താവളം അധികൃതർ ചാക്കയിൽ ബോട്ടുജെട്ടി നിർമ്മിക്കും.

വിമാനത്താവളത്തിൽ നിന്ന് പാർവതി പുത്തനാർ വഴി കോവളം, വേളി എന്നിവിടങ്ങളിലേക്ക് പോകാനാകും.

വിമാനത്താവള അതോറിട്ടിയുടെ മാസ്റ്റർ പ്ലാനിൽ ഇത് ഉൾപ്പെടുത്തിയിട്ടുണ്ട്. കോവളം - ബേക്കൽ ജലപാത പദ്ധതി യാഥാർത്ഥ്യമാകുമ്പോൾ വിമാനത്താവളത്തിനും മുതൽക്കൂട്ടാവും.

### പനത്തുറയിൽ പുതിയ പാലം

ദേശീയ ജലപാത കടന്നുപോകുന്ന പനത്തുറ ഗ്രാമത്തിൽ പനത്തുറ കടവിൽ നിന്ന് പൊഴി ഭാഗത്തേക്ക് കടന്നുപോകുന്ന കനാൽ അടഞ്ഞിരിക്കുകയാണ്. ഇപ്പോൾ ഇവിടെ റോഡാണ്. ജലപാതയുടെ ഭാഗമായി ഇവിടെ പുതിയ പാലം പണിയും.

കടലിനടുത്താണ് ഈ റോഡ്. അതിനാൽ മൂവിംഗ് ബ്രിഡ്ജും പരിഗണനയിലുണ്ട്.

### കൈയേറ്റങ്ങൾ ധാരാളം

പാർവതി പുത്തനാറിന്റെ ഇരുകരകളിലും നടത്തിയ സർവേയുടെ ഭാഗമായി 2718 കൈയേറ്റങ്ങളാണ് കണ്ടെത്തിയത്. ജലപാതയുടെ ഭാഗമായി കൈയേറ്റങ്ങൾ ഒഴിവാക്കും.

ഇവിടെയുള്ളവരെ മാറ്റിപ്പാർപ്പിക്കും. ഇവർക്ക് പുത്തനാറിന്റെ കരയിൽനിന്ന് അധികം ദൂരയല്ലാതെ സ്ഥലം കണ്ടെത്തി വീട്ട് നിർമ്മിക്കുന്നതിനും വഴിയൊരുക്കും. ലൈഫ് മിഷൻ പദ്ധതിയിലുൾപ്പെടുത്തിയാണ് വീട് വച്ച് നൽകുക.

## ഡോ. ശാന്താമാധവന്റെ നിര്യാണത്തിൽ അനുശോചിച്ചു

തിരുവനന്തപുരം:ടവേഴ്സ്‌ലയൺസ് ക്ലബിന്റെ ആഭിമുഖ്യത്തിൽ ക്ലബിന്റെ ചാർട്ടർ മെമ്പർ ആയിരുന്ന ഡോ. ശാന്താ മാധവന്റെ നിര്യാണത്തിൽ അനുശോചിച്ചു.

പേട്ട യംഗ്സ്റ്റേഴ്സ് ക്ലബിൽ ചേർന്ന അനുസ്മരണ യോഗത്തിൽ മുൻ ഇന്റർനാഷണൽ ഡയറക്ടർ ആർ. മുരുകൻ,മ ൾട്ടിപ്പിൾകൗൺസിൽചെയർപേഴ്സൺ കെ. സുരേഷ്,മുൻഗവർണർമാരായ ജി. ഹരിഹരൻ,അലക്സ് കുര്യാക്കോസ്, ശ്രീകുമാരൻ, വൈസ്ഗവർണർമാരായ ഡോ. എ.ജി. രാജേന്ദ്രൻ, പരമേശ്വരൻ കുട്ടി,ക്ലബ് പ്രസിഡന്റ് എൻ. ജയകുമാരൻ നായർ, കാബിനറ്റ്സെക്രട്ടറി ആർ. രാധാകൃഷ്ണൻ, സോൺ ചെയർപേഴ്സൺബി.പി. സുഭാഷ്, ഡി. കുട്ടപ്പൻ, സെക്രട്ടറി കെ.എസ്. ദീപു തുടങ്ങിയവർ സംസാരിച്ചു.

## ആചാരാനുഷ്ഠാനങ്ങളിൽ ഇടപെടരുത്: കെ. മുരളീധരൻ

തിരുവനന്തപുരം: ആചാരങ്ങളിലും വിശ്വാസങ്ങളിലും കോടതി ഇടപെടാൻ പാടില്ലെന്ന നിയമം കേന്ദ്രം പാസാക്കണമെന്ന് കെ. മുരളീധരൻ എം.എൽ.എ പറഞ്ഞു. ശബരിമല സ്ത്രീപ്രവേശന വിധിക്കെതിരെ ജില്ലാ കോൺഗ്രസ് കമ്മിറ്റിയുടെ നേതൃത്വത്തിൽ ഉള്ളൂർ അസിസ്റ്റന്റ് ദേവസ്വം കമ്മിഷണറുടെ കാര്യാലയത്തിലേക്ക് വിശ്വാസികൾ സംഘടിപ്പിച്ച മാർച്ച് ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം. ഉള്ളൂർ മുരളി, ഉള്ളൂർ സന്തോഷ്, കൗൺസിലർമാരായ ജോൺസൺ ജോസഫ്, ആലത്തറ അനിൽകുമാർ, സിനി എന്നിവർ പങ്കെടുത്തു.



ശബരിമല സ്ത്രീ പ്രവേശന വിഷയത്തിൽ സർക്കാർ നിലപാട് ജനവിരുദ്ധമെന്നാരോപിച്ച് ഉള്ളൂർ ദേവസ്വം അസി. കമ്മിഷണർ ഓഫീസിലേക്ക് ഭക്തജനങ്ങൾ നടത്തിയ നാമജപ റാലി കെ. മുരളീധരൻ എം.എൽ.എ ഉദ്ഘാടനം ചെയ്യുന്നു. കൗൺസിലർ ജോൺസൺ ജോസഫ് സമീപം

### ഇന്നും നാളെയും ശുദ്ധജലവിതരണവും ഗതാഗതവും തടസപ്പെടും

തിരുവനന്തപുരം: നഗരസഭയുടെ കുടിവെള്ള പദ്ധതിയുടെ ഭാഗമായ ജന്റം പൈപ്പ് ലൈൻ വെൺപാലവട്ടം ജംഗ്ഷനിൽ നിലവിലുള്ള ജിക്ക കുടിവെള്ളം പൈപ്പ് ലൈനുമായി ബന്ധിപ്പിക്കുന്ന ജോലി നടക്കുന്നതിനാൽ പൂന്തിറോഡ്, ഒരുവാതിൽകോട്ട, കരിക്കകം, കൊച്ചുവേളി റെയിൽവേ സ്റ്റേഷൻ, ഐത്തിക്കോണം, കിംസ് പരിസര പ്രദേശങ്ങൾ എന്നിവിടങ്ങളിൽ ഇന്നും നാളെയും ശുദ്ധജല വിതരണം പൂർണമായോ ഭാഗീകമായോ തടസപ്പെടുമെന്ന് വാട്ടർ അതോറിട്ടി അറിയിച്ചു.

#### നാളെ കുടിവെള്ളം മുടങ്ങും

തിരുവനന്തപുരം: കേരള വാട്ടർ അതോറിട്ടി പ്രോജക്ട് ഡിവിഷന്റെ കീഴിൽ കോവളം ജംഗ്ഷൻ മുതൽ ബീച്ച് റോഡ് വരെ പുതുതായി ഇടുന്ന 200 എം.എം പി.വി.സി പൈപ്പ് ലൈനിലെ ഇന്റർ കണക്ഷൻ വർക്ക് നടക്കുന്നതിനാൽ 15ന് രാവിലെ 8 മുതൽ 5 വരെ വണ്ടിത്തടം സെക്ഷന്റെ പരധിയിൽവരുന്ന കോവളം ജംഗ്ഷൻ, ബീച്ച്, നെട്ടമം, ബ്രൈറ്റ് റോഡ് എന്നിവിടങ്ങളിലെ കുടിവെള്ള വിതരണം പൂർണമായോ ഭാഗികമായോ തടസപ്പെടുന്നതാണ്.

## ചിറ്റാറ്റമ്മ ശ്രീ രാജരാജേശ്വരി പുരസ്കാരം



ദാമോദരൻ നമ്പൂതിരി

തിരുവനന്തപുരം: കണ്ണമ്മൂല ചിറ്റാറ്റുകാവ് ശ്രീരാജരാജേശ്വരി ക്ഷേത്രട്രസ്റ്റ് ഏർപ്പെടുത്തിയ പ്രഥമ ചിറ്റാറ്റമ്മ ശ്രീ രാജരാജേശ്വരി പുരസ്കാരത്തിന് ക്ഷേത്ര തന്ത്രി ദാമോദരൻ നമ്പൂതിരി അർഹനായി.

11,111 രൂപയും ഫലകവും താമ്രപത്രവും അടങ്ങുന്നതാണ് പുരസ്കാരം. 17ന് രാവിലെ 8.30ന് ക്ഷേത്രത്തിലെ നവരാത്രി മഹോത്സവം സൂര്യകൃഷ്ണമൂർത്തി ഉദ്ഘാടനം ചെയ്യും.

17 മുതൽ 19 വരെ നവരാത്രി മഹോത്സവം നടക്കുമെന്ന് ട്രസ്റ്റ് പ്രസിഡന്റ് എസ്. രാജഗോപാലൻ നായർ, സെക്രട്ടറി എസ്. സോമനാഥൻ നായർ എന്നിവർ അറിയിച്ചു.

## മത്സരം

തിരുവനന്തപുരം: ശ്രീ ചിത്തിര തിരുനാൾ സ്മാരക സംഗീത നാട്യകലാകേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ നടക്കുന്ന അനന്തപുരി നൃത്ത സംഗീതോത്സവം, ശ്രീ ചിത്തിര തിരുനാൾ ജയന്തിയാഘോഷം എന്നിവയോടനുബന്ധിച്ച് 2 മുതൽ 5 വയസുവരെയുള്ള കുട്ടികൾക്കായി മത്സരങ്ങൾ സംഘടിപ്പിക്കുന്നു.

രാജാവ്, രാജ്ഞി, പുഞ്ചിരി വിഭാഗങ്ങളിലായി സംഘടിപ്പിക്കുന്ന മത്സരത്തിലെ വിജയികൾക്ക് നൃത്ത സംഗീതോത്സവ വേദിയിൽ സമ്മാനങ്ങൾ നൽകും. ഫോൺ: 9446451190, 0471-2461190

## യോഗം

തിരുവനന്തപുരം: കേരള സ്റ്റേറ്റ് സയൻസ്ആൻഡ്ടെക്നോളജി മ്യൂസിയം എംപ്ലോയീസ് യൂണിയൻ സ്റ്റേറ്റ് കമ്മിറ്റി യോഗം യൂണിയൻ സ്റ്റേറ്റ് പ്രസിഡന്റ് അഡ്വ. സുബോധനൻ ഉദ്ഘാടനം ചെയ്തു. ജനറൽ സെക്രട്ടറി കെ. ജയരാമൻ അദ്ധ്യക്ഷത വഹിച്ചു.

## പേട്ട പുത്തൻകോവിലിൽ നവരാത്രി മഹോത്സവം

തിരുവനന്തപുരം: പേട്ട പുത്തൻ കോവിൽ ശ്രീഭഗവതിക്ഷേത്രത്തിലെ നവരാത്രി മഹോത്സവം 19 വരെ നടക്കും. ഇന്ന് രാവിലെ 7.30 മുതൽ പുരുഷസൂക്തം, വിഷ്ണു സഹസ്രനാമജപം, സമ്പൂർണ നാരായണീയ പാരായണം, പ്രഭാഷണം, യജ്ഞസമർപ്പണം, ആരതി എന്നിവയുൾപ്പെടുന്ന ഏകാഹ നാരായണീയ യജ്ഞം നടക്കും. 16ന് വൈകിട്ട് 5ന് പുസ്തകപൂജ ആരംഭിക്കും. 17ന് വൈകിട്ട് 5ന് വേദജപം. 18ന് ആയുധപൂജ, രാവിലെ 8 മുതൽ വേദജപം, 19ന് രാവിലെ 7ന് പൂജയെടുപ്പ്, 7.30 മുതൽ വിദ്യാരംഭം എന്നിവ നടക്കും.




ശിവരാമപിള്ള സ്മാരക എൻ.എസ്.എസ് കരയോഗത്തിന്റെ 86-ാം വാർഷിക സമ്മേളനം തിരുവനന്തപുരം യൂണിയൻ പ്രസിഡന്റ് എം. സംഗീത് കുമാർ ഉദ്ഘാടനം ചെയ്യുന്നു

## വലിയവിള കരയോഗ വാർഷികം

തിരുവനന്തപുരം: വലിയവിള ശിവരാമ പിള്ള സ്മാരക എൻ.എസ്.എസ് കരയോഗത്തിന്റെ 86 -ാം വാർഷിക സമ്മേളനം തിരുവനന്തപുരം യൂണിയൻ പ്രസിഡന്റ് എം. സംഗീത് കുമാർ ഉദ്ഘാടനം ചെയ്തു. കരയോഗം പ്രസിഡന്റ് വി. സുകുമാരൻ നായർ അദ്ധ്യക്ഷത വഹിച്ചു. സെക്രട്ടറി എസ്. കൃഷ്ണൻ നായർ റിപ്പോർട്ട് അവതരിപ്പിച്ചു. പൊതുപരീക്ഷകളിൽ മികച്ച വിജയം നേടിയ വിദ്യാർത്ഥികൾക്ക് കാഷ് പുരസ്കാരങ്ങൾ വിതരണം ചെയ്തു. ഡോ. എ.എം. ഉണ്ണിക്കൃഷ്ണൻ, മേഖല കൺവീനർ അഡ്വ. എം.ജി. കൃഷ്ണകുമാർ, പ്രതിനിധിസഭാംഗം കെ. ആർ.ജി. ഉണ്ണിത്താൻ എന്നിവർ പ്രസംഗിച്ചു. വൈസ് പ്രസിഡന്റ് ജി. ശ്രീകുമാർ സ്വാഗതവും ജോയിന്റ് സെക്രട്ടറി ടി.വി. സതീഷ് ബാബു നന്ദിയും പറഞ്ഞു.

## കാലടി വെള്ളാള മഹാസഭ

തിരുവനന്തപുരം: കേരള വെള്ളാള മഹാസഭയുടെ കാലടി ഉപസഭയുടെ (ബ്രാഞ്ച് നമ്പർ 505) രണ്ടാം വാർഷിക പൊതുയോഗം എസ്.എം.ആർ.വി സ്കൂളിൽ നടന്നു. വൈസ് പ്രസിഡന്റ് പി.വി. സുബ്രഹ്മണ്യൻപിള്ള അദ്ധ്യക്ഷത വഹിച്ചു. കേരള വെള്ളാള മഹാസഭ ഡയറക്ടർ ബോർഡ് അംഗം പരിപാടി ഉദ്ഘാടനം ചെയ്തു. എസ്.എസ്.എൽ.സി/പ്ലസ്ടുപരീക്ഷയിൽ ഉന്നതവിജയം നേടിയ വിദ്യാർത്ഥികൾക്ക് മികവ് തെളിയിച്ച കുട്ടികൾക്ക് അവാർഡ് വിതരണവും നടന്നു. കേരള വെള്ളാള മഹാസഭയുടെ കാലടി ഉപസഭയുടെ പുതിയ ഭാരവാഹികൾ: എസ്. ഗണേഷ് പിള്ള (രക്ഷാധികാരി), എം.എസ്. രാജഗോപാൽ (പ്രസിഡന്റ്), ഡോ. എം.എസ്. ഭഗവതീശ്വരൻ, പി.എസ്. താണു (വൈസ് പ്രസിഡന്റുമാർ), ടി.കോലപ്പൻകുമാർ (സെക്രട്ടറി), എ. മുത്തുപെരുമാൾ, ജെ.ശ്രീകണ്ഠൻ, ടി.കണ്ണൻ (ജോയി. സെക്രട്ടറി), ജി.കൃഷ്ണപിള്ള (ട്രഷറർ)



കേരള വെള്ളാള മഹാസഭയുടെ കാലടി ഉപസഭയുടെ വാർഷിക പൊതുയോഗം ആറ്റുകാൽ ജി. കുമാരസ്വാമി ഉദ്ഘാടനം ചെയ്യുന്നു

## അമൃത് പദ്ധതി; അരുവിക്കര കുടിവെള്ള പ്ലാന്റിന്റെ സ്ഥലം മേയർ സന്ദർശിച്ചു



**70** കോടിയുടെ പദ്ധതി

**75** എം.എൽ.ഡി പ്ലാന്റ്

തിരുവനന്തപുരം: അമൃത് പദ്ധതി പ്രകാരം നഗരസഭയുടെ നേതൃത്വത്തിൽ അരുവിക്കരയിൽ സ്ഥാപിക്കുന്ന കുടിവെള്ള പ്ലാന്റിന്റെ സ്ഥലം മേയർ വി.കെ. പ്രശാന്തിന്റെ നേതൃത്വത്തിലുള്ള സംഘം സന്ദർശിച്ചു.

70 കോടി രൂപ വകയിരുത്തിയിട്ടുള്ള പദ്ധതി പ്രകാരം 75 എം.എൽ.ഡി ശേഷിയുള്ള പ്ലാന്റാണ് സ്ഥാപിക്കുന്നത്. ഇതിനായി മൂന്ന് ഏക്കർ സ്ഥലമാണ് അരുവിക്കരയിൽ കേരള വാട്ടർ അതോറിട്ടിയുടെ അധീനതയിലുള്ള സ്ഥലത്ത് കണ്ടെത്തിയിട്ടുള്ളത്.

പ്ലാന്റ്പൂർത്തിയാകുന്നതോടെ വാട്ടർഅതോറിട്ടിയുടെ അരുവിക്കരയിലുള്ള കുടിവെള്ള പ്ലാന്റുകളുടെ നിലവിലുള്ള ശേഷി മൂന്നിലൊന്ന് കൂടി വർദ്ധിക്കും. നിലവിൽ 84 എം.എൽ.ഡിയും 74 എം.എൽ.ഡിയും ശേഷിയുള്ള രണ്ട് പ്ലാന്റുകളിൽ നിന്നാണ് നഗരത്തിൽ കുടിവെള്ള വിതരണം നടത്തുന്നത്. ടഎറണാകുളം ആസ്ഥാനമായുള്ള ചിക്കാഗോ കൺസ്ട്രക്ഷൻസ് എന്ന കമ്പനിയാണ് പ്രവൃത്തി ഏറ്റെടുത്തിട്ടുള്ളത്. നിർദ്ദിഷ്ട സ്ഥലത്തുള്ള മരങ്ങൾ മുറിച്ചു നീക്കുന്ന ജോലി പൂർത്തിയായി.

പ്ലാന്റ് നഗരത്തിന്റെ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിന് സഹായിക്കുമെന്നും പദ്ധതിയുടെ നിർമ്മാണം ഉടൻ ആരംഭിക്കുമെന്നും മേയർ പറഞ്ഞു. ഡെപ്യൂട്ടി മേയർ രാഖി രവികുമാർ, സ്ഥിരംസമിതി അദ്ധ്യക്ഷരായ എസ്. പുഷ്പലത, പാളയം രാജൻ, വഞ്ചിയൂർ പി. ബാബു, അരുവിക്കര ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് മിനി, നഗരസഭ സൂപ്രണ്ടിംഗ് എൻജിനിയർ രാജൻ, കേരള വാട്ടർ അതോറിട്ടി എൻജിനിയർമാർ എന്നിവരും ഉണ്ടായിരുന്നു.

കൂടുതൽ പ്രാദേശിക വാർത്തകൾ പേജ്: 3,5,9

# 28-ാം മൈലിൽ ബി.ജെ.പി അട്ടിമറി, മീൻമുട്ടി സി.പി.എം നിലനിറുത്തി

■ 28-ാം മൈലിൽ 34 വോട്ടിന് ബി.ജെ.പി സീറ്റ് പിടിച്ചെടുത്തു ■ മീൻമുട്ടിയിൽ ആർ.പുഷ്പന് 106 വോട്ട് ഭൂരിപക്ഷം

കല്ലമ്പലം: നാവായിക്കുളം ഗ്രാമ പഞ്ചായത്തിലെ ഇരുപത്തിയെട്ടാം മൈൽ വാർഡ് ഉപതിരഞ്ഞെടുപ്പിൽ ഇടത്, വലത് മുന്നണികളെ ഞെട്ടിച്ച് ബി. ജെ.പിയുടെ അട്ടിമറി ജയം. 34 വോട്ടിന്റെ ഭൂരിപക്ഷത്തിന് ബി.ജെ.പിയുടെ യമുനാ ബിജു വിജയിച്ചു. രാവിലെ പത്തു മണിക്ക് നാവായിക്കുളം പഞ്ചായത്തിലാണ് വോട്ടെണ്ണിയത്. പത്തരയോടെ ഫലം പ്രഖ്യാപിക്കുകയായിരുന്നു.

ബി.ജെ.പി 421, എൽ.ഡി.എഫ് 387, യു.ഡി.എഫ് 319 എന്നിങ്ങനെയാണ് വോട്ടുനില. കടുത്ത ത്രികോണ മത്സരത്തിൽ 24 വർഷമായി കോൺഗ്രസ് കുത്തകയായിരുന്ന വാർഡാണ് ബി.ജെ.പി പിടിച്ചെടുത്തത്. വാർഡംഗമായിരുന്ന പഞ്ചായത്ത് സ്ഥിരംസമിതി അദ്ധ്യക്ഷ വി.


യമുന ബിജു

ലൈന അംഗത്വവും കോൺഗ്രസ് പാർട്ടിയംഗത്വവും രാജിവച്ചതോടെയാണ് ഉപതിരഞ്ഞെടുപ്പ് വേണ്ടിവന്നത്.

എൽ.ഡി.എഫ് സ്ഥാനാർത്ഥിയായി പത്മാ രാമചന്ദ്രനും, യു.ഡി.എഫിന്റെ ലക്ഷ്മി ഗോപാലകൃഷ്ണനുമാണ് മത്സരിച്ചത്. കഴിഞ്ഞ തവണ ത്രികോണ മത്സരത്തിൽ 184 വോട്ടുകളുടെ ഭൂരിപക്ഷത്തിലാണ് ലൈന വിജയിച്ചിരുന്നത്. 22 വാർഡുകളുള്ള നാവായിക്കുളത്തെ കക്ഷിനില : യു.ഡി.എഫ് 14, എൽ.ഡി.എഫ് 5, ബി.ജെ.പി 3.


ആർ.പുഷ്പനെ ജില്ലാപഞ്ചായത്ത് പ്രസിഡന്റ് വി.കെ.മധു അനുമോദിക്കുന്നു. സി.പി.എം ലോക്കൽ സെക്രട്ടറി ജി.എസ്. ഷാബി, എസ്.എസ്. മോഹനൻ, ഉദയകുമാർ തുടങ്ങിയവർ സമീപം.

## പുഷ്പന് മികച്ച വിജയം

പാലോട്: നന്ദിയോട് ഗ്രാമപഞ്ചായത്തിലെ മീൻമുട്ടി വാർഡിൽ എൽ.ഡി.എഫിന് മികച്ച വിജയം. സി.പി.എമ്മിലെ ആർ. പുഷ്പൻ 106 വോട്ടിന്റെ ഭൂരിപക്ഷത്തിൽ സീറ്റ് നിലനിറുത്തി.

യു.ഡി.എഫിലെ ആർ.ആർ. രാജേഷിനെയാണ് പുഷ്പൻ പരാജയപ്പെടുത്തിയത്. എൽ.ഡി.എഫ് 606 വോട്ടും യു.ഡി.എഫ് 500 വോട്ടും നേടി. ബി.ജെ.പി സ്ഥാനാർത്ഥി അശ്വതിക്ക് 134 വോട്ടാണ് ലഭിച്ചത്.

സി.പി.എമ്മിന്റെ പഞ്ചായത്ത് പ്രസിഡന്റ് വി.വി. അജിത്തിന്റെ നിര്യാണത്തെ തുടർന്നാണ് ഉപതിരഞ്ഞെടുപ്പ് നടന്നത്. അജിത് നേടിയ 103 വോട്ടിന്റെ ഭൂരിപക്ഷം പുഷ്പനിലൂടെ 106 ആയി വർദ്ധിപ്പിച്ചിരിക്കുകയാണ് സി.പി.എം.

18 അംഗ ഭരണസമിതിയിൽ സി.പി.എം - 9, കോൺഗ്രസ് -8, ബി.ജെ.പി -1 എന്നിങ്ങനെയാണ് കക്ഷിനില. ഭരണനേട്ടത്തിനുള്ള അംഗീകാരമാണ് മീൻമുട്ടിയിലെ വിജയമെന്ന് സി.പി.എം ലോക്കൽ സെക്രട്ടറി ജി.എസ്. ഷാബി പറഞ്ഞു.

ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് വി.കെ. മധുവിന്റെ നേതൃത്വത്തിൽ ആർ. പുഷ്പന് സ്വീകരണം നൽകി.

ആഹ്ലാദ പ്രകടനത്തിന് എസ്.എസ്. മോഹനൻ, ടി.എൽ. ബൈജു, പി.എസ്. പ്രഭു, പേരയം ശശി, ചുടൽ മോഹനൻ, സജീഷ് തുടങ്ങിയവർ നേതൃത്വം നൽകി.

## പത്രാധിപർ യൂണിയനിൽ നാളെ സംയുക്ത യോഗം

തിരുവനന്തപുരം: ശിവഗിരി മഹാസമാധിയിൽ നടന്നുവരുന്ന മണ്ഡലമഹായജ്ഞവും മഹായതിപൂജയും വിജയിപ്പിക്കുന്നതിനും മഹായതി പൂജയുടെ പ്രാധാന്യത്തെ കുറിച്ച് വിശദീകരിക്കുന്നതിനും പത്രാധിപർ കെ. സുകുമാരൻ സ്മാരക തിരുവനന്തപുരം യൂണിയനിലെ ശാഖാ ഭാരവാഹികളുടെയും മറ്റ് പോഷക സംഘടനാ ഭാരവാഹികളുടെയും സംയുക്ത യോഗം നാളെ രാവിലെ 10ന് കൈതമുക്ക് ശ്രീനാരായണ ഷഷ്ട്യബ്ദപൂർത്തി സ്മാരക മന്ദിരത്തിൽ നടക്കും.

യൂണിയൻ പ്രസിഡന്റ് ഡി. പ്രേംരാജിന്റെ അദ്ധ്യക്ഷതയിൽ കൂടുന്ന യോഗം എസ്.എൻ.ഡി.പി യോഗം വൈസ് പ്രസിഡന്റ് തുഷാർ വെള്ളാപ്പള്ളി ഉദ്ഘാടനം ചെയ്യും. യോഗം അസിസ്റ്റന്റ് സെക്രട്ടറി കെ.ഡി. രമേശ് മുഖ്യ പ്രഭാഷണം നടത്തും. ശാഖാ ഭരണസമിതി അംഗങ്ങൾ, എസ്.എൻ ട്രസ്റ്റ് ബോർഡംഗങ്ങൾ, വനിതാ സംഘം, യൂത്ത്മൂവ്മെന്റ്, സ്വയംസഹായ സംഘങ്ങൾ എന്നിവയുടെ ഭാരവാഹികൾ, ശാഖയിലെ സജീവ പ്രവർത്തകർ എന്നിവർ യോഗത്തിൽ നിർബന്ധമായും പങ്കെടുക്കണമെന്ന് യൂണിയൻ സെക്രട്ടറി ആലുവിള അജിത്ത് അറിയിച്ചു.

## കോലത്തുകരയിൽ ഷഷ്ഠിപൂജ

കുളത്തൂർ: ശ്രീനാരായണ ഗുരുദേവൻ രണ്ടാമത് ശിവപ്രതിഷ്ഠ നടത്തിയ കുളത്തൂർ കോലത്തുകര ക്ഷേത്രത്തിലെ പ്രതിമാസ ഷഷ്ഠിപൂജ നാളെ രാവിലെ 9 ന് ക്ഷേത്രം മേൽശാന്തി സഞ്ജിത്ത് ദയാനന്ദന്റെ മുഖ്യകാർമ്മികത്വത്തിൽ നടക്കും. പങ്കെടുക്കാനാഗ്രഹിക്കുന്ന ഭക്തജനങ്ങൾ ക്ഷേത്ര ഓഫീസുമായി ബന്ധപ്പെടേണ്ടതാണെന്ന് ക്ഷേത്രസമാജം സെക്രട്ടറി എസ്. സതീഷ്ബാബു അറിയിച്ചു.

## റിട്ടയേർഡ് ജീവനക്കാരുടെ കൺവെൻഷൻ

തിരുവനന്തപുരം: കേരള ചുമട്ടുതൊഴിലാളി ക്ഷേമബോർഡ് വിരമിച്ച ജീവനക്കാരുടെ സംഘടന രൂപീകരിച്ചു. ബി. മുരുകന്റെ അദ്ധ്യക്ഷതയിൽ കൂടിയ യോഗം കേരള ചുമട്ടുതൊഴിലാളി ക്ഷേമബോർഡ് ചെയർമാൻ കാട്ടാക്കട ശശി ഉദ്ഘാടനം ചെയ്തു. സി.ഐ.ടി.യു സംസ്ഥാന കമ്മിറ്റിയംഗം കല്ലറ മധു സംസാരിച്ചു. ബി. മുരുകൻ (പ്രസിഡന്റ്), ബി. മധു, സുരേന്ദ്രൻ (വൈസ് പ്രസിഡന്റുമാർ), സി. ഷാജി (ജനറൽ സെക്രട്ടറി), ബി. ദേവരാജൻ (ജോയിന്റ് സെക്രട്ടറി), എൻ. രാജു (ഖജാൻജി), ലൈലാകുമാരി (വനിത പ്രതിനിധി) എന്നിവരെ തിരഞ്ഞെടുത്തു.

## എസ്.പി ഫോർട്ട് സേഫത്തൺ നാളെ

തിരുവനന്തപുരം: എസ്.പി ഫോർട്ട് ഹോസ്പിറ്റലിന്റെയും എസ്.പി. ആദർശ് ഫൗണ്ടേഷന്റെയും സംയുക്താഭിമുഖ്യത്തിൽ നാളെ രാവിലെ 6 മുതൽ മിനി മാരത്തൺ നടക്കും.

സേഫത്തൺ എന്ന് പേരിട്ടിരിക്കുന്ന മിനി മാരത്തൺ മാനവീയം വീഥിയിൽ നിന്ന് കവടിയാർ വരെയും തിരിച്ചും 3 കിലോമീറ്റർ ദൈർഘ്യത്തിലായിരിക്കും നടക്കുക. ചലച്ചിത്രതാരം ജഗതി ശ്രീകുമാർ, ഡി.ജി.പി. ലോക്നാഥ് ബെഹ്റ, മുൻ ഇന്ത്യൻ ഫുട്ബാൾ താരം ഐ.എം വിജയൻ എന്നിവരാണ് മുഖ്യാതിഥികൾ.

പ്രളയ രക്ഷാപ്രവർത്തനത്തിൽ പങ്കെടുക്കുകയും പിന്നീട് അപകടത്തിൽ മരണപ്പെടുകയും ചെയ്ത ജിനീഷ് ജെറോണിന്റെ കുടുംബത്തിന് എസ്.പി. ആദർശ് ഫൗണ്ടേഷൻ നൽകുന്ന 2 ലക്ഷം രൂപയുടെ ധനസഹായം ജഗതി ശ്രീകുമാർ കൈമാറും.

എസ്.പി ഫോർട്ടും എസ്.പി. ആദർശ് ഫൗണ്ടേഷനും നടത്തുന്ന ബോധവത്കരണ പ്രവർത്തനങ്ങൾ ഫലപ്രാപ്തിയിലെത്തുമെന്നാണ് പ്രതീക്ഷയെന്ന് വാർത്താ സമ്മേളനത്തിൽ എസ്.പി ഫോർട്ട് ഹോസ്പിറ്റൽ മാനേജിംഗ് ഡയറക്ടർ ഡോ. പി. അശോകൻ പറഞ്ഞു. ഡയറക്ടർമാരായ പി.മുരുകൻ, പി. സുബ്രഹ്മണ്യം തുടങ്ങിയവർ പങ്കെടുത്തു.

# കാറിൽ നിന്ന് കത്തി വലിച്ചെറിഞ്ഞ സംഘം രക്ഷപ്പെട്ടു

തിരുവനന്തപുരം: പട്ടാപ്പകൽ കാറിൽ നിന്ന് കത്തി വലിച്ചെറിഞ്ഞ് നഗരത്തിൽ ഭീകരാന്തരീക്ഷം സൃഷ്ടിച്ച സംഘം കാറുപേക്ഷിച്ച് കടന്നുകളഞ്ഞു. ഇന്നലെ വൈകിട്ട് 5ന് പ്രസ് ക്ലബിന് മുന്നിലാണ് സംഭവം.

അമിത വേഗതയിലെത്തിയ ഹ്യുണ്ടായി ഇയോൺ കാർ ബേക്കറി ജംഗ്ഷന് സമീപം പൊലീസ് തടഞ്ഞു. എന്നാൽ നിറുത്താതെ പോയ കാർ റഷ്യൻ കൾച്ചറൽ സെന്ററിന് സമീപത്ത് കൂടി പ്രസ് ക്ലബിന് മുന്നിലെത്തി. ഇവിടെ വച്ചാണ് കത്തി വലിച്ചെറിഞ്ഞത്.

പൊലീസ് പിന്തുടർന്നതോടെ പാളയം പാർക്കിംഗ് ഏരിയയിൽ വാഹനം പാർക്ക് ചെയ്ത ശേഷം ഇവർ രക്ഷപ്പെടുകയായിരുന്നു.

കന്റോൺമെന്റ് എസ്.ഐയുടെ നേതൃത്വത്തിൽ വാഹനം കസ്റ്റഡിയിലെടുത്തു. കാറിനുള്ളിൽ ഉണ്ടായിരുന്നവരെക്കുറിച്ച് പൊലീസ് അന്വേഷണം ആരംഭിച്ചു.


പ്രസ് ക്ലബിന് മുന്നിലെ റോഡിലേക്ക് കാറിൽ നിന്നും വലിച്ചെറിഞ്ഞ കത്തിയുമായി കന്റോൺമെന്റ് എസ്.ഐ ഷാഫി

## ചിത്രപ്രദർശനം

തിരുവനന്തപുരം: കൊടുങ്ങാനൂർ ഭാരതീയവിദ്യാഭവൻ സംഘടിപ്പിക്കുന്ന മാജിക് ഫിംഗേഴ്സ് ചിത്രപ്രദർശനം തിരുവനന്തപുരം കേന്ദ്രം ചെയർമാൻ കെ.എസ്. പ്രേമചന്ദ്രക്കുറുപ്പ് ഇന്ന് രാവിലെ 9ന് ഭാരതീയ വിദ്യാഭവൻ സീനിയർ സെക്കൻഡറി സ്കൂളിൽ ഉദ്ഘാടനം ചെയ്യും. വൈസ് ചെയർമാൻ ഡോ. ഉണ്ണിക്കൃഷ്ണൻ നായർ, ഭാരതീയ വിദ്യാഭവൻ തിരുവനന്തപുരം കേന്ദ്രത്തിന്റെ സെക്രട്ടറി പ്രൊഫ. സി. മോഹനകുമാർ, സ്കൂൾ പ്രിൻസിപ്പൽ സുനിൽ ചാക്കോ, വൈസ് പ്രിൻസിപ്പൽ ഉമാമഹേശ്വരി എന്നിവർ പങ്കെടുക്കും. നാളെയാണ് ചിത്രപ്രദർശനം സമാപിക്കുന്നത്. ദുരിതാശ്വാസനിധിയിലേക്കുള്ള ധനശേഖരണാർത്ഥമാണ് പ്രദർശനം സംഘടിപ്പിച്ചിരിക്കുന്നത്.

## സാന്ത്വനദിനാചരണം

തിരുവനന്തപുരം: രാജേശ്വരി ഫൗണ്ടേഷൻ പെയിൻ ആൻഡ് പാലിയേറ്റീവ് കെയറിന്റെ ആഭിമുഖ്യത്തിൽ ലോക സാന്ത്വന ദിന പരിപാടികളുടെ ഭാഗമായി ഇന്ന് വൈകിട്ട് 4 മുതൽ കലാസന്ധ്യ, സമൂഹ പ്രതിജ്ഞ, ഭക്ഷ്യമേള, പുനരധിവാസത്തിന്റെ ഭാഗമായി രോഗികൾ നിർമ്മിച്ച ഉത്പന്നങ്ങളുടെ വിപണനം എന്നിവ സംഘടിപ്പിക്കുന്നു.

മാനവീയം വീഥിയിൽ നടക്കുന്ന പരിപാടി മേയർ വി.കെ. പ്രകാശ് ഉദ്ഘാടനം ചെയ്യും. ബോബി അലോഷ്യസ് മുഖ്യാതിഥി ആയിരിക്കും.

# സ്കൂട്ടർ വർക്ക്ഷോപ്പിൽ യുവാവ് വെട്ടേറ്റ് മരിച്ച സംഭവം: പൊലീസ് കുറ്റപത്രം സമർപ്പിച്ചു

■ അഞ്ച് പേർ പ്രതികൾ

ആര്യനാട്: ആര്യനാട്ട് സ്കൂട്ടർ വർക്ക്ഷോപ്പിൽ യുവാവ് വെട്ടേറ്റ് മരിച്ച സംഭവത്തിൽ ആര്യനാട് പൊലീസ് കുറ്റപത്രം സമർപ്പിച്ചു. ആര്യനാട് പഴയ കച്ചേരിനടയിൽ ടൂവീലർ വർക്ക്ഷോപ്പിൽ വച്ച് കഴിഞ്ഞ മാർച്ച് 6ന് ആണ് പള്ളിവേട്ട അംബികാ ഭവനിൽ എസ്. ജയകൃഷ്ണൻ (35) മരിച്ചത്.

നെടുമങ്ങാട് ജുഡിഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേട്ട് കോടതിയിൽ ഇന്നലെ സമർപ്പിച്ച കുറ്റപത്രത്തിൽ ജയകൃഷ്ണന്റെ കൊലപാതകത്തിൽ നേരിട്ട് ബന്ധമുള്ള രണ്ടു പേരും ഒന്നാം പ്രതിക്ക് ഒളിവിൽ കഴിയാൻ സൗകര്യമൊരുക്കിയ മൂന്നുപേരും ഉൾപ്പെടെ അഞ്ച് പേർ പ്രതികളാണ്.

പള്ളിവേട്ട മണലിവിള പുത്തൻവീട്ടിൽ ഷിബുറോസ് (33), വർക്കുഷോപ്പ് ഉടമ തിരുമലവട്ടവിള ലക്ഷ്മിഭവനിൽ കെ.ബി. സുരേഷ് (54) എന്നിവരാണ് കേസിലെ ഒന്നും രണ്ടും പ്രതികൾ. ഷിബുവിനെ ഒളിവിൽ പാർക്കാൻ സഹായമൊരുക്കിയ തച്ചൻകോട് സ്വദേശി ഉണ്ണി എന്ന അനിൽ കുമാർ (38), ഷിബുവിന്റെ സഹോദരൻ ഷിനു (38), തമിഴ്നാട് വെണ്ണിയൂർ സ്വദേശി പാസ്റ്റർ ജസ്റ്റിൻ എന്ന ജസ്റ്റിൻ (48) എന്നിവരാണ് മറ്റ് പ്രതികൾ.

ഉടമയുടെ അനുവാദമില്ലാതെ സുഹൃത്തായ ജയകൃഷ്ണൻ സ്വന്തം ബൈക്ക് ശരിയാക്കുമായിരുന്നു. രാത്രിയിൽ മദ്യലഹരിയിൽ ഇതേച്ചൊല്ലിയുണ്ടായ വാക്കേറ്റം കൊലപാതകത്തിൽ കലാശിക്കുകയായിരുന്നു.

ആര്യനാട് ഇൻസ്പെക്ടർ ബി. അനിൽ കുമാർ, എസ്.ഐ വി.എസ്. അജീഷ്, എന്നിവരുടെ നേതൃത്വത്തിലാണ് അന്വേഷണം പൂർത്തിയാക്കി കുറ്റപത്രം കോടതിയിൽ സമർപ്പിച്ചത്.

## എക്സൈസ് സംഘത്തെ ആക്രമിച്ചയാൾ പിടിയിൽ

ആര്യനാട്: ആര്യനാട്, കാട്ടാക്കട റേഞ്ചുകളിലെ എക്സൈസ് ജീവനക്കാരെ ഹെൽമറ്റുകൊണ്ടാക്രമിച്ചു കടന്നു കളഞ്ഞ പ്രതി ചാരായവുമായി പിടിയിലായി.

നിരവധി അബ്കാരി, ക്രിമിനൽ കേസുകളിലെ പ്രതി കുറ്റിച്ചൽ സ്വദേശിയായ ചാമുണ്ഡി എന്ന സുധനാണ് പിടിയിലായത്.

നെയ്യാറ്റിൻകര എക്സൈസ് റേഞ്ച് ഇൻസ്പെക്ടറും സംഘവും 10 ലിറ്റർ ചാരായം കടത്തിക്കൊണ്ടുവന്ന ആട്ടോറിക്ഷയുമായി അറസ്റ്റ് ചെയ്തപ്പോഴാണ് ഇയാൾ എക്സൈസിനെ ആക്രമിച്ച പ്രതിയാണെന്നറിഞ്ഞത്. ചാരായം പിടികൂടുന്നതിനിടെ അഞ്ചൽ എക്സൈസ് റേഞ്ചിലെ ജീവനക്കാരനെ ഹെൽമറ്റ് കൊണ്ട് കണ്ണിടിച്ചു തകർത്തിരുന്ന ഇയാൾ. കാട്ടാക്കട, അഞ്ചൽ, മാറനല്ലൂർ പൊലീസ് സ്റ്റേഷനുകളിലും ഫോറസ്റ്റിലും ഇയാൾക്കെതിരെ നിരവധി കേസുകളുണ്ട്. ഇയാളെ കോടതിയിൽ ഹാജരാക്കി.


പ്രതി സുധൻ

## ലോക സന്ധിവാത ദിനാചരണം

തിരുവനന്തപുരം: ലോക ആർത്രൈറ്റിസ് ദിനാചരണത്തോടനുബന്ധിച്ച് വാതത്തെയും സന്ധിവാതത്തെയും കുറിച്ചുള്ള ബോധവത്കരണ ക്ലാസ് പട്ടം എസ്.യു.ടിയിൽ സംഘടിപ്പിച്ചു. ലോക ആർത്രൈറ്റിസ് ദിനത്തോടനുബന്ധിച്ച് 20ന് ഡോക്ടർമാർക്കായി ശില്പശാല സംഘടിപ്പിക്കുന്നു. ഹോട്ടൽ ഹൈസിന്തിൽ നടക്കുന്ന ശില്പശാലയിൽ ആർത്രൈറ്റിസിലേക്ക് നയിക്കുന്ന രോഗലക്ഷണങ്ങളെക്കുറിച്ച് ഡോ. ധന്യ വി. ഉണ്ണിക്കൃഷ്ണൻ, ഡോ. അനൂപ് എസ്. പിള്ള, ഡോ. അരുൺ .ജെ എന്നിവർ വിഷയങ്ങൾ അവതരിപ്പിക്കും. ഡോ. രമേശൻപിള്ള ശില്പശാലയ്ക്ക് നേതൃത്വം നൽകും.


കേരള യൂണിവേഴ്സിറ്റിയിൽ നിന്ന് (ഇൻസ്റ്റിറ്റ്യൂട്ട് ഒഫ് ഇംഗ്ലീഷ്) എം.എ ഇംഗ്ലീഷ് ലാംഗ്വേജ് ആൻഡ് ലിറ്ററേച്ചറിൽ രണ്ടാം റാങ്ക് നേടിയ എ. ആര്യ. നെല്ലിമൂറ്റത്തിൽ ജി. അൽവേർണസിന്റെയും ഏലിയാമ്മയുടെയും മകളാണ്

# പാറശാല റൂറൽ സൊസൈറ്റിയിലെ വായ്പാ തട്ടിപ്പ്: 101 അംഗങ്ങൾ രേഖ കൈമാറി

പാറശാല : റൂറൽ കോ - ഓപ്പറേറ്റീവ് സൊസൈറ്റിയിലെ വായ്പാ തട്ടിപ്പിനെതിരെ ജില്ലാ സഹകരണ ബാങ്ക് വിജിലൻസ് നടത്തിയ തെളിവെടുപ്പിൽ, അംഗങ്ങളായ 101 പേർ രേഖകൾ കൈമാറി.

സംഘത്തിലെ 250 അംഗങ്ങളുടെ പേരിൽ 750 വായ്പകൾ എടുത്തതായാണ് രേഖകൾ. എന്നാൽ വായ്പാ കുടിശികകൾക്കെതിരെ ജില്ലാ സഹകരണ ബാങ്കിൽ നിന്നയച്ചകത്തുമായി എത്തിയവരെല്ലാം, തങ്ങൾ വായ്പയെക്കുറിച്ച് അറിഞ്ഞിട്ടില്ലെന്ന് വിജിലൻസിന് മൊഴി നൽകി.

വിജിലൻസ് അയച്ച നോട്ടീസുകളിൽ പലതും കൈപ്പറ്റാതെ തിരിച്ചുവന്നിട്ടുണ്ട്. ഗൾഫിൽ ജോലിചെയ്യുന്നവരുടെയും മരിച്ചവരുടെയും പേരിലും വായ്പകൾ എടുത്തിട്ടുള്ളതായി വ്യാജ രേഖകൾ ഉണ്ടാക്കിയിട്ടുണ്ട്.

സ്ഥലത്തില്ലാത്ത അംഗങ്ങൾക്ക് വിജിലൻസിന് മൊഴി നൽകാൻ ഒക്ടോബർ 23 ന് ഒരവസരം കൂടി നൽകുന്നതാണെന്ന് വിജിലൻസ് അറിയിച്ചു.

## നിരോധിത പുകയില ഉത്പന്നങ്ങൾ പിടികൂടി

കോവളം: സ്കൂൾവിദ്യാർത്ഥികളെയും അന്യസംസ്ഥാന തൊഴിലാളികളെയും കേന്ദ്രീകരിച്ച് കച്ചവടത്തിനായി സൂക്ഷിച്ചിരുന്ന നിരോധിത പുകയില ഉത്പന്നങ്ങൾ പിടികൂടി. വാഴമുട്ടം ഗവ. ഹൈസ്കൂളിന് മുന്നിൽ കട നടത്തുന്ന വെങ്കിടേശ്വര ഭവനിൽ സുദർശനൻ (44), വെള്ളാർ ആറാംകല്ല് റോഡിൽ കട നടത്തുന്ന കൈതവിള അരിവാൾ കോളനിയിൽ കൃഷ്ണൻകുട്ടി (78) എന്നിവരുടെ കടകളിൽ നിന്നാണ് പുകയില ഉത്പന്നങ്ങൾ കോവളം പൊലീസ് പിടികൂടിയത്. ഇന്നലെ രാവിലെ 11 ഓടെ നടത്തിയ പരിശോധനയിലാണ് സുദർശനന്റെ കടയിൽ കളിപ്പാട്ടങ്ങൾക്കിടയിലും കൃഷ്ണൻകുട്ടിയുടെ കടയിൽ വേസ്റ്റ്ബോക്സിൽ നിന്നും ഇവ കണ്ടെടുത്തത്.

## സ്കൂട്ടറിൽ കറങ്ങി കഞ്ചാവ് വില്പന; യുവാവ് പിടിയിൽ

ആര്യനാട്: സ്കൂട്ടറിൽ കറങ്ങി കഞ്ചാവ് വില്പന നടത്തുന്നയാളെ എക്സൈസ് പിടികൂടി. കണ്ണനല്ലൂർ സ്വദേശി ഷംനാദിനെയാണ് (35) ആര്യനാട് എക്സൈസ് റേഞ്ച് ഇൻസ്പെക്ടർ ജി. രാജീവും സംഘവും പിടികൂടിയത്.

ഇയാളിൽ നിന്ന് 30 ഗ്രാം കഞ്ചാവ് പിടിച്ചു. പ്രതിയെ കോടതിയിൽ ഹാജരാക്കി.

സ്കൂൾ,കോളേജ് പരിസരങ്ങൾ കേന്ദ്രീകരിച്ച് വില്പന നടത്തുന്ന ഇയാൾ വിദ്യാർത്ഥികളെയും യുവാക്കളെയുമാണ് ലക്ഷ്യംവച്ചിരുന്നത്. പ്രിവന്റീവ് ഓഫീസർ എൻ. സതീഷ് കുമാർ, സിവിൽ എക്സൈസ് ഓഫീസർമാരായ വി.കെ. അഖിൽദേവ്, എ. ശ്രീകുമാർ, അശ്വതി .സി.എസ് തുടങ്ങിയവർ ചേർന്നാണ് ഇയാളെ പിടികൂടിയത്.


പ്രതി ഷംനാദ്


ഒന്നാം ചരമവാർഷികം (13.10.2018)



K.അനിൽകുമാർ
(Govt. SNV Higher Secondary School Teacher, Kadakkavoor)
ലക്ഷ്മിമന്ദിരം, പുതുക്കരി, ചിറയിൻകീഴ്.
ദുഃഖിതയായ ഭാര്യ : ലാലി അനിൽകുമാർ,
മക്കൾ : A.K. ഉമാമഹേശ്വരി, A.K. മഹിമാലക്ഷ്മി

മൂന്നാം ചരമവാർഷികം (13.10.2018)



പി.കെ.ശശാങ്കൻ (റിട്ട. സബ് രജിസ്ട്രാർ)
ഹരിത, ഞെക്കാട്, വടശ്ശേരിക്കോണം പി.ഒ.
ദുഃഖിതയായ ഭാര്യ : അനിത. H.S,
മക്കൾ : നിശാന്ത്. എസ്, ഹേമന്ത്. എസ്

നാലാം ചരമവാർഷികം (13.10.2018)



എം. പങ്കജാക്ഷി
ആണ്ടാംകടവ്, ചിറയിൻകീഴ്.
-സന്തപ്തകുടുംബാംഗങ്ങൾ.









## സ്പൈസ്ജെറ്റിൽ ആസ്വദിക്കാം വൈ-ഫൈ

ന്യൂഡൽഹി: വിമാനത്തിനുള്ളിൽ യാത്രികർക്ക് വൈ-ഫൈ സൗകര്യം നൽകുന്ന ആദ്യ ഇന്ത്യൻ വ്യോമയാന കമ്പനിയെന്ന നേട്ടം സ്വന്തമാക്കാൻ സ്പൈസ്ജെറ്റ് ഒരുങ്ങുന്നു. കേന്ദ്ര അനുമതി ലഭിച്ചാൽ സൗജന്യമായി വൈ-ഫൈ അടുത്തമാസം മുതൽ ലഭ്യമാക്കുമെന്ന് സ്പൈസ് ജെറ്റ് ചെയർമാൻ അജയ് സിംഗ് പറഞ്ഞു.

**ഓഹരി വിപണി**

732.43 ↑ സെൻസെക്സ് 34733.58

237.85 ↑ നിഫ്ടി 10472.50

# കല്യാൺ മാർട്ടുകൾ ചെറു നഗരങ്ങളിലേക്ക്

◗ എം.എച്ച്. വിഷ്ണു

അബുദാബി: പട്ടുവസ്ത്രങ്ങളുടെ വ്യാപാരത്തിലെ ലോകോത്തര ബ്രാൻഡായ കല്യാൺ സിൽക്സ് ഹൈപ്പർമാർക്കറ്റ് ബിസിനസിലേക്കും ശ്രദ്ധയൂന്നുന്നു. ഹൈപ്പർമാർക്കറ്റ് മാത്രമല്ല, എക്സ്പ്രസ് മാർക്കറ്റ്, മിനിമാർട്ട് എന്നിവയുമായി കല്യാൺ ചെറുനഗരങ്ങളിലേക്കും എത്തുകയാണ്.

ആദ്യപടിയായി തൃശൂരിൽ 3,500 ചതുരശ്ര അടിയിൽ മിനിമാർട്ട് ഈമാസം അവസാനം തുറക്കും. 10,000 ചതുരശ്രയടി വിസ്തൃതിയിലുള്ള 150 മിനിമാർട്ടുകൾക്ക് കേരളത്തിൽ സാഹചര്യമുണ്ട്. അഞ്ച് വർഷത്തിനകം കല്യാൺ സിൽക്സിന്റെ ശാഖകളേക്കാൾ കൂടുതൽ കല്യാൺ ഹൈപ്പർമാർക്കറ്റ് ശാഖകൾ കേരളത്തിൽ നിറയും. അബുബാദിയിൽ കല്യാൺ സിൽക്സിന്റെ പുതിയ ഷോറൂം ഉദ്ഘാടനത്തിനെത്തിയ എക്സിക്യൂട്ടീവ് ഡയറക്ടർ പ്രകാശ് പട്ടാഭിരാമൻ 'കേരളകൗമുദി'യോട് സംസാരിക്കുന്നു.



കല്യാൺ സിൽക്സ് ചെയർമാനും മാനേജിംഗ് ഡയറക്ടറുമായ ടി.എസ്. പട്ടാഭിരാമൻ, എക്സിക്യൂട്ടീവ് ഡയറക്ടർമാരായ പ്രകാശ് പട്ടാഭിരാമൻ, മഹേഷ് പട്ടാഭിരാമൻ എന്നിവർ അബുദാബിയിലെ പുതിയ ഷോറൂമിനു മുന്നിൽ.

**■ പുതിയ ബിസിനസിലേക്കുള്ള കാൽവയ്പിനെ കുറിച്ച്?**

ഹൈപ്പർമാർക്കറ്റ് ബിസിനസിന് കേരളത്തിൽ അനന്തമായ സാദ്ധ്യതയുണ്ട്. ജില്ലകളിൽ മാത്രമല്ല, ചെറു നഗരങ്ങളിലും കല്യാൺ മാർട്ടുകൾ തുറക്കും. മലയാളിക്ക് ഏറ്റവും അവശ്യവസ്തുവായി സൂപ്പർമാർക്കറ്റ് മാറി. ഇനി കൂടുതൽ ശ്രദ്ധ കല്യാൺ ഹൈപ്പർമാർക്കറ്റ്, അനുബന്ധ ഫോർമാറ്റുകളിലാവും.

**■ കല്യാൺമാർട്ടുകൾ എവിടെയൊക്കെയാണ്?**

ഒന്നേകാൽ ലക്ഷം ചതുരശ്ര അടി വിസ്തൃതിയിൽ രണ്ട് ഹൈപ്പർ മാർക്കറ്റുകൾ തൃശൂരിലും 20,000 ചതുരശ്ര അടിയുള്ള മാർട്ട് കൊച്ചിയിലും തുറന്നു. എക്സ്പ്രസ് മാർക്കറ്റ്, മിനിമാർക്കറ്റ് എന്നിങ്ങനെ പല തരം വിപുലീകരണമാണ് ലക്ഷ്യം. ആദ്യപടിയായി തൃശൂരിൽ 3,500 ചതുരശ്രയടിയിൽ മിനിമാർട്ട് ഈമാസം അവസാനം തുറക്കും. അടുത്തത് കോഴിക്കോട്, പാലക്കാട്, പെരിന്തൽമണ്ണ, ആലപ്പുഴ എന്നിവിടങ്ങളിലാണ്. സ്വന്തമായി സ്ഥലമെടുത്ത് 50,000 മുതൽ ഒരു ലക്ഷം ചതുരശ്ര അടി വരെ വിസ്തീർണമുള്ള ഹൈപ്പർമാർക്കറ്റ് കം ടെക്സ്റ്റൈൽ ഡിവിഷനുകളാണ് വരുന്നത്. പെരിന്തൽമണ്ണയും കോഴിക്കോട്ടും നിർമ്മാണം പുരോഗമിക്കുന്നു.

**■ തിരുവനന്തപുരത്ത് മാൾ പ്രോജക്ടുണ്ടോ?**

തിരുവനന്തപുരത്ത് കഴക്കൂട്ടം- കോവളം ബൈപ്പാസിൽ കല്യാൺ മാൾ വരും. രണ്ടര ലക്ഷം ചതുരശ്ര അടി കെട്ടിടത്തിൽ ലോകനിലവാരത്തിലുള്ള എല്ലാത്തരം വസ്ത്രശാലകളും കൂറ്റൻ സൂപ്പർമാർക്കറ്റുമുള്ള ഫ്ലാഗ്ഷിപ്പ് സ്റ്റോറാണ് തിരുവനന്തപുരത്ത്. കോഴിക്കോട്ടും രണ്ടരലക്ഷം ചതുരശ്ര അടിയിലാണ് മാൾ. രണ്ടിടത്തും ആറ് സ്ക്രീനുകളുള്ള മൾട്ടിപ്ലക്സുമുണ്ട്.

**■ ഗൾഫിലെ വസ്ത്രവ്യാപാരം എങ്ങനെ?**

നാട്ടിലേതുമായി താരതമ്യപ്പെടുത്തുമ്പോൾ പ്രയാസം തോന്നാതിരിക്കാൻ നാട്ടിലെ അതേ വിലനിലവാരമാണിവിടെ. ലാഭത്തേക്കാളുപരി മലയാളികൾക്ക് സേവനം നൽകാനാണ് ശ്രമം. ഇവിടെ അഞ്ച് ശതമാനം വാറ്റ് മാത്രമേയുള്ളൂ. അതിനാൽ ലാഭം നേരിട്ട് ഉപഭോക്താക്കൾക്ക് കൈമാറും. നാട്ടിലെ വിലയ്ക്ക് ദുബായ്, അബുദാബി, ഷാർജ എന്നിവിടങ്ങളിൽ തുണിത്തരങ്ങൾ നൽകുന്നു. ഇന്ത്യയിലെ അതേ വിലയും സെലക്ഷനുമാണ് ഗൾഫിലും.

**■ എന്താണ് വിലക്കുറവിന്റെ രഹസ്യം?**

ഇന്ത്യയിൽ ഏറ്റവുമധികം സിൽക്ക് സാരി ഷോറൂമുകളുള്ളത് കല്യാൺ സിൽക്സിനാണ്, 29 എണ്ണം. മറ്റാർക്കും ലഭിക്കുന്നതിലും ന്യായമായ വിലയിൽ ഉത്പന്നങ്ങൾ ലഭിക്കും. മുംബയിൽ സ്വന്തമായി മൂന്ന് പ്രൊഡക്ഷൻ യൂണിറ്റുണ്ട്. കാഞ്ചിപുരം, ധർമ്മാവരം, ബംഗളൂരു എന്നിവിടങ്ങളിൽ സ്വന്തം തറികളുണ്ട്.

വനിതകൾക്കുള്ള വസ്ത്രങ്ങൾക്കായി ചെന്നൈയിൽ യൂണിറ്റ്. അതിനാൽ, ഏറ്റവും കുറഞ്ഞ വിലയ്ക്ക് ഉത്പന്നങ്ങൾ ഉപഭോക്താക്കൾക്ക് ലഭ്യമാക്കും. നാട്ടിൽ ലഭിക്കുന്ന എല്ലാ തുണിത്തരങ്ങളും പ്രവാസികൾക്ക് നൽകും.

**■ ഗൾഫിൽ സാന്നിദ്ധ്യം ശക്തമാക്കുമോ?**

ജനുവരിയിൽ അബുദാബിയിലെ ഹംദാൻ സ്ട്രീറ്റിൽ പുതിയ ഷോറൂം തുറക്കും. ഏറ്റവുമധികം മലയാളികൾ ഉള്ളത് യു.എ.ഇയിലാണ്. ഒമാനിലും സൗദിയിലും തദ്ദേശവത്കരണം കാരണം നാട്ടിലുള്ളവർക്ക് വിസ ലഭിക്കുന്നില്ല. കുടുംബമായി താമസിക്കാൻ ചെലവു കൂടിയതിനാൽ മലയാളി കുടുംബങ്ങൾ മടങ്ങുന്നു. അതിനാൽ ഇപ്പോൾ യു.എ.ഇ കേന്ദ്രീകരിച്ച് ബിസിനസ് വ്യാപിപ്പിക്കുകയാണ്. അജ്മാനിലും റാസൽഖൈമയിലും ഫുജൈറയിലും ഉടനേ ഷോറൂമുകൾ തുറക്കും.



കല്യാൺ സിൽക്സിന്റെ അബുദാബിയിലെ പുതിയ ഷോറൂം ചെയർമാനും മാനേജിംഗ് ഡയറക്ടറുമായ ടി.എസ്. പട്ടാഭിരാമൻ ഉദ്ഘാടനം ചെയ്യുന്നു. എക്സിക്യൂട്ടീവ് ഡയറക്ടർമാരായ പ്രകാശ് പട്ടാഭിരാമൻ, മഹേഷ് പട്ടാഭിരാമൻ, കല്യാൺ ഹൈപ്പർമാർക്കറ്റ്സ് ഡയറക്ടർ വർദ്ധിനി പ്രകാശ് തുടങ്ങിയവർ സമീപം

# കല്യാൺ സിൽക്സ് അബുദാബി ഷോറൂം തുറന്നു

◗ പ്രത്യേക ലേഖകൻ

അബുദാബി: പ്രമുഖ സിൽക്ക് സാരി ഷോറൂം ശൃംഖലയായ കല്യാൺ സിൽക്സിന്റെ അബുദാബിയിലെ ഇലക്ട്രാ സ്ട്രീറ്റിലെ പുതിയ ഷോറൂം ചെയർമാനും മാനേജിംഗ് ഡയറക്ടറുമായ ടി.എസ്. പട്ടാഭിരാമൻ ഉദ്ഘാടനം ചെയ്തു.

എക്സിക്യൂട്ടീവ് ഡയറക്ടർമാരായ പ്രകാശ് പട്ടാഭിരാമൻ, മഹേഷ് പട്ടാഭിരാമൻ, കല്യാൺ ഹൈപ്പർമാർക്കറ്റ് ഡയറക്ടർ വർദ്ധിനി പ്രകാശ്, അരേക്ക ചെയർമാൻ വി.ഒ സെബാസ്റ്റ്യൻ, അഹമ്മദ് മൂസ ഹസൻ, വി.എ. ഹസൻ, അപ്പുണ്ണി മേനോൻ, സലിം തങ്ങൾ തുടങ്ങിയവർ പങ്കെടുത്തു. വിപുലമായ ദീപാവലി കളക്ഷനും സ്പെഷ്യൽ ഓഫറുകളുമാണ് ഷോറൂമിൽ ഒരുക്കിയിട്ടുള്ളത്. ഓരോ 250 ദിർഹംസിന്റെ പർച്ചേസിനുമൊപ്പം ഉപഭോക്താക്കൾക്ക് 50 ദിർഹംസിന്റെ വൗച്ചർ സൗജന്യമായി നേടാം.

രണ്ട് നിലകളിലായി സ്വന്തം തറികളിൽ നിന്നുള്ള വസ്ത്രങ്ങളുടെ വിപുലമായ ശേഖരമുണ്ട്. സൗഗന്ധിക ബ്രൈഡൽ സിൽക്ക്, കാഞ്ചീപുരം ബനാറസ്, മൈസൂർ സിൽക്ക് സാരി, സെറ്റ് സാരി, മാച്ചിംഗ് ബ്ലൗസ് മെറ്റീരിയലുകൾ, റെഡി-ടു-സ്റ്റിച്ച് ചുരിദാർ മെറ്റീരിയലുകൾ, ഗാഗ്രാചോളീസ്, ലെഹൻഗാസ്, ദോത്തികൾ, കിഡ്സ്-മെൻസ് വെയർ എന്നിവയുടെ വിശാലമായ കളക്ഷനുകളുണ്ട്. അബുദാബിക്ക് പുറമേ കല്യാൺ സിൽക്സിന് ദുബായിൽ രണ്ടും ഷാർജയിലും മസ്കറ്റിലും ഓരോ അന്താരാഷ്ട്ര ഷോറൂമുകളുണ്ട്. രണ്ടായിരത്തിലേറെ നെയ്ത്തുകാരുടെ ആയിത്തിലധികം തറികളിൽ നെയ്തെടുക്കുന്ന പട്ടുവസ്ത്രങ്ങളാണ് കല്യാൺ പ്രവാസി മലയാളികൾക്കായി ഒരുക്കിയിട്ടുള്ളത്.

നൂറിലേറെ സ്വന്തം പ്രൊഡക്ഷൻ യൂണിറ്റുകളിലാണ് മറ്റ് വസ്ത്രങ്ങളുടെ 70 ശതമാനവും നിർമ്മിക്കുന്നത്. ഇടനിലക്കാരെ ഒഴിവാക്കി അന്താരാഷ്ട്ര വിപണിയിൽ ഏറ്റവും കുറഞ്ഞ വിലയിൽ വസ്ത്രങ്ങൾ ലഭ്യമാക്കുന്നത് ഇങ്ങനെയാണ്.

# ഓഹരിക്കും രൂപയ്ക്കും മികച്ച നേട്ടം

കൊച്ചി: നഷ്ടയാത്രയ്ക്ക് താത്കാലിക വിരാമമിട്ട് ഇന്ത്യൻ ഓഹരി സൂചികകളും രൂപയും ഇന്നലെ വൻ നേട്ടത്തിലേക്ക് കുതിച്ചു കയറി. കഴിഞ്ഞവാരം ബാരലിന് 85 ഡോളറിന് മുകളിലായിരുന്ന ക്രൂഡോയിൽ വില, 81 ഡോളറിലേക്ക് താഴ്ന്നതാണ് നേട്ടമായത്. ഡോളറിനെതിരെ 57 പൈസ മുന്നേറിയ രൂപ 73.56ൽ വ്യാപാരം അവസാനിപ്പിച്ചു.



സെൻസെക്സ് 732 പോയിന്റുയർന്ന് (2.15 ശതമാനം) 34,733ലും നിഫ്റ്റി 237 പോയിന്റ് (2.32 ശതമാനം) മുന്നേറി 10,472 പോയിന്റിലും വ്യാപാരം പൂർത്തിയാക്കി. 2016 മാർച്ചിന് ശേഷം സെൻസെക്സ് കുറിക്കുന്ന ഏറ്റവും ഉയർന്ന ഏകദിന മുന്നേറ്റമാണിത്. ഐ.ടി., ലോഹ ഓഹരികൾ ഒഴികെയുള്ളവ ഇന്നലെ സെൻസെക്സിന്റെ കുതിപ്പിന് പിന്തുണയേകി. ആഗോള ഓഹരി വിപണികളുടെ നേട്ടവും കരുത്തായി.

മാരുതി സുസുക്കി, മഹീന്ദ്ര ആൻഡ് മഹീന്ദ്ര, കോൾ ഇന്ത്യ, കോട്ടക് മഹീന്ദ്ര ബാങ്ക്, ബജാജ് ഓട്ടോ എന്നിവയാണ് ഇന്നലെ വൻ മുന്നേറ്റം നടത്തിയ ഓഹരികൾ.

| SCRIP | BSE | NSE |
|---|---|---|
| ABB | 1308.000 | 1308.750 |
| ACC | 1501.750 | 1503.200 |
| AMARAJA | 735.450 | 735.850 |
| ANDHARA BANK | 26.150 | 26.150 |
| APPOLOHOS | 1132.850 | 1132.000 |
| ARVINDMILL | 329.700 | 329.800 |
| ASHOKLEY | 115.750 | 115.800 |
| ASIANPNT | 1261.500 | 1261.200 |
| AXISBANK | 584.650 | 584.900 |
| BAJAJAUTO | 2628.600 | 2623.050 |
| BALAJITELE | 109.950 | 109.950 |
| BATAIND | 921.950 | 921.050 |
| BEML | 594.050 | 594.800 |
| BFLSOFT | 1012.550 | 1008.250 |
| BHARTI | 290.550 | 290.050 |
| BIOCON | 607.900 | 606.400 |
| BOI | 77.200 | 77.150 |
| BOMBDYE | 117.200 | 117.050 |
| BPCL | 288.650 | 288.900 |
| BRITANNIA | 5742.000 | 5757.500 |
| BSES | 328.450 | 329.200 |
| CANARABANK | 230.350 | 230.800 |
| CEAT | 1096.450 | 1097.300 |
| CENTURY TEXT | 810.900 | 812.450 |
| CHENNAIPETRO | 258.000 | 258.350 |
| CIPLA | 622.450 | 622.900 |
| COLGATE | 1099.650 | 1099.850 |
| CORPBNK | 23.850 | 23.650 |
| DABUR | 407.500 | 407.850 |
| DENABANK | 14.800 | 14.850 |
| DIVIS LAB | 1283.600 | 1282.300 |
| DRREDDY | 2450.350 | 2450.500 |
| EIHOTEL | 148.650 | 149.800 |
| ENGGINDIA | 116.250 | 116.150 |
| ESCORTS | 600.950 | 601.300 |
| FINLXCABLE | 466.600 | 465.100 |
| GAIL | 358.650 | 359.300 |
| GESHIPP | 298.200 | 297.150 |
| GLAXO | 1404.400 | 1407.100 |
| GLENMARK | 600.850 | 602.250 |
| Globus Spirits Ltd | 149.300 | 148.850 |
| GNFC | 332.100 | 331.850 |
| GODREJS | 715.450 | 716.350 |
| GRASIM | 896.900 | 895.100 |
| GUJAMBCEM | 221.350 | 219.600 |
| HDFC | 1730.350 | 1730.300 |
| HDFCBNK | 1979.000 | 1981.850 |
| HEROHONDA | 2892.750 | 2893.950 |
| HINDALCO | 226.700 | 226.700 |
| HINDLEVER | 1568.650 | 1569.600 |
| HINDUJAFUN | 499.800 | 495.950 |
| HPCL | 218.250 | 218.400 |
| I-FLEX | 3938.100 | 3930.800 |
| ICICIBANK | 318.800 | 319.400 |
| INDHOTEL | 125.150 | 125.200 |
| INFOSYS | 679.050 | 678.800 |
| INFOTECH ENT | 655.450 | 657.050 |
| ITC | 274.700 | 275.200 |
| KALECONSULT | 974.700 | 976.300 |
| KOTAKM | 1169.400 | 1167.150 |
| L&T | 1234.950 | 1235.250 |
| LICHSGFIN | 430.500 | 431.250 |
| LUPINCHEM | 845.350 | 846.250 |
| M&M | 768.800 | 768.500 |
| MAHABANK | 11.030 | 10.850 |
| Mahindra Holidays | 200.200 | 199.800 |
| MARUTI | 7283.050 | 7287.200 |
| MAXIND | 372.850 | 372.200 |
| MCDOWEL | 521.900 | 521.700 |
| MRF | 63923.850 | 63978.350 |
| MUKTAARTS | 36.750 | 36.650 |
| NAICHOLAS | 2245.200 | 2246.000 |
| NTPC | 164.050 | 164.200 |
| Oil India Ltd (OIL) | 202.400 | 202.600 |
| ONGC | 157.200 | 157.400 |
| PANACEABIO | 172.850 | 172.900 |
| PETRONET | 217.300 | 217.900 |
| PFIZER | 2866.350 | 2867.200 |
| Pipavav Shipyard | 12.050 | 12.000 |
| PRYACEM | 184.150 | 183.750 |
| PTC | 74.750 | 74.750 |
| RAMCOSYS | 303.150 | 305.700 |
| RELCAP | 261.800 | 261.800 |
| RELIANCE | 1126.400 | 1126.550 |
| ROLTA | 14.650 | 14.600 |
| SAB | 6.130 | 5.850 |
| SAIL | 66.500 | 66.550 |
| SARIGAMA | 533.350 | 530.450 |
| SBI | 263.350 | 263.750 |
| SCI | 43.400 | 43.550 |
| SHYAMTELE | 0.000 | 8.800 |
| SIEMENS | 912.700 | 913.700 |
| SKFBEAR | 1641.150 | 1650.250 |
| SMITHKLC | 7013.350 | 6981.900 |
| SSI | 3.810 | 3.800 |
കുറഞ്ഞപക്ഷം കണ്ണീർവാതക പ്രയോഗവും ലാത്തിച്ചാർജ്ജും വെടിവയ്പ്പുമൊന്നുമില്ലാത്ത ഏത് സമരത്തിന്റെയും സ്വാഭാവികമായ പരിണതി ഇമ്മട്ടിൽത്തന്നെയാണ്. എന്നിരുന്നാലും സ്വാമി ജ്ഞാനസ്വരൂപ് ഭരണാധികാരികൾക്കുമുന്നിൽ അവതരിപ്പിച്ച ആവശ്യം ഇനിയുള്ള കാലവും സജീവമായിത്തന്നെ നിലനിൽക്കും. മനുഷ്യരുടെ നാനാവിധത്തിലുള്ള ഹിംസകൾക്ക് നിരന്തരം ഇരയായി മരണത്തിലേക്ക് നീങ്ങിക്കൊണ്ടിരിക്കുന്ന നദികൾക്കായി സ്വജീവൻ നൽകിയ സ്വാമി ജ്ഞാന സ്വരൂപിനെക്കുറിച്ചുള്ള ദീപ്ത സ്മരണകൾ പരിസ്ഥിതി പ്രവർത്തകർക്ക് ഒടുങ്ങാത്ത പ്രചോദനമാണ്.




# വീണ്ടെടുക്കാൻ 'ജലരേഖകൾ'

**കൈനകരി ഗ്രാമത്തിലെ കനാലുകളുടെ ഓരത്തു കൂടി ഞങ്ങൾ നടന്നു. അവിടെയെല്ലാം ജനങ്ങൾ തങ്ങളുടെ സാധനങ്ങൾ ഉണക്കാൻ നിരത്തിയിട്ടിരിക്കയാണ്. ഫർണിച്ചർ, ഫ്രിഡ്ജുകൾ, അലമാരകൾ, കുട്ടികളുടെ സ്കൂൾ ബുക്കുകൾ, തുണികൾ, പുതപ്പുകൾ... അതാ, അവിടെ ഒരു ബൈബിൾ... തൊട്ടടുത്ത് ഭഗവദ്ഗീതയും... ഒരു കിസാൻ ക്രെഡിറ്റ് കാർഡും..**



പി.സായ്നാഥ്

പ്രളയം കഴിഞ്ഞ കേരളത്തിൽ ഇപ്പോൾ വീണ്ടെടുപ്പിന്റെയും ശുദ്ധീകരണത്തിന്റെയും ശുദ്ധികലശത്തിന്റെയും കാലമാണ്. വെള്ളം കയറി പല സാധനങ്ങളും വീണ്ടെടുക്കാനാവാത്ത വിധം നശിച്ചു പോയി. ഇതിൽ എങ്ങനെയും വീണ്ടെടുക്കേണ്ട കുറേ കാര്യങ്ങളുണ്ട്. ബാങ്കുകളിലെയും റവന്യൂ ഓഫീസുകളിലെയും ആയിരക്കണക്കിന് രേഖകളും ഭൂമിയുടെയും വീടിന്റെയുമൊക്കെ ആധാരങ്ങളും സാമ്പത്തിക ഇടപാടുകളുടെ രേഖകളും ഇവയിൽ പെടുന്നു. ഇവ നഷ്ടപ്പെട്ടാൽ പല പ്രവർത്തനങ്ങളും ദീർഘകാലത്തേക്ക് മരവിച്ചു പോകും.

ആലപ്പുഴയിലെ കുട്ടമംഗലം സർവീസ് സഹകരണ ബാങ്കിലും കൈനകരി പഞ്ചായത്ത് ഓഫീസിലും പ്രളയജലം ഇരച്ചു കയറി. കായൽ തീരത്ത് വെള്ളത്തിൽ നിന്ന് കഷ്ടിച്ച് എട്ടോ പത്തോ അടി അകലെയാണ് ബാങ്ക് കെട്ടിടം. വിലപ്പെട്ട രേഖകൾ സൂക്ഷിച്ചിരുന്ന ഗോദ്റേജ് ലോക്കർ ഉൾപ്പെടെയുള്ള അലമാരകളിൽ വെള്ളം കയറി. രേഖകളെല്ലാം നനഞ്ഞു കുതിർന്നു. വെള്ളം പിൻവാങ്ങിയതോടെ ജീവനക്കാർ ഈ രേഖകളെല്ലാം സൂക്ഷിച്ച് പുറത്തെടുത്ത് കായൽത്തീരത്ത് നിരത്തി വച്ച് ഉണക്കുകയാണിപ്പോൾ. ലെഡ്ജറുകൾ, ഫയലുകൾ, ആധാരങ്ങൾ, മറ്റ് വിലപ്പെട്ട നിരവധി രേഖകൾ...

ഈ രേഖകൾ കമ്പ്യൂട്ടറൈസ് ചെയ്തിട്ടുണ്ടെന്നാണ് കരുതുന്നത്. പക്ഷേ, വെള്ളം കയറി കമ്പ്യൂട്ടറുകളും കേടായി. വെള്ളം കയറിയ കമ്പ്യൂട്ടറുകൾ ജീവനക്കാർ വൃത്തിയാക്കുന്നുണ്ട്. പക്ഷേ അവയിൽ നിന്ന് ഈ രേഖകൾ ഇനി വീണ്ടെടുക്കാനാവുമോ?

ആലപ്പുഴ ജില്ലയിലെ ലോവർ കുട്ടനാട്ടിൽ വരുന്ന ഈ സ്ഥലങ്ങൾ സമുദ്രനിരപ്പിന് താഴെയാണ് കിടക്കുന്നത്. പ്രളയം വന്നപ്പോൾ പതിനായിരങ്ങളെ ദുരിതാശ്വാസ ക്യാമ്പുകളിലേക്ക് മാറ്റേണ്ടി വന്നു. രണ്ടാഴ്ചയ്ക്ക് ശേഷം മിക്കവരും തിരിച്ചെത്തിയപ്പോഴും മിക്ക വീടുകളും വെള്ളത്തിലായിരുന്നു.

"വെള്ളം മുന്നിലെ വാതിലിന്റെ മുകൾനിരപ്പ് വരെ വന്നു. അകത്ത് വെള്ളം കയറി എല്ലാം മുങ്ങി. ബാങ്കിന്റെ വാൾട്ട് നിലവറ പോലുള്ള ഭാഗത്തായത് കാര്യങ്ങൾ കൂടുതൽ വഷളാക്കി. വാൾട്ടിന്റെ വാതിൽ പകുതി തുറന്ന നിലയിൽ മുറുകിപ്പോയിരുന്നു. മുങ്ങിയ ഇരുമ്പ് സേഫുകളിലെല്ലാം തുരുമ്പായി" - ബാങ്ക് കാഷ്യർ എച്ച്. ഗിരീഷ് കുമാർ പറഞ്ഞു.

കൈനകരി ഗ്രാമത്തിലെ കനാലുകളുടെ ഓരത്തു കൂടി ഞങ്ങൾ നടന്നു. അവിടെയെല്ലാം ജനങ്ങൾ തങ്ങളുടെ സാധനങ്ങൾ ഉണക്കാൻ നിരത്തിയിട്ടിരിക്കയാണ്. ഫർണിച്ചർ, ഫ്രിഡ്ജുകൾ, അലമാരകൾ, കുട്ടികളുടെ സ്കൂൾ ബുക്കുകൾ, തുണികൾ, പുതപ്പുകൾ...അതാ, അവിടെ ഒരു ബൈബിൾ...തൊട്ടടുത്ത് ഭഗവദ്ഗീതയും...ഒരു കിസാൻ ക്രെഡിറ്റ് കാർഡും..

ജനങ്ങൾ ക്ഷമയോടെ എല്ലാം അടുക്കി നേരേയാക്കാനുള്ള ശ്രമത്തിലാണ്. ബാങ്കിലെ ജീവനക്കാർ മണിക്കൂറുകളും ദിവസങ്ങളും കഠിനാദ്ധ്വാനം ചെയ്താണ് എല്ലാം വൃത്തിയാക്കിയത്. നിലവറയിലെ വെള്ളം കോരിക്കളഞ്ഞു. ചെളിയെല്ലാം വൃത്തിയാക്കി. നിരവധി രേഖകൾ ഉണക്കിയെടുത്തു. നനവ് മാറാത്ത ലെഡ്ജറുകളിൽ പൂപ്പൽ പിടിച്ചു. ഒപ്പം ദുർഗന്ധവും.

സാദ്ധ്യമായ സാധനങ്ങളെല്ലാം അവർ വീണ്ടെടുത്തു. ലോക്കറുകളിൽ സൂക്ഷിച്ചിരുന്ന അ



പ്രളയത്തിൽ മുങ്ങി തുരുമ്പെടുത്ത് നശിച്ച ഇരുമ്പ് സേഫുകൾ

ഞ്ചര കിലോഗ്രാം സ്വർണവും കുറേ പണവും ഭൂമിയുടെ നിരവധി ആധാരങ്ങളും ബാങ്കിന്റെ ആലപ്പുഴയിലെ ഹെഡ്ക്വാർട്ടേഴ്സിലേക്ക് മാറ്റി. ബാങ്കിലെ അക്കൗണ്ടും മറ്റ് വിലപ്പെട്ട രേഖകളും ബംഗളൂരുവിലെ സെർവറിൽ സുരക്ഷിതമായുണ്ടെന്ന് ബാങ്ക് പ്രസിഡന്റ് പി. ജി. സനൽകുമാർ ഫോണിൽ അറിയിച്ചു.

# മകളയ്യപ്പൻ ആകട്ടെ, അവൾ അയ്യപ്പൻ



ഡോ.ബി.അശോക്

പമ്പ മുതൽ സന്നിധാനം വരെ മല ചവിട്ടിക്കയറി അയ്യപ്പദർശനത്തിനു സഹനം ചെയ്യുന്ന ' അവൾ ' നമ്മുടെ ആൺഅബോധത്തിലുള്ള വ്രതശുദ്ധിയില്ലാത്ത വിനോദ സഞ്ചാരിണിയല്ല. ആണിനെപ്പോലെയോ അതിലേറെയോ അയ്യപ്പതത്വമായ 'തത്വമസി' ഗ്രഹിക്കുന്ന ആത്മചൈതന്യം ഉള്ള സഹജീവിയാണ്. പുരുഷനോളം ആദ്ധ്യാത്മികമായി ഉയരാൻ കഴിവുള്ള, ശരീരത്തിന്റെ പരിമിതികളെ അപാരമായ മനഃശുദ്ധി കൊണ്ട് അതിജീവിക്കുന്നവളാണ്. അവളുടെ ശരീരത്തിലാരോപിയ്ക്കപ്പെടുന്ന ചാക്രികമായ അശുദ്ധി വാസ്തവത്തിൽ മനുഷ്യ വംശത്തെയാകെ നിലനിറുത്തി പോരുന്ന ഉർവരതയുടെ വിശുദ്ധരക്തമാണ്. മുറയിൽ കഴിയുന്ന സ്ത്രീ തൊഴിലിടത്ത് നിന്നും പഠനമുറിയിൽ നിന്നും എന്തിനു സ്വന്തം സഹോദരങ്ങൾ ഉള്ള വീട്ടിനുള്ളിൽ നിന്നുപോലും അകറ്റപ്പെട്ടിരുന്ന ഒരു കാലം നമുക്കുണ്ടായിരുന്നു. അതെല്ലാം ആർത്തവത്തോടുള്ള അബദ്ധ സമീപനങ്ങളുടെ ഇരുണ്ട കാലമായിരുന്നു. ഇന്നത് ഗർഭപാത്രത്തിന്റെ ഒരു കേവല പ്രകൃതി നിയമമാണ്.

'അത് നീ തന്നെയാകുന്നു ' എന്ന തത്വം ശിരസിലേറ്റുന്ന മഹായോഗിയായ ചിന്മുദ്രയിലാണ്ട ബൗദ്ധ പാരമ്പര്യമുള്ള ഹൈന്ദവ ഈശ്വരീയത അയ്യപ്പഭക്തനെ ഭാഷാദേശാന്തരങ്ങൾക്കപ്പുറം ബാധിക്കുന്നത്, അവനെ ഒരു പുരാതന കാനനക്ഷേത്രത്തിൽ ലയിപ്പിക്കുന്നത് ശരീരത്തിനപ്പുറം അവന് ആ യാത്ര നിലനിൽപ്പ് പകരുന്നത് കൊണ്ടാണ്. ഇതര ക്ഷേത്രങ്ങളിലൊക്കെ ദേവീദേവന്മാർ അനുഗ്രഹം ചൊരിഞ്ഞു നിൽക്കുമ്പോൾ അയ്യപ്പവിഗ്രഹദർശന മാത്രയിൽ അവന്റെ ശരീരമാകെ വൈദ്യുതി പ്രവഹിക്കുന്നതും മലയിറങ്ങി പോന്നിട്ടും പോകാത്ത ചൈതന്യം വർഷം മുഴുവൻ അവനെ പിന്തുടരുന്നതും പിന്നെയും പമ്പയും കരിനീലി മലകളും ശരംകുത്തിയും അവനെ മടക്കി വിളിക്കുന്നതും അയ്യപ്പതത്വം ഹിന്ദുമതത്തിന്റെ കാലികമായ അപഭ്രംശങ്ങളെ നിഷേധിക്കുകയും തിരുത്തുകയും ചെയ്യുന്നതിനാലാണ്. അതിബ്രാഹ്മണവത്കരിക്കപ്പെട്ട മീമാംസക സമൃദ്ധിയ്ക്കപ്പുറം വാവരെയും മാളികപ്പുറത്തമ്മയെയും പ്രതിഷ്ഠിച്ച് ആരാധിക്കാനുള്ള ഗോത്രീയ സൗമനസ്യം മധ്യകാലഘട്ടത്തിലെ സനാതന ധർമത്തെ അധഃപതിപ്പിച്ച അധർമങ്ങളെ പാപപരിഹാരം ചെയ്യിക്കുന്നു.

ജാതിവ്യവസ്ഥയുടെയും ജന്മവർണാശ്രമ വ്യവസ്ഥയുടെയും അതിരുകൾ ലംഘിച്ച് യോഗനിദ്രയിലാണ്ട ചിന്മുദ്രാങ്കിതന്റെ അനുഗ്രഹംതേടാനും അവന്റെ ചൈതന്യത്തിൽ ലയിക്കാനുമുള്ള 'അവൾ അയ്യപ്പന്റെ' സ്വാതന്ത്ര്യത്തിൽ പങ്കുചേരുകയാണ് ഹിന്ദു എന്ന് സ്വയംമനസിലാക്കുന്ന ഓരോരുത്തരും ചെയ്യേണ്ടത്.

അവളെ സുരക്ഷിതയായി മല ചവിട്ടിക്കേണ്ട ഉത്തരവാദിത്തമാണ് നമ്മൾ ഏറ്റെടുക്കേണ്ടത്. ദർശന സൗകര്യം മണ്ഡലകാലത്തെ തിരക്കിൽ വേണോ മാസപൂജ ദിനങ്ങളിൽ വേണോ എന്നൊക്കെ തീരുമാനിക്കാൻ , സാങ്കേതിക വിദ്യ ഇത്രകണ്ട് വികസിച്ച, ചന്ദനക്കുറിയും അരിമ്പാറയും കണ്ടുപിടിച്ച് ഉപഗ്രഹത്തിന് നമ്മളെ തിരിച്ചറിയാവുന്ന ഈ കാലത്തു ഒരു പ്രശ്നമാണെന്ന് കരുതുന്നില്ല. സന്നിധാനത്തു കടക്കുന്ന ഓരോ മനുഷ്യജീവിയെയും തിരിച്ചറിഞ്ഞ് ദർശനം ക്രമീകരിക്കാനും സുരക്ഷാ വിഭാഗത്തിന് കഴിയും.

കോടതിയും ജഡ്ജിയും വിധിയും നിയമവും ഒക്കെ ഒരു നിമിത്തമാണ്. അയ്യപ്പതത്വം ഇന്നവളെ ഭക്തയായി, അയ്യപ്പനായി സ്വീകരിയ്ക്കാൻ സമയമായി എന്നതാണ് സത്യം. മീമാംസകന്മാരുടെ സ്വാധീനത്തിൽ നിന്നും വിമോചിപ്പിച്ച് ശങ്കരാചാര്യർ വെളിപ്പെടുത്തിത്തന്ന അദ്വൈത തത്വത്തിലേയ്ക്കും അഭേദത്തിലേയ്ക്കും വന്ന സനാതന ധർമ അറിവ് മലചവിട്ടി വരുന്ന 'അവൾ അയ്യപ്പ'ന്മാരെയും സഹർഷം സ്വാഗതം ചെയ്യും. പൂർണ കുംഭത്തോടെ 'അവൾ അയ്യപ്പനെ' സ്വാഗതം ചെയ്യുകയാണ് ശബരിമലതന്ത്രി ശാന്തി സമൂഹം ചെയ്യേണ്ടത്. തന്ത്രിയും ശാന്തിമാരും അവൾ അയ്യപ്പനെ 'മകൾ അയ്യപ്പനായി' മാത്രം കാണുക. കഴിഞ്ഞു പ്രശ്നം.

ആയുസിന്റെ പകുതിയോളം മല ചവിട്ടിയ അനുഭവത്തിൽ പറയട്ടെ ഇനി 'അവൾ അയ്യപ്പൻ' കൂടി മലയ്ക്ക് വരട്ടേ. അവളുടെ ശരണം വിളിയും ഭഗവാന് പ്രിയമാകട്ടേ. അമ്മയുടെ ആർത്തവരക്തത്തിന്റെ ശക്തിയാണല്ലോ ബീജത്തോട് ചേർന്ന് നമ്മുടെ പുണ്യജന്മം ആയിത്തീരുന്നത്. ആ തുടിപ്പിനെയല്ലോ ഈശ്വരൻ ഗർഭത്തിലും സംരക്ഷിച്ചത്. എങ്ങനെ അശുദ്ധിയുണ്ടാവാനാണ് ഈ ആഹ്ലാദ ഹേതുവിൽ ?

മീമാംസകന്മാർ ദുഷിപ്പിച്ച മധ്യഘട്ടത്തിലെ ഇരുൾ വകഞ്ഞു മാറ്റി എല്ലാവരും ഒന്നാണ് ഒരേ അറിവാണ്; ഒരേ അവകാശമാണ് എന്ന സത്യമാണ് എന്ന് ചിന്തിക്കുകിൽ അയ്യപ്പതത്വം ഗ്രഹിച്ചു എന്നർത്ഥം. അവൾ അയ്യപ്പൻ ഈ അറിവ് ഗ്രഹിക്കാൻ വരട്ടെ. നമ്മുടെയെല്ലാം മകളയ്യപ്പൻ ആകട്ടേ 'അവൾ അയ്യപ്പൻ' .

**മീമാംസകന്മാരുടെ സ്വാധീനത്തിൽ നിന്നും വിമോചിപ്പിച്ച് ശങ്കരാചാര്യർ വെളിപ്പെടുത്തിത്തന്ന അദ്വൈത തത്വത്തിലേക്കും അഭേദത്തിലേക്കും വന്ന സനാതന ധർമ അറിവ് മലചവിട്ടി വരുന്ന 'അവൾ അയ്യപ്പ'ന്മാരെയും സഹർഷം സ്വാഗതം ചെയ്യും. തന്ത്രിയും ശാന്തിമാരും അവൾ അയ്യപ്പനെ 'മകൾ അയ്യപ്പനായി' മാത്രം കാണുക**

*( ലേഖകൻ കൊച്ചി ചിന്മയ കല്പിത സർവകലാശാലയിൽ പ്രൊഫസറും രജിസ്ട്രാറുമാണ്. അഭിപ്രായം വ്യക്തിപരം)*

# പുനരധിവാസ പ്രവർത്തനങ്ങൾ വേഗത്തിലാക്കണം

കെ.നടരാജൻ അഞ്ചൽ

കേരളം കണ്ട ഏറ്റവും വലിയ പ്രളയം ജനജീവിതം ദുസഹമാക്കിയിരിക്കുകയാണ്. ഇതിൽ നിന്ന് എപ്പോൾ മുക്തി നേടാനാവുമെന്ന് ആർക്കും നിശ്ചയമില്ലാത്ത സ്ഥിതി. പുനരധിവാസ പദ്ധതികളുടെ രൂപീകരണവും നടപ്പാക്കലും യുദ്ധകാലാടിസ്ഥാനത്തിലായാൽ മാത്രമേ ഈ കെടുതികളെ അതിജീവിക്കാൻ കേരളത്തിനാവൂ.

സമഗ്രവും ഏകീകൃതവും സംയോജിതവുമായ പുനരധിവാസ പദ്ധതികളാണ് ആവിഷ്കരിക്കേണ്ടത്. ദേശീയ തലത്തിലും വിദേശത്തുമുള്ള സാങ്കേതിക വിദഗ്ദ്ധരെയും ഏജൻസികളെയും പ്രവർത്തനങ്ങളിൽ പങ്കാളികളാക്കണം. കേന്ദ്രാവിഷ്കൃത പദ്ധതികൾ, സംസ്ഥാനാവിഷ്കൃത പദ്ധതികൾ, വികേന്ദ്രീകൃത പഞ്ചായത്തുതല പദ്ധതികൾ എന്നിവ തൊഴിലുറപ്പ് പദ്ധതിയുമായി സംയോജിപ്പിച്ച് ത്രിതല പഞ്ചായത്ത് തലങ്ങളിലൂടെയും സംസ്ഥാനതലത്തിൽ നേരിട്ടും നടപ്പാക്കാവുന്ന തരം മാസ്റ്റർ പ്ലാനാണ് രൂപീകരിക്കേണ്ടത്.

പുനരധിവാസ പ്രവർത്തനങ്ങളുടെ ചുമതല സംസ്ഥാന ആസൂത്രണബോർഡിനെ ഏൽപ്പിക്കുക. ബോർഡ് അംഗങ്ങൾക്ക് അവരവരുടെ മേഖലകളിൽ പൂർണ ചുമതല നൽകി പ്രവർത്തനങ്ങൾ സുഗമവും വേഗത്തിലുമാക്കാൻ ടാസ്ക് ഫോഴ്സുകളും സ്റ്റിയറിംഗ് കമ്മിറ്റികളും രൂപീകരിക്കാം. മുന്നോടിയായി സംസ്ഥാനതലത്തിൽ സെമിനാറുകളും ചർച്ചകളും നടത്തി നിർദ്ദേശങ്ങൾ പരിഗണിക്കണം. അടിയന്തരപ്രാധാന്യത്തോടെ പദ്ധതികൾ ആവിഷ്കരിക്കാനും നടപ്പാക്കാനും വിദഗ്ദ്ധർക്കും പ്രവർത്തകർക്കും ആവശ്യമായ പരിശീലനവും നൽകണം. സംസ്ഥാനത്തിന്റെ 2018-19 വാർഷിക പദ്ധതി പുനരധിവാസ പദ്ധതിയായി പുന:ക്രമീകരിക്കണം.

## പദ്ധതി നിർവഹണവും മോണിറ്ററിംഗും

പദ്ധതി നിർവഹണത്തിനായി സംസ്ഥാന തലത്തിലും അതിന്റെ മാതൃകയിൽ ജില്ലാ പഞ്ചായത്ത് തലങ്ങളിലും പദ്ധതി നിർവഹണ സമിതികൾ രൂപീകരിക്കേണ്ടതുണ്ട്. അടിയന്തര പ്രാധാന്യമുള്ളതും മറ്റ് പദ്ധതികളുടെ നിർവഹണത്തിന് അനിവാര്യവുമായ റോഡ്, പാലം എന്നിവയുടെ നിർമ്മാണത്തിന് കാലതാമസം വരരുത്. ഇതിനായി താത്കാലിക ഭരണാനുമതി നൽകുകയും നിർവഹണത്തിന്റെ അവസാന ഘട്ടത്തിൽ വിശദമായ എസ്റ്റിമേറ്റുകളുടെ അടിസ്ഥാനത്തിൽ പൂർത്തീകരണ നടപടികൾ സ്വീകരിക്കാവുന്നതുമാണ്. പദ്ധതികളുടെ ഓൺലൈൻ മോണിറ്ററിംഗ് മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിലുള്ള മോണിറ്ററിംഗ് സെല്ലിന്റെ മേൽനോട്ടത്തിലാവുന്നത് അഭികാമ്യമായിരിക്കും.

## ഫണ്ട് സ്വരൂപിക്കലും വിനിയോഗവും

നവകേരള നിർമ്മിതിക്കായി സർക്കാർ തലത്തിൽ നിയമപരമായ മാർഗങ്ങളിലൂടെ ഫണ്ട് സ്വരൂപീക്കേണ്ടതുണ്ട്. വിവാദങ്ങൾക്ക് ഇടം നൽകാതെ

**പുനരധിവാസ പ്രവർത്തനങ്ങളുടെ ചുമതല സംസ്ഥാന ആസൂത്രണ ബോർഡിനെ ഏൽപ്പിക്കുക. ബോർഡ് അംഗങ്ങൾക്ക് അവരവരുടെ മേഖലകളിൽ പൂർണ ചുമതല നൽകി പ്രവർത്തനങ്ങൾ സുഗമവും വേഗത്തിലുമാക്കാൻ ടാസ്ക് ഫോഴ്സുകളും സ്റ്റിയറിംഗ് കമ്മിറ്റികളും രൂപീകരിക്കാം**

പ്രക്രിയ പൂർത്തീകരിക്കണം. പ്രാദേശിക, ദേശീയ നിവാസികളായിട്ടുള്ളവരുടെ സംഭാവനയ്ക്ക് നികുതി ഇളവ് നൽകാനാവുമോ എന്ന കാര്യവും പരിശോധിക്കാം. ഓരോ മേഖലയിൽ നിന്നും പിരിച്ചെടുക്കേണ്ട തുകയ്ക്ക് ടാർഗറ്റ് നിശ്ചയിക്കുകയും അത് ഗഡുക്കളായി പിരിച്ചെടുക്കാനുള്ള തീവ്രശ്രമങ്ങളും നടത്തേണ്ടതുണ്ട്. ഇതിനായി മുഖ്യമന്ത്രിയുടെ ആഹ്വാനം എല്ലാതലങ്ങളിലും എത്തണം. സംസ്ഥാനത്തിന്റെ കൺസോളിഡേറ്റഡ് ഫണ്ടിന്റെ വിനിയോഗം പോലെ ഈ ഫണ്ടിന്റെ വിനിയോഗവും സുതാര്യമായും സമയബന്ധിതമായും നടത്തേണ്ടതുണ്ട്. ദുർവിനിയോഗമോ വകമാറ്റി ചെലവഴിക്കലുകളോ ഉണ്ടാകാതെ ശ്രദ്ധിക്കാൻ മുഖ്യമന്ത്രിയുടെ ഓഫീസിൽ സംവിധാനങ്ങൾ ക്രമീകരിക്കണം.

പദ്ധതികളുടെ വിജയകരമായ നടത്തിപ്പിന് അനിവാര്യമായ ഘടകം പൊതുജനങ്ങളുടെയും ഗുണഭോക്താക്കളുടെയും സഹകരണമാണ്. ശക്തമായ ഇടപെടലുകളിലൂടെ ബോധവത്കരണപരിപാടികളും പ്രചാരണപരിപാടികളും സംഘടിപ്പിക്കണം. പുനരധിവാസപ്രവർത്തനങ്ങൾക്കുപരി ഈ പ്രവർത്തനങ്ങൾ കേരളത്തിന്റെ പുനർജനനമാണ് ഉറപ്പാക്കുന്നത് എന്ന ബോധം ജനങ്ങൾക്കുണ്ടാകണം. അവലംബിക്കുന്ന പ്രവർത്തനങ്ങൾ പ്രകൃതിക്കിണങ്ങുന്നതാകാൻ ശ്രദ്ധ വേണം. സംസ്ഥാനത്ത് സംഭവിച്ച പാരിസ്ഥിതിക ആഘാതങ്ങൾ പ്രകൃതിക്ക് താങ്ങാൻ കഴിയുന്നതിനെക്കാൾ വലുതായതിന്റെ ഫലമാണ് നമ്മൾ നേരിട്ട ഈ ദുരന്തം. പ്രകൃതിയോട് ചെയ്ത ക്രൂരതകൾക്ക് പ്രായശ്ചിത്തം ചെയ്യാൻ ലഭിച്ച അവസരം ഉപയോഗിക്കാൻ എല്ലാവരും മുന്നോട്ട് വരണം. 'ലോകാ സമസ്താ സുഖിനോ ഭവന്തു' എന്ന ഭാരതീയ ദർശനത്തെ മുൻനിറുത്തിയും 'ലോകത്തുള്ള സമസ്ത ചരാചരങ്ങൾക്കും സുഖം ഭവിക്കണമേ' എന്ന് ഉദ്ഘോഷിച്ച ശ്രീനാരായണഗുരുദേവനെപ്പോലെയുള്ള മഹർഷീശ്വരൻമാരുടെ വചനങ്ങളെ മുറുകെപ്പിടിച്ചും നമുക്ക് മുന്നേറാം.

*ലേഖകൻ സംസ്ഥാന ആസൂത്രണബോർഡിൽ സെല. ഗ്രേഡ് ജോയിന്റ് ഡയറക്ടറായും വിവിധജില്ലകളിൽ ജില്ലാ പ്ലാനിംഗ് ഓഫീസറായും പ്രവർത്തിച്ചിട്ടുണ്ട്.*

ഫോൺ: 9447332718



## പ്രളയാനന്തര ദുരിതാശ്വാസം തകിടം മറിഞ്ഞെന്ന് ചെന്നിത്തല

തിരുവനന്തപുരം: സർക്കാരിന്റെ കെടുകാര്യസ്ഥത മൂലം പ്രളയാനന്തര ദുരിതാശ്വാസ പ്രവർത്തനങ്ങൾ തകിടം മറിഞ്ഞെന്ന് പ്രതിപക്ഷ നേതാവ് രമേശ് ചെന്നിത്തല മുഖ്യമന്ത്രി പിണറായി വിജയന് അയച്ച കത്തിൽ കുറ്റപ്പെടുത്തി. മുക്കാൽ ലക്ഷത്തിലധികം പേർക്ക് പതിനായിരം രൂപ വീതം ഇനിയും കിട്ടാനുണ്ട്. വീട്ടുപകരണങ്ങൾ നഷ്ടപ്പെട്ടവർക്ക് പ്രഖ്യാപിച്ച ഒരു ലക്ഷം രൂപയുടെ പലിശ രഹിത വായ്പ, ചെറുകിട വ്യാപാരികൾക്ക് പ്രഖ്യാപിച്ച പത്ത് ലക്ഷം രൂപയുടെ വായ്പ എന്നിവ ലഭിച്ചിട്ടില്ല.

www.keralakaumudi.com www.facebook.com/keralakaumudi

### ജലന്ധറിൽ പി.സി. ജോർജിന് സഭയുടെ സ്വീകരണം

കോട്ടയം: ജലന്ധർ ബിഷപ്പ് ഫ്രാങ്കോമുളയ്ക്കലിനെ പിന്തുണയ്ക്കുകയും പീഡനത്തിനിരയായ കന്യാസ്ത്രീയെ അധിക്ഷേപിക്കുകയും ചെയ്ത പി.സി. ജോർജ്ജ് എം.എൽ.എയ്ക്ക് ജലന്ധറിൽ സഭ വക സ്വീകരണം. നാളെ ജലന്ധറിൽ നടക്കുന്ന ത്യാഗസഹന ജപമാല യാത്രയിൽ പങ്കെടുക്കാൻ ജോർജ് ഇന്ന് തിരിക്കും. പോസ്റ്ററിൽ മാർപാപ്പയുടെ ചിത്രത്തിനൊപ്പമാണ് പി.സി.ജോർജ്ജും ഇടംപിടിച്ചത്. ബിഷപ്പ് ഫ്രാങ്കോ, ബിഷപ്പ് ആഞ്ചലോ ഗ്രേഷ്യസ് എന്നിവരുടെ ഫോട്ടോയും പോസ്റ്ററിലുണ്ട്. വൈകിട്ട് 5ന് ജലന്ധർ സെന്റ് ജോസഫ് സ്ബോയ്സ് സ്കൂളിലാണ് പരിപാടി.

### യോഗം ഭാരവാഹികളുടെ സംയുക്ത യോഗം 17ന്

ചേർത്തല: എസ്.എൻ.ഡി.പി യോഗം യൂണിയൻ പ്രസിഡന്റുമാർ, സെക്രട്ടറിമാർ, ഡയറക്ടർ ബോർഡ് അംഗങ്ങൾ എന്നിവരുടെ സംയുക്തയോഗം 17ന് രാവിലെ 11ന് ചേർത്തല അശ്വനി റസിഡൻസിയിൽ നടക്കും. യോഗം പ്രസിഡന്റ് ഡോ.എം.എൻ.സോമൻ അദ്ധ്യക്ഷത വഹിക്കും. ശബരിമല സ്ത്രീപ്രവേശനവുമായി ബന്ധപ്പെട്ട വിഷയം ചർച്ച ചെയ്യുന്നതിനായി യോഗം കൗൺസിൽ തീരുമാന പ്രകാരം വിളിച്ച് ചേർത്തിരിക്കുന്ന യോഗത്തിൽ മുഴുവൻ ഭാരവാഹികളും പങ്കെടുക്കണമെന്ന് ജനറൽ സെക്രട്ടറി വെള്ളാപ്പള്ളി നടേശൻ അറിയിച്ചു.

### ക്ഷേത്രങ്ങളെ ബോർഡിൽ നിന്ന് മാറ്റണമെന്ന ഹർജിയിൽ നോട്ടീസ്

ന്യൂഡൽഹി: കേരളത്തിലെ ക്ഷേത്രങ്ങളുടെ നിയന്ത്രണം ദേവസ്വം ബോർഡിൽ നിന്ന് മാറ്റണമെന്നാവശ്യപ്പെട്ടുള്ള ഹർജിയിൽ സുപ്രീംകോടതി നോട്ടീസ് അയച്ചു. സംസ്ഥാന സർക്കാരിനും തിരുവിതാംകൂർ - കൊച്ചി ദേവസ്വം ബോർഡുകൾക്കും എൻ.എസ്.എസ്, എസ്.എൻ.ഡി.പി, കെ.പി.എം.എസ് എന്നീ സമുദായ സംഘടനകൾക്കുമാണ് നോട്ടീസയച്ചത്. ആറാഴ്ച്ചക്കം മറുപടി നൽകണം.

ടി.ജി മോഹൻദാസ്, സുബ്രഹ്മണ്യൻ സ്വാമി എന്നിവരുടെ ഹർജിയിൽ ജസ്റ്റിസ്മാരായ യു.യു ലളിത്, കെ.എം ജോസഫ് എന്നിവരുടെ ബെഞ്ചിന്റേതാണ് നടപടി. ദേവസ്വം ബോർഡ് ഉപദേശക സമിതിയായി മാത്രം പ്രവർത്തിച്ചാൽ മതിയെന്നും ക്ഷേത്രങ്ങളുടെ നിയന്ത്രണം അതത് പ്രദേശങ്ങളിലെ ജനകീയ സമിതികൾക്ക് നൽകണമെന്നുമാണ് ഹർജിയിലെ ആവശ്യം.

### പി.കെ. കൃഷ്ണദാസ് പാസഞ്ചേഴ്സ് അമിനിറ്റീസ് കമ്മറ്റി ചെയർമാൻ

ന്യൂഡൽഹി: ബി.ജെ.പി നേതാവ് പി.കെ കൃഷ്ണദാസിനെ റെയിൽവേ പാസഞ്ചേഴ്സ് അമിനിറ്റീസ് കമ്മറ്റി ചെയർമാനായി നിയമിച്ച് രാഷ്ട്രപതി ഉത്തരവിറക്കി. രണ്ട് വർഷത്തേക്കാണ് നിയമനം. ബി.ജെ.പി ദേശീയ സെക്രട്ടറി എച്ച്. രാജയ്ക്കു പകരമാണ് കൃഷ്ണദാസിന്റെ നിയമനം. യാത്രക്കാരുടെ സൗകര്യങ്ങൾ, സ്റ്റേഷനുകളിലെയും ട്രെയിനുകളിലെയും ശുചിത്വം തുടങ്ങിയവ ചെയർമാന്റെ അധികാര പരിധിയിൽ വരും.

### സതീദേവിക്ക് ഭീഷണി: വനിതാകമ്മിഷൻ കേസെടുത്തു

തിരുവനന്തപുരം: ജനാധിപത്യ മഹിളാ അസോസിയേഷൻ സംസ്ഥാന സെക്രട്ടറി അഡ്വ. പി സതീദേവിയെ ചാനൽ ചർച്ചയ്ക്കിടെ ഭീഷണിപ്പെടുത്തിയ സംഭവത്തിൽ സംസ്ഥാന വനിതാ കമ്മിഷൻ സ്വമേധയാ കേസെടുത്തു. ശബരിമല സ്ത്രീ പ്രവേശനം സംബന്ധിച്ച ചാനൽ ചർച്ചയിൽ അഭിപ്രായം വ്യക്തമാക്കിയപ്പോൾ ബി.ജെ.പി നേതാവ് ബി ഗോപാലകൃഷ്ണൻ പരസ്യമായി ഭീഷണിപ്പെടുത്തി എന്നാണ് ആക്ഷേപം. അഭിപ്രായം പറയുന്ന സ്ത്രീകൾക്ക് നേരെയുള്ള ഇത്തരം അക്രമങ്ങൾ അപലപനീയമാണെന്ന് വനിതാ കമ്മിഷൻ അദ്ധ്യക്ഷ എം.സി ജോസഫൈൻ പറഞ്ഞു.

### ട്രെയിൻ റദ്ദാക്കി

തിരുവനന്തപുരം: 14 ന് തിരുവനന്തപുരത്തുനിന്ന് പുറപ്പെടേണ്ടിയിരുന്ന സിൽചാർ എക്സ്പ്രസ് (ട്രെയിൻ നമ്പർ 12515) റദ്ദാക്കിയതായി റെയിൽവേ അറിയിച്ചു.

### തിക്കുറിശ്ശി പുരസ്കാരം മുരളി കോട്ടയ്ക്കകത്തിന്

തിരുവനന്തപുരം: തിക്കുറിശ്ശി ഫൗണ്ടേഷൻ ഏർപ്പെടുത്തിയ തിക്കുറിശ്ശി ജന്മശതാബ്ദി പുരസ്കാരം തിരുവിതാംകൂർ ദേവസ്വം ബോർഡ് മുൻ പി.ആർ.ഒ മുരളി കോട്ടയ്ക്കകത്തിന്.

25,000 രൂപയും പ്രശസ്തി പത്രവും ശില്പവും അടങ്ങുന്ന പുരസ്കാരം നാളെ വൈകിട്ട് അഞ്ച് മണിക്ക് തിരുവനന്തപുരം മസ്കറ്റ് ഹോട്ടലിലെ സിംഫണി ഹാളിൽ നടക്കുന്ന ചടങ്ങിൽ വി.എസ്.അച്യുതാനന്ദൻ സമ്മാനിക്കും.

# കൊരട്ടിയിൽ എ.ടി.എം മോഷണം പുലർച്ചെ 4.45ന്

കൊരട്ടി: സൗത്ത് ഇന്ത്യൻ ബാങ്കിന്റെ എ.ടി.എം ഗ്യാസ് കട്ടർ ഉപയോഗിച്ച് മുറിച്ചാണ് പണമടങ്ങിയ ട്രേ കവർന്നത്. ഇന്നലെ പുലർച്ചെ 4.45നാണ് സംഭവം. അഞ്ച് പേരുടെയെങ്കിലും ശ്രമഫലമായാണ് മോഷണമെന്ന് പൊലീസ് കരുതുന്നു. രാവിലെ ബാങ്ക് തുറക്കാനായി മാനേജരെത്തിയപ്പോൾ തൊട്ടടുത്ത മുറിയിലെ എ.ടി.എം കൗണ്ടറിന്റെ ഷട്ടർ താഴ്ത്തിയിട്ടതായി കണ്ടെത്തി. ഉടൻ പൊലീസിനെ വിവരം അറിയിച്ചു. എസ്.ഐ സുബീഷ്മോന്റെ നേതൃത്വത്തിൽ പൊലീസെത്തി പരിശോധിച്ചപ്പോഴാണ് മോഷണം വിവരം അറിഞ്ഞത്. ബാങ്കിലെ കൺട്രോൾ സംവിധാനത്തിൽ പരിശോധിച്ചപ്പോൾ നഷ്ടപ്പെട്ട രൂപയുടെ കണക്ക് വ്യക്തമായി.

പുലർച്ചെ 1.10ന് ശേഷം എ.ടി.എമ്മിൽ ഇടപാടുകളൊന്നും നടന്നിട്ടില്ല. ശരവണ ഭവൻ ഹോട്ടലിന് സമീപമുള്ള ബിൽഡിംഗിലാണ് ബാങ്ക് പ്രവർത്തിക്കുന്നത്. ബാങ്കിന്റെ വരാന്തയിൽ ഘടിപ്പിച്ചിരിക്കുന്ന നിരീക്ഷണ കാമറയും സ്പ്രേ പെയിന്റടിച്ച് പ്രവർത്തന രഹിതമാക്കിയിരുന്നു. സ്പ്രേ ചെയ്യാൻ വരുന്ന ആളുടെ ദൃശ്യം പതിഞ്ഞിട്ടുണ്ട്. കൗണ്ടറിലെ ചില ഇലക്ട്രിക് വയറുകളും പുറത്തു കിടക്കുന്നുണ്ട്. എ.ടി.എം കൗണ്ടറിൽ കടന്ന രണ്ടു പേരുടെ ചിത്രം മറ്റൊരു നിരീക്ഷണ കാമറയിൽ നിന്നു കിട്ടി. ഇരുവരും തുണികൊണ്ട് മുഖം പാതി മറച്ചിട്ടുണ്ട്. തൃശ്ശൂർ റൂറൽ എസ്.പി പുഷ്കരൻ, ചാലക്കുടി ഡിവൈ.എസ്.പി സി.ആർ. സന്തോഷ് എന്നിവർ സ്ഥലത്തെത്തി. ഡോഗ് സ്ക്വാഡ്, വിരലടയാള വിദഗ്ദ്ധർ എന്നിവരും പരിശോധയ്ക്കെത്തി.





*നിരീക്ഷണ കാമറ സ്പ്രേ പെയിന്റടിച്ച് പ്രവർത്തന രഹിതമാക്കാനുള്ള മോഷ്ടാവിന്റെ നീക്കം സിസിടിവിയിൽ പതിഞ്ഞപ്പോൾ*

### ■ അതിജീവിച്ചത് രണ്ട് കവർച്ചാശ്രമങ്ങൾ

കൊരട്ടിയിൽ ഇതിന് മുമ്പ് രണ്ടു തവണ എ.ടി.എം കൗണ്ടർ തകർക്കാൻ ശ്രമം നടന്നിരുന്നു. രണ്ടു വർഷം മുമ്പ് പടക്കം പൊട്ടിച്ച് ഇതേ ബാങ്കിലെ കൗണ്ടർ പൊളിക്കാനുള്ള ശ്രമം വിജയിച്ചില്ല. പന്നിപ്പടക്കത്തിന്റെ ശബ്ദത്തിൽ ഭയന്നുപോയ മോഷ്ടാക്കൾ രക്ഷപ്പെട്ടു. മൂന്നു വർഷം മുമ്പ് ചിറങ്ങരയിലെ കേരള ഗ്രാമീൺ ബാങ്കിന്റെ എ.ടി.എം തകർത്തെങ്കിലും പണം നഷ്ടപ്പെട്ടില്ല. പണമിരിക്കുന്ന ബോക്സ് ഇളക്കിയെടുക്കാനായില്ല. കാലടി സ്വദേശികളാണ് ഈ കേസിൽ അന്ന് അറസ്റ്റിലായത്.

ഇരുമ്പനത്തെ മോഷണമറിഞ്ഞ് സിറ്റി പൊലീസ് കമ്മിഷണർ എം.പി. ദിനേശ്, ഡെപ്യൂട്ടി കമ്മിഷണർ ഹിമേന്ദ്രനാഥ്, സ്പെഷ്യൽ ബ്രാഞ്ച് അസി. കമ്മിഷണർ ജെ. ഉമേഷ്കുമാർ, തൃക്കാക്കര അസി. കമ്മിഷണർ ഷംസു.പി.പി, സൗത്ത് സി.ഐ സിബി ടോം, തൃപ്പൂണിത്തുറ എസ്.ഐ കെ.ആർ. ബിജു, എസ്.ഐ തങ്കച്ചൻ തുടങ്ങിയവർ സംഭവസ്ഥലത്ത് എത്തി. വിരലടയാള വിദഗ്ദ്ധരായ ഗീത, അപ്പുക്കുട്ടൻ, സയന്റിഫിക്ക് അസിസ്റ്റന്റ് ഡോ. അനീഷ്.പി.കെ എന്നിവരും സ്ഥലം പരിശോധിച്ചു. ഡോഗ് സ്ക്വാഡും എത്തിയിരുന്നു.

### ■ കോട്ടയത്ത് 1.10 ന്

ഇന്നലെ പുലർച്ചെ 1.10 ന് വെമ്പള്ളി കവലയിലെ സൗത്ത് ഇന്ത്യൻ ബാങ്കിന്റെ എ.ടി.എം കൗണ്ടറിലായിരുന്നു ആദ്യ മോഷണശ്രമം. ഇവിടെ നിന്നു പുറത്തിറങ്ങിയ സംഘം നേരെ പോയത് മോനിപ്പള്ളിയിലെ എസ്.ബി.ഐ കൗണ്ടറിലാണ്. ഇന്നലെ രാവിലെ പത്തോടെ എത്തിയ ബാങ്ക് അധികൃതരാണ് കാമറ തകർന്നത് കണ്ടെത്തിയത്. തുടർന്ന് വിവരം കുറവിലങ്ങാട് പൊലീസിൽ അറിയിച്ചു. കാമറയിൽ നിന്നുള്ള ദൃശ്യങ്ങൾ ശേഖരിക്കാൻ പൊലീസ് ശ്രമം തുടങ്ങിയിട്ടുണ്ട്. എന്നാൽ, ഇത് വ്യക്തമല്ലെന്നാണ് സൂചന.

വ്യാഴാഴ്ച രാത്രി 11.45നാണ് മണിപ്പുഴയിലെ പറപ്പള്ളി സർവീസ് സെന്ററിനു മുന്നിൽ പാർക്ക് ചെയ്തിരുന്ന പിക്കപ്പ് വാൻ മോഷണം പോയത്. കോട്ടയം ഭാഗത്തു നിന്നു നടന്നെത്തിയ മൂന്നംഗ സംഘം, റോഡരികിൽ പാർക്ക് ചെയ്തിരുന്ന വാനിൽ കയറി കോടിമത ഭാഗത്തേക്ക് ഓടിച്ചു പോയി. ഇന്നലെ രാവിലെ പത്തോടെ കട തുറക്കാനെത്തിയ ഉടമ റോജിമോനാണ് വാഹന മോഷണം കണ്ടെത്തിയത്. തുടർന്ന് ചിങ്ങവനം പൊലീസിൽ പരാതി നൽകി.

### ■ കളമശേരിയിലേത് അറിയിച്ചത് മുംബയിൽ നിന്ന്

കളമശേരി എച്ച്.എം.ടി റോഡിൽ ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ടിന് എതിർവശത്തെ എസ്.ബി.ഐ എ.ടി.എം കൗണ്ടറിൽ മോഷണശ്രമം നടക്കുന്നതായി വെളുപ്പിന് രണ്ടിനും മൂന്നിനുമിടയിൽ മുംബയിലെ കൺട്രോൾ റൂമിൽ നിന്ന് കളമശേരി സ്റ്റേഷനിൽ വിവരം ലഭിക്കുകയായിരുന്നു.

പട്രോളിംഗ് സംഘം ഉടനെത്തി നടത്തിയ പരിശോധനയിൽ കാമറയിൽ വെള്ള പെയിന്റ് സ്പ്രേ ചെയ്തതായി കണ്ടെത്തി. എ.ടി.എം തകർക്കാനോ പൊളിക്കാനോ ശ്രമം നടത്തിയിട്ടില്ല. സാഹചര്യം അനുകൂലമല്ലാത്തതിനാൽ മോഷ്ടാക്കൾ ഒഴിഞ്ഞു പോയതാകാമെന്ന നിഗമനത്തിലാണ് കളമശേരി പൊലീസ്.

# ശബരിമല: സടകുടഞ്ഞ് ഉണരാൻ സി.പി.എം

■ എല്ലാജില്ലകളിലും പ്രവർത്തക സമിതിയും ജനറൽബോഡിയും

■ റിപ്പോർട്ടിംഗിന് സംസ്ഥാന സെക്രട്ടേറിയറ്റ് അംഗങ്ങൾ

▸രാഷ്ട്രീയ ലേഖകൻ

തിരുവനന്തപുരം: ശബരിമല സ്ത്രീ പ്രവേശന വിധിക്കെതിരെ വിശ്വാസത്തെ തീവ്ര വൈകാരിക പ്രശ്നമാക്കി ഹൈന്ദവസംഘടനകൾ തെരുവ് സമരത്തിലേക്ക് ഇറങ്ങിയതോടെ, സർക്കാരിന്റെയും സി.പി.എമ്മിന്റെയും നിലപാട് ജനങ്ങളെയും അണികളെയും ബോദ്ധ്യപ്പെടുത്താൻ പാർട്ടി സംവിധാനത്തെയാകെ സടകുടഞ്ഞ് എഴുന്നേൽപ്പിക്കാൻ ഇന്നലെ നടന്ന സംസ്ഥാന സെക്രട്ടേറിയറ്റിൽ ധാരണയായി.

ഇതിന്റെ ഭാഗമായി ഞായറാഴ്ച എല്ലാ ജില്ലകളിലും പ്രവർത്തക യോഗങ്ങൾ നടത്തും. ബ്രാഞ്ച് സെക്രട്ടറിമാർ മുതൽ ജില്ലാ കമ്മിറ്റി അംഗങ്ങൾ വരെ ഈ യോഗങ്ങളിൽ പങ്കെടുക്കും. എല്ലാ ജില്ലകളിലും സംസ്ഥാന സെക്രട്ടേറിയറ്റ് അംഗങ്ങൾ റിപ്പോർട്ടിംഗ് നടത്തും. തിരുവനന്തപുരം ജില്ലയിൽ സംസ്ഥാന സെക്രട്ടറി കോടിയേരി ബാലകൃഷ്ണൻ ആയിരിക്കും റിപ്പോർട്ടിംഗ് നടത്തുന്നത്.

തിങ്കളാഴ്ച മുതൽ തുടർച്ചയായ മൂന്ന് ദിവസം എല്ലാ ജില്ലകളിലും ഏരിയകൾ കേന്ദ്രീകരിച്ച് ജനറൽബോഡി യോഗങ്ങൾ വിളിക്കും. വർഗ, ബഹുജന സംഘടനകളെ അണിനിരത്തിയുള്ള വിപുലമായ വിശദീകരണ യോഗങ്ങളും സംഘടിപ്പിക്കും. യോഗങ്ങളുടെയും പ്രചാരണ പരിപാടികളുടെയും കൃത്യമായ രൂപരേഖ ഇന്ന് സംസ്ഥാന കമ്മിറ്റി തീരുമാനിക്കും.

ശബരിമല വിഷയത്തിൽ എതിർപക്ഷം സമരോത്സുകമായതോടെ പാർട്ടിയും സർക്കാരും പ്രതിരോധത്തിലേക്ക് നീങ്ങുന്നുവെന്ന തോന്നൽ സൃഷ്ടിക്കേണ്ടെന്നാണ് സി.പി.എം കേന്ദ്ര നേതൃത്വത്തിന്റെയും നിലപാട്. പാർട്ടി നിലപാട് ഉയർത്തിക്കാട്ടി തന്നെ വിപുലവും ഊർജ്ജിതവുമായ പ്രചാരണം നടത്തണം. സുപ്രീംകോടതി വിധി നടപ്പാക്കാൻ സർക്കാർ ബാദ്ധ്യസ്ഥമാണ്. വിശ്വാസത്തിനോ വിശ്വാസി സമൂഹത്തിനോ പാർട്ടിയോ സർക്കാരോ എതിരല്ല. വിധിയുടെ പേരിൽ ശബരിമലയിലേക്ക് സ്ത്രീകളെ അയയ്ക്കാനും സർക്കാരോ പാർട്ടിയോ പോകുന്നില്ല. എന്നാൽ, സംഘപരിവാറും യു.ഡി.എഫും രാഷ്ട്രീയ മുതലെടുപ്പാണ് നടത്തുന്നത്. ഇരട്ടത്താപ്പാണ് ഇവരുടേത്. ഇരുകക്ഷികളുടെയും കേന്ദ്രനേതൃത്വങ്ങൾ വിധിയെ സ്വാഗതം ചെയ്തു. തുടക്കത്തിൽ സംസ്ഥാന നേതാക്കളും സ്വാഗതം ചെയ്തു. ഇപ്പോൾ എതിർക്കുന്നത് രാഷ്ട്രീയലക്ഷ്യം വച്ചാണെന്ന് വിശ്വാസിസമൂഹം തിരിച്ചറിയണം. പന്തളം രാജകുടുംബം രാഷ്ട്രീയസമരങ്ങളെ തള്ളിപ്പറഞ്ഞ സ്ഥിതിക്ക് മതേതര സമൂഹം യഥാർത്ഥ സ്ഥിതി തിരിച്ചറിയുമെന്നും പാർട്ടി വിലയിരുത്തുന്നുണ്ട്. ശക്തമായ പ്രചാരണത്തിലൂടെ വർഗീയധ്രുവീകരണ നീക്കങ്ങളെ ചെറുത്ത് മതേതരസമൂഹത്തിന്റെ വിശ്വാസം പൂർണമായി നേടാമെന്നാണ് കണക്കുകൂട്ടുന്നത്. പാർട്ടിയുടെ പുതിയ നീക്കം കോൺഗ്രസിന് തിരിച്ചടിയാകണം. അതിനാൽ ആർ.എസ്.എസിനും കോൺഗ്രസിനുമെതിരെ ശക്തമായ പ്രചാരണം നടത്തണം.



### ശശി പ്രശ്നം പരിഗണിച്ചില്ല

പി.കെ.ശശി എം.എൽ.എയ്ക്കെതിരായ ലൈംഗിക പീഡന വിവാദം സെക്രട്ടേറിയറ്റിൽ ചർച്ചയ്ക്കെത്തിയില്ലെന്നാണ് സൂചന. ഇന്ന് രാവിലെ സംസ്ഥാന കമ്മിറ്റിക്ക് മുമ്പ് സെക്രട്ടേറിയറ്റ് ചേരുമ്പോൾ പരിഗണിക്കുമോയെന്നും വ്യക്തതയില്ല.

## തദ്ദേശ വാർഡുകളിൽ ഇടത് മുന്നേറ്റം

12 എൽ.ഡി.എഫ് | 6 യു,ഡി,എഫ് | 1 ബിജെപി, സ്വതന്ത്രൻ

തിരുവനന്തപുരം: ഇരുപത് തദ്ദേശ വാർഡുകളിലേക്കു നടന്ന ഉപ തിരഞ്ഞെടുപ്പിൽ എൽ.ഡി.എഫ് പന്ത്രണ്ടും യു.ഡി.എഫ് ആറും ബി.ജെ.പിയും സ്വതന്ത്രനും ഓരോ സീറ്റും നേടിയതായി സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മിഷണർ വി.ഭാസ്കരൻ അറിയിച്ചു.

**എൽ.ഡി.എഫ് ജയിച്ച വാർഡ്, സ്ഥാനാർത്ഥി, ഭൂരിപക്ഷം എന്ന ക്രമത്തിൽ:** തിരുവനന്തപുരം നന്ദിയോട് മീൻമുട്ടി ആർ. പുഷ്പൻ 106, കൊല്ലം ശാസ്താംകോട്ട ഭരണിക്കാവ് ബിന്ദു ഗോപാലകൃഷ്ണൻ 199, ശൂരനാട് തെക്ക് തൃക്കുന്നപ്പുഴ വടക്ക് വി.ശശീന്ദ്രൻ പിള്ള 232, ഇടുക്കി വണ്ടിപ്പെരിയാർ ഇഞ്ചിക്കാട് സുഗന്ധി പി.പി 154, എറണാകുളം പോത്താനിക്കാട് തൃക്കേപ്പടി ഗീതശശികുമാർ 28, പാലക്കാട് കിഴക്കഞ്ചേരി ഇളങ്കാവ് എൻ.രാമകൃഷ്ണൻ 213, കോഴിക്കോട് ആയഞ്ചേരി പൊയിൽപാറ സുനിത മലയിൽ 226, മാങ്ങാട്ടിടം കൈതേരി 12ാംമൈൽ കാഞ്ഞാൻ ബാലൻ 305, കണ്ണപുരം കയറ്റീൽ ദാമോദരൻ പി.വി 265, കണ്ണൂർ എടക്കാട് ബ്ലോക്ക് പഞ്ചായത്തിലെ കൊളച്ചേരി കെ. അനിൽകുമാർ 35, വയനാട് സുൽത്താൻ ബത്തേരി നഗരസഭയിലെ മന്ദംകൊല്ലി ഷേർളി കൃഷ്ണൻ 150, കണ്ണൂർ തലശേരി നഗരസഭയിലെ കാവുംഭാഗം കെ.എൻ.അനീഷ് 475.

**യു.ഡി.എഫ് ജയിച്ചത്:** കൊല്ലം ഉമ്മന്നൂർ കമ്പംകോട് ഇ.കെ. അനീഷ് 98, ഇടുക്കി നെടുങ്കണ്ടം കിഴക്ക് ബിന്ദു ബിജു 286, എറണാകുളം മഴുവന്നൂർ ചീനിക്കുഴി ബേസിൽ കെ. ജോർജ്ജ് 297, തൃശ്ശൂർ കയ്പമംഗലം തായ്നഗർ ജാൻസി 65, പാലക്കാട് തിരുവേഗപ്പുറ ആമപ്പൊറ്റ ബദറുദ്ദീൻ വി.കെ 230, മലപ്പുറം താനൂർ ബ്ലോക്ക് പഞ്ചായത്തിലെ ഉവ്വക്കാട് പി.സി.അഷ്റഫ് 282.

തിരുവനന്തപുരം നാവായിക്കുളം ഗ്രാമപഞ്ചായത്തിലെ 28-ാം മൈൽ വാർഡിൽ ബി.ജെ.പി സ്ഥാനാർത്ഥി യമുന ബിജു 34 വോട്ടിന്റെയും ഇടുക്കി വണ്ടൻമേട് ഗ്രാമപഞ്ചായത്തിലെ വെള്ളിമല വാർഡിൽ സ്വതന്ത്രസ്ഥാനാർത്ഥി അജോ വർഗീസ് 20 വോട്ടിന്റെയും ഭൂരിപക്ഷത്തിൽ വിജയിച്ചു.

## പ്രതിപക്ഷ നേതാവിനെതിരായ എക്സൈസിന്റെ വാർത്താക്കുറിപ്പ് അന്വേഷിക്കണം: ആശാതോമസ്

തിരുവനന്തപുരം: ബ്രൂവറി പ്രശ്നത്തിൽ പ്രതിപക്ഷ നേതാവിനെ പരാമർശിച്ച് എക്സൈസിന്റെ പേരിൽ ഇറങ്ങിയ വാർത്താക്കുറിപ്പിനെ കുറിച്ച് അന്വേഷിക്കണമെന്ന് ആവശ്യപ്പെട്ട് എക്സൈസ് അഡിഷണൽ ചീഫ് സെക്രട്ടറി ആശാ തോമസ് ആഭ്യന്തര വകുപ്പിന് കത്ത് നൽകി. വകുപ്പുതല അന്വേഷണത്തിന് എക്സൈസ് ഡെപ്യൂട്ടി സെക്രട്ടറിയെയും ചുമതലപ്പെടുത്തി.

തന്റെ അനുമതി ഇല്ലാതെയാണ് പ്രതിപക്ഷ നേതാവിന് മറുപടിയായി എക്സൈസിന്റെ പേരിൽ വാർത്താക്കുറിപ്പ് പ്രചരിപ്പിച്ചതെന്ന് കത്തിൽ അവർ ചൂണ്ടിക്കാട്ടി. ബ്രൂവറികൾക്ക് വഴിവിട്ട് അനുമതി നൽകിയെന്ന വിവാദത്തിൽ പ്രതിപക്ഷ നേതാവിന്റെ പത്ത് ചോദ്യങ്ങൾക്ക് മറുപടിയായിട്ടാണ് എക്സൈസിന്റെ കുറിപ്പ് ഇറങ്ങിയത്. അടിതെറ്റി വീണ പ്രതിപക്ഷ നേതാവ് എന്ന തലക്കെട്ടിലുള്ള കുറിപ്പിലെ പരാമർശങ്ങൾ അവഹേളനപരമാണെന്ന് ചെന്നിത്തല പരാതിപ്പെട്ടിരുന്നു. മന്ത്രിയോടുള്ള ചോദ്യത്തിന് എക്സൈസ് വകുപ്പിനെക്കൊണ്ട് മറുപടി പറയിച്ചത് തെറ്റാണെന്നായിരുന്നു ചെന്നിത്തലയുടെ വാദം.

പ്രതിപക്ഷനേതാവിനെ അപമാനിച്ചെന്ന് കാട്ടി ആശാ തോമസിനെതിരെ കോൺഗ്രസ് പാർലമെന്ററി പാർട്ടി ഉപനേതാവ് കെ.സി.ജോസഫ് അവകാശ ലംഘനത്തിന് സ്പീക്കർക്ക് നോട്ടീസ് നൽകിയിരുന്നു.

## സെക്രട്ടേറിയറ്റ് നടയിൽ അയ്യപ്പ ഭക്തരുടെ പ്രതിഷേധം ഇരമ്പി

തിരുവനന്തപുരം: ശബരിമലയിലെ ആചാരങ്ങൾ നിലനിറുത്തണം എന്നാവശ്യപ്പെട്ട് പന്തളം കൊട്ടാരവും അയ്യപ്പധർമ്മ സംരക്ഷണ സമിതിയും സെക്രട്ടേറിയറ്റിന് മുന്നിൽ സംഘടിപ്പിച്ച നാമജപയജ്ഞം വിശ്വാസികളുടെ കടുത്ത പ്രതിഷേധത്തിന്റെ ഇരമ്പമായി. സ്ത്രീകളടക്കം വൻജനക്കൂട്ടം പങ്കെടുത്തു. കൊട്ടാരം നിർവാഹക സംഘം പ്രസിഡന്റ് പി.ജി.ശശികുമാർ വർമ്മ ഉദ്ഘാടനം ചെയ്തു.

സുപ്രീംകോടതി വിധികൊണ്ട് തകർക്കാവുന്നതല്ല ശബരിമലയിലെ ആചാരങ്ങളും അനുഷ്ഠാനങ്ങളും അയ്യപ്പവിശ്വാസവുമെന്ന് ശശികുമാർവർമ്മ പറഞ്ഞു. അയ്യപ്പ ഭക്തർ ഗുരുതര പ്രതിസന്ധിയാണ് നേരിടുന്നത്. മുമ്പൊക്കെ അയ്യപ്പാ രക്ഷിക്കണേ എന്നാണ് പ്രാർത്ഥിച്ചിരുന്നതെങ്കിൽ ഇപ്പോൾ അയ്യപ്പനെ രക്ഷിക്കണേ എന്ന് പ്രാർത്ഥിക്കേണ്ടി വന്നിരിക്കുന്നു. മറ്റ് ആരാധനാലയങ്ങളിൽ ഇല്ലാത്ത കടന്നുകയറ്റമാണ് ശബരിമലയിൽ. മുമ്പെങ്ങുമില്ലാത്ത ആക്രാന്തമാണ്. അയ്യപ്പന്റെ പ്രസക്തി ഏറുന്നതിൽ വിഷമമുള്ളവരാണോ പിന്നിലെന്ന് അറിയില്ല.

ആചാരം അനാചാരമാണെന്ന് പറഞ്ഞു പരത്തുന്നു. ആചാരവും അനാചാരവും തമ്മിലുള്ള ദൂരം തിരിച്ചറിയാൻ വയ്യാതായി. പഞ്ചശുദ്ധിയോടെയാണ് അയ്യപ്പന്മാർ മലകയറുന്നത്. ശരീര ശുദ്ധിയാണ് ഏറെ പ്രധാനം. ഓരോ കാലത്തെയും സാമൂഹിക ചുറ്റുപാടുകളുടെ സന്തതികളാണ് ആചാരങ്ങൾ. ക്ഷേത്രങ്ങളിൽ പ്രതിഷ്ഠകൾക്ക് അനുസരിച്ചാണ് ചടങ്ങുകൾ നിജപ്പെടുത്തുക. ആചാരങ്ങൾ മാറ്റണമെങ്കിൽ ആചാരസഭയാണ് കൂടിയാലോചിച്ച് തീരുമാനിക്കേണ്ടത്. സുപ്രീംകോടതി ഉത്തരവ് ദുഃഖകരമാണ്. സുപ്രീംകോടതിക്ക് അപ്പുറവും ഒരു കോടതിയുണ്ട്. അവിടെ അനുകൂല വിധി നേടാൻ ശരണംവിളി എന്ന വക്കീലിന് കഴിയും. പാവങ്ങൾക്ക് വേണ്ടി എന്നും നിലകൊണ്ടിട്ടുള്ളതാണ് പന്തളം കൊട്ടാരം. അയ്യപ്പന്റെ കാര്യത്തിൽ ഒരു പിതാവിന്റെ കടമയാണ് കൊട്ടാരം ഇപ്പോൾ നിർവഹിക്കുന്നതെന്നും ശശികുമാർ വർമ്മ പറഞ്ഞു.

നിയമവ്യവസ്ഥ സൃഷ്ടിച്ചതാണ് സെക്രട്ടേറിയറ്റിന് മുന്നിലെ ഈ മനുഷ്യപ്രളയമെന്ന് മുൻ മന്ത്രി പന്തളം സുധാകരൻ പറഞ്ഞു. വിശ്വാസത്തിന്റെ തായ്‌വേരുകൾ അറുത്ത് ആധുനികതയിലേക്കുള്ള പോക്ക് ആപത്താണെന്ന് റെഡി ടു വെയിറ്റ് കൂട്ടായ്മയുടെ പ്രതിനിധി ശില്പനായർ പറഞ്ഞു. 41 ദിവസം വ്രതമെടുത്താണ് അയ്യപ്പന്മാർ മല കയറുന്നതെങ്കിൽ 40 വർഷം അതിനായി കാത്തിരിക്കാൻ തങ്ങൾ തയ്യാറാണെന്നും അവർ പറഞ്ഞു.

താൻ ദേവസ്വം മന്ത്രിയായിരുന്നപ്പോൾ സ്ത്രീപ്രവേശന വിഷയത്തിൽ ഇടപെട്ടത് വി.എസ്.ശിവകുമാർ ചൂണ്ടിക്കാട്ടി. എസ്.കൃഷ്ണകുമാർ അദ്ധ്യക്ഷത വഹിച്ചു. സുരേഷ് ഗോപി എം.പി, ഒ. രാജഗോപാൽ എം.എൽ.എ, മുൻ എം.എൽ.എ മാരായ ടി.ശരത് ചന്ദ്രപ്രസാദ്, എ.വി. താമരാക്ഷൻ, ക്ഷേത്ര സംരക്ഷണ സമിതി പ്രസിഡന്റ് വി.കെ.വിശ്വംഭരൻ, ഹിന്ദുഐക്യവേദി സെക്രട്ടറി കെ.പ്രഭാകരൻ, രാഹുൽ ഈശ്വർ, കൊട്ടാരം പ്രതിനിധികളായ നാരായണവർമ്മ, രാഘവവർമ്മ, ദീപാവർമ്മ തുടങ്ങിയവർ നേതൃത്വം നൽകി.

### സുപ്രീംകോടതി വിധിക്ക് എതിരെ അറ്റോർണി ജനറൽ

ന്യൂഡൽഹി: ശബരിമലയിൽ പ്രായഭേദമെന്യേ സ്ത്രീപ്രവേശനം അനുവദിച്ച സുപ്രീംകോടതി വിധിയെ അറ്റോർണി ജനറൽ കെ.കെ വേണുഗോപാൽ വിമർശിച്ചു. സ്ത്രീപ്രവേശന നിയന്ത്രണം തുടരണമെന്ന ജസ്റ്റിസ് ഇന്ദുമൽഹോത്രയുടെ ന്യൂനപക്ഷ വിധിയാണ് കൂടുതൽ സ്വീകാര്യമെന്ന് അദ്ദേഹം പറഞ്ഞു.

ഇന്ത്യയും ഭരണഘടനാ ധാർമ്മികതയും എന്ന വിഷയത്തിൽ നടന്ന ചാനൽ സംവാദത്തിലാണ് നിലപാട് വ്യക്തമാക്കിയത്. സ്ത്രീപ്രവേശനം അനുവദിച്ച മുൻ ചീഫ്ജസ്റ്റിസ് ദീപക് മിശ്രയും പാനലിൽ ഉണ്ടായിരുന്നു. വിധി തയാറാക്കിയ താൻ ഇക്കാര്യത്തിൽ ഒന്നും പറയില്ലെന്ന് അദ്ദേഹം പ്രതികരിച്ചു.

കോടതി ജനവികാരം മനസിലാക്കണം. ആയിരക്കണക്കിന് സ്ത്രീകളാണ് ദിവസവും സുപ്രീംകോടതി വിധിക്കെതിരെ തെരുവിൽ സമരം ചെയ്യുന്നത്. ദൈവകോപം തങ്ങളെ ബാധിക്കുമെന്ന് അവർ വിശ്വസിക്കുന്നു. ശബരിമലയിൽ സ്ത്രീപ്രവേശന നിയന്ത്രണം തുടരണമെന്ന് തിരുവിതാംകൂർ ദേവസ്വം ബോർഡിനായി അറ്റോർണി ജനറലാകുന്നതിന് മുൻപ് ഞാൻ സുപ്രീംകോടതിയിൽ വാദിച്ചിട്ടുണ്ട്. ജസ്റ്റിസ് ദീപക് മിശ്രയുടെ മുന്നിലും വാദിച്ചിട്ടുണ്ട്. ശബരിമല വിഷയത്തിൽ ജസ്റ്റിസ് ഇന്ദുമൽഹോത്ര തയാറാക്കിയ ന്യൂനപക്ഷവിധിയാണ് കൂടുതൽ സ്വീകാര്യം - അദ്ദേഹം പറഞ്ഞു.



*ശബരിമലയെ തകർക്കാനുള്ള ഇടതു സർക്കാരിന്റെ ഗൂഢനീക്കത്തിനെതിരെ എൻ.ഡി.എ ചെയർമാൻ പി.എസ് ശ്രീധരൻ പിള്ള നയിക്കുന്ന ശബരിമല സംരക്ഷണ ജാഥ കൊല്ലം ചിന്നക്കടയിൽ എത്തിയപ്പോൾ. ബി.ജെ.പി നേതാക്കളായ എൻ.എൻ. കൃഷ്ണദാസ്, ശോഭാസുരേന്ദ്രൻ, കെ.സുരേന്ദ്രൻ തുടങ്ങിയവർ മുൻ നിരയിൽ*

## ശബരിമല സംരക്ഷണ യാത്രയ്ക്ക് കൊല്ലത്ത് ഉജ്ജ്വല വരവേല്പ്

കൊല്ലം: എൻ.ഡി.എ ചെയർമാൻ പി.എസ്. ശ്രീധരൻപിള്ള നയിക്കുന്ന ശബരിമല സംരക്ഷണ യാത്രയ്ക്ക് കൊല്ലത്ത് ഉജ്ജ്വല വരവേല്പ്. ആയിരക്കണക്കിന് ഭക്തർ ശരണമന്ത്ര ധ്വനികളോടെയാണ് യാത്രയെ വരവേറ്റത്. പാതവക്കിൽ തടിച്ചുകൂടി നിന്ന ജനങ്ങളും അയ്യപ്പനാമജപങ്ങൾ ഏറ്റുചൊല്ലി. കാത്തിരിപ്പിനൊടുവിൽ യാത്ര സ്വീകരണ കേന്ദ്രത്തിലേക്ക് എത്തിയതോടെ വിശ്വാസികൾ ആവേശഭരിതരായി നേതാക്കളെ സ്വീകരിച്ചു.

എല്ലാമേഖലകളിലും സ്ത്രീകൾക്ക് തുല്യപരിഗണന കിട്ടണമെന്നാണ് ബി.ജെ.പി നിലപാടെങ്കിലും ആചാരാനുഷ്ഠാനങ്ങൾ ശാസ്ത്രീയമാണെങ്കിൽ അതിനാണ് പ്രാധാന്യം നൽകേണ്ടതെന്ന് സ്വീകരണത്തിന് നന്ദി പറഞ്ഞ പി.എസ്.ശ്രീധരൻപിള്ള അഭിപ്രായപ്പെട്ടു. കോടതി വിധി നടപ്പാക്കുകയാണ് സി.പി.എം നയമെങ്കിൽ പൊലീസിന് രാഷ്ട്രീയ സ്വാതന്ത്ര്യം നൽകണമെന്ന 2006 ലെ സുപ്രീം കോടതിയുടെ

### സർക്കാർ കീഴടങ്ങിത്തുടങ്ങി: ശ്രീധരൻ പിള്ള

കൊല്ലം: ശബരിമലയിൽ സ്ത്രീകൾക്ക് പ്രത്യേക സൗകര്യമൊരുക്കില്ലെന്ന ദേവസ്വം മന്ത്രിയുടെ നിലപാട് സർക്കാരിന്റെ കീഴടങ്ങലിന്റെ തുടക്കമാണെന്ന് ബി.ജെ.പി സംസ്ഥാന പ്രസിഡന്റ് പി.എസ്. ശ്രീധരൻപിള്ള കൊല്ലം പ്രസ് ക്ലബിൽ മീറ്റ് ദ പ്രസിൽ പറഞ്ഞു.

എൻ.ഡി.എയുടെ ലോംഗ്മാർച്ച് ലക്ഷ്യം കാണുമെന്ന് ആത്മവിശ്വാസമുണ്ട്. അരനൂറ്റാണ്ടായി ശബരിമലയെ തകർക്കാനാണ് സി.പി.എം ശ്രമിക്കുന്നത്. സുപ്രീംകോടതി വിധി നടപ്പാക്കുമെന്ന മുഖ്യമന്ത്രിയുടെ പ്രഖ്യാപനം വെല്ലുവിളി പോലെയായിരുന്നു. ഇപ്പോൾ വിശ്വാസികളെ പ്രതിരോധിക്കാനാകാത്ത നിസഹായാവസ്ഥയിലേക്ക് സി.പി.എം മാറി. പത്തിനും 50 വയസിനും ഇടയിൽ പ്രായമുള്ള സ്ത്രീകളുടെ അഭിപ്രായ സർവേ നടത്താൻ സി.പി.എം തയ്യാറാകണം. 95 ശതമാനവും ആചാരം നിലനിറുത്തണമെന്നേ പറയൂ. പരിവാർ സംഘടനകൾ സുപ്രീംകോടതിയിലെ കേസിൽ കക്ഷി ചേർന്നിട്ടുള്ളതിനാൽ ബി.ജെ.പി കക്ഷി ചേരേണ്ടതില്ലെന്നും ശ്രീധരൻപിള്ള പറഞ്ഞു.

അന്ത്യശാസനമാണ് ആദ്യം നടപ്പാക്കേണ്ടത്. കോടതിയോടുള്ള വിധേയത്വമല്ല വിശ്വാസങ്ങളെ തകർക്കുകയാണ് സി.പി.എമ്മിന്റെ ലക്ഷ്യം. ശബരിമലവിധിയിൽ പുനഃപരിശോധനയ്ക്ക് അറ്റോർണി ജനറൽ ഇന്നലെ അനുകൂല നിലപാട് സ്വീകരിച്ചിട്ടുണ്ട്. സംസ്ഥാന സർക്കാർ കൂടി വിശ്വാസികളുടെ വികാരം കണക്കിലെടുത്ത് സുപ്രീം കോടതിയെ സമീപിച്ചാൽ പുനഃപരിശോധന ഉറപ്പാണെന്നും പി.എസ്. ശ്രീധരൻപിള്ള പറഞ്ഞു.

സമാപന സമ്മേളനം ബി.ജെ.പി ദേശീയ നിർവാഹക സമിതി അംഗം പി.കെ.കൃഷ്ണദാസ് ഉദ്ഘാടനം ചെയ്തു. ബി.ഡി.ജെ.എസ് സംസ്ഥാന വൈസ് പ്രസിഡന്റ് ടി.വി.ബാബു സംസാരിച്ചു.

ബി.ജെ.പി ജില്ലാ പ്രസിഡന്റ് ജി.ഗോപിനാഥ് അദ്ധ്യക്ഷത വഹിച്ചു. കേരള കോൺഗ്രസ് ചെയർമാൻ പി.സി.തോമസ്, ബി.ജെ.പി നേതാക്കളായ എൻ.എൻ. കൃഷ്ണദാസ്, ശോഭാസുരേന്ദ്രൻ, കെ.സുരേന്ദ്രൻ, ബി.ഡി.ജെ.എസ് സംസ്ഥാന സമിതി അംഗം തഴവ സഹദേവൻ, എം.എസ്. ശ്യാംകുമാർ, ജെ.ആർ. പത്മകുമാർ, തുടങ്ങിയവർ സംസാരിച്ചു. യാത്ര ഇന്നും ജില്ലയിൽ പര്യടനം നടത്തും.



## ക്ഷേമസ്ഥാപനങ്ങളിലെ അന്തേവാസികളുടെ ഗ്രാന്റ് വർദ്ധിപ്പിച്ചു

തിരുവനന്തപുരം: ഓർഫനേജ് കൺട്രോൾ ബോർഡിന്റെ അംഗീകാരത്തോടെ പ്രവർത്തിക്കുന്ന ക്ഷേമ സ്ഥാപനങ്ങളിലെ അന്തേവാസികൾക്കുള്ള പ്രതിമാസ ഗ്രാന്റ് 1100 രൂപയാക്കി വർദ്ധിപ്പിച്ചതായി മന്ത്രി കെ.കെ.ശൈലജ അറിയിച്ചു.

ബോർഡിന് കീഴിലുള്ള അനാഥാലയങ്ങൾ, വൃദ്ധ സദനങ്ങൾ, യാചക മന്ദിരങ്ങൾ, വികലാംഗർക്ക് വേണ്ടിയുള്ള സ്ഥാപനങ്ങൾ എന്നിവിടങ്ങളിലെ അന്തേവാസികൾക്കാണ് ഇതിന്റെ പ്രയോജനം കിട്ടുക. ഈ സ്ഥാപനങ്ങളിലെല്ലാം കൂടി 38,960 പേരെയാണ് സംരക്ഷിക്കുന്നത്. അന്തേവാസികളുടെ ദൈനംദിന ചിലവുകൾക്കാണ് ഗ്രാന്റ് തുക ഉപയോഗിക്കുന്നത്.

www.keralakaumudi.com www.facebook.com/keralakaumudi

### ഉപന്യാസ മത്സരത്തിന് അപേക്ഷിക്കാം

തിരുവനന്തപുരം: ശ്രീനാരായണ സാഹിത്യ പരിഷത്തിന്റെ ആഭിമുഖ്യത്തിൽ ഭാർഗവൻ വൈദ്യരുടെ സ്മരണയ്ക്കായി നടത്തുന്ന ഉപന്യാസമത്സരത്തിലേക്ക് അപേക്ഷ ക്ഷണിച്ചു. ശ്രീനാരായണഗുരുവിന്റെ ദർശനമാല, ആത്മോപദേശശതകം (കോളേജ് വിഭാഗം), ദൈവദശകം, ജനനീനവരത്നമഞ്ജരി (സ്കൂൾ വിഭാഗം), ശിവശതകം, സ്വാനുഭവഗീതി (പൊതുവിഭാഗം) കൃതികളെക്കുറിച്ചുള്ള നടരാജ ഗുരു, ഗുരു നിത്യചൈതന്യയതി, ഗുരുമുനി പ്രസാദ് എന്നിവരുടെ വ്യാഖ്യാനത്തെ അടിസ്ഥാനമാക്കി 10 പേജിൽ കുറയാത്ത ഉപന്യാസം തയാറാക്കണം. അവസാന തീയതി ഫെബ്രുവരി 10. ഗുരുദേവചിത്രം ആലേഖനം ചെയ്ത ഫലകവും പ്രശംസാപത്രവും അവാർഡുതുകയും മാർച്ച് 22ന് നടക്കുന്ന ഭാർഗവൻ വൈദ്യരുടെ ചരമ വാർഷിക ചടങ്ങിൽ വിതരണം ചെയ്യും. ഫോൺ: 9633438005.

### കുറിഞ്ഞി വാക്കത്തോൺ

തിരുവനന്തപുരം: നീലക്കുറിഞ്ഞി സംരക്ഷണ സന്ദേശവുമായി സേവ് കുറിഞ്ഞി കാമ്പെയ്ൻ കൗൺസിൽ 18ന് മൂന്നാറിൽ വാക്കത്തോൺ നടത്തും. ആഗസ്റ്റിൽ നടത്താൻ തീരുമാനിച്ചിരുന്നുവെങ്കിലും പ്രളയത്തെ തുടർന്ന് മാറ്റിവയ്ക്കുകയായിരുന്നു. 1989 മുതൽ എല്ലാ കുറിഞ്ഞി പൂക്കാലത്തും കുറിഞ്ഞി പദയാത്രയും വാക്കത്തോണും സംഘടിപ്പിക്കുന്ന സേവ് കുറിഞ്ഞി കാമ്പെയ്ൻ കൗൺസിലിന്റെ നിരന്തരമായ ആവശ്യത്തെ തുടർന്നാണ് കുറിഞ്ഞി സങ്കേതം പ്രഖ്യാപിച്ചതും കുറിഞ്ഞി തപാൽസ്റ്റാമ്പ് പുറത്തിറക്കിയതും. ഇത്തവണ കൊടൈക്കനാലിലും വാക്കത്തോൺ നടത്തിയിരുന്നു.

### പ്ലാനറ്റേറിയത്തിന് 18ന് അവധി

തിരുവനന്തപുരം: മഹാനവമി പ്രമാണിച്ച് 18ന് കേരള സംസ്ഥാന ശാസ്ത്ര സാങ്കേതിക മ്യൂസിയവും പ്ലാനറ്റേറിയവും അവധിയായിരിക്കുമെന്ന് ഡയറക്ടർ അറിയിച്ചു.

# നേതാവ് കക്കും; മിണ്ടിയാൽ 'പണി'

- തട്ടിപ്പിന് കുടപിടിച്ച് സപ്ലൈകോ
- ക്രമക്കേട് കണ്ടെത്തിയതിന് സ്ഥലംമാറ്റി ശിക്ഷ
- ക്രമക്കേട് നടത്തിയവരെ സ്ഥലംമാറ്റി രക്ഷിക്കൽ

KAUMUDI FOLLOW UP

കോവളം സതീഷ്കുമാർ

തിരുവനന്തപുരം: നാടകാന്തം അതു സംഭവിച്ചു, കള്ളനെ കണ്ടെത്തിയവർക്ക് ശിക്ഷ. തട്ടിപ്പുവീരന്മാരെ രക്ഷിച്ചും തട്ടിപ്പ് പിടിച്ചവർക്ക് 'പണി' കൊടുത്തു കൊണ്ടുമുള്ള വിചിത്ര നടപടി.

സപ്ലൈകോയുടെ കിഴക്കേകോട്ട പീപ്പിൾസ് ബസാർ സൂപ്പർമാർക്കറ്റിൽ 20.5 ലക്ഷത്തിന്റെ തട്ടിപ്പ് കണ്ടെത്തിയ ജീവനക്കാരെ തട്ടിപ്പ് നടത്തിയ ഭരണകക്ഷി യൂണിയൻ നേതാവിനൊപ്പം കോഴിക്കോട്ടേക്ക് സ്ഥലംമാറ്റി. നേതാവിനെ രക്ഷിക്കാൻ കൂട്ട സ്ഥലംമാറ്റം വരുമെന്ന് കേരളകൗമുദി വ്യാഴാഴ്ച റിപ്പോർട്ട് ചെയ്തിരുന്നു.

തട്ടിപ്പ് നടന്നപ്പോൾ ഓഫീസ് ഇൻ ചാർജായിരുന്ന മാഹീൻ, അവിടത്തെ ജീവക്കാരനും എ.ഐ.ടി.യു.സി യൂണിയൻ നേതാവുമായ അശോക്കുമാർ, ബിജു പ്രദീപ്, അനിൽ, പുതുതായി ചാർജെടുത്ത ഓഫീസ് ഇൻ ചാർജ് സജീവ്കുമാർ എന്നിവരെയാണ് സ്ഥലം മാറ്റിയത്.

സജീവ്കുമാറാണ് സ്റ്റോക്ക് പരിശോധിക്കാൻ ഉദ്യോഗസ്ഥരെ വിളിച്ചു വരുത്തിയത്.

ആദ്യ പരിശോധനയിൽ തന്നെ 20.5 ലക്ഷം രൂപയുടെ ക്രമക്കേട് കണ്ടെത്തി. അത് വാർത്തയായതോടെ മറയ്ക്കാൻ നോക്കി, നടന്നില്ല. വിജിലൻസ് പരിശോധനയിൽ ക്രമക്കേട് 11.5 ലക്ഷമായി മാറി.

തുക കുറഞ്ഞെങ്കിലും ക്രമക്കേട് വ്യക്തമായതിനാൽ നടപടി എടുക്കാതെ നിർവാഹമില്ലാതായി. സ്ഥലം മാറ്റത്തിൽ ഒതുക്കിയെന്നു മാത്രം. കുറ്റം കണ്ടുപിടിച്ച സജീവ് കുമാറിനെ ഇരിപ്പ് ഉറപ്പിക്കും മുമ്പ് മാറ്റി പ്രതികാരം തീർക്കുകയും ചെയ്തു. സ്ഥലം മാറ്റപ്പെട്ട അനിൽ നിരപരാധിയാണെന്ന് ജീവനക്കാർ പറയുന്നു.

മാഹീന് മെമ്മോ നൽകാനായിരുന്നു ആദ്യ തീരുമാനം. എന്നാൽ ജൂനിയർ മാനേജരായി പ്രൊമോഷൻ നൽകിയാണ് സ്ഥലം മാറ്റിയിരിക്കുന്നത്. ക്രമക്കേട് കണ്ടെത്താനുള്ള ഇൻസ്പെക്ഷൻ വിംഗിലാണ് പോസ്റ്റിംഗ്!

ചെറിയ തുകയുടെ ക്രമക്കേട് കണ്ടാൽ പോലും സസ്പെൻഷനാണ് സപ്ലൈകോയിൽ പതിവ്. 50,000 രൂപയിൽ കൂടുതലാണെങ്കിൽ പൊലീസിൽ പരാതിപ്പെടും. ഇവിടെ രണ്ടും സംഭവിച്ചില്ല. ഒരു മാസത്തിനുള്ളിൽ തിരിച്ചെത്തിക്കാമെന്ന് യൂണിയൻ നേതാവിന് ഉറപ്പും നൽകിയിട്ടുണ്ടത്രേ!

**സമരം തുടങ്ങി**

സജീവ്കുമാറിന്റെ സ്ഥലംമാറ്റത്തിൽ പ്രതിഷേധിച്ച് സപ്ലൈകോയുടെ വഴുതക്കാട്ടെ മേഖലാ ഓഫീസ് ഇന്നലെ ജീവനക്കാർ ഉപരോധിച്ചു. എല്ലാ സംഘടനകളും സംയുക്തമായിട്ടായിരുന്നു സമരം. സമരം ശക്തമാക്കാനാണ് സമരസമിതിയുടെ തീരുമാനം.




സ്ഥലംമാറ്റം സംബന്ധിച്ച് കേരള കൗമുദി കഴിഞ്ഞ ദിവസം നൽകിയ വാർത്ത

**എം.ഡിയുടെ ന്യായീകരണം**

? വലിയ തുകയുടെ ക്രമക്കേട് കണ്ടെത്തിയിട്ടും സസ്പെൻഡ് ചെയ്യാതിരുന്നത്

■ സസ്പെൻഡ് ചെയ്താൽ കുറ്റക്കാർ തിരുവനന്തപുരത്തു തന്നെ കാണില്ലേ. അതൊഴിവാക്കാനാണ് വടക്കോട്ടു സ്ഥലം മാറ്റിയത്.

? കുറ്റം കണ്ടെത്തിയ മാനേജർ സജീവിനെ സ്ഥലം മാറ്റിയത് എന്തിനായിരുന്നു

■ അത് അറിയില്ല. എല്ലാപേരെയും മാറ്റി.

? നടപടി ഈ വിധത്തിലാക്കാൻ മുകളിൽ നിന്ന് ഇടപെടലുണ്ടായിരുന്നോ?

■ ഇല്ല.



മുഖ്യമന്ത്രിയുടെ പ്രളയ ദുരിതാശ്വാസനിധിയിലേക്ക് പഞ്ചാബ് ആൻഡ് സിന്ധ് ബാങ്ക് സ്വരൂപിച്ച 1.7 കോടി രൂപയുടെ ചെക്ക് എക്സിക്യുട്ടീവ് ഡയറക്ടർ ഗോവിന്ദ്.എൻ. ഡോംഗറെയും ചെന്നൈ സോണൽ മാനേജർ ടി. രവികുമാറും ചേർന്ന് മുഖ്യമന്ത്രി പിണറായി വിജയന് കൈമാറുന്നു

## ബി.ജെ.പിയെ വളർത്തി യു.ഡി.എഫിനെ തളർത്താൻ സി.പി.എം ശ്രമം: കെ. മുരളീധരൻ

■ കെ.പി.സി.സി പ്രചാരണവിഭാഗം അദ്ധ്യക്ഷനായി മുരളീധരൻ സ്ഥാനമേറ്റു

തിരുവനന്തപുരം: ശബരിമല സ്ത്രീപ്രവേശന വിഷയത്തിൽ ബി.ജെ.പിയെ വളർത്തി യു.ഡി.എഫിനെ തളർത്താനാണ് സി.പി.എം ശ്രമിക്കുന്നതെന്ന് കെ.പി.സി.സി പ്രചാരണവിഭാഗം അദ്ധ്യക്ഷൻ കെ. മുരളീധരൻ കുറ്റപ്പെടുത്തി. സി.പി.എമ്മിന്റെ നീക്കത്തെ തുറന്നു കാട്ടുന്നതോടൊപ്പം ബി.ജെ.പിയുടെ പൊയ്മുഖവും പുറത്ത് കൊണ്ടുവരുമെന്ന് ഇന്ദിരാഭവനിൽ ചുമതലയേറ്റ ശേഷം മുരളീധരൻ പറഞ്ഞു.

ശബരിമല വിധിയിൽ രാഷ്ട്രീയ നേട്ടത്തിന് കോൺഗ്രസും യു.ഡി.എഫും ശ്രമിക്കുന്നില്ല. വിശ്വാസം സംരക്ഷിക്കണമെന്നാണ് കോൺഗ്രസ് നിലപാട്. ഉമ്മൻചാണ്ടി സർക്കാർ നൽകിയ സത്യവാങ്മൂലത്തിലാണ് പാർട്ടിയും മുന്നണിയും ഉറച്ചുനിൽക്കുന്നത്.

വിശ്വാസികളുടെ പ്രാർത്ഥനാ സമരത്തിന് സമൂഹത്തിന്റെ പിന്തുണ വർദ്ധിക്കുന്നു. വിശ്വാസിസമൂഹത്തെ തമ്മിലടിപ്പിക്കാൻ മുഖ്യമന്ത്രി ശ്രമിച്ചത് തിരിച്ചടിക്കുന്നു. പത്തനംതിട്ടയിൽ സി.പി.എം തൊഴിലുറപ്പ് തൊഴിലാളികളെ ഉപയോഗിച്ചാണ് സ്ത്രീപ്രവേശനത്തെ അനുകൂലിച്ച് വനിതാകൂട്ടായ്മ സംഘടിപ്പിച്ചത്.

ബി.ജെ.പിയുടെ കേന്ദ്ര നേതാക്കൾ സ്ത്രീപ്രവേശനത്തെ അനുകൂലിക്കുന്നവരാണ്.

ഇക്കാര്യത്തിൽ അവർക്ക് ഇരട്ടത്താപ്പാണ്. അവർ നിയമ നിർമ്മാണം കൊണ്ടുവന്നാൽ തീരാവുന്ന വിഷയമാണിത്. എൻ.ഡി.എ ഘടകകക്ഷി നേതാവ് തുഷാർ വെള്ളാപ്പള്ളി ഇത് ആവശ്യപ്പെട്ടിട്ടുണ്ട്.

**അച്ഛൻ ഉപയോഗിച്ച മുറി ഓഫീസ്**

ഇന്ദിരാഭവനിലെ പഴയ കെട്ടിടത്തിൽ അച്ഛൻ കെ. കരുണാകരൻ 1987-91 കാലത്ത് ഉപയോഗിച്ച മുറിയാണ് കെ. മുരളീധരൻ ഓഫീസായി സജ്ജീകരിച്ചത്. കെ.പി.സി.സി പ്രസിഡന്റ് മുല്ലപ്പള്ളി രാമചന്ദ്രനും ഓഫീസ് മുറി പഴയ കെട്ടിടത്തിലാക്കിയിരുന്നു. ഇന്നലെ രാവിലെ ഒമ്പതരയോടെ ഇന്ദിരാഭവനിലെത്തിയ മുരളിയെ പ്രവർത്തകർ മുദ്രാവാക്യം വിളിച്ചും ഷാളുകളണിയിച്ചും സ്വീകരിച്ചു. കരുണാകരന്റെ ഛായാചിത്രത്തിൽ വന്ദിച്ചശേഷം 9.45ന് മുരളീധരൻ സ്ഥാനമേറ്റു.

## മൂന്നു കോടിയുടെ കാരുണ്യ യാത്ര

ശരണ്യാ ഭുവനേന്ദ്രൻ

തിരുവനന്തപുരം: പ്രളയദുരന്തത്തിൽ പെട്ടവരെ സഹായിക്കാൻ കേരള പ്രൈവറ്റ് ബസ് ഓപ്പറേറ്റേഴ്സ് കോൺഫെഡറേഷന്റെ ആഭിമുഖ്യത്തിൽ സംസ്ഥാനത്തെ ബസുടമകൾ നടത്തിയ കാരുണ്യയാത്രയിൽ സമാഹരിച്ചത് മൂന്നുകോടി പതിനൊന്നു ലക്ഷം രൂപ. കഴിഞ്ഞ മാസം 3ന് സംസ്ഥാനത്തെ എല്ലാ സ്വകാര്യ ബസുകളും ഈ യാത്രയിൽ പങ്കാളികളായി. ടിക്കറ്റില്ല, പകരം ബക്കറ്റുമായി നടന്ന് ബസ് ജീവനക്കാർ ഒരു ദിവസം കൊണ്ട് സ്വരൂപിച്ചത് 3,11,05,699 രൂപയാണ്. തുക തിരുവനന്തപുരത്ത് വച്ച് മുഖ്യമന്ത്രിക്ക് കൈമാറി.

കിട്ടിയ തുകയിൽ നിന്ന് ജീവനക്കാരുടെ അന്നത്തെ വേതനവും ഡീസൽ ചെലവും നീക്കി ബാക്കി തുകയാണ് ദുരിതാശ്വാസ നിധിയിലേക്ക് കൈമാറിയത്. പല ജീവനക്കാരും തങ്ങളുടെ വിഹിതം പോലും എടുത്തില്ലെന്ന് കേരള പ്രൈവറ്റ് ബസ് ഓപ്പറേറ്റേഴ്സ് കോൺഫെഡറേഷന്റെ സിറ്റി യൂണിയൻ സെക്രട്ടറി വി. സാജു പറഞ്ഞു.



കേരള പ്രൈവറ്റ് ബസ് ഓപ്പറേറ്റേഴ്സ് കോൺഫെഡറേഷന്റെ നേതൃത്വത്തിൽ സ്വരൂപിച്ച തുക മുഖ്യമന്ത്രി പിണറായി വിജയന് കൈമാറുന്നു

## വിളംബരം

### പൊളിറ്റിക്കൽ സയൻസ് പുനഃപരീക്ഷ

തിരുവനന്തപുരം: ഒന്നാം വർഷ ഇംപ്രൂവ്മെന്റ്/ സപ്ലിമെന്ററി തുല്യതാ പരീക്ഷയുടെ പൊളിറ്റിക്കൽ സയൻസ് പുനഃപരീക്ഷ 16ന് രാവിലെ 10 മുതൽ 12.45 വരെ പരീക്ഷാകേന്ദ്രങ്ങളിൽ നടത്തും. ഇത് സംബന്ധിച്ച സർക്കുലർ www.dhsekerala.gov.in ൽ ലഭ്യമാണ്.

### ആർ.സി.സിയിൽ സ്തനാർബുദ സൗജന്യ പരിശോധന

തിരുവനന്തപുരം: സ്തനാർബുദ ബോധന മാസാചരണത്തിന്റെ ഭാഗമായി ആർ.സി.സിയിൽ സൗജന്യ സ്തനാർബുദ നിർണയത്തിന് തിങ്കൾ മുതൽ വെള്ളി വരെയുള്ള പ്രവൃത്തി ദിനങ്ങളിൽ ഉച്ചയ്ക്ക് രണ്ടു മുതൽ നാല് മണി വരെ പ്രത്യേക ക്ലിനിക് പ്രവർത്തിക്കും. 30 വയസിൽ കൂടുതൽ പ്രായമുള്ള സ്ത്രീകൾക്കായിരിക്കും പരിശോധന. പരിശോധനയ്ക്കായി മുൻകൂർ തീയതിക്ക് 0471 2522210 എന്ന നമ്പരിൽ രാവിലെ 10 മുതൽ വൈകിട്ട് നാല് വരെ വിളിക്കാം. വനിതാ ജീവനക്കാർ, വിദ്യാർത്ഥിനികൾ എന്നിവർക്കായി ബോധവത്കരണ ക്ലാസുകൾ നടത്തുന്നതിന് താത്പര്യമുള്ള സ്ഥാപനങ്ങളുടെ മേധാവികൾ ആർ.സി.സിയിലെ കമ്മ്യൂണിറ്റി ഓങ്കോളജി വിഭാഗവുമായി ബന്ധപ്പെടണം. ഫോൺ: 0471 2522299

### നിയമസഭാ സമിതി 16ന് കൊല്ലത്ത്

തിരുവനന്തപുരം: കേരള നിയമസഭയുടെ ട്രാൻസ്ജെൻഡറുകളുടെയും കുട്ടികളുടെയും ഭിന്നശേഷിക്കാരുടെയും ക്ഷേമം സംബന്ധിച്ച സമിതി 16ന് രാവിലെ 10.30ന് കൊല്ലം കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ യോഗം ചേരും. ജില്ലയിൽ നിന്നും സമിതിക്ക് ലഭിച്ച പരാതികളിൽ തെളിവെടുക്കും. സ്ത്രീകളുടെയും ട്രാൻസ്ജെൻഡറുകളുടെയും കുട്ടികളുടെയും ഭിന്നശേഷിക്കാരുടെയും ക്ഷേമവുമായി ബന്ധപ്പെട്ട് വിവിധ സംഘടനകൾ, പൊതുജനങ്ങൾ എന്നിവരിൽ നിന്നും പരാതികൾ സ്വീകരിക്കും. കൊല്ലം ജില്ലയിലെ ഗവൺമെന്റ് ചിൽഡ്രൻസ് ഹോം, ഒബ്സർവേഷൻ ഹോം, മഹിളാമന്ദിരം എന്നിവ സന്ദർശിക്കും. താത്പര്യമുള്ളവർ യോഗത്തിനെത്തി പരാതി രേഖാമൂലം നൽകണം.

## യുവശാസ്ത്രജ്ഞ പുരസ്കാരത്തിന് അപേക്ഷിക്കാം

തിരുവനന്തപുരം

കേരള ശാസ്ത്ര സാങ്കേതിക മേഖലകളിൽ ശ്രദ്ധേയമായ ഗവേഷണ നേട്ടങ്ങൾ കൈവരിച്ചിട്ടുള്ള യുവശാസ്ത്രജ്ഞരെ ആദരിക്കുന്നതിന് കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിൽ ഏർപ്പെടുത്തിയ സംസ്ഥാന യുവശാസ്ത്രജ്ഞ പുരസ്കാരത്തിന് അപേക്ഷ ക്ഷണിച്ചു. ഇന്ത്യയിൽ ജനിച്ച കേരളത്തിൽ ശാസ്ത്ര സാങ്കേതിക മേഖലകളിൽ ഗവേഷണം നടത്തുന്ന 37 വയസ് വരെയുള്ള യുവശാസ്ത്രജ്ഞർക്ക് 14 വിഭാഗങ്ങളിൽ അപേക്ഷിക്കാം. ഗവേഷണ പുരസ്കാരങ്ങൾക്കുള്ള നോമിനേഷൻസ് സർട്ടിഫിക്കറ്റുകളുടെ കോപ്പി സഹിതം നവംബർ 15 വരെ അപേക്ഷ നൽകാം. പുരസ്കാര ജേതാക്കൾക്ക് 50,000 രൂപയും പ്രശസ്തിപത്രവും മുഖ്യമന്ത്രിയുടെ സ്വർണപ്പതക്കവും ലഭിക്കും. 50 ലക്ഷം രൂപയുടെ പ്രോജക്ട് ചെയ്യാൻ അവസരവും ലഭിക്കും. വിശദവിവരങ്ങൾക്ക്: www.kscste.kerala.gov.in. ഡയറക്ടർ, കേരള സ്റ്റേറ്റ് കൗൺസിൽ ഫോർ സയൻസ്, ടെക്നോളജി & എൻവയേൺമെന്റ്, ശാസ്ത്രഭവൻ, പട്ടം, തിരുവനന്തപുരം 695004 എന്ന വിലാസത്തിൽ നോമിനേഷനുകൾ അയയ്ക്കണം.

### വിമുക്തി കൗൺസലിംഗ് സെന്റർ

വിമുക്തിമിഷന്റെ ആഭിമുഖ്യത്തിൽ തിരുവനന്തപുരം എക്സൈസ് ആസ്ഥാനത്ത് മുകളിലത്തെ നിലയിൽ പ്രവർത്തിച്ചിരുന്ന വിമുക്തി കൗൺസലിംഗ് സെന്റർ എക്സൈസ് ആസ്ഥാന മന്ദിരത്തിന്റെ ഗ്രൗണ്ട് ഫ്ളോറിൽ പ്രത്യേകമായി സജ്ജീകരിച്ച മുറിയിൽ പ്രവർത്തനം ആരംഭിച്ചു. കൗൺസലിംഗ് സെന്ററിൽ എല്ലാ പ്രവൃത്തി ദിവസങ്ങളിലും രാവിലെ 10 മുതൽ വൈകിട്ട് അഞ്ച് വരെ സൈക്കോളജിസ്റ്റിന്റെയും സോഷ്യോളജിസ്റ്റിന്റെയും നേതൃത്വത്തിൽ പൊതുജനങ്ങൾക്ക് സൗജന്യ സേവനം ലഭിക്കും. ഫോൺ നമ്പർ 9400022100, 9400033100

## അവസരങ്ങൾ

### ഉപഭോക്തൃ തർക്ക പരിഹാര ഫോറത്തിൽ നിയമനം

ഇടുക്കി ജില്ലാ ഉപഭോക്തൃ തർക്ക പരിഹാര ഫോറത്തിൽ ഒഴിവു വരുന്ന മുഴുവൻ സമയ അംഗത്തിന്റെ തസ്തികയിലേക്കും എറണാകുളം, കോഴിക്കോട്, കാസർകോട് ജില്ലകളിലെ ഉപഭോക്തൃ തർക്ക പരിഹാര ഫോറത്തിലെ ഒഴിവു വരുന്ന മുഴുവൻ സമയ വനിതാ അംഗത്തിന്റെ തസ്തികകളിലേക്കും അപേക്ഷ ക്ഷണിച്ചു. അപേക്ഷകർ ബിരുദമുള്ളവരും 35 വയസോ അതിനു മുകളിലോ പ്രായമുള്ളവരും ധനതത്വം, നിയമം, കോമേഴ്സ്, അക്കൗണ്ടൻസി, വ്യവസായം, പൊതുകാര്യങ്ങൾ, ഭരണ നിർവഹണം എന്നീ വിഷയങ്ങൾ കൈകാര്യം ചെയ്ത് 10 വർഷത്തിൽ കുറയാത്ത പ്രവൃത്തിപരിചയമുള്ളവരുമായിരിക്കണം. അഞ്ചു വർഷം വരെയോ 65 വയസ് വരെയോ (ഏതാണ് ആദ്യം അതുവരെ) ആണ് നിയമന കാലാവധി. അപേക്ഷാ ഫോറത്തിന്റെ മാതൃക എല്ലാ ജില്ലാ കളക്ടറേറ്റുകളിലും ജില്ലാ സപ്ലൈ ഓഫീസുകളിലും ജില്ലാ ഉപഭോക്തൃ തർക്ക പരിഹാര ഫോറങ്ങളിലും www.consumeraffairs.kerala.gov.in ലും ലഭിക്കും. ബയോഡേറ്റ, സർട്ടിഫിക്കറ്റുകളുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പ് എന്നിവ സഹിതം നിശ്ചിത ഫോറത്തിൽ 25 നമുൻപ് ജില്ലാ കളക്ടർമാർക്ക് അപേക്ഷ സമർപ്പിക്കണം. ജില്ലാ കളക്ടർമാരിൽനിന്നു ലഭിക്കുന്ന അപേക്ഷകളിൽ സർക്കാർ നിയമിക്കുന്ന സെലക്ഷൻ കമ്മിറ്റി നടത്തുന്ന അഭിമുഖത്തിന്റെ അടിസ്ഥാനത്തിലായിരിക്കും നിയമനം. അഭിമുഖത്തിൽ പങ്കെടുക്കുന്നവർക്ക് യാത്രാബത്ത അനുവദിക്കില്ല.

## സർവകലാശാല വാർത്തകൾ

### കേരള
www.keralauniversity.ac.in

■ **സീറ്റൊഴിവ്**

കമ്പ്യൂട്ടർ സയൻസ്, ഒപ്ടോ-ഇലക്ട്രോണിക്സ് പഠന വകുപ്പുകളിൽ എം. ടെക് കോഴ്സിന് ജനറൽ/ ഒ.ബി.സി/ എസ്.സി./ എസ്.ടി വിഭാഗങ്ങൾക്കും ഹിസ്റ്ററി പഠന വകുപ്പിൽ എം. എ ഹിസ്റ്ററിയിൽ എസ്.സി./ എസ്.ടി വിഭാഗക്കാർക്കും ഇൻസ്റ്റിറ്റ്യൂട്ട് ഒഫ് ഇംഗ്ലീഷിൽ എം. എ. ഇംഗ്ലീഷിന് എസ്.സി. വിഭാഗത്തിലും സ്പോട്ട് അഡ്മിഷൻ 15 ന് 10 മണിക്ക് നടത്തും. അസൽ സർട്ടിഫിക്കറ്റുകളും രേഖകളുമായി അതത് പഠന വകുപ്പുകളിൽ ഹാജരാകണം.

■ **പി.ജി പ്രവേശനം**

കാര്യവട്ടം ഗവ. കോളേജിൽ പുതുതായി അനുവദിച്ച എം.എസ്‌സി മാത്തമാറ്റിക്സ് കോഴ്സിലേക്ക് കോളേജിൽ സ്പോട്ട് അഡ്മിഷൻ നടത്തും. 16 ന് രാവിലെ 11 മണിക്കകം കോളേജിൽ അപേക്ഷ സമർപ്പിക്കണം. ഓൺലൈൻ രജിസ്റ്റർ ചെയ്യാത്തവർക്കും അപേക്ഷിക്കാം. 16 ന് വൈകിട്ട് 4.30 ന് കോളേജ് നോട്ടീസ് ബോർഡിൽ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതും 17 ന് അഡ്മിഷൻ നടത്തുന്നതുമാണ്.

■ **പരീക്ഷാഫലം**

ഒന്നാം സെമസ്റ്റർ സി.ബി.സി.എസ്.എസ് ബി.കോം (റഗുലർ - 2017 അഡ്മിഷൻ, ഇംപ്രൂവ്മെന്റ് - 2016 അഡ്മിഷൻ, സപ്ലിമെന്ററി - 2015, 2014, 2013 അഡ്മിഷൻ) പരീക്ഷകളുടെ ഫലം വെബ്സൈറ്റിൽ. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഓൺലൈനായി നവംബർ 5 വരെ അപേക്ഷിക്കാം.

മൂന്നാം സെമസ്റ്റർ ബി.എ.എസ്.എൽ.പി (സി.ബി.സി.എസ്.എസ് & ഓൾഡ് സ്കീം) പരീക്ഷാഫലം വെബ്സൈറ്റിൽ. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും അപേക്ഷിക്കാനുള്ള അവസാന തീയതി 31.

ആറാം സെമസ്റ്റർ എം. സി. എ. (2015 സ്കീം-റഗുലർ & 2011 സ്കീം- സപ്ലിമെന്ററി) പരീക്ഷകളുടെ ഫലം വെബ്സൈറ്റിൽ.

■ **ടൈംടേബിൾ**

നവംബർ 12-ന് ആരംഭിക്കുന്ന അഞ്ചാം സെമസ്റ്റർ എം. സി. എ. (2011 സ്കീം) സപ്ലിമെന്ററി 2013 & 2014 അഡ്മിഷൻ മാത്രം) പരീക്ഷകൾക്ക് പിഴ കൂടാതെ 24 വരെയും 50 രൂപ പിഴയോടുകൂടി 26 വരെയും 125 രൂപ പിഴയോടുകൂടി 29 വരെയും അപേക്ഷിക്കാം.

■ **സൂക്ഷ്മപരിശോധന**

മൂന്നാം സെമസ്റ്റർ ബി.കോം/ബി.എസ് സി. (സി.ബി.സി.എസ്.എസ്) പരീക്ഷകളുടെ സൂക്ഷ്മപരിശോധനയ്ക്ക് അപേക്ഷിച്ചവർ ഹാൾ ടിക്കറ്റും ഐ.ഡി. കാർഡുമായി 15 മുതൽ 24 വരെയുള്ള പ്രവൃത്തി ദിവസങ്ങളിൽ ഇ. ജെ. II സെക്ഷനിൽ ഹാജരാകണം.

■ **ബിരുദാനന്തര ബിരുദ പ്രവേശനം**

ബിരുദാനന്തര ബിരുദ പ്രവേശനവുമായി ബന്ധപ്പെട്ട് ഒഴിവുള്ള ജനറൽ /മറ്റ് സംവരണ സീറ്റുകളിലേക്ക് മേഖലാതലത്തിൽ 15ന് സ്പോട്ട് അലോട്ട്മെന്റ് നടത്തും. കൊല്ലം മേഖലയിലുള്ള കോളേജുകളിൽ പ്രവേശനം നേടാൻ ആഗ്രഹിക്കുന്നവർ കൊല്ലം എസ്. എൻ. കോളേജിലും അടൂർ മേഖലയിലുള്ള കോളേജുകളിൽ പ്രവേശനത്തിന് അടൂർ സെന്റ് സിറിൾസ് കോളേജിലും 15ന് രാവിലെ 9നും 11നും മദ്ധ്യേ ഓൺലൈൻ അപേക്ഷയുടെ പ്രിന്റ് ഔട്ട് സഹിതം ഹാജരാകണം. ജനറൽ/എസ്.സി.ബി.സി വിഭാഗക്കാർ പ്രവേശന ഫീസായ 900 രൂപയും എസ്.സി/എസ്.ടി വിഭാഗക്കാർ 340 രൂപയും കരുതണം. വിശദവിവരങ്ങൾ http://admissions.keralauniversity.ac.in ൽ.

■ **ആരോഗ്യ ഇൻഷ്വറൻസ്**

ജീവനക്കാർക്കും പെൻഷൻകാർക്കും വേണ്ടി സർക്കാർ ഏർപ്പെടുത്തിയ ആരോഗ്യ ഇൻഷ്വറൻസ് (MEDISEP) പദ്ധതി നടപ്പാക്കുന്നതിന്റെ വിവര ശേഖരണത്തിനുള്ള സമയ പരിധി ദീർഘിപ്പിച്ചിരിക്കുന്നു. ഇതുവരെ വിവരങ്ങൾ അപ്‌ലോഡ് ചെയ്യാത്ത സർവകലാശാല പെൻഷൻകാർ ഇതിനായി Kufinance.info എന്ന സൈറ്റിൽ Pension spot ൽ നൽകിയിട്ടുള്ള പ്രൊഫോർമയിൽ വിവരങ്ങൾ അപ്‌ലോഡ് ചെയ്യേണ്ടതും പ്രൊഫോർമയുടെ പ്രിന്റൗട്ട്, പ്രൊഫോർമയിൽ നൽകിയിട്ടുള്ള വിവരങ്ങളുടെ ആധികാരികത തെളിയിക്കുന്ന രേഖകളുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ സഹിതം നവംബർ 17 ന് വൈകുന്നേരം 5 മണിക്ക് മുമ്പായി അസിസ്റ്റന്റ് രജിസ്ട്രാർ (അക്കൗണ്ട്സ്/പെൻഷൻ) ന് സമർപ്പിക്കേണ്ടതുമാണ്.

### കണ്ണൂർ
www.kannuruniversity.ac.in

■ **അപേക്ഷാ തീയതി നീട്ടി**

അഫിലിയേറ്റഡ് കോളേജിലെ അഞ്ചും മൂന്നും സെമസ്റ്റർ ബിരുദ വിദ്യാർത്ഥികളുടെ ഇന്റേണൽ മാർക്കുകൾ ഓൺലൈൻ മുഖേന സമർപ്പിക്കേണ്ട തീയതി 17 വരെ നീട്ടി.

■ **ടൈംടേബിൾ**

24ന് ആരംഭിക്കുന്ന നാലാം സെമസ്റ്റർ എം.എസ്‌സി മെഡിക്കൽ ലബോറട്ടറി ടെക്നോളജി (ഡിസംബർ 2017), പാർട്ട് രണ്ട് രണ്ടാം സെമസ്റ്റർ എം.എസ്‌സി മെഡിക്കൽ മൈക്രോബയോളജി/ബയോകെമിസ്ട്രി (സെപ്റ്റംബർ 2017) പരീക്ഷകളുടെ ടൈംടേബിൾ വെബ്സൈറ്റിൽ.

■ **പ്രായോഗിക/ വൈവ**

ഒന്നാം വർഷ ബി.എസ്‌സി മെഡിക്കൽ റേഡിയോളജിക്കൽ ടെക്നോളജി (എം.ആർ.ടി സപ്ലിമെന്ററി) മേയ് 2017 പ്രായോഗിക/വൈവാ വോസി പരീക്ഷ 16ന് തലശേരി മലബാർ കാൻസർ സെന്ററിലെ കമ്മ്യൂണിറ്റി കോളേജിൽ നടത്തും.

■ **പി.ജി പ്രായോഗിക പരീക്ഷകൾ**

ഒന്നാം സെമസ്റ്റർ എം.എ ജേർണലിസം ആൻഡ് മാസ് കമ്മ്യൂണിക്കേഷൻ ഡിഗ്രിയുടെ (സി.സി.എസ്.എസ് - റഗുലർ/സപ്ലിമെന്ററി - നവംബർ 2018) പ്രായോഗിക പരീക്ഷ 16, 17 തീയതികളിൽ ഡിപ്പാർട്ട്മെന്റ് ഒഫ് മാസ് കമ്മ്യൂണിക്കേഷൻ ആൻഡ് ജേർണലിസത്തിൽ വച്ചും ഒന്നാം സെമസ്റ്റർ എം.എസ്‌സി ക്ലിനിക്കൽ ആൻഡ് കൗൺസലിംഗ് സൈക്കോളജി ഡിഗ്രിയുടെ (സി.സി.എസ്.എസ് - റഗുലർ/സപ്ലിമെന്ററി - നവംബർ 2018) പ്രായോഗിക പരീക്ഷ 15, 16 തീയതികളിൽ സ്കൂൾ ഒഫ് ബിഹേവിയറൽ സയൻസിൽ വച്ചും നടത്തും.

### കാലിക്കറ്റ്
www.universityofcalicut.info

■ **എം.എസ്‌സി പ്രാക്ടിക്കൽ**

വിദൂരവിദ്യാഭ്യാസം എം.എസ് സി കൗൺസലിംഗ് സൈക്കോളജി (2014 പ്രവേശനം) മൂന്നാം സെമസ്റ്റർ പ്രാക്ടിക്കൽ പരീക്ഷ 18, 19 തീയതികളിൽ ടാഗോർ നികേതൻ ഹാളിൽ രാവിലെ 9.30 മുതൽ നടക്കും.

■ **ബി.വോക് പ്രാക്ടിക്കൽ**

ബി.വോക് സോഫ്റ്റ്‌വെയർ ഡെവലപ്മെന്റ്/ സോഫ്റ്റ്‌വെയർ ടെക്നോളജി രണ്ടാം സെമസ്റ്റർ (റഗുലർ/സപ്ലിമെന്ററി), മൂന്ന്, നാല് സെമസ്റ്റർ (സപ്ലിമെന്ററി) പ്രാക്ടിക്കൽ പരീക്ഷകൾ 15-ന് ആരംഭിക്കും

■ **പരീക്ഷാഫലം**

ഏഴാം സെമസ്റ്റർ ബി.ടെക് (2കെ സ്കീം) സപ്ലിമെന്ററി ഡിസംബർ 2014 പരീക്ഷാഫലം വെബ്സൈറ്റിൽ. പുനർമൂല്യനിർണയത്തിന് 2002, 2003 പ്രവേശനം വിദ്യാർത്ഥികൾ ഓൺലൈനിലും മറ്റുള്ളവർ സാധാരണ ഫോമിലും 24-നകം അപേക്ഷിക്കണം. പ്രിന്റൗട്ട് 27-നകം ലഭിക്കണം.

2017-ഉം അതിന് മുമ്പുമുള്ള പ്രവേശനം പഞ്ചവത്സര എൽഎൽ.ബി രണ്ട്, നാല്, ആറ്, എട്ട്, പത്ത് സെമസ്റ്റർ, ത്രിവത്സര എൽഎൽ.ബി രണ്ട്, നാല്, ആറ് സെമസ്റ്റർ സപ്ലിമെന്ററി (നവംബർ 2017) പരീക്ഷാഫലം വെബ്സൈറ്റില്‍. പുനർമൂല്യനിർണയത്തിന് ഇപ്പോൾ അപേക്ഷിക്കാം.

ഫൈനൽ എം.എ ഹിന്ദി, എം.എ മലയാളം (നോൺ സെമസ്റ്റർ) റഗുലർ/സപ്ലിമെന്ററി/ഇംപ്രൂവ്മെന്റ് പരീക്ഷാഫലം വെബ്സൈറ്റിൽ. പുനർമൂല്യനിർണയത്തിന് 22 വരെ അപേക്ഷിക്കാം.

എം.എസ് സി ഹെൽത്ത് ആൻഡ് യോഗ തെറാപ്പി രണ്ടാം സെമസ്റ്റർ (2017 ജൂൺ), മൂന്നാം സെമസ്റ്റർ (ഡിസംബർ 2017), നാലാം സെമസ്റ്റർ (ജൂൺ 2018) പരീക്ഷാഫലം വെബ്സൈറ്റിൽ. രണ്ട്, മൂന്ന് സെമസ്റ്റർ പുനർമൂല്യനിർണയത്തിന് 22 വരെ അപേക്ഷിക്കാം.

ഒന്നാം സെമസ്റ്റർ എം.കോം (സി.യു.സി.എസ്.എസ്) പരീക്ഷാഫലം വെബ്സൈറ്റിൽ. പുനർമൂല്യനിർണയത്തിന് 26 വരെ അപേക്ഷിക്കാം.

ബി.എഡ് സ്പെഷ്യൽ എഡ്യുക്കേഷൻ (ഹിയറിംഗ് ഇംപയർമെന്റ്) ഒന്ന് (നവംബർ 2017), രണ്ട് (ജൂലായ് 2017), മൂന്ന് (നവംബർ 2017) സെമസ്റ്റർ പരീക്ഷാഫലം വെബ്സൈറ്റിൽ.

എം.ഫിൽ മലയാളം ഒന്ന് (ഒക്ടോബർ 2017), രണ്ട് (ജൂൺ 2018) സെമസ്റ്റർ പരീക്ഷാഫലം വെബ്സൈറ്റിൽ.

■ **പുനഃപരീക്ഷ**

തൃശൂർ വിമല കോളേജിൽ വിദൂരവിദ്യാഭ്യാസം ഒന്നാം സെമസ്റ്റർ ബി.ബി.എ (സി.യു.സി.ബി.സി.എസ്.എസ്) വിദ്യാർത്ഥികൾ എഴുതിയ ബി.സി.എം.1.സി.01 മാനേജീരിയിൽ ഇക്കണോമിക്സ് സപ്ലിമെന്ററി/ ഇംപ്രൂവ്മെന്റ് പരീക്ഷ റദ്ദ് ചെയ്തു. ഇവർക്ക് ഒന്നാം സെമസ്റ്റർ ബി.ബി.എ (സി.യു.സി.ബി.സി.എസ്.എസ്) കോംപ്ലിമെന്ററി കോഴ്സ്-ബി.ബി.എ1.സി.01 മാനേജീരിയിൽ ഇക്കണോമിക്സ് സപ്ലിമെന്ററി/ ഇംപ്രൂവ്മെന്റ് പുനഃപരീക്ഷ 23-ന് തൃശൂർ വിമല കോളേജിൽ നടത്തും.

■ **പുനർമൂല്യ നിർണയ ഫലം**

അഞ്ചാം സെമസ്റ്റർ ബി.എ (സി.സി.എസ്.എസ്) നവംബർ 2016 പരീക്ഷയുടെ പുനർമൂല്യനിർണയ ഫലം വെബ്സൈറ്റിൽ.

ഒന്ന്, മൂന്ന് സെമസ്റ്റർ എം.എഡ് ഡിസംബർ 2017 പരീക്ഷയുടെ പുനർമൂല്യനിർണയ ഫലം വെബ്സൈറ്റിൽ.

### എം.ജി
www.mgu.ac.in

■ **പരീക്ഷാഫലം**

നാലാം സെമസ്റ്റർ എം.എസ്‌സി അപ്ലൈഡ് കെമിസ്ട്രി (സി.എസ്.എസ് റഗുലർ/സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും 25 വരെ അപേക്ഷിക്കാം.

സ്കൂൾ ഒഫ് ഇന്ത്യൻ ലീഗൽ തോട്ടിൽ നടത്തിയ അഞ്ചും ഏഴും ഒമ്പതും സെമസ്റ്റർ ബി.ബി.എ. എൽ എൽ.ബി. (ഓണേഴ്സ്/ പഞ്ചവത്സരം) റഗുലർ/ സപ്ലിമെന്ററി പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും 29 വരെ അപേക്ഷിക്കാം.

2018 ജനുവരിയിൽ സ്കൂൾ ഒഫ് ഇന്ത്യൻ ലീഗൽ തോട്ടിൽ നടത്തിയ ഒന്നാം സെമസ്റ്റർ ബി.ബി.എ എൽ എൽ.ബി (ഓണേഴ്സ്/ പഞ്ചവത്സരം) റഗുലർ/ സപ്ലിമെന്ററി പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും 29 വരെ അപേക്ഷിക്കാം.

## ശബരിമലയിൽ സ്ത്രീ പ്രവേശനം പുനഃപരിശോധിക്കണം: കേരള കോൺഗ്രസ് (എം)

ആറ്റിങ്ങൽ: ശബരിമലയിൽ സ്ത്രീ പ്രവേശനം സംബന്ധിച്ച് സുപ്രീംകോടതി തീരുമാനം ദേവസ്വം ബോർഡും സംസ്ഥാന സർക്കാരും പുനഃപരിശോധിക്കാൻ വേണ്ട മേൽനടപടി സ്വീകരിക്കണമെന്ന് കേരള കോൺഗ്രസ് (എം) ആവശ്യപ്പെട്ടു. ഇതുമായി ബന്ധപ്പെട്ട് ഇന്ന് നടക്കുന്ന യു.ഡി.എഫ് സായാഹ്ന ധർണയിൽ പരമാവധി പ്രവർത്തകരെ പങ്കെടുപ്പിക്കുമെന്ന് നിയോജക മണ്ഡലം കമ്മിറ്റി പ്രസിഡന്റ് എ.എം. സാലി പറഞ്ഞു. ദർശനാവട്ടം എം. തങ്കപ്പൻ അദ്ധ്യക്ഷത വഹിച്ചു. മണനാക്ക് റഫീക്, എൻ. ചന്ദ്രശേഖരൻ നായർ, ബി. ഉണ്ണികൃഷ്ണൻ നായർ, അഡ്വ. ആർ. ഗോപാലകൃഷ്ണൻ, കെ. സുധാകരൻ, എം. അമീർ, എം.എം. ബഷീർ എന്നിവർ സംസാരിച്ചു.

www.keralakaumudi.com www.facebook.com/keralakaumudi

## കുളിക്കടവിൽ കക്കൂസ് മാലിന്യം നിക്ഷേപിച്ചു

കല്ലമ്പലം: പനയറ പോരിട്ടക്കാവ് ക്ഷേത്രത്തിന് മുൻവശത്തെ കല്ലണയാറ്റിലെ കുളിക്കടവിൽ കഴിഞ്ഞ ദിവസം രാത്രിയിൽ കക്കൂസ് മാലിന്യം വൻതോതിൽ നിക്ഷേപിച്ചത് നാട്ടുകാർക്ക് വിനയായി. പുലർച്ചെ കുളിക്കടവിലെത്തിയ സമീപവാസികൾ ദുർഗന്ധം സഹിക്കാനാകാതെ പൊറുതിമുട്ടി അയിരൂർ പൊലീസിനെ വിവരമറിയിച്ചു. പൊലീസ് എത്തി കുറ്റക്കാരെ കണ്ടെത്തിയെങ്കിലും നടപടിയെടുക്കാതെ ഒത്തുതീർപ്പാക്കി വിട്ടതായാണാക്ഷേപം. ജനം കുളിക്കുകയും വസ്ത്രങ്ങൾ അലക്കുകയും ചെയ്യുന്ന സ്ഥലത്തു മാലിന്യം തള്ളിയതിൽ നാട്ടുകാരുടെ പ്രതിഷേധം ശക്തമായിട്ടുണ്ട്.

## നഗരിക്കുന്നു തെക്കതുവിള ദേവീക്ഷേത്രം

നെടുമങ്ങാട്: നഗരിക്കുന്നു തെക്കതുവിള ദേവീക്ഷേത്രത്തിൽ ദുർഗാഷ്ടമി, മഹാനവമി, വിജയദശമി പൂജകൾ 17 ന ആരംഭിച്ച് 19 ന സമാപിക്കുമെന്ന് സെക്രട്ടറി അറിയിച്ചു. 19 ന രാവിലെ വിദ്യാരംഭത്തോടൊപ്പം സരസ്വതിമന്ത്രാർച്ചനയും വിദ്യാമന്ത്രാർച്ചനയും.

# മുടപുരം - മുട്ടപ്പലം റോഡ് റീ ടാർ ചെയ്യണം

▶ സജിതൻ മുടപുരം



തകർന്നുകിടക്കുന്ന മുടപുരം-മുട്ടപ്പലം റോഡ്

മുടപുരം: കിഴുവിലം, അഴൂർ ഗ്രാമപഞ്ചായത്തുകളെ തമ്മിൽ ബന്ധിപ്പിക്കുന്ന മുടപുരം - മുട്ടപ്പലം റോഡ് നന്നാക്കണമെന്നാവശ്യം ശക്തമാകുന്നു. ടാറും മെറ്റലും ഇളകി ഗട്ടറുകൾ രൂപപ്പെട്ട ഇതു വഴിയുള്ള യാത്ര ദുഷ്കരമാണെന്ന് നാട്ടുകാർ പരാതിപ്പെടുന്നു.

6 സ്വകാര്യ ബസുകളും 3 കെ.എസ്.ആർ.ടി.സി ബസുകളും സർവീസ് നടത്തുന്ന ഈ റോഡിൽ ധാരാളം സ്കൂൾ കോളേജ് ബസുകളും സർവീസ് നടത്തുന്നുണ്ട്.

വാഹനതിരക്കേറിയ റോഡ് പൊട്ടിപ്പൊളിഞ്ഞതോടെ ഇവിടെ ഗതാഗതക്കുരുക്കും രൂക്ഷമാണ്. ചിറയിൻകീഴ്-കോരാണി, അഴൂർ- ശാസ്തവട്ടം എന്നീ പി.ഡബ്ലിയു.ഡി റോഡുകളെ ബന്ധിപ്പിക്കുന്നതും ഈ റോഡാണ്.

അഴൂർ ശാസ്തവട്ടം റോഡ് പുതുക്കി പണിയുന്നതിനായി സർക്കാരിൽ നിന്ന് പണം അനുവദിച്ചിരുന്നു. ഇതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നു വരികയാണ്. ഒപ്പം കോരാണി ചിറയിൻകീഴ് റോഡ് റീടാർ ചെയ്യുന്നതിനും കാട്ടുമുറാക്കലിൽ പുതിയ പാലം നിർമ്മിക്കുന്നതിനുമായി സർക്കാർ കിഫ്ബി ഫണ്ടിൽ നിന്ന് 20 കോടി രൂപ അനുവദിക്കുകയും ചെയ്തു. എന്നിട്ടും ഈ രണ്ടു റോഡുകളെയും തമ്മിൽ ബന്ധിപ്പിക്കുന്ന മുടപുരം മുട്ടപ്പലം റോഡ് റീ ടാർ ചെയ്യുന്നതിന് മാത്രം ഫണ്ട് അനുവദിച്ചിട്ടില്ല. ഇത് ഈ പ്രദേശത്തോടുള്ള അവഗണനയാണെന്ന് നാട്ടുകാർ ആരോപിച്ചു.

അഡ്വ. വി. ജോയി ജില്ലാപഞ്ചായത്ത് മെമ്പർ ആയിരുന്നപ്പോൾ 11.50 ലക്ഷം രൂപയും ഇപ്പോൾ ജില്ലാപഞ്ചായത്ത് മെമ്പർ ആയിരിക്കുന്ന അഡ്വ. ആർ. ശ്രീകണ്ഠൻ നായർ 40 ലക്ഷം രൂപയും ജില്ലാ പഞ്ചായത്തിൽ നിന്ന് അനുവദിച്ച് റോഡിന്റെ പാർശ്വഭിത്തി നിർമ്മിക്കുകയുണ്ടായി. എന്നാൽ ഈ തുക ഉപയോഗിച്ച് പണയിൽ ഭാഗത്ത് മാത്രമാണ് പാർശ്വഭിത്തി നിർമ്മിച്ചത്.

താലൂക്കിലെ പ്രധാന ക്ഷേത്രമായ മുടപുരം തെങ്ങുംവിള ഭഗവതി ക്ഷേത്രത്തിന് മുന്നിലൂടെയാണ് റോഡ് കടന്നുപോകുന്നത്.

ക്ഷേത്രത്തിൽ കുംഭ ഭരണി മഹോത്സവം മാർച്ചിലാണ്. അതുകൊണ്ട് അടിയന്തരമായി അറ്റകുറ്റപ്പണിയെങ്കിലും നടത്താൻ അധികൃതർ തയ്യാറാകണമെന്ന് നാട്ടുകാർ ആവശ്യപ്പെടുന്നു.

KAUMUDI ALERT

**അവഗണനയിലായത് ജില്ലാ പഞ്ചായത്തിന്റെ അധീനതയിലുള്ള റോഡ്**



സി.പി.ഐ ചിറയിൻകീഴ് മണ്ഡലം കാൽനട ജാഥ കിഴുവിലം പഞ്ചായത്തിൽ പര്യടനം നടത്തിയപ്പോൾ

## സി.പി.ഐ കാൽനട ജാഥ സമാപിച്ചു

മുടപുരം: കേന്ദ്രസർക്കാരിനെതിരെ സി.പി.ഐ നടത്തുന്ന ദേശീയ പ്രക്ഷോഭത്തിന്റെ ഭാഗമായി ചിറയിൻകീഴ് മണ്ഡലം കമ്മിറ്റി നടത്തിയ കാൽനട ജാഥ അഞ്ചുതെങ്ങ് ജംഗ്ഷനിൽ സമാപിച്ചു. കിഴുവിലം പഞ്ചായത്തിലെ പര്യടനം മുടപുരം ജംഗ്ഷനിൽ സി.പി.ഐ ജില്ലാ എക്സിക്യൂട്ടീവ് അംഗം പി.കെ. രാജു ഉദ്ഘാടനം ചെയ്തു. ജാഥാ ക്യാപ്റ്റൻ ഡി. ടൈറ്റസ്, ഡയറക്ടർ തോന്നയ്ക്കൽ രാജേന്ദ്രൻ, എ. അൻവർഷ, ഗോപൻ വലിയഏല തുടങ്ങിയവർ സംസാരിച്ചു. പുളിമൂട് ജംഗ്ഷനിൽ നടന്ന സ്വീകരണയോഗത്തിൽ കവി രാധാകൃഷ്ണൻ കുന്നുംപുറം സംസാരിച്ചു. സമാപന സമ്മേളനം ഡെപ്യൂട്ടി സ്പീക്കർ വി. ശശി ഉദ്ഘാടനം ചെയ്തു. എൽ. സ്കന്ദകുമാർ അദ്ധ്യക്ഷത വഹിച്ചു. തുമ്പ ജംഗ്ഷനിൽ നിന്നാരംഭിച്ച് മൂന്ന് ദിവസം മണ്ഡലത്തിൽ പര്യടനം നടത്തിയ ജാഥക്ക് കോരാണി വിജു, തിനവിള സുർജിത്ത്, എൽ. സ്കന്ദകുമാർ, ടി. സുനിൽ, കവിതാ സന്തോഷ് തുടങ്ങിയവർ നേതൃത്വം നൽകി.



ലോക തപാൽ ദിനത്തോടനുബന്ധിച്ച് മൂങ്ങോട് സെന്റ്. സെബാസ്റ്റ്യൻസ് എൽ.പി സ്കൂളിലെ വിദ്യാർത്ഥികൾ പോസ്റ്റ് ഓഫീസ് സന്ദർശിക്കുന്നു

## പോസ്റ്റ് ഓഫീസ് സന്ദർശനം

വർക്കല: ലോക തപാൽ ദിനത്തോടനുബന്ധിച്ച് മൂങ്ങോട് സെന്റ് സെബാസ്റ്റ്യൻസ് എൽ.പി സ്കൂളിലെ വിദ്യാർത്ഥികൾ മൂങ്ങോട് പോസ്റ്റ് ഓഫീസ് സന്ദർശിച്ചു.

പോസ്റ്റ് ഓഫീസിന്റെ പ്രവർത്തനങ്ങളെയും സേവനങ്ങളെക്കുറിച്ചും കത്തുകളും മണിയോർഡറുകളും അയയ്ക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ എന്നിവയെ പറ്റിയും പോസ്റ്റ് മാസ്റ്റർ സാബു വിശദീകരിച്ചു.

ഇൻലൻഡ്, സ്റ്റാമ്പ്, പോസ്റ്റ് കാർഡ് എന്നിവ കുട്ടികൾക്ക് പരിചയപ്പെടുത്തുകയും ചെയ്തു. ആശയവിനിമയത്തിന് നവമാദ്ധ്യമങ്ങളെ മാത്രം ആശ്രയിക്കുന്ന പുതുതലമുറയിലെ കുട്ടികൾക്ക് പോസ്റ്റ് ഓഫീസ് സന്ദർശനം ഏറെ പ്രയോജനകരമായിരുന്നുവെന്ന് സ്കൂൾ ഹെഡ്മിസ്ട്രസ് മെർലിൻ എ.എഫ് പറഞ്ഞു. അദ്ധ്യാപകരായ ഇന്ദു ദിലീപ്, കരോളിൻ. എ എന്നിവർ പങ്കെടുത്തു.

## മാതശേരിക്കോണം യു.പി സ്കൂളിന്റെ സ്കൂൾ ബസ് ഉദ്ഘാടനം

മുടപുരം: മാതശേരിക്കോണം ഗവ. യു.പി സ്കൂളിന് എം.എൽ.എയുടെ വികസന ഫണ്ട് ഉപയോഗിച്ച് വാങ്ങിയ സ്കൂൾ ബസിന്റെ ഉദ്ഘാടനം ഡെപ്യൂട്ടി സ്പീക്കർ വി. ശശി നിർവഹിച്ചു. സ്കൂളിനെ ജില്ലയിലെ മികച്ച യു.പി വിദ്യാലയമായി മാറ്റുന്നതിന്റെ ഭാഗമായി 25 ലക്ഷം രൂപമുടക്കി സമ്പൂർണ ഹൈടെക് വിദ്യാലയമായി മാറ്റാനുള്ള നടപടികൾ അവസാനഘട്ടത്തിലാണെന്ന് ഡെപ്യൂട്ടി സ്പീക്കർ അറിയിച്ചു. ആധുനിക സജ്ജീകരണങ്ങളോടെ സയൻസ് പാർക്കിനുള്ള സൗകര്യങ്ങൾ ഒരുക്കുമെന്നും എം.എൽ.എ ഉറപ്പ് നൽകി. യോഗത്തിൽ അഴൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ടി. ഇന്ദിര അദ്ധ്യക്ഷത വഹിച്ചു. ജില്ലാ പഞ്ചായത്ത് അംഗം കവിത, അഴൂർ ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡന്റ് ആർ. അജിത്ത്, ബ്ലോക്ക് പഞ്ചായത്ത് സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർപേഴ്സൺ വസന്തകുമാരി, ഗ്രാമപഞ്ചായത്ത് സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാന്മാരായ ബി. സുധർമ്മ, ആർ. അനിൽ, ശോഭ, ബ്ലോക്ക് പഞ്ചായത്ത് അംഗങ്ങളായ എസ്. കൃഷ്ണകുമാർ, കെ. രവി, എ.ഇ.ഒ ഉഷാകുമാരി, ഗ്രാമപഞ്ചായത്ത് മെമ്പർമാരായ ബി. മനോഹരൻ, എം. മനോജ്, ബീന മഹേശൻ, കെ. ഓമന, ജിത. ജെ.എസ്, രഘുനാഥൻ നായർ, ശ്രീജ. എസ്.എം, തുളസി, സിജിൻസി, ഷൈജാനാസർ, ബി.ആർ.സി.ബി.പി.ഒ സജി.പി എന്നിവർ സംസാരിച്ചു. ഹെഡ്മിസ്ട്രസ് ബി. വസന്തകുമാരി സ്വാഗതവും പി.ടി.എ പ്രസിഡന്റ് ഷൈലജൻ നന്ദിയും രേഖപ്പെടുത്തി.



സ്മാർട്ട് ക്ലാസ്റൂമിന്റെ ശിലാസ്ഥാപനം സത്യൻ എം.എൽ.എ നിർവഹിക്കുന്നു

## മരുതൻവിളാകം എൽ.പി സ്കൂളിൽ സ്മാർട്ട് ക്ലാസ് റൂമിന്റെ ശിലാസ്ഥാപനം

കടയ്ക്കാവൂർ: വക്കം മരുതൻവിളാകം എൽ.പി സ്കൂളിൽ നിർമ്മിക്കുന്ന സ്മാർട്ട് ക്ലാസ്റൂമിന്റെ ശിലാസ്ഥാപനം ബി. സത്യൻ എം.എൽ.എ നിർവഹിച്ചു. എം.എൽ.എയുടെ ആസ്തി വികസന ഫണ്ടിൽ നിന്നും അനുവദിച്ച 23 ലക്ഷം രൂപ ചെലവഴിച്ചാണ് സ്മാർട്ട് ക്ലാസ്റൂം നിർമ്മിക്കുന്നത്. പഞ്ചായത്ത് പ്രസിഡന്റ് വേണുജി അദ്ധ്യക്ഷത വഹിച്ചു. വാർഡ് അംഗം രഘുവരൻ, വൈസ് പ്രസിഡന്റ് നൂട്ടൺ അക്ബർ, ബ്ലോക്ക് പഞ്ചായത്ത് അംഗം ഗീത, പഞ്ചായത്ത് സ്റ്റാൻഡിംഗ് കമ്മറ്റി ചെയർപേഴ്സൺ സ്മിത, സി.പി.എം ലോക്കൽ സെക്രട്ടറി ഡി. അജയകുമാർ, സ്കൂൾ വികസന സമിതി അംഗങ്ങളായ പി.ജി. മധുരരാജ്, ഗോപിനാഥൻ, പ്രകാശൻ തുടങ്ങിയവർ സംസാരിച്ചു.



മാതശേരിക്കോണം ഗവ. യു.പി സ്കൂളിന്റെ സ്കൂൾ ബസ് ഡെപ്യൂട്ടി സ്പീക്കർ വി. ശശി ഉദ്ഘാടനം ചെയ്യുന്നു



അർഹരായവരെ മത്സ്യത്തൊഴിലാളി ക്ഷേമ നിധിയിൽ നിന്ന് ഒഴിവാക്കുന്നതിനെതിരെ മുസ്ലിം ലീഗ് പ്രവർത്തകർ പുത്തൻതോപ്പ് ഫിഷറിസ് ഓഫിസിലേക്ക് നടത്തിയ മാർച്ച് ജില്ലാ ലീഗ് പ്രസിഡന്റ് തോന്നക്കൽ ജമാൽ ഉദ്ഘാടനം ചെയ്യുന്നു

## മത്സ്യത്തൊഴിലാളി ക്ഷേമനിധിയിൽ അർഹരെ ഒഴിവാക്കുന്നു: മുസ്ലിം ലീഗ് സമരത്തിലേക്ക്

കഴക്കൂട്ടം: മത്സ്യതൊഴിലാളി ക്ഷേമനിധിയിൽ എല്ലാ വിഭാഗം മത്സ്യതൊഴിലാളികളെയും ഉൾപ്പെടുത്താതെ അനുബന്ധ മത്സ്യത്തൊഴിലാളികൾക്ക് അടക്കം ക്ഷേമനിധി അംഗത്വം നിഷേധിക്കുന്ന നടപടികൾക്കെതിരെ മുസ്ലിം ലീഗ് പ്രക്ഷോഭത്തിലേക്ക്.

സമരപരിപാടികളുടെ ഭാഗമായി കഠിനംകുളം പഞ്ചായത്ത് മുസ്ലിം ലീഗ് കമ്മിറ്റി പുത്തൻതോപ്പ് മത്സ്യതൊഴിലാളി ക്ഷേമനിധി ഓഫീസിലേക്ക് പ്രതിഷേധ മാർച്ചും ധർണയും നടത്തി. മുസ്ലിം ലീഗ് ജില്ലാ പ്രസിഡന്റ് പ്രൊഫ. തോന്നക്കൽ ജമാൽ ധർണ ഉദ്ഘാടനം ചെയ്തു. എസ്. അബ്ദുൽ ഖരീം മാസ്റ്റർ അദ്ധ്യക്ഷത വഹിച്ചു. ഹരിത സ്പർശം ചെയർമാൻ ഷഹീർ ജി. അഹമ്മദ്, ജില്ലാ ലീഗ് ജനറൽസെക്രട്ടറി അഡ്വ. കണിയാപുരം ഹലീം, സെക്രട്ടറി ചാന്നാങ്കര എം.പി. കുഞ്ഞ്, കടവിളാകം കബീർ, ഗ്രാമപഞ്ചായത്ത് വൈ. പ്രസിഡന്റ് നസീമ കബീർ, ഷഹീർ ഖരീം എന്നിവർ സംസാരിച്ചു.

## ചേരമാൻ തുരുത്ത് - പുതുക്കുറുച്ചി പാലം നിർമ്മാണം പൂർത്തിയാക്കണം

കഴക്കൂട്ടം: പാതിവഴിയിലായ ചേരമാൻ തുരുത്ത് - പുതുക്കുറുച്ചി പാലത്തിന്റെ നിർമ്മാണം അടിയന്തരമായി പൂർത്തികരിക്കണമെന്ന് ആവശ്യപ്പെട്ട് കഠിനംകുളം മണ്ഡലം കോൺഗ്രസ് കമ്മറ്റിയുടെ നേതൃത്വത്തിൽ ചേരമാൻ തുരുത്തിൽ പ്രതിഷേധ പ്രകടനവും പ്രതിഷേധ യോഗവും നടത്തി. മൂന്നുവർഷം മുമ്പ് കഠിനംകുളം ഗ്രാമപഞ്ചായത്ത് ഫണ്ടിൽ നിന്നും 25 ലക്ഷം രൂപയും എം.എൽ.എ. ഫണ്ടിൽ നിന്നും 15 ലക്ഷവും ചേർത്ത് നാല്പത് ലക്ഷം രൂപ അനുവദിച്ചിട്ടും സമയബന്ധിതമായി പാലം പണി പൂർത്തിയാക്കാനായില്ല. നിർമ്മാണത്തിലെ കെടുകാര്യസ്ഥതയും അഴിമതിയെയും കുറിച്ച് വിജിലൻസ് അന്വേഷണം നടത്തണമെന്ന് യോഗം ഉദ്ഘാടനം ചെയ്ത മംഗലപുരം ബ്ലോക്ക് കോൺഗ്രസ് കമ്മിറ്റി പ്രസിഡന്റ് എച്ച്.പി. ഷാജി ആവശ്യപ്പെട്ടു. കഠിനംകുളം മണ്ഡലം കോൺഗ്രസ് കമ്മിറ്റി പ്രസിഡന്റ് ബി.ആർ. രാജു, ടി. സഫീർ, അഡ്വ. എം.എ. ഹസൻ, ഡി.സി.സി അംഗങ്ങളായ ചാന്നാങ്കര ഗോപൻ, കെ.പി. രത്നകുമാർ, കഠിനംകുളം പഞ്ചായത്ത് മെമ്പർ ജ്ഞാനസെൽവം, കല്പന ജോയി, കഠിനംകുളം ജോയി, എന്നിവർ സംസാരിച്ചു.

KERALA KAUMUDI classifieds
കേരളകൗമുദി ക്ലാസിഫൈഡ്സ്
better choice.... faster response

**വാടകയ്ക്ക്**
പൂജപ്പുരയിൽ 1800 sq.ft. മുകളിലത്തെ നില. 3 bedroom furnished. വാടകയ്ക്ക്.
9946072000

**FLAT FOR RENT**
3 Bedrooms, Near Pallimukku, Pettah P.O, TVM.
Contact No. 9544452045

**പണയ സ്വർണ്ണം**
കമ്മീഷനില്ലാതെ ബാങ്കിലെ സ്വർണ്ണം വീണ്ടെടുത്ത് വിൽക്കാൻ സഹായിക്കുന്നു. എല്ലാ ജില്ലകളിലും എക്സിക്യൂട്ടീവുകൾ.
98 95 92 40 17
ശ്രീനാരായണ ജ്വല്ലറി

**ബാങ്ക് സ്വർണ്ണം**
കമ്മീഷനില്ലാതെ സ്വർണ്ണം വീണ്ടെടുത്ത് വിൽക്കാൻ സഹായിക്കുന്നു. ജില്ലകളിലെല്ലാം എക്സിക്യൂട്ടീവുകൾ.
97 46 81 11 96, 98 47 30 11 58
രാധികാ ജ്വല്ലറി

**ചികിത്സ**
ത്വക്‌രോഗികൾ ശ്രദ്ധിക്കുക! ഡോ.കെ. സുഭാഷ്, കല്പദ്രുമം ഹോസ്പിറ്റൽ, ത്വക്‌രോഗ ചികിത്സാകേന്ദ്രം, ഇടപ്പഴിഞ്ഞി, തിരുവനന്തപുരം-14
Phone: 2321289, 2326569.

**ITI/KGCE അഡ്മിഷൻ**
P.S.C./NCVT/KSELB/KERALA ഗവ. അംഗീകൃത കോഴ്സുകൾ
ഓട്ടോമൊബൈൽ + Driv. Licence | ഇലക്ട്രിക്കൽ
സിവിൽ | എക്സ്റേ – വെൽഡിംഗ്
കോഴ്സുകഴിഞ്ഞാൽ ശമ്പളത്തോടുകൂടി ഉടൻ ട്രെയിനിംഗ്
Since 1978 UBDACE INSTITUTIONS കേന്ദ്ര – സംസ്ഥാന ഗവൺമെന്റ് അംഗീകൃതം
വിദേശത്ത് പോകുവാൻ* UEI ഡിപ്ലോമ സർട്ടിഫിക്കറ്റ്
സ്റ്റേഡിയം, കൊല്ലം
0474-2740503, 2764343
2794676, 9446787715
* Conditions apply

**M.S. SARKAR DISPENSARY**
Mob : 9846316661
തിരുവനന്തപുരം
Dr.S.K.Sarkar (Reg.No. 53106)
പ്രമേഹം മൂലമുണ്ടാകുന്ന നാഡീതളർച്ച, ബലഹീനത, സ്വപ്നസ്ഖലനം, ശീഘ്രസ്ഖലനം, വലിപ്പക്കുറവ്, ചൊറിച്ചിൽ, കൈകാൽ മുട്ടുവേദന, സ്ത്രീകൾക്കു മുഖക്കുരു, കറുത്തപാടുകൾ, വെള്ളപ്പോക്ക്, ചർമ്മരോഗങ്ങൾ മുതലായവ ചികിത്സിച്ച് ഭേദമാക്കുന്നു
കൊല്ലം ക്യാമ്പ്
എല്ലാ ചൊവ്വാഴ്ചയും രാമൻകുളങ്ങര, മാതൃഭൂമി ഓഫീസിനു സമീപം
തിരുവല്ല ക്യാമ്പ്
എല്ലാ മാസവും 5,20 തിയതികളിൽ K.S.R.T.C. ബസ്സ്റ്റാന്റിന് സമീപം കാട്ടുക്കര റോഡ്, തിരുവല്ല
www.mssarkar.com

**മുടി വളരാൻ***
മാവേലിൽ® ഹോസ്പിറ്റൽ
മരുതിമൂട്, അടൂർ
8590039900, 9961618384
*Conditions Apply
9 am- 5pm facebook/mavelilhospital www.mavelilhospital.com

**വീട്ടുജോലി / ഹോം നഴ്സ്**
കേരളത്തിലും പുറത്തും വീട്ടുജോലി, ഹോം നഴ്സ്, ANM നഴ്സ്, ബ്യൂട്ടിഷ്യൻ, ലേഡീസ് ടൈലർ - ഉടൻ ബന്ധപ്പെടുക.
ബോസ് കൺസൾട്ടൻസി
T.B. റോഡ്, കോട്ടയം 9447806524
മാർക്കറ്റ് റോഡ്, എറണാകുളം 9400667375
Railway station Road, കോഴിക്കോട് 8089211241, 9961103963

**നോട്ടീസ്**
മാർച്ച് 1987 വർഷത്തെ 461363 രജിസ്റ്റർ നമ്പരിലുള്ള എന്റെ SSLC ബുക്ക് വീണ്ടെടുക്കാൻ പറ്റാത്തവിധത്തിൽ കൈമോശം വന്ന വിവരം ഇതിനാൽ അറിയിക്കുന്നു. പ്രസ്തുത ബുക്കിന്റെ ഡ്യൂപ്ലിക്കേറ്റ് പകർപ്പിനായി പരീക്ഷാ കമ്മീഷണറുടെ സെക്രട്ടറി മുൻപാകെ നിയമാനുസരണമുള്ള അപേക്ഷ നല്കുന്നതിന് തീരുമാനിച്ചിരിക്കുന്നു. ഇതിന്മേൽ ആക്ഷേപമുള്ളവർ ഈ പരസ്യം വന്ന് 15 ദിവസത്തിനകം സെക്രട്ടറി, ബോർഡ് ഒഫ് പബ്ലിക് എക്സാമിനേഷൻസ്, പരീക്ഷാ ഭവൻ, പൂജപ്പുര, തിരുവനന്തപുരം എന്ന വിലാസത്തിൽ രേഖാമൂലം പരാതി നല്കേണ്ടതാണ്.
Hariharan Nair. S, Vaikundam House, Mariyapuram (P.O), Trivandrum, Kerala - 695 122. Mob: 8732095144.

**അക്കൗണ്ട്സ്, GST**
18 വർഷമായിട്ട് അക്കൗണ്ട്സിൽ പ്രായോഗിക പരിശീലനം നൽകുന്ന ഞങ്ങളുടെ സ്ഥാപനത്തിൽ നിന്നും പരിശീലനം കഴിഞ്ഞിറങ്ങിയ എല്ലാവരും വിദേശത്തും സ്വദേശത്തും ഉയർന്ന ശമ്പളത്തിൽ ജോലി ചെയ്യുന്നു. GST, GULF VAT ഉൾപ്പെടെയുള്ള പരിശീലനം. വിദ്യാഭ്യാസവും പ്രായവും എന്തുമാകട്ടെ, നിങ്ങൾക്കും ഒരു വിദഗ്ധനായ അക്കൗണ്ടന്റാകാം.
0484 2384684, 9447186294
www.accountsindia.net

**നഷ്ടപ്പെട്ടു**
എന്റെ KL-01 J9698 നമ്പർ ബൈക്കിന്റെ ആർ.സി. ബുക്ക് കൈമോശം വന്നു. ഡ്യൂപ്ലിക്കേറ്റ് എടുക്കുന്നതിൽ ആക്ഷേപമുള്ളവർ 15 ദിവസത്തിനകം ആറ്റിങ്ങൽ RTO-യിൽ രേഖാമൂലം പരാതി നല്കണം.
NAVAS.

**നഷ്ടപ്പെട്ടു**
എന്റെ KL 16 B 4130 ഓട്ടോ പിക്കപ്പ് വാഹനത്തിന്റെ ആർ.സി. ബുക്ക് നഷ്ടപ്പെട്ടു. ഡ്യൂപ്ലിക്കേറ്റ് എടുക്കുന്നതിൽ പരാതി ഉള്ളവർ 15 ദിവസത്തിനകം ആറ്റിങ്ങൽ RTO ഓഫീസിൽ ബന്ധപ്പെടണം.
K. വിജയബാബു.

**രോഗികൾ മാത്രം വായിക്കുക**
• കൊല്ലം - ബുധനാഴ്ച
• കൊച്ചി - വ്യാഴം, വെള്ളി
തിരുവനന്തപുരം ശനി മുതൽ ചൊവ്വ വരെ
കൺസൾട്ടിംഗ് ഉണ്ടായിരിക്കുന്നതാണ്
• പാർശ്വഫലങ്ങളില്ലാത്ത ഫലപ്രദമായ ചികിത്സ
ദാമ്പത്യ ജീവിത പരാജയത്തിന് കാരണമാകുന്ന ശക്തിക്കുറവ്, വലിപ്പക്കുറവ്, ശീഘ്രസ്ഖലനം, സ്വപ്ന സ്ഖലനം, സ്ത്രീകൾക്കുണ്ടാകുന്ന വെള്ളപോക്ക്, സ്തന വലിപ്പക്കുറവ്, മറ്റു മൂത്രാശയരോഗങ്ങൾ 100% ഉത്തരവാദിത്വത്തോടുകൂടി ചികിത്സിച്ചു ഭേദമാക്കുന്നു.
(CALL FOR APPOINTMENT)
9387816888
9946017861
Dr. ഹക്കീം ഷാക്കിർ അവർകളെ നേരിൽ കാണുക.
MODERN Manacaud TVM
മോഡേൺ ഹെൽത്ത് സെന്റർ
2nd Floor, CDRC ബിൽഡിംഗ്, മണക്കാട് മാർക്കറ്റിന് എതിർവശം, തിരുവനന്തപുരം

**പ്രായത്തെ വെല്ലുന്ന കരുത്തിന്**
ഏതു പ്രായക്കാർക്കും ദൃഢതയും, ബലവും ഉദ്ധാരണവും കിട്ടാൻ ശക്തി വർദ്ധക കാപ്സ്യൂളുകളും, ക്രീമും. പ്രമേഹ രോഗികൾക്കും ലൈംഗിക ബന്ധം ആസ്വദിക്കാം. ഓർഗൺ ഡെവലപ്പർ മുഖേന ലിംഗത്തിന്റെ നീളം 7 - 8 ഇഞ്ചും വണ്ണം 3 - 5 ഇഞ്ചും സമയം 30 മിനുട്ടും കിട്ടുന്നു. ശീഘ്രസ്ഖലനം, സ്വപ്നസ്ഖലനം, നപുംസകത എന്നിവ മാറുന്നു. ബീജാണുക്കൾ വർദ്ധിക്കുന്നു. കിടപ്പറയിലെ സുഖം അനുഭവിച്ചറിയുക.
ചികിത്സക്കായി വിളിക്കുക
8877100959, 9117381791

**തൊഴിലവസരം**
കേന്ദ്രസർക്കാർ അംഗീകാരമുള്ള പ്രമുഖ ധനകാര്യ സ്ഥാപനത്തിന്റെ പുതുതായി ആരംഭിക്കുന്ന STATUE ബ്രാഞ്ചിലേക്ക് ഉദ്യോഗാർത്ഥികളെ ക്ഷണിക്കുന്നു.
• MANAGERS – Package: ₹35,000 (Qualf. Degree & Above)
• CO-ORDINATORS – Package: ₹30,000 (Qualf. Pre-degree & above)
• OFFICE SECRETARY–(Females only)(Qualf. + 2 above) Pckg: ₹18000
• COMPANY PARTNERS – Package: ₹45,000 (Rtd. Govt. Employees and NRI's Preffered)
Age : 25 to 65
Contact : 8593813873, 8129216791

**നീഗ്രോ പെന്നീസ് ലാവോ മസാജിംഗ് ഓയിൽ**
വിവാഹത്തിനു മുമ്പും വിവാഹത്തിനു ശേഷവും ഉണ്ടാകുന്ന സെക്സ് ബലഹീനതയ്ക്ക് ഗുളികയോ പൊടിയോ ഉപയോഗിക്കാതെ ഏത് പ്രായക്കാർക്കും ഓയിൽ മസാജിലൂടെ ലിംഗത്തിന്റെ നീളം 6-8 ഇഞ്ചും, വണ്ണം 3-4½ ഇഞ്ചും വർദ്ധിക്കുന്നു. സമയം 30 മിനിട്ടും കിട്ടുന്നു. കൂടാതെ ശീഘ്രസ്ഖലനം, സ്വപ്നസ്ഖലനം, നപുംസകത എന്നിവ മാറി ബീജാണുക്കളുടെ അളവും വർദ്ധിപ്പിക്കുന്നു. സെക്സിന്റെ പരമാനന്ദസുഖം അനുഭവിച്ചറിയൂ.
സ്ത്രീ സൗഹൃദങ്ങൾക്ക് താല്പര്യപ്പെടുന്നവർക്ക് ഫോട്ടോയും നമ്പരും അടങ്ങിയ ഡയറി സൗജന്യം
ബ്ലാക്ക് സ്പീഡ് ഓയിൽ
8750336928, 9540376105



## പ്രതിരോധത്തിന്റെ സംഗീതജ്ഞൻ

ജമൈക്കയിലെ രാഷ്ട്രീയ-സാമൂഹ്യ സാഹചര്യങ്ങളോട് ബോബ് മാർലിയുടെ പ്രതിരോധം സംഗീതത്തിലൂടെയായിരുന്നു. കറുത്തവർഗക്കാരിയായ അമ്മയുടെയും വെള്ളക്കാരനായ അച്ഛന്റെയും മകനായ നെസ്റ്റ റോബർട്ട് ബോബ് മാർലി ലോകത്തോട് പറഞ്ഞത് തന്നെ കറുത്ത ആഫ്രിക്കൻ വംശജനായി കണ്ടാൽ മതിയെന്നാണ്. ഗിറ്റാറിസ്റ്റും ഗാനരചയിതാവും സംഗീതജ്ഞനുമായിരുന്ന ഈ അപൂർവപ്രതിഭ എന്നും വംശീയ പരിഹാസങ്ങൾക്ക് ഇരയായിരുന്നു. 'ദ വെയ്‌ലേഴ്സ്' എന്ന പേരിൽ മാർലിയുടെ സംഗീതട്രൂപ്പ് ലോകപ്രസിദ്ധമായി. റഗെ എന്ന നാടോടി ഈണത്തിലൂടെ ലോകത്തെ തന്നെ പിടിച്ചുകുലുക്കാൻ മാർലിക്ക് കഴിഞ്ഞു.



www.keralakaumudi.com www.facebook.com/keralakaumudi




**ഡോ. ടി.പി. സേതുമാധവൻ**

വിദ്യാഭ്യാസ വിദഗ്ദ്ധനും എഡ്യൂക്കേഷൻ ആൻഡ് കരിയർ കൺസൾട്ടന്റുമാണ് ലേഖകൻ. കോഴിക്കോട് യു.എൽ എഡ്യൂക്കേഷൻ ഡയറക്ടറാണ്.


# ലക്ഷ്യ

## വിദ്യാർത്ഥികൾക്ക് ഒരു പാഥേയം

**വി**ജയത്തിലേക്കുള്ള ആദ്യപടി ആഗ്രഹമാണ്. തീവ്രമായ ആഗ്രഹമാണ് ലക്ഷ്യത്തിലേക്ക് കൃത്യമായി എത്തിക്കാൻ സഹായിക്കുക. രണ്ടാമതായി വേണ്ടത് കഠിനപ്രയത്നമാണ്



## സിവിൽ സർവീസസ് ജനറൽ സ്റ്റഡീസിൽ ശ്രദ്ധിക്കാൻ

**സി**വിൽ സർവീസസ് പരീക്ഷ 2019ലെ അപേക്ഷാ നടപടിക്രമങ്ങൾ യു.പി.എസ്.സി പുറത്തിറക്കി. ഓൺലൈൻ അപേക്ഷ 2019 ഫെബ്രുവരി 19 മുതൽ മാർച്ച് 18 വരെ സ്വീകരിക്കും. പ്രിലിമിനറി - സി.പി.ടി പരീക്ഷ ജൂൺ രണ്ടിനാണ്. മെയിൻ പരീക്ഷ സെപ്തംബർ 20 മുതൽ നടക്കും.

സിവിൽ സർവീസസ് പരീക്ഷയിൽ ജനറൽ സ്റ്റഡീസിന് തയ്യാറെടുക്കാൻ നിരവധി ഓൺലൈൻ കോഴ്സുകളുണ്ട്. സിലബസനുസരിച്ചുള്ള തയ്യാറെടുപ്പിന് ഇവ ഏറെ ഉപകരിക്കും.

1. സൂപ്പർപ്രൂഫ്സ് ഓൺലൈൻ പ്ലാറ്റ്ഫോമിലൂടെ സിവിൽ സർവീസസ് പരീക്ഷയ്ക്ക് തയ്യാറെടുക്കാം.

2. ക്ലിയർ ഐ.എ.എസ് ജനറൽ സ്റ്റഡീസ് പേപ്പറിന് ഏറെ ഉപകരിക്കും. ദേശീയ/അന്തർദേശീയ തലത്തിലുള്ള വിവരങ്ങളും, മാതൃകാ പരീക്ഷകളും ഇതിലൂടെ സൗജന്യമായി ലഭിക്കും.

3. ഐ.എ.എസ് ബാബയിലൂടെ പൊതുവിജ്ഞാനവുമായി ബന്ധപ്പെട്ട വാർത്തകൾ, ദിനപത്രങ്ങളിലെ വാർത്താ വിശകലനങ്ങൾ, ചർച്ചകൾ, മൊഡ്യൂൾ അടിസ്ഥാനത്തിലുള്ള പരീക്ഷകൾ എന്നിവ ലഭിയ്ക്കും.

4. ഐ.എ.എസ് എക്സാം പോർട്ടലിൽ മുൻ വർഷങ്ങളിലെ ചോദ്യങ്ങൾ, ഇ-പുസ്തകങ്ങൾ, വീഡിയോ, പ്രധാന ദിനപത്രങ്ങൾ/മാസികകൾ, പഠനകിറ്റുകൾ എന്നിവ ലഭിക്കും. NECRT പുസ്തകങ്ങളുടെ വൻ ശേഖരവുമുണ്ട്.

5. Byju's App ൽ സൗജന്യ ഐ.എ.എസിന് തയ്യാറെടുക്കാവുന്ന Free IAS Prop Course ഉണ്ട്.

# സാദ്ധ്യതകൾ അനന്തം

**ബി**സിനസ് മേഖലയിൽ താത്പര്യമുണ്ടോ? എം.ബി.എ തിരഞ്ഞെടുക്കാൻ മടിക്കേണ്ടതില്ല.

ലോകത്താകമാനം 80 ശതമാനത്തോളം കമ്പനികളും എം.ബി.എ ബിരുദധാരികളെ റിക്രൂട്ട് ചെയ്യുന്നുണ്ട്. പ്രവേശനം ലഭിക്കുകയും വലിയ കടമ്പയല്ല. കാറ്റ്, സാറ്റ്, മാറ്റ്, കെ.എം.എ.വൈ, ജി മാറ്റ് തുടങ്ങി നിരവധി പ്രവേശന പരീക്ഷകളുമുണ്ട്. ഇവയിൽ കാറ്റ്, സാറ്റ്, ജി മാറ്റ് പരീക്ഷയെഴുതുന്ന വിദ്യാർത്ഥികളാണ് ഏറെയും. മികച്ച ബിസിനസ് സ്കൂളുകളിൽ വിദേശത്ത് ജി മാറ്റും ഐ.ഐ.എമ്മുകളിൽ കാറ്റും അനുസരിച്ചാണ് എം.ബി.എ പ്രവേശനം. 2019 ലെ CAT പരീക്ഷ നടത്തുന്നത് ഐ.ഐ.എം കൊൽക്കത്തയാണ്. 147 കേന്ദ്രങ്ങളിലായി പരീക്ഷ നവംബർ 25 ന് നടക്കും.

രാജ്യത്തെ മികച്ച ബിസിനസ് സ്കൂളായ സേവ്യർ സ്കൂൾ ഒഫ് മാനേജ്മെന്റിലെ എം.ബി.എ പ്രവേശനത്തിന് നവംബർ 30 വരെ അപേക്ഷിക്കാം. 2019 ജനവരി 6 നാണ് പരീക്ഷ. 2019 മുതൽ സാറ്റിന് (XAT) ഉപന്യാസ ചോദ്യമുണ്ടാകില്ല. നാല് ഭാഗങ്ങളായാണ് പരീക്ഷ. 2019 മുതൽ നാഷണൽ ടെസ്റ്റിംഗ് ഏജൻസി കോമൺ മാനേജ്മെന്റ് ആപ്റ്റിറ്റ്യൂഡ് ടെസ്റ്റ് ആയ സിമാറ്റ് നടത്തും. ഈ വർഷം നവംബർ ഒന്ന് മുതൽ 30 വരെ അപേക്ഷിക്കാം. ഈ വർഷം ജനവരി 28 മുതൽ ഓൺലൈൻ അപേക്ഷ തുടങ്ങിക്കഴിഞ്ഞു.

ദേശീയ തലത്തിൽ മാനേജ്മെന്റ് രംഗത്തെ മികച്ച പരീക്ഷയാണ് എൻമാറ്റ്. നാഷണൽ മാനേജ്മെന്റ് ആപ്റ്റിറ്റ്യൂഡ് പരീക്ഷ. രണ്ടര മാസത്തിനകം ഓൺലൈനായി പരീക്ഷയെഴുതാം. ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഒഫ് ഫോറിൻ ട്രേഡിന്റെ ഐ.ഐ.എഫ്.ടി പ്രവേശന പരീക്ഷ 2018 ഡിസംബർ രണ്ടിനാണ് നടക്കുക. ഒബ്ജക്ടീവ് മാതൃകയിലുള്ള പരീക്ഷയാണിത്. 2019 ഫെബ്രുവരി 15 ന് വരെ അഡ്മിഷന് വേണ്ടി ജിമാറ്റ് സ്കോർ സമർപ്പിക്കാം.

കേരളത്തിലെ ഐ.ഐ.എമ്മുകൾ ഒഴികെയുള്ള ബിസിനസ് സ്കൂളുകളിൽ പ്റവേശനത്തിന് കെമാറ്റ് ഉണ്ട്. കർണാടകയിൽ കർണാടക മാനേജ്മെന്റ് ആപ്റ്റിറ്റ്യൂഡ് ടെസ്റ്റുമുണ്ട്. തമിഴ്നാട്ടിലെ ബിസിനസ് സ്കൂളുകളിലെ എം.ബി.എ പ്രവേശനത്തിന് TANCET പരീക്ഷയെഴുതണം.

വിദേശരാജ്യങ്ങളിലെ മികച്ച ബിസിനസ് സ്കൂളുകളിൽ എം.ബി.എ പ്രവേശനത്തിനുള്ള പരീക്ഷയാണ് ജിമാറ്റ് (GMAT). ജിമാറ്റിന് തയാറെടുക്കാൻ ജിമാറ്റ് ഒഫീഷ്യൽ ഗൈഡ് ഓൺലൈൻ പോർട്ടൽ തിരഞ്ഞെടുക്കാം.

114 രാജ്യങ്ങളിൽ അംഗീകരിച്ച പരീക്ഷയാണ് ജിമാറ്റ്. ലോകത്താകമാനം 600 പരീക്ഷാ കേന്ദ്രങ്ങളുണ്ട്. ഇന്ത്യൻ സ്കൂൾ ഒഫ് ബിസിനസ്, ഹൈദരബാദ്, മൊഹാലി, ഐ.ഐ.എം. എക്സിക്യൂട്ടീവ് പ്രോഗ്രാം, ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഒഫ് ഫോറിൻ ട്രേഡ്, എസ്.പി ജെയിൻ ഇൻസ്റ്റിറ്റ്യൂട്ട് ഒഫ് മാനേജ്മെന്റ് ആൻഡ് റിസർച്ച്, ടാറ്റ ഇൻസ്റ്റിറ്റ്യൂട്ട് ഒഫ് സോഷ്യൽ സയൻസസ് എന്നിവിടങ്ങളിലെ പ്രവേശനത്തിന് ജിമാറ്റ് സ്കോർ മതിയാകും. അഞ്ച് വർഷമാണ് കോഴ്സിന്റെ കാലയളവ്.

### GMAT ന് സഹായിക്കുന്ന പുസ്തകങ്ങൾ

1. Manhattan SC, CT£ RC Guides, 5th Edition
2. GMAT Official guide 12th & 13th Edition
3. Verbal review for official guide 3rd Edition
4. Kaplan 800
5. Manhattan Question bank

Quantitative

1. GMAT Official guide 12th & 13th Editions
2. Manhattan Challenge Problem
3. Manhattan Question bank

### പരീക്ഷയ്ക്കൊരുങ്ങാൻ

1. GMAT prep soft wares (Old & New versions)
2. GMAT prep Exam Pack I
3. GMAT prep Question Bank
4. 1037 GMAT Questions – Princet on review
5. Manhattan Online Tests
6. GMAT club test pack

**വെബ്സൈറ്റുകൾ**

CAT – www.iimcat.ac.in
GMAT – www.gmac.com
MAT – www.mat.aima.in
KMAT – www.kmatkerala.in

## വിനിയോഗിക്കാം അവസരങ്ങൾ

### ടാറ്റ ട്രസ്റ്റ്സ് സ്കോളർഷിപ്പ് ഫോർ സ്പീച്ച് തെറാപ്പി

സ്പീച്ച് തെറാപ്പിയുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ ബിരുദാനന്തര ബിരുദത്തിന് ആഗ്രഹിക്കുന്നവർക്ക് ടാറ്റ ട്രസ്റ്റ് നൽകുന്ന സ്കോളർഷിപ്പ്. ബിരുദം 60 ശതമാനം മാർക്കോടെ പൂർത്തിയാക്കിയിരിക്കണം. നിലവിൽ ഒന്നാം വർഷ, രണ്ടാം വർഷ ബിരുദ പഠനം നടത്തുന്നവർക്കും അപേക്ഷിക്കാം. അവസാന തിയതി: നവംബർ 5. കൂടുതൽ വിവരങ്ങൾക്ക്: http://www.b4s.in/kaumudi/TTS5
കടപ്പാട്: www.buddy4study.com/Call: 08448709545, 08527484563

# സ്കിൽ വികസനത്തെ അവഗണിക്കല്ലേ

**ഉ**പരിപഠനത്തിൽ താത്പര്യമുള്ള വിഷയങ്ങൾ തേടുന്നതിനൊപ്പം സ്കിൽ വികസനത്തിനും പ്രാധാന്യം നൽകേണ്ടതുണ്ട്. രാജ്യത്തെ മൊത്തം ആഭ്യന്തര ഉത്പാദനത്തിലുണ്ടാകുന്ന വളർച്ച തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിൽ ദൃശ്യമാകുന്നില്ലെന്ന് അസീം പ്രേംജി യൂണിവേഴ്സിറ്റിയുടെ സെന്റർ ഫോർ സസ്റ്റെയ്നബിൾ എംപ്ലോയ്മെന്റ് നടത്തിയ പഠനങ്ങൾ വ്യക്തമാക്കുന്നു.

തൊഴിൽ വേതനം വർദ്ധിച്ചെങ്കിലും നിർമ്മാണ മേഖലയിലെ വളർച്ച കുറഞ്ഞ വേതനം നൽകുന്ന കരാർ തൊഴിലിലുള്ള വർദ്ധനയ്ക്ക് ഇടവരുത്തിയിട്ടുണ്ട്. തൊഴിൽ മേഖലയിൽ നിർമ്മാണ രംഗത്തെ ഉത്പാദനക്ഷമത കഴിഞ്ഞ 30 വർഷത്തെ അപേക്ഷിച്ച് ആറിരട്ടി വർദ്ധനയുണ്ടാക്കിയിട്ടുണ്ടെങ്കിലും മാനേജീരിയിൽ, സൂപ്പർവൈസറി തൊഴിൽ മേഖലകളിൽ മൂന്നിരട്ടിയും ടെക്നീഷ്യൻ വർക്കർമാരിൽ ഇരട്ടിയും മാത്രമെ വേതനത്തിൽ വർദ്ധനയുണ്ടായിട്ടുള്ളൂ! തൊഴിൽ മേഖലയിൽ വനിതാ പ്രാധിനിധ്യത്തിന്റെ നിരക്ക് തീരെ കുറവാണ്. ഉത്തരപ്രദേശിൽ പുരുഷന്മാരെ അപേക്ഷിച്ച് സ്ത്രീ പങ്കാളിത്തം 20 ശതമാനം മാത്രമാണ്. എന്നാൽ തമിഴ്നാട്ടിലിത് 50 ശതമാനമാണ്. പിന്നാക്ക വിഭാഗത്തിൽപ്പെട്ടവർക്ക് മുന്നാക്കക്കാരെ അപേക്ഷിച്ച് 55-56 ശതമാനം ലഭിക്കുന്നുള്ളൂവെന്ന് പഠനങ്ങൾ വ്യക്തമാക്കുന്നു.

കേരളത്തിൽ 35541 എൻജിനിയറിംഗ്, 3823 മെഡിക്കൽ, 1320 കാർഷിക, 301 വെറ്ററിനറി ബിരുദധാരികൾക്കും ഡിപ്ലോമ പൂർത്തിയാക്കിയ 51,500 പേരും ഐ.ടി.ഐ. പൂർത്തിയാക്കിയ 92,478 പേരും തൊഴിലില്ലാത്തവരുടെ ലിസ്റ്റിലുണ്ട്. എന്നാൽ അസംഘടിത മേഖലയിൽ മാസവരുമാനം ഉയർന്നു വരുന്നതായി കണക്കുകൾ വ്യക്തമാക്കുന്നു.

അഭ്യസ്തവിദ്യരായ യുവതീയുവാക്കളിലെ കുറഞ്ഞ വേതനത്തിന്റെയും, തൊഴിലില്ലായ്മയുടെയും മുഖ്യകാരണം തൊഴിൽ നൈപുണ്യത്തിലുള്ള കുറവാണ്. ആവശ്യമായതും നിലവിലുള്ളതുമായ സ്കില്ലിൽ വലിയ അന്തരം നിലനിൽക്കുന്നു. പഠിച്ചിറങ്ങിയ ബിരുദധാരികൾ തൊഴിൽ നൈപുണ്യ വികസനം, സോഫ്ട് സ്കിൽ എന്നിവയിൽ മികവ് പുലർത്താനുള്ള മികച്ച കോഴ്സുകൾക്ക് ചേരുന്നത് മികച്ച തൊഴിലവസരങ്ങൾ ലഭിക്കാനുപകരിക്കും. പൊതുവിജ്ഞാനം, ആശയ വിനിമയം, ഇംഗ്ലീഷ് പ്രാവീണ്യം, കമ്പ്യൂട്ടർ പരിജ്ഞാനം, അനലിറ്റിക്കൽ മികവ് എന്നിവയിൽ മികവ് പുലർത്തേണ്ടതുണ്ട്. ബിരുദ പഠന കാലത്തുതന്നെ ഇതിനുള്ള തയ്യാറെടുപ്പുകൾ, ബിരുദശേഷം മികവുറ്റ തൊഴിൽ മേഖലയിലെത്താൻ സഹായിക്കും. കേന്ദ്ര, സംസ്ഥാന ഗവൺമെന്റിന്റെ കീഴിൽ നിരവധി സ്കിൽ വികസന കോഴ്സുകൾ ഇന്ന് നിലവിലുണ്ട്. കേരളത്തിൽ പത്തുംവായിക്കുന്ന വിദ്യാർത്ഥികൾ 8 ശതമാനം മാത്രമാണ്. ഇത് പൊതുവിജ്ഞാനത്തിലുള്ള കുറവിനിടവരുത്തുന്നു.

ബിരുദത്തിനു പഠിക്കുന്ന വിദ്യാർത്ഥികൾ ബിരുദകാലയളവിനു ശേഷം എന്താകാനുദ്ദേശിക്കുന്നു എന്നതിനെക്കുറിച്ച് വ്യക്തമായ തീരുമാനങ്ങളെടുത്ത് പോസിറ്റീവ് മാനോഭാവത്തോടെ തയ്യാറെടുക്കാൻ ശ്രമിക്കണം. താത്പര്യം, അഭിരുചി, മനോഭാവം, ലക്ഷ്യം എന്നിവ വിലയിരുത്തി മാത്രം കോഴ്സുകളെടുക്കാൻ വിദ്യാർത്ഥികൾ തയ്യാറാകണം. കാലത്തിന്റെ മാറ്റം വിലയിരുത്തി സേവന മേഖലകളിലെ തൊഴിലവസരങ്ങൾ കൂടുമ്പോൾ അതിനിണങ്ങിയ തൊഴിൽ നൈപുണ്യ വികസനം കൈവരിക്കാൻ വിദ്യാർത്ഥികൾ ശ്രമിക്കേണ്ടതാണ്.



# ENGLISH FOR COMPETITIVE EXAMS




**കെ. ചെല്ലയ്യൻ നാടാർ**
**എം.എ, എൽഎൽ.ബി**
Phone : 9495831406


### IDIOMS (Part XVI)

**ഇം**ഗ്ലീഷ് ശൈലികളെക്കുറിച്ചുള്ള പതിനാറാമത്തെ പാഠമാണിത്. ശൈലികളുടെ അർത്ഥമെഴുതാൻ ആവശ്യപ്പെട്ടുകൊണ്ടുള്ള ചോദ്യങ്ങൾ PSC പരീക്ഷകൾക്ക് പതിവായി വരാറുണ്ട്. ഈയിടെ PSC പരീക്ഷയ്ക്ക് ചോദിച്ച ഒരു idiom ആണ് 'be in the same boat'. ഇതിന്റെ വാച്യാർത്ഥം മനസ്സിലാക്കാൻ യാതൊരു പ്രയാസവുമില്ല. എന്നാൽ ശൈലിയുടെ വ്യംഗ്യവും ലാക്ഷണികവുമായ അർത്ഥമാണ് പ്രധാനം. അത് മനസ്സിലാക്കുക പക്ഷേ അത്ര എളുപ്പമല്ല. To be in the same difficult or unfortunate situation ; sharing the same problems ; affected by the same problem - എന്നിങ്ങനെ പ്രസ്തുത ശൈലിയ്ക്ക് അർത്ഥം പറയാം. അതായത്, ഒരേ തരത്തിലുള്ള പ്രയാസങ്ങളെ നേരിടുന്ന / തുല്യദുഃഖിതരായ : We're all in the same boat, so let's not criticise each other. (നമ്മളെല്ലാം ഒരേ തരത്തിലുള്ള പ്രയാസങ്ങളെ നേരിടുന്നവരാണ്. അതുകൊണ്ട് നമുക്ക് പരസ്പരം വിമർശിക്കാതിരിക്കാം)

ശൈലികളുടെ ഉത്പത്തിയെക്കുറിച്ച് മനസ്സിലാക്കിയാലേ അവയുടെ അർത്ഥം വ്യക്തമായി ഗ്രഹിക്കാൻ സാധിക്കൂ എന്ന് നമ്മൾ പഠിച്ചിട്ടുണ്ട്. എന്നാൽ ഈ ശൈലിയുടെ ഉത്പത്തിയെക്കുറിച്ച് നമുക്ക് അറിയാൻ കഴിയുന്നത് ഇത്രമാത്രമാണ്: 'The reference is to the boat launched when a ship is wrecked.' കൂടുതൽ ശൈലികൾ പരിചയപ്പെടാം.

### (81) Gandhi's revenge

ഇംഗ്ലീഷിൽ Montezuma's revenge എന്നൊരു ഗ്രാമ്യപ്രയോഗം (colloquial expression) ഉ്. അർത്ഥം : വയറിളക്കം (loose motions അഥവാ diarrhoea). Mexico സന്ദർശിക്കുന്ന ചില ആളുകൾക്ക് ഭുവന പ്രസിദ്ധമായ Mexican food കഴിക്കുമ്പോൾ പിടിപെടാറുള്ള വയറിളക്കത്തെയാണ് പണ്ട് Montezuma's revenge എന്ന് വിളിച്ചിരുന്നത്. ഇപ്പോൾ വയറിളക്കത്തെ പൊതുവിൽ ഗ്രാമ്യഭാഷയിൽ ഇങ്ങനെ പറയാറുണ്ട്.

15-ാം നൂറ്റാണ്ടിൽ Mexico ഭരിച്ചിരുന്ന ചക്രവർത്തിയായിരുന്നു Montezuma II. ഇദ്ദേഹത്തിന്റെ പേരിൽ നിന്നാണ് വയറിളക്കത്തിനു പ്രസ്തുത പേര് ലഭിച്ചതെന്ന് പറയേണ്ടതില്ലല്ലോ.

Mexican ഭക്ഷണം കഴിച്ചുണ്ടാകുന്ന വയറിളക്കം അവിടത്തെ ഭരണകർത്താവിന്റെ പേരിൽ അറിയപ്പെട്ടതുപോലെ ഇന്ത്യ സന്ദർശിക്കുന്ന ചില ആളുകൾക്ക് ഇന്ത്യൻ ഭക്ഷണം കഴിച്ചുണ്ടാകുന്ന വയറിളക്കം Gandhi's revenge എന്ന പേരിൽ അറിയപ്പെട്ടു. പ്രയോക്താക്കൾ സാക്ഷാൽ ഇംഗ്ലീഷുകാർ തന്നെ! അതിരും എതിരുമില്ലാത്ത ബ്രിട്ടീഷ് വാഴ്ചയെ അവസാനിപ്പിച്ചത് ഗാന്ധിജിയുടെ നേതൃത്വത്തിലായിരുന്നല്ലോ. ഗാന്ധിജിയോടുള്ള സ്നേഹക്കൂടുതലാകാം പ്രയോഗത്തിനു പിന്നിൽ! മാത്രമല്ല, വയറിളക്കത്തിന് ഇംഗ്ലീഷുകാർ മറ്റൊരു പേര് കൂടി നൽകി - Delhi belly. എന്നാൽ ഇവ politically correct terms അല്ല എന്ന് പറയാതെ വയ്യാ.

The runs, the trots, gippy tummy, holiday tummy എന്നീ പേരുകളിലും പ്രസ്തുത രോഗം അറിയപ്പെടുന്നു.

### (82) Honeymoon

പ്രാചീനകാലത്തു യവനർക്കിടയിൽ നിലനിന്നിരുന്ന ഒരു സമ്പ്രദായമാണ് ശൈലിക്കടിസ്ഥാനം എന്ന് വിശ്വസിക്കപ്പെടുന്നു. തേനിൽ നിന്നുണ്ടാക്കുന്ന mead എന്ന മദ്യം കഴിച്ച് നവദമ്പതികൾ ഒരു മാസം സോല്ലാസം കഴിച്ചുകൂട്ടുന്നു. Honeymoon എന്ന പ്രയോഗത്തിലെ honey സൂചിപ്പിക്കുന്നതു mead എന്ന ഈ മദ്യത്തെയാണ്. Moon സൂചിപ്പിക്കുന്നതാകട്ടെ ഒരുമാസകാലയളവിനെയും.

വിവാഹാനന്തരം ഒരു വിധുക്കാലം (ചാന്ദ്രമാസം. വിധു = ചന്ദ്രൻ) വധൂവരൻമാർ മധു ആസ്വദിച്ച് (സുഖാസ്വാദനങ്ങളിൽ മുഴുകി) കഴിയുന്നകാലം എന്നർത്ഥം. നവദമ്പതികൾ മധു ആസ്വദിച്ച് ആഹ്ലാദിക്കുന്ന വേളയെന്ന് വിവക്ഷിതം.

എന്നാൽ ഇപ്പോൾ ഒരു മാസക്കാലം എന്ന അർത്ഥം honeymoon എന്ന പ്രയോഗത്തിന് നഷ്ടപ്പെട്ടിരിക്കുന്നു. A holiday taken by a newly-married couple എന്ന അർത്ഥത്തിലാണു ശൈലി ഉപയോഗിക്കുന്നത്: Where are you going on your honeymoon? Honeymoon-നെ verb ആയിട്ടും ഉപയോഗിക്കാം : They are honeymooning in the Bahamas. They honeymooned in the Bahamas. മധുവിധു ആഘോഷിക്കുന്നവർ honeymooners ആണ്: The resort attracts a lot of honeymooners.

ഇപ്പോൾ 'ഒരു പുതിയ ബന്ധത്തിന്റെ പ്രാരംഭഘട്ടം / ഉല്ലാസകാലം' എന്ന അർത്ഥത്തിലും honeymoon ഉപയോഗിക്കാറുണ്ട്. ഉദാഹരണമായി ഒരു പുതിയ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ ആദ്യത്തെ ഏതാനും മാസങ്ങൾ അതിന്റെ മധുവിധുകാലം ആയിരിക്കും. അതായത് പിണക്കങ്ങളോ വിമർശനങ്ങളോ ഇല്ലാത്ത കാലം. ചന്ദ്രന്റെ ക്ഷയവൃദ്ധികൾ പോലെ സ്നേഹബന്ധത്തിന്റെ ഊഷ്മളതയ്ക്ക് ഏറ്റക്കുറച്ചിൽ സംഭവിക്കും : It seems that the new government's honeymoon (period) is over.

### (83) Midas touch

The ability to make money easily എന്ന അർത്ഥമാണ് Midas touch-ന് നിഘണ്ടു നൽകി കാണുന്നത്. അതായതു ഏതു പ്രവർത്തനത്തിലേർപ്പെട്ടാലും അനായാസം പണമുണ്ടാക്കാനുള്ള കഴിവ്. ഏർപ്പെടുന്ന സംഗതികളെല്ലാം ഉത്കൃഷ്ടമാക്കുക, വിജയിപ്പിക്കുക. വിശിഷ്ടമായ വ്യക്തിത്വമുണ്ടായിരിക്കുക എന്ന അർത്ഥവുമുണ്ട് : If one has the Midas touch, they succeed easily at everything they do. മലയാളസാഹിത്യ തറവാട്ടിലെ കാരണവരായ MT യെക്കുറിച്ച് ഇങ്ങനെ പറയാം - the writer with the Midas touch (=തൊടുന്നതെല്ലാം പൊന്നാക്കാൻ കഴിവുള്ള എഴുത്തുകാരൻ) പൊന്ന് വൈശിഷ്ട്യത്തിന്റെ പ്രതീകമാണല്ലോ.

യവനപുരാണത്തിലെ മൈഡസ് രാജാവിന്റെ കഥ ശൈലിക്കടിസ്ഥാനം. ഫ്രിജ്യയിലെ രാജാവായ മൈഡസ് ദൈവങ്ങളോട് ഒരു വരം ചോദിച്ചു. താൻ തൊടുന്നതെല്ലാം പൊന്നാകണം - അതായിരുന്നു വരം. വരസിദ്ധിയിൽ സന്തുഷ്ടനായ മൈഡസ് ഭക്ഷണത്തെ സ്പർശിച്ചപ്പോൾ അത് ഉടൻ സ്വർണ്ണമായി മാറി. ഇങ്ങനെ തൊട്ടതെല്ലാം സ്വർണ്ണമായി മാറിയപ്പോൾ മൈഡസ് ദുഃഖിതനും നിരാശനുമായി. വരം തിരികെ എടുക്കാൻ അദ്ദേഹം ദൈവങ്ങളോടു പ്രാർത്ഥിച്ചു. പാക്റ്റോലസ് എന്ന നദിയിൽ കുളിച്ചാൽ വരസിദ്ധി ഇല്ലാതാകുമെന്ന് ദൈവങ്ങൾ അരുൾചെയ്തു. നദിയിൽ കുളിച്ച് മൈഡസ് 'വരമോചനം' നേടി എന്നാണു കഥ.

'തൊടുന്നതെല്ലാം പൊന്നാക്കുക' എന്ന സമാനമായൊരു മലയാളശൈലിയുണ്ട്. തൊടുന്നതെല്ലാം പൊന്നാക്കിമാറ്റാൻ വരംനേടിയ മായാദാസന്റെ കഥയത്രെ ശൈലിക്കടിസ്ഥാനം. അവിടെ മൈഡസ്. ഇവിടെ മായാദാസൻ. എന്തൊരു ചേർച്ച! ഉച്ചാരണം : മൈഡസ് ടച്ച്, മിഡാസ് ടച്ചല്ല.

### (84) On the rocks

On the rocks-ന് രണ്ടു പ്രധാനപ്പെട്ട അർത്ഥങ്ങളുണ്ട്: വ്യക്തിബന്ധങ്ങൾ (പ്രത്യേകിച്ചും വിവാഹബന്ധം), കച്ചവടം (business) മുതലായവയെക്കുറിച്ച് പറയുമ്പോൾ on the rocks-ന് 'പ്രശ്നസങ്കുലമായ, തകർച്ചയുടെ വക്കിൽ എത്തിനിൽക്കുന്ന' എന്നിങ്ങനെയുള്ള അർത്ഥമാണുള്ളത്: I hear Suma's marriage is on the rocks. വിവാഹബന്ധം തകർച്ചയിലേക്ക് നീങ്ങുന്നുവെന്ന് സാരം. സമുദ്രസഞ്ചാര(sea-faring) ത്തിൽ നിന്നായ ഈ ശൈലി അനുസ്മരിപ്പിക്കുന്നത് ഒരു കപ്പൽ പാറക്കെട്ടിൽ ഇടിച്ച് ഛിന്നഭിന്നമാകുന്നതിനെയാണ്.

മദ്യവുമായി ബന്ധപ്പെടുത്തി ഉപയോഗിക്കുമ്പോൾ on the rocks-ന്റെ അർത്ഥം 'with ice' എന്നാണ്. അതായത്, ഐസ് ഇട്ട എന്നാൽ വെള്ളം ചേർക്കാത്ത മദ്യം : He ordered a whisky on the rocks. ഐസ്, വെള്ളം മുതലായവയൊന്നും ചേർക്കാത്ത മദ്യം കിട്ടാൻ neat, straight എന്നീ വാക്കുകൾ ഉപയോഗിച്ചാൽ മതി : I like my whisky neat/straight.

### (85) Poetic justice

'പാടത്ത് ജോലി, വരമ്പത്ത് കൂലി' എന്നൊരു ചൊല്ലുണ്ട്. ഇതിനു 'വയലിൽ നിന്നു കൊയ്തതിനു വരമ്പത്തു കൂലി' എന്ന അർത്ഥം കല്പിക്കാം. കർമ്മഫലം കയ്യോടെ കിട്ടുക എന്ന് വ്യംഗ്യം. അതായത്, വ്യക്തികളുടെ സ്വഭാവത്തിനും പ്രവൃത്തികൾക്കും അനുസരിച്ച് അപ്പപ്പോൾ തന്നെ ശിക്ഷയോ രക്ഷയോ കിട്ടുക.

മേല്പറഞ്ഞ 'പാടത്ത് ജോലി, വരമ്പത്ത് കൂലി' എന്ന ചൊല്ലിൽ അടങ്ങിയിരിക്കുന്ന ആശയം തന്നെയാണ് poetic justice എന്ന പ്രയോഗത്തിലുമുള്ളത്. ഇതിനെ 'കാവ്യനീതി' എന്ന് തർജ്ജമ ചെയ്തു നമ്മൾ ഉപയോഗിക്കുന്നു. ഇനി ഈ പ്രയോഗം എങ്ങനെയുണ്ടായി എന്ന് നോക്കാം.

പതിനേഴാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന തോമസ് റൈമർ (Thomas Rymer) എന്ന ഇംഗ്ലീഷ് നിരൂപകനാണ് poetic justice എന്ന പ്രയോഗം രൂപപ്പെടുത്തിയത് (1678-ൽ). അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ കാവ്യം അഥവാ സാഹിത്യം എല്ലായ്പ്പോഴും ചിത്രീകരിക്കേണ്ടത് ഒരു ആദർശലോകമാണ്. അവിടെ ദുഷ്ടൻ ശിക്ഷിക്കപ്പെടുകയും ശിഷ്ടൻ രക്ഷിക്കപ്പെടുകയും തന്നെ വേണം. ഇപ്പണി പരലോകത്തേക്ക് നീട്ടിവയ്ക്കാൻ പാടില്ല. കൂലി വരമ്പത്തു തന്നെ കൊടുക്കണം. അതായത് നീതി കൈയോടെ തന്നെ നടപ്പിലാക്കണം. ഇതാണ് കാവ്യനീതി. ഒരു പക്ഷേ, യഥാർത്ഥ ജീവിതത്തിൽ ദുഷ്ടന് വിജയവും ശിഷ്ടന് പരാജയവും സംഭവിച്ചുവെന്ന് വരാം. എന്നാൽ, സാഹിത്യം ചിത്രീകരിക്കുന്ന ആദർശലോകത്ത് ഇത് പാടില്ല. ഇതാണ് തോമസ് റൈമർ മുമ്പോട്ട് വച്ച ആശയം. നമ്മുടെ സിനിമകളിലും സാഹിത്യ രചനകളിലും വില്ലൻ കഥാപാത്രങ്ങൾക്കു ശിക്ഷയും നായക കഥാപാത്രങ്ങൾക്ക് രക്ഷയും കിട്ടുന്നത് കാവ്യനീതിക്കുദാഹരണമാണ്.

ഇപ്പോൾ 'അർഹമായ ശിക്ഷ' എന്ന പരിമിതമായ അർത്ഥത്തിലാണ് മുഖ്യമായും poetic justice ഉപയോഗിച്ചുവരുന്നത്: After the way he treated his staff, it was poetic justice that he lost his job.

**ചോദ്യങ്ങളും കത്തുകളും അയയ്ക്കേണ്ട വിലാസം:**

ദി എഡിറ്റർ,
ലക്ഷ്യ, കേരളകൗമുദി,
പേട്ട, തിരുവനന്തപുരം - 24.



## ജയലളിതയുടെ ഹെലികോപ്ടർ വിൽപ്പനയ്ക്ക്

ചെന്നൈ : തമിഴ്നാട് മുൻ മുഖ്യമന്ത്രി ജയലളിത ഉപയോഗിച്ചിരുന്ന ബെൽ 412 ഇപി എന്ന ഹെലികോപ്ടർ വില്പനയ്ക്ക്. തമിഴ്നാട് സർക്കാരിന്റെ നിർദ്ദേശപ്രകാരം സ്റ്റേറ്റ് ട്രേഡിംഗ് കോർപ്പറേഷൻ ഒഫ് ഇന്ത്യ (എസ്.ടി.സി) ഇതിനായി ആഗോള ടെൻഡർ വിളിച്ചു. 2006-ൽ ജയലളിത മുഖ്യമന്ത്രിയായിരിക്കുമ്പോഴാണ് ഹെലികോപ്ടർ വാങ്ങിയത്. 11 പേർക്ക് യാത്രചെയ്യാം. ഹെലികോപ്ടർ ഇപ്പോൾ ചെന്നൈ വിമാനത്താവളത്തിലാണ്. പൊതുമരാമത്ത് വകുപ്പാണ് ഹെലികോപ്ടർ പരിപാലിച്ചിരുന്നത്.

www.keralakaumudi.com www.facebook.com/keralakaumudi

# മൗറീഷ്യസ് ബാങ്ക് മുംബയ് ശാഖയിൽ 143 കോടിയുടെ സൈബർ കൊള്ള

മുംബയ്: സ്റ്റേറ്റ് ബാങ്ക് ഒഫ് മൗറീഷ്യസിന്റെ മുംബയ് ശാഖയിൽ സൈബർകൊള്ള വഴി 143 കോടി രൂപ തട്ടി. ഹാക്കിംഗിലൂടെയാണ് വിവിധ അക്കൗണ്ടുകളിലൂടെ പണം തട്ടിയെടുത്തത്. ബാങ്ക് അധികൃതർ തന്നെയാണ് ഇതു സംബന്ധിച്ച് മുംബയ് പൊലീസിന്റെ ഇക്കണോമിക് ഒഫൻസസ് വിംഗിന് നൽകിയ പരാതിയിൽ വ്യക്തമാക്കിയത്.

എസ്.ബി.എമ്മിന്റെ മുംബയ് നരിമാൻ പോയിന്റ് ബ്രാഞ്ചിലാണ് സൈബർ കൊള്ള നടന്നത്. വിദേശ അക്കൗണ്ടുകളിലേക്കാണ് പണം ട്രാൻസ്ഫർ ചെയ്യപ്പെട്ടിരിക്കുന്നത്. ഇക്കണോമിക് ഒഫൻസസ് വിംഗും സൈബർ സെല്ലും അന്വേഷണം ഊർജ്ജിതമാക്കിയിട്ടുണ്ട്. മാൽവെയർ അറ്റാക്ക് ആണോ നടന്നത് എന്നതടക്കമുള്ള വിവരങ്ങൾ പരിശോധിച്ചുവരുകയാണ്.



എസ്.ബി.എം ജീവനക്കാരിൽ ആരെങ്കിലും ഇതിൽ ഉൾപ്പെട്ടിട്ടുണ്ടോ എന്ന് അറിയാനായി ആഭ്യന്തര അന്വേഷണവും നടത്തുന്നുണ്ട്.

എന്നാൽ ഭാവി പദ്ധതികൾക്കായി ആവശ്യത്തിന് ഫണ്ട് ഉള്ളതിനാൽ ഉപഭോക്താക്കളെ ബാങ്കിന്റെ നഷ്ടം ബാധിക്കില്ലെന്നും ബാങ്ക് അധികൃതർ അറിയിച്ചു. എസ്.ബി.എം ഇന്ത്യയ്ക്ക് മുംബയ്ക്ക് പുറമെ ചെന്നൈയിലും ഹൈദരാബാദിലും ആന്ധ്രാപ്രദേശിലെ രാമചന്ദ്രപുരത്തും ശാഖകളുണ്ട്. ആഗസ്റ്റിൽ മഹാരാഷ്ട്രയിലെ കോസ്‌മോസ് ബാങ്ക് പ്രൈവറ്റ് ലിമിറ്റഡിലും സൈബർ കൊള്ള നടന്നിരുന്നു. ആഗസ്റ്റ് 9,10 തീയതികളിൽ നടന്ന ബാങ്ക് കൊള്ളയിൽ 94.24 കോടി രൂപ നഷ്ടമായിരുന്നു.

1 സംഭവം നടന്നത്: എസ്.ബി.എം, മുംബയ് നരിമാൻ പോയിന്റ് ബ്രാഞ്ച്

2 പണം തട്ടിയത്: ഹാക്കിംഗിലൂടെ

3 വിദേശ അക്കൗണ്ടുകളിലേക്കാണ് പണം ട്രാൻസ്ഫർ ചെയ്യപ്പെട്ടിരിക്കുന്നത്

## രാജമാംഗല്യത്തിന് വേദിയായി വീണ്ടും വിൻഡ്സർ

### യൂജിൻ രാജകുമാരിയും ജാക്ക് ബ്രൂക്ക്സ്ബാങ്കും വിവാഹിതരായി

ലണ്ടൻ: ഹാരി- മെഗൻ വിവാഹത്തിനു പിന്നാലെ രണ്ടാമത്തെ റോയൽ മാംഗല്യത്തിന് വിൻഡ്സർ കാസിൽ ഇന്നലെ വേദിയായി. എലിസബത്ത് രാജ്ഞിയുടെ പുത്രൻ ആൻഡ്രൂ രാജകുമാരന്റെ പുത്രി യൂജിൻ രാജകുമാരിയുടെയും ജാക്ക് ബ്രൂക്ക്സ്ബാങ്കിന്റെയും വിവാഹമാണ് ഇന്നലെ നടന്നത്. ആർട്ട് ഗാലറി ഡയറക്ടറായ യൂജിന്റെ ദീർഘകാല പ്രണയമാണ് പൂവണിഞ്ഞത്. ടക്കീല മദ്യത്തിന്റെ ബ്രാൻഡ് അംബാസഡറാണ് ജാക്ക് ബ്രൂക്സ്ബാങ്ക്. 2010ൽ ഇരുപതാം വയസിൽ സ്വിറ്റ്സർലാൻഡിൽ വച്ചാണ് യൂജിൻ ഇരുപത്തിനാലുകാരനായ ബ്രൂക്ക്സ്ബാങ്കിനെ കണ്ടുമുട്ടിയത്. 2016ലാണ് ഇരുവരുടെയും വിവാഹ നിശ്ചയം കഴിഞ്ഞത്.



*വിവാഹിതരായ യൂജിൻ രാജകുമാരിയും ജാക്ക് ബ്രൂക്ക്സ്ബാങ്കും*

## കലിയടങ്ങി തിത്‌ലി ഒഡിഷയിൽ കനത്ത നാശനഷ്ടം

ഭുവനേശ്വർ: ഒഡിഷ, ആന്ധ്രപ്രദേശ് തീരത്തെ ലക്ഷ്യമാക്കി എത്തിയ അതിശക്തമായ ചുഴലിക്കൊടുങ്കാറ്റ് തിത്‌ലിയുടെ ശക്തി കുറഞ്ഞെങ്കിലും ഒഡിഷയിൽ കനത്ത നാശനഷ്ടങ്ങളാണ് റിപ്പോർട്ട്ചെയ്തത്. ആന്ധ്രപ്രദേശിൽ ഏഴുപേരുടെ മരണത്തിനിടയാക്കിയ ദുരന്തത്തെ തുടർന്ന് 15,000 പേർ ഇപ്പോഴും ദുരിതാശ്വാസ ക്യാമ്പിലാണ്.

പലയിടങ്ങളിലും പാലങ്ങൾ ഒലിച്ചുപോയി, റോഡുകൾ പൂർണമായി തകർന്ന് തടസപ്പെട്ട ഗതാഗത സൗകര്യം ഇതുവരെ പുനഃസ്ഥാപിച്ചിട്ടില്ല. പലയിടങ്ങളിലും മണ്ണിടിഞ്ഞ് ആളുകളെ കാണാതായി. ദേശീയ ദുരന്ത നിവാരണ സേനയുടെ 26 സംഘങ്ങളെ രക്ഷാപ്രവർത്തനത്തിനായി നിയോഗിച്ചിട്ടുണ്ടെങ്കിലും ഒഡിഷയിലെ ഗജപതി, റായഗഡ, ബാലസോർ, കാന്ധമൽ, ഗൻജാം തുടങ്ങിയ പ്രദേശങ്ങളിലേക്ക് ഇതുവരെ എത്തിച്ചേരാൻ സാധിച്ചിട്ടില്ല. 836 ക്യാമ്പുകൾ ഒഡിഷയിൽ വിവിധ ഇടങ്ങളിലായി തുറന്നു. മുന്നൂറോളം ബോട്ടുകളെ രക്ഷാപ്രവർത്തനത്തിനായി സജ്ജമാക്കിയിട്ടുണ്ട്.

## പളനിസാമിക്കെതിരെ സി.ബി.ഐ അന്വേഷണം

ചെന്നൈ: റോഡ് നിർമാണത്തിന് കരാർ നൽകിയതിലെ അഴിമതിയുമായി ബന്ധപ്പെട്ട് തമിഴ്നാട് മുഖ്യമന്ത്രി എടപ്പാടി പളനിസാമിക്കെതിരെ സി.ബി.ഐ അന്വേഷണത്തിനു മദ്രാസ് ഹൈക്കോടതി ഉത്തരവിട്ടു. ഡി.എം.കെ നൽകിയ ഹർജിയുടെ അടിസ്ഥാനത്തിലാണ് നടപടി.

കേസുമായി ബന്ധപ്പെട്ട് വിജിലൻസ് സമർപ്പിച്ച റിപ്പോർട്ട് പരിശോധിച്ചശേഷമാണ് ജസ്റ്റിസ് എ.ഡി. ജഗദീഷ് ചന്ദ്രിക സി.ബി.ഐ അന്വേഷണത്തിന് ഉത്തരവിട്ടത്. ഒരാഴ്ചയ്ക്കുള്ളിൽ എല്ലാ രേഖകളും സി.ബി.ഐയ്ക്ക് കൈമാറണം. മൂന്നു മാസത്തിനുള്ളിൽ പ്രാഥമിക അന്വേഷണം പൂർത്തിയാക്കണമെന്നും പ്രഥമദൃഷ്ട്യാ കേസുണ്ടെന്ന് കണ്ടാൽ തുടരന്വേഷണം ആകാമെന്നും കോടതി വിധിച്ചു.

മുഖ്യമന്ത്രി പളനിസാമി 3500 കോടി രൂപയുടെ റോഡ് നിർമാണ കരാർ ബന്ധുക്കൾക്കും ബിനാമികൾക്കും നൽകിയെന്നാരോപിച്ചാണ് ഡി.എം.കെ കോടതിയെ സമീപിച്ചത്. മുഖ്യമന്ത്രിയുടെ കീഴിൽ പ്രവർത്തിക്കുന്ന വിജിലൻസ് നടത്തുന്ന അന്വേഷണത്തിൽ വിശ്വാസമില്ലെന്നും പരാതിക്കാർ വ്യക്തമാക്കി.

## മോദിയുടെ ജപ്പാൻ സന്ദർശനം 28 മുതൽ

ന്യൂഡൽഹി: പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ ജപ്പാൻ സന്ദർശനം ഈ മാസം 28, 29 തീയതികളിൽ നടക്കും. ഇന്ത്യ- ജപ്പാൻ വാർഷിക ഉച്ചകോടിക്കായാണ് പ്രധാനമന്ത്രി ജപ്പാനിലെത്തുന്നത്. ജാപ്പനീസ് പ്രധാനമന്ത്രി ഷിൻസോ ആബെയുമായി ഉഭയകക്ഷി കരാറുകളടക്കം സുപ്രധാന വിഷയങ്ങൾ മോദി ചർച്ച ചെയ്യും. ആഗോള, പ്രാദേശിക വിഷയങ്ങളും ഇരുവരും ചർച്ച ചെയ്യുമെന്നും ഇന്നലെ വിദേശകാര്യ മന്ത്രാലയം വ്യക്തമാക്കി. 2014നു ശേഷം മോദിയും ഷിൻസോ ആബെയും തമ്മിലുള്ള 12-ാമത് കൂടിക്കാഴ്ചയ്ക്കാണ് വേദിയൊരുങ്ങുന്നത്.

## വിവാദത്തിനിടെ നിർമ്മലാ സീതാരാമൻ ഫ്രാൻസിൽ

പാരീസ്: റാഫേൽ യുദ്ധവിമാന കരാർ സംബന്ധിച്ച് വിവാദങ്ങൾ കത്തിപ്പടരുന്നതിനിടെ ഫ്രാൻസിലെത്തിയ പ്രതിരോധ മന്ത്രി നിർമ്മല സീതാരാമൻ ഫ്രഞ്ച് കമ്പനിയായ ഡസൗൾട്ട് ഏവിയേഷന്റെ വിമാന നിർമ്മാണ യൂണിറ്റ് സന്ദർശിച്ചു. പാരീസിന് സമീപം അർജെന്റിലെ പ്ലാന്റിലെത്തിയ മന്ത്രി ഡസൗൾട്ട് അധികൃതരുമായി സംസാരിച്ചു. വ്യാഴാഴ്ചയാണ് മൂന്ന് ദിവസത്തെ സന്ദർശനത്തിനായി നിർമ്മല സീതാരാമൻ പാരീസിലെത്തിയത്. ഫ്രഞ്ച് വിദേശകാര്യമന്ത്രി ഫ്ലോറൻസ് പാർളിയുമായി മന്ത്രി ചർച്ച നടത്തിയിരുന്നു.



1



2

*1: ഇടിയുടെ ആഘാതത്തിൽ തകർന്ന വിമാനത്തിന്റെ അടിഭാഗം 2: തകർന്ന മതിൽ*

## ടേക്കോഫിനിടെ വിമാനം മതിലിൽ ഇടിച്ചു; തകരാറുമായി പറന്നത് മൂന്നു മണിക്കൂർ

മുംബയ്: ഇന്നലെ രാവിലെ തിരുച്ചി വിമാനത്താവളത്തിൽ ടേക്ക് ഓഫിനിടെ എയർ ഇന്ത്യ എക്സ്പ്രസ് വിമാനം മതിലിൽ ഇടിച്ചു. കേടുപാട് പറ്റിയ വിമാനം എന്നിട്ടും മൂന്നു മണിക്കൂർ പറന്നു. ട്രിച്ചിയിൽ നിന്ന് ദുബായിലേക്ക് തിരിച്ച വിമാനമാണ് ഇന്നലെ വിമാനത്താവളത്തിലെ ഇൻസ്ട്രുമെന്റ് ലാൻഡിംഗ് സിസ്റ്റം ആന്റിനയിലും മതിലിലും ഇടിച്ചത്. 129 യാത്രക്കാരും ഏഴ് ജീവനക്കാരുമാണ് വിമാനത്തിലുണ്ടായിരുന്നത്. തലനാരിഴയ്ക്കാണ് വൻദുരന്തം ഒഴിവായത്.

റൺവേ നേരിട്ട് കാണാൻ സാധിക്കാത്ത സാഹചര്യത്തിൽ ലാൻഡിംഗിനും ടേക്ക് ഓഫിനും സഹായിക്കാനായി സ്ഥാപിക്കുന്നതാണ് ഐ.എൽ.എസ് ആന്റിന.

വിമാനത്തിന്റെ രണ്ട് ചക്രങ്ങൾക്ക് തകരാർ സംഭവിച്ചെന്ന് മാത്രമായിരുന്നു ആദ്യ റിപ്പോർട്ടുകൾ. വിമാനം തുടർന്നും പറപ്പിച്ച പൈലറ്റുമാർ സംവിധാനങ്ങളെല്ലാം സാധാരണനിലയിലാണെന്നും വിമാനത്തിന്റെ പ്രവർത്തനത്തിന് തകരാറില്ലെന്നുമാണ് വിവരം നൽകിയത്. സുരക്ഷാ മുൻകരുതൽ എന്ന നിലയിലാണ് വിമാനം മുംബയിൽ ഇറക്കിയത്. തുടർന്ന് പരിശോധിച്ചപ്പോഴാണ് കാര്യമായ തകരാർ ഉണ്ടെന്ന് കണ്ടെത്തിയത്. വിമാനത്തിന്റെ പുറംചട്ട ഏറെക്കുറെ പലതുണ്ടായി വിട്ടുപോയിരുന്നു.

ഇന്നലെ പുലർച്ചെ 1.20 ഓടെയായിരുന്നു ട്രിച്ചി-ദുബായ് ബോയിംഗ് ബി 737-800 വിമാനം അപകടത്തിൽപ്പെട്ടത്. പുലർച്ചെ 5.35 ഓടെ മുംബയിൽ ഇറക്കുകയായിരുന്നു.

## റാഫേൽ: കള്ളം പറഞ്ഞ് സത്യം മറയ്ക്കാനാകില്ലെന്ന് ബി.ജെ.പി

ന്യൂഡൽഹി: റാഫേൽ വിമാന ഇടപാടിൽ തുടർച്ചയായി കളവു പറഞ്ഞാൽ സത്യം ഇല്ലാതാവില്ലെന്ന് കേന്ദ്രമന്ത്രിയും ബി.ജെ.പി വക്താവുമായ പിയൂഷ് ഗോയൽ പറഞ്ഞു. റാഫേലിൽ എന്താണ് നടന്നതെന്ന് ഫ്രഞ്ച് സർക്കാരും ദസാൾട്ട് കമ്പനിയും വിശദീകരിച്ചതിനാൽ കോൺഗ്രസിന്റെ കളവ് ആരും വിശ്വസിക്കില്ല. റിലയൻസിനെ സ്വയം തിരഞ്ഞെടുത്തതാണെന്ന് ദസാൾട്ട് കമ്പനി മേധാവി വിശദീകരിച്ചതാണ്. കോൺഗ്രസ് പാർട്ടിക്ക് വിഷയ ദാരിദ്ര്യമാണ്. നേതാക്കൾക്ക് കണക്കറിയില്ല. അതാണ് റാഫേൽ ആരോപണവുമായി വന്നത്. കള്ളം മെനഞ്ഞെടുത്ത് അതു പ്രചരിപ്പിക്കുന്ന ഒരു മാന്യൻ ഇവിടുണ്ട്. നൂറു പ്രാവശ്യം കളവു പറഞ്ഞാലും അതു സത്യമാകില്ല. 2012ൽ സ്വന്തക്കാർക്ക് നേട്ടമുണ്ടാക്കാൻ ശ്രമിച്ചപ്പോൾ കോൺഗ്രസിന് കരാർ നടപ്പാക്കാൻ കഴിഞ്ഞില്ല- പിയൂഷ് ഗോയൽ പറഞ്ഞു.

## വെയ്ൻസ്റ്റെയിനെതിരെയുള്ള ലൈംഗികാരോപണ കേസ് തള്ളി



വാഷിംഗ്ടൺ: മീ ടൂ കാമ്പെയിനിന്റെ ഭാഗമായി ആദ്യം ലൈംഗികാരോപണ വിധേയനായ ഹോളിവുഡ് നിർമ്മാതാവ് ഹാർവി വെയ്ൻസ്റ്റെയിനെതിരെ രജിസ്റ്റർ ചെയ്ത ആറ് ക്രിമിനൽ കുറ്റകൃത്യങ്ങളിൽ ഒരെണ്ണം തള്ളി. ഹോളിവുഡ് താരം ലൂസിയ ഇവാൻസിന്റെ പരാതിയെ തുടർന്ന് രജിസ്റ്റർ ചെയ്ത കേസിൽ ലൂസിയയുടെ ആരോപണത്തിന് സ്ഥിരതയില്ലെന്ന് ചൂണ്ടിക്കാട്ടിയാണ് കേസ് തള്ളിയത്.

2004ൽ വെയ്ൻസ്റ്റെയ്ന്റെ ഓഫീസിൽ വച്ച് ലൂസിയ ഇവാൻസിനെ ലൈംഗികമായി ഉപയോഗിച്ചെന്നായിരുന്നു കേസ്. എന്നാൽ രഹസ്യാന്വേഷകൻ നിക്കൊളാസ് ഡിഗൗഡിയോ നടത്തിയ അഭിമുഖത്തിൽ, വെയ്ൻസ്റ്റെയ്നുമായി ഉഭയ സമ്മതപ്രകാരമുള്ള ബന്ധമാണുണ്ടായതെന്ന് തന്നോട് പറഞ്ഞതായി അവരുടെ സുഹൃത്ത് വ്യക്തമാക്കിയിരുന്നു.

## മീ ടൂ വിവാദം; സാജിദ് ഖാൻ 'ഹൗസ്ഫുൾ' വിട്ടു





*അക്ഷയ്കുമാർ, സാജിദ് ഖാൻ*

മുംബയ്: മീ ടൂ കാമ്പെയിനിന്റെ ഭാഗമായി 'ഹൗസ്ഫുൾ 4' എന്ന ബോളിവുഡ് ചിത്രത്തിന്റെ സംവിധായകൻ സാജിദ് ഖാനെതിരെ ഉയർന്ന ആരോപണങ്ങളെ തുടർന്ന് ചിത്രീകരണം നിറുത്തിവയ്ക്കാൻ നായകൻ അക്ഷയ്കുമാർ ആവശ്യപ്പെട്ടു. പിന്നാലെ സാജിദ് ഖാൻ താത്കാലികമായി ചിത്രത്തിൽ നിന്ന് പിൻവാങ്ങി. സംഭവത്തിന്റെ ധാർമ്മിക ഉത്തരവാദിത്വം ഏറ്റെടുത്താണ് നടപടിയെന്നും സാജിദ് ഖാൻ പറഞ്ഞു.

മൂന്ന് സ്ത്രീകളാണ് ഇയാൾക്കെതിരെ ആരോപണവുമായി രംഗത്തെത്തിയത്. എന്നാൽ സത്യം പുറത്തുവരുന്നതുവരെ മാറിനിൽക്കുകയാണെന്നാണ് സാജിദ് ട്വിറ്ററിൽ കുറിച്ചത്.

## മീ ടൂ ; തെളിവുകൂടി നൽകണമെന്ന് മെലാനിയ ട്രംപ്



ന്യൂയോർക്ക്: മീ ടൂ കാമ്പെയിനിൽ ലൈംഗികാരോപണങ്ങളുന്നയിക്കുന്ന സ്ത്രീകൾ തെളിവ് നൽകുന്ന കാര്യത്തിലും ശ്രദ്ധിക്കണമെന്ന് യു.എസ് പ്രസിഡന്റ് ഡോണാൾഡ് ട്രംപിന്റെ ഭാര്യയും പ്രഥമ വനിതയുമായ മെലാനിയ ട്രംപ് പറഞ്ഞു. വിവാദ വെളിപ്പെടുത്തലുകൾ നടത്തുന്നത് മാത്രമായി മീ ടൂ കാമ്പെയിൻ ചുരുങ്ങരുത്. മീ ടൂ കാമ്പെയിനിനെ പിന്തുണയ്ക്കുന്നുണ്ടോയെന്ന ചോദ്യത്തിന്, ലൈംഗിക ആരോപണങ്ങളുന്നയിക്കുന്ന സ്ത്രീകളെ പിന്തുണയ്ക്കുന്നു, എന്നാൽ ആരോപണവിധേയരാകുന്ന പുരുഷൻമാരെ തള്ളിക്കളയാൻ സാധിക്കില്ലെന്നായിരുന്നു മറുപടി. തെളിവില്ലാത്ത ആരോപണങ്ങൾക്ക് വിലയില്ല. സ്ത്രീകളുടെ പ്രശ്നങ്ങൾ കേൾക്കേണ്ടതാണ്. അതോടൊപ്പം പുരുഷന്മാരെയും പിന്തുണയ്ക്കണം. ആഫ്രിക്കൻ സന്ദർശനത്തിനിടെ കെനിയയിൽ വച്ച് ഒരു മാദ്ധ്യമത്തിന് നൽകിയ അഭിമുഖത്തിലാണ് മെലാനിയ പ്രതികരിച്ചത്. അമേരിക്കൻ തിരഞ്ഞെടുപ്പ് സമയത്ത് ട്രംപിനെതിരെ പത്തോളം സ്ത്രീകൾ ലൈംഗികാരോപണം ഉന്നയിച്ചിരുന്നു. അന്നും തെളിവുകൾ ഹാജരാക്കണമെന്നായിരുന്നു മെലാനിയയുടെ നിലപാട്.

# മിസോറമേ കാത്തുകൊൾകിങ്ങ് 'കൈ' വിടാതെ കോൺഗ്രസിനെ

▶ പ്രസൂൻ എസ്.കണ്ടത്ത്

ന്യൂഡൽഹി: ജനപ്രിയ മുഖ്യമന്ത്രി ലാൽ തൻഹാവ്‌ലയിലൂടെ ഹാട്രിക് വിജയം എന്നതിലുപരി വടക്കു കിഴക്കൻ മേഖലയിൽ അധികാരമുള്ള ഏക സംസ്ഥാനം നിലനിറുത്താനുള്ള പെടാപാടിലാണ് മിസോറമിൽ കോൺഗ്രസ്. മറുവശത്ത് ബി.ജെ.പിക്ക് മിസോറം കൂടി പിടിച്ചാൽ കോൺഗ്രസ് വിമുക്ത വടക്കു കിഴക്ക് എന്ന മുദ്രാവാക്യം യാഥാർത്ഥ്യമാക്കാം. പാർട്ടിക്ക് ഇവിടെ വലിയ വേരോട്ടമില്ല. അതിനാൽ പ്രാദേശിക കക്ഷികളിലൂടെ ലക്ഷ്യം നേടാനാണ് അമിത് ഷായുടെ കരുനീക്കം. നവംബർ 28 ന് ഇരു പാർട്ടികളുടെയും അഭിമാനപ്പോരാട്ടമായിരിക്കും.

### കരുതലോടെ കോൺഗ്രസ്

2008ൽ മിസോ നാഷണൽ ഫ്രണ്ടിൽ (എം.എൻ.എഫ്) നിന്ന് തിരിച്ചുപിടിച്ച അധികാരം പിന്നെ കോൺഗ്രസ് വിട്ടിട്ടില്ല. കോൺഗ്രസ് എന്നാൽ ലാൽ താൻഹാവ്‌ലയാണ്. 2008ൽ 39% വോട്ടും 40ൽ 32 സീറ്റുമായി അധികാരം പിടിച്ച അദ്ദേഹം 2013ൽ വോട്ട് 45 ശതമാനമാക്കി ഉയർത്തി. സീറ്റ് 40ൽ 34. എന്നാൽ ഇത്തവണ പടലപ്പിണക്കങ്ങൾ, അഴിമതി ആരോപണങ്ങൾ, ഭരണവിരുദ്ധ വികാരം തുടങ്ങി തലവേദനകളേറെയാണ്.

മുഖ്യമന്ത്രിയുടെ അനുയായിയും ആഭ്യന്തര മന്ത്രിയുമായിരുന്ന ആർ. ലാൽസിറിലിയാനയെയും മറ്റൊരു മന്ത്രി ലാൽസിറിയാന സൈലോയെയും അച്ചടക്കലംഘനത്തിന് പുറത്താക്കി. ഇരുവരും എം.എൻ.എഫ് പാളയത്തിലാണ്. ചെറുപ്പക്കാർക്ക് മുൻഗണന നൽകുന്ന കോൺഗ്രസ് അദ്ധ്യക്ഷൻ രാഹുൽ ഗാന്ധി കിഴവൻമാരായ സിറ്റിംഗ് എം.എൽ.എമാർക്ക് ടിക്കറ്റ് നൽകേണ്ടെന്ന് തീരുമാനിച്ചതും കൊഴിഞ്ഞു പോക്ക് വർദ്ധിപ്പിച്ചേക്കും.

### കുമ്മനം സാക്ഷി

മേഘാലയയിലും നാഗലാൻഡിലും പ്രാദേശിക കക്ഷികളെ പ്രോത്സാഹിപ്പിച്ച് കോൺഗ്രസിനെ പുറത്താക്കിയ തന്ത്രമാകും ബി.ജെ.പി മിസോറാമിലും പയറ്റുക. ക്രൈസ്തവ വോട്ടുകൾ നിർണായകമായ ഇവിടെ ബി.ജെ.പി അക്കൗണ്ട് തുറന്നിട്ടില്ല. ജനറൽ സെക്രട്ടറി രാംമാധവിന്റെ നേതൃത്വത്തിൽ ബൂത്തു തലം മുതൽ പാർട്ടി ശക്തിപ്പെടുത്തുകയാണ്. 40 അംഗ സഭയിൽ തൂക്കിനു സാദ്ധ്യതയുള്ളതിനാൽ ഗവർണറുടെ തീരുമാനം നിർണായകമാകും. അതു മുന്നിൽക്കണ്ടാണ് കുമ്മനം രാജശേഖരനെ ഗവർണറാക്കിയതും.

ബി.ജെ.പി പ്രാദേശിക മുന്നണി വിട്ടെങ്കിലും എം.എൻ.എഫിനെ പുറത്തു നിന്ന് പിന്തുണച്ചേക്കും. അല്ലെങ്കിൽ പീപ്പിൾസ് റപ്രസേന്റേഷൻ ഫോർ ഐഡന്റിറ്റി ആൻഡ് സ്റ്റാറ്റസ് ഒഫ് മിസോറാം (പ്രിസം), എം.സി.പി, ഓപ്പറേഷൻ മിസോറം തുടങ്ങിയ കക്ഷികളടങ്ങിയ കോൺഗ്രസ് വിരുദ്ധ സഖ്യത്തിനാകും സഹായം.

### പ്രതീക്ഷയിൽ എം.എൻ.എഫ്

2013ൽ അഞ്ച് സീറ്റിലൊതുങ്ങിയ മിസോ നാഷണൽ ഫ്രണ്ട് (എം.എൻ.എഫ്) മുൻമുഖ്യമന്ത്രി സോറാം താംഗയുടെ നേതൃത്വത്തിൽ അധികാരം തിരിച്ചു പിടിക്കാമെന്ന പ്രതീക്ഷയിലാണ്. 2008 മുതൽ രണ്ടു തവണ തുടർച്ചയായി മുഖ്യമന്ത്രിയായിരുന്ന സോറാംതാംഗ. കോൺഗ്രസ് സർക്കാരിനെതിരെ ഭരണവിരുദ്ധ വികാരമുണ്ടെങ്കിലും ലാൽതാൻഹാവ്‌ലയുടെ ജനപ്രീതി മറികടക്കലാണ് താംഗയുടെ പ്രധാന കടമ്പ.

### 2013ൽ ഇങ്ങനെ:

ആകെ 40: കോൺഗ്രസ് 34, എം.എൻ.എഫ് 5, എം.പി.സി 1

## വിവിധം

# ഗുരുദേവ ദർശനത്തെ നടരാജ ഗുരു ശാസ്ത്ര ഭാഷയിൽ അവതരിപ്പിച്ചു: സ്വാമി തന്മയ

▶ സജീവ് ഗോപാലൻ



*ശിവഗിരിയിൽ ആചാര്യസ്മൃതി സമ്മേളനത്തിൽ സ്വാമി തന്മയ നടരാജഗുരു ദിന പ്രഭാഷണം നടത്തുന്നു. സ്വാമി ഗുരുപ്രകാശം, സ്വാമി ശാരദാനന്ദ, സ്വാമി ശിവസ്വരൂപാനന്ദ എന്നിവർ സമീപം*

ശിവഗിരി: ശ്രീനാരായണ ഗുരുദേവന്റെ ഏറ്റവും പ്രിയപ്പെട്ട ശിഷ്യന്മാരിൽ ഒരാളായിരുന്നു നടരാജ ഗുരുവെന്ന് സ്വാമി തന്മയ (നാരായണ ഗുരുകുലം) പറഞ്ഞു. ശിവഗിരിയിൽ ആചാര്യസ്മൃതി സമ്മേളനത്തിൽ നടരാജഗുരു ദിന പ്രഭാഷണം നടത്തുകയായിരുന്നു അദ്ദേഹം.

നാരായണ ഗുരുവിന്റെ ദർശനത്തെ ആധുനിക ശാസ്ത്രയുഗത്തിനു ചേരുന്ന നിലയിലാണ് നടരാജഗുരു വ്യാഖ്യാനം ചെയ്തത്. ആധുനിക ശാസ്ത്രയുഗത്തിനു മുമ്പു തന്നെ ഭാരതത്തിനു സ്വതന്ത്രമായ ദർശനശാസ്ത്രമുണ്ടായിരുന്നു. മതത്തെയും ശാസ്ത്രത്തെയും യുക്തിചിന്തയെയും വിശ്വാസത്തെയും സമന്വയിപ്പിക്കുകയായിരുന്നു ഗുരുദേവൻ.

ഗുരുദേവൻ എങ്ങനെയാണ് ഇതിനെ സമന്വയിപ്പിച്ചത് എന്നതിന്റെ സൂക്ഷ്മ വശത്തിലേക്കാണ് നടരാജഗുരു നമ്മെ കൂട്ടിക്കൊണ്ടുപോയത്. ലോകത്ത് മതം പഠിപ്പിക്കുന്ന കേന്ദ്രങ്ങളും ശാസ്ത്രം പഠിപ്പിക്കുന്ന കേന്ദ്രങ്ങളും ധാരാളമുണ്ട്. എന്നാൽ മതത്തെയും ശാസ്ത്രത്തെയും ഒരുമിച്ച് പഠിപ്പിക്കുന്നത് ശ്രീനാരായണ ഗുരുവിന്റെ ആശ്രമങ്ങളിൽ മാത്രമാണ്.

ശിവഗിരി ഗുരുപീഠമാണെന്നാണ് നടരാജഗുരു പറഞ്ഞത്. ഗുരുചൈതന്യം എപ്പോഴും അവിടെ ഉണ്ടായിരിക്കും. ഇരുപതാമത്തെ വയസിലാണ് നടരാജഗുരുവിനെ ശ്രീനാരായണഗുരു ശ്രദ്ധിച്ചു തുടങ്ങിയത്. വീണ്ടും ഒരു മുപ്പത്തഞ്ച് കൊല്ലം കൂടി കഴിഞ്ഞ ശേഷമെ സത്യസ്വരൂപനായ നാരായണഗുരുവിന്റെ കൃതികൾക്ക് വ്യാഖ്യാനം എഴുതാൻ നടരാജഗുരുവിന് ധൈര്യമുണ്ടായുള്ളൂ.

ഫ്രാൻസിലേക്ക് പുറപ്പെടും മുമ്പ് ഗുരുവിനെ കണ്ട് യാത്ര പറയുമ്പോൾ രണ്ട് മാസം കഴിഞ്ഞ് മടങ്ങി വരുമെന്ന് പറയുകയുണ്ടായി. നാല് മാസം എന്നു പറഞ്ഞ് നാരായണഗുരു അർദ്ധോക്തിയിൽ നിറുത്തി. യാത്ര പറഞ്ഞതിന്റെ കൃത്യം നാലാം മാസമായിരുന്നു മഹാസമാധി. വരാനിരിക്കുന്ന സംഭവങ്ങൾ അതിന്റെ നിഴൽ മുൻകൂട്ടി വിഴ്ത്തുമെന്ന് നടരാജഗുരു പില്ക്കാലത്ത് പറഞ്ഞിട്ടുണ്ടെന്ന് സ്വാമി തന്മയ പറഞ്ഞു.

ധർമ്മസംഘം ട്രസ്റ്റ് പ്രസിഡന്റ് സ്വാമി വിശുദ്ധാനന്ദ അദ്ധ്യക്ഷത വഹിച്ചു. ജനറൽ സെക്രട്ടറി സ്വാമി സാന്ദ്രാനന്ദ, ട്രഷറർ സ്വാമി ശാരദാനന്ദ, നവതി ആചരണകമ്മിറ്റി സെക്രട്ടറി സ്വാമി ശിവസ്വരൂപാനന്ദ, യജ്ഞകമ്മിറ്റി കൺവീനർ സ്വാമി വിശാലാനന്ദ, സ്വാമി ഗുരുപ്രകാശം, സ്വാമി സച്ചിദാനന്ദ, യോഗം വൈസ് പ്രസിഡന്റ് തുഷാർ വെള്ളാപ്പള്ളി, ദേവസ്വം സെക്രട്ടറി അരയാക്കണ്ടി സന്തോഷ്, അഡ്വ. സിനിൽ മുണ്ടപ്പള്ളി, സുനിൽ വള്ളിയിൽ, ഡി. പ്രേംരാജ്, അജി. എസ്.ആർ.എം, ആലുവിള അജിത്ത്, സജി. എസ്.ആർ.എം, വിജീഷ് മേടയിൽ എന്നിവർ സംബന്ധിച്ചു.

### ശിവഗിരിയിൽ ഇന്ന്

രാവിലെ 5ന് ശാരദാമഠത്തിൽ വിശേഷാൽ പൂജ, 5.30ന് മഹാസമാധിയിൽ വിശേഷാൽ ഗുരുപൂജ, 5.45ന് ബ്രഹ്മവിദ്യാലയത്തിൽ ഗുരുദേവകൃതികളുടെ പാരായണം, 9ന് അഖണ്ഡനാമ ജപം, വിശ്വശാന്തി ഹവനം, വൈകിട്ട് 3ന് ആചാര്യസ്മൃതി സമ്മേളനം.

# ഐ.ടി മേഖലയിൽ 2.5 ലക്ഷം തൊഴിലവസരങ്ങൾ സൃഷ്ടിക്കും: മുഖ്യമന്ത്രി

തിരുവനന്തപുരം: ഐ.ടി മേഖലയിൽ രണ്ടര ലക്ഷം പുതിയ തൊഴിലവസരങ്ങളുണ്ടാകുമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. ടെക്നോപാർക്കിൽ അന്താരാഷ്ട്ര കമ്പനിയായ ടോറസ് ഗ്രൂപ്പും ഇന്ത്യൻ സ്ഥാപനമായ എംബസിയും ചേർന്ന് നടത്തുന്ന 'ഡൗൺടൗൺ ട്രിവാൻഡ്രം' നിർമ്മാണോദ്ഘാടനം നിർവഹിക്കുകയായിരുന്നു അദ്ദേഹം.

ഐ.ടി മേഖലയിൽ വൻകുതിപ്പ് ലക്ഷ്യമിട്ട് അടിസ്ഥാന സൗകര്യവികസനം ത്വരിതപ്പെടുത്തും. നിലവിൽ 1.3 കോടി ചതുരശ്ര അടി സ്ഥലമാണ് ഐ.ടി കമ്പനികൾക്കായുള്ളത്. ഇത് 2.3 കോടിയായി വർദ്ധിപ്പിക്കും. ഈ ലക്ഷ്യത്തോട് കൂടുതൽ അടുപ്പിക്കുന്നതാണ് ഡൗൺടൗൺ പദ്ധതി. 1500 കോടി മുതൽമുടക്കുന്ന പദ്ധതിയിൽ ആറുമാസത്തിനകം ഐ.ടി കമ്പനികൾ പ്രവർത്തനം ആരംഭിക്കും. 30000 പേർക്ക് നേരിട്ട് തൊഴിൽ ലഭിക്കും. 33 ലക്ഷം ചതുരശ്ര അടി വിസ്തീർണമുള്ള സ്ഥലമാണ് ഐ.ടി കമ്പനികൾക്കായി ലഭിക്കുക.

രണ്ട് വർഷത്തിനുള്ളിൽ ഒന്നാം ഘട്ടം പൂർത്തിയാകുന്നതോടെ ലൈഫ്സ്റ്റൈൽ പാർക്കും സജ്ജമാകും. ഇവിടെ ആരംഭിക്കുന്ന ഐ.ടി കമ്പനികളിലേക്ക് ആവശ്യമായ തൊഴിൽ ശക്തി ലഭ്യമാക്കുന്നതിനുള്ള അക്കാഡമിക്, പരിശീലന പരിപാടികളും ഉടൻ ആരംഭിക്കുമെന്ന് മുഖ്യമന്ത്രി ഉറപ്പ് നൽകി.



*തിരുവനന്തപുരം ഹോട്ടൽ ഹിൽട്ടൺ ഗാർഡനിൽ ടെക്നോപാർക്കിലെ ഡൗൺടൗൺ ട്രിവാൻഡ്രം പദ്ധതിയുടെ നിർമ്മാണോദ്ഘാടന ചടങ്ങിനെത്തിയ മുഖ്യമന്ത്രി പിണറായി വിജയൻ, ശശി തരൂർ എം.പി, ടോറസ് ചെയർമാൻ ലോറൻസ് റെയ്ബിലിംഗ് എന്നിവരുമായി സംഭാഷണത്തിൽ ഫോട്ടോ: അജയ് മധു*

ചടങ്ങിൽ ശശി തരൂർ എം.പി, മേയർ വി.കെ. പ്രശാന്ത്, ഇലക്ട്രോണിക്സ് -ഐ.ടി സെക്രട്ടറി എം. ശിവശങ്കർ, ടെക്നോപാർക്ക് സി.ഇ.ഒ ഋഷികേശ് നായർ, ടോറസ് ചെയർമാൻ ലോറെൻസ് റെയ്ബിലിങ്, എംബസി ഗ്രൂപ്പ് ചെയർമാൻ ജിട്ടു വിർവാനി, ടോറസ് മാനേജിംഗ് ഡയറക്ടർ ഇന്ത്യ അജയ് പ്രസാദ്, അസറ്റ് ഹോംസ് എംഡി വി. സുനിൽ കുമാർ എന്നിവരും ചടങ്ങിൽ പങ്കെടുത്തു. ഡൗൺടൗൺ ട്രിവാൻഡ്രം പദ്ധതിയുടെ മാതൃകയും മുഖ്യമന്ത്രി അനാവരണം ചെയ്തു.

ടെക്നോപാർക്കിന്റെ മൂന്നാം ഘട്ടത്തിൽ പ്രത്യേക മേഖലയടക്കം 20 ഏക്കറാണ് പദ്ധതിക്കായി നൽകിയിട്ടുള്ളത്. 57 ലക്ഷം ചതുരശ്ര അടിയാണ് മൊത്തം നിർമ്മാണ മേഖല. എംബസി ടോറസ് ടെക്സോൺ എന്ന പേരിൽ ഐ.ടി മേഖലയ്ക്കായി 33 ലക്ഷം ചതുരശ്ര അടിയും ടോറസ് സെൻട്രം എന്ന പേരിൽ വിനോദ വ്യവസായ മേഖലയ്ക്കായി 12 ലക്ഷം ചതുരശ്ര അടിയും മാറ്റിവച്ചിട്ടുണ്ട്. ടോറസ് സെൻട്രം മാൾ, 200 മുറികളുള്ള ബിസിനസ് ക്ലാസ് ഹോട്ടൽ, 315 മുറികളുള്ള സർവീസ്ഡ് അപാർട്ട്മെന്റ്സ് (അസറ്റ് ടോറസ് ഐഡന്റിറ്റി) എന്നിവയും പദ്ധതിയിൽ ഉൾപ്പെടും.

### ദേശീയ റേസിങ് ചാമ്പ്യൻഷിപ്പ്; മൂന്നാം റൗണ്ട് മത്സരങ്ങൾ ഇന്ന് മുതൽ

കൊച്ചി: 21ാമത് ജെ.കെ ടയർ എഫ്.എം.എസ്.സി.ഐ ദേശീയ റേസിങ് ചാമ്പ്യൻഷിപ്പിന്റെ മൂന്നാം റൗണ്ട് മത്സരങ്ങൾ ഇന്ന് കോയമ്പത്തൂർ കാരി മോട്ടോർ സ്പീഡ്‌വേയിൽ തുടങ്ങും. ചെന്നൈ ത്രയങ്ങളായ അശ്വിൻ ദത്ത, വിഷ്ണു പ്രസാദ്, ജോസഫ് മാത്യു എന്നിവരാണ് ആദ്യ രണ്ട് റൗണ്ടുകൾ കഴിഞ്ഞപ്പോൾ വിവിധ വിഭാഗങ്ങളിൽ മുന്നിൽ നിൽക്കുന്നത്. യൂറോ ജെ.കെ 18 വിഭാഗത്തിലാണ് 51 പോയിന്റുമായി അശ്വിൻ ദത്തയുടെ മുന്നേറ്റം.





ഇറാഖിനെതിരെ അർജന്റീനയുടെ ആദ്യ ഗോൾ നേടിയ ലൗട്ടാരോ മാർട്ടിനസിന്റെ ആഹ്ലാദം

# മെസിയില്ലാഞ്ഞിട്ടും മിന്നിത്തിളങ്ങി അർജന്റീന

## സ്‌പെയിന് ജയം, ഫ്രാൻസിന് സമനില

റിയാദ്: അന്താരാഷ്ട്ര സൗഹൃദപോരാട്ടങ്ങളിൽ അർജന്റീനയും സ്‌പെയിനും തകർപ്പൻ ജയം നേടിയപ്പോൾ ലോകചാമ്പ്യൻമാരായ ഫ്രാൻസ് സമനിലയിൽ കുടുങ്ങി.

ലയണൽമെസിയുൾപ്പെടെയുള്ള സൂപ്പർതാരങ്ങൾ ഇല്ലാതെ യുവതാരങ്ങളുമായിറങ്ങിയ അർജന്റീന ഇറാഖിനെ മറുപടിയില്ലാത്ത നാല് ഗോളുകൾക്കാണ് തകർത്തത്. റിയാദിലെ പ്രിൻസ് ഫൈസൽ ബിൻ ഫഹദ് സ്റ്റേഡിയത്തിൽ നടന്ന മത്സരത്തിൽ ലൗട്ടാരോ മാർട്ടിനസ്, റോബർട്ടോ പെരെയ്‌ര, ജർമ്മൻ പെസ്സെല്ല, ഫ്രാങ്കോ കെർവി എന്നിവരാണ് അർജന്റീനയ്ക്കായി ലക്ഷ്യം കണ്ടത്. നാല് പേരുടെയും ആദ്യ അന്താരാഷ്ട്ര ഗോളുകളായിരുന്നു മത്സരത്തിൽ പിറന്നത്. മെസിയെക്കൂടാതെ അഗ്യൂറോയും ഹിഗ്വയിനും ഡി മരിയയും ഒന്നുമില്ലാതിറങ്ങിയ അർജന്റീനൻ ടീമിൽ ഡിബാലയും റൊമീറോയും മെസയുമായിരുന്നു പരിചയ സമ്പന്നർ. പക്ഷേ മത്സരത്തിന്റെ സമസ്ഥമേഖലയിലും അർജന്റീനയുടെ ആധിപത്യമായിരുന്നു. ബാൾ പൊസഷനിലും തൊടുത്ത ഷോട്ടുകളുടെ കണക്കിലും അർജന്റീന ബഹുദൂരം മുന്നിലായിരുന്നു. 18-ാം മിനിറ്റിൽ ഇന്റർമിലാൻ താരം മാർട്ടിനസിലൂടെയാണ് അർജന്റീന ഗോൾ അക്കൗണ്ട് തുറന്നത്.

തുടർന്ന് 53-ാം മിനിറ്റിൽ ഡിബാലയുടെ പാസിൽ നിന്ന് വാറ്റ്ഫോർഡിന്റെ പെരെയ്‌ര അവരുടെ രണ്ടാം ഗോൾ നേടി. സാവില്ലോ 82-ാം മിനിറ്റിലും മികച്ചൊരു സോളോ ഗോളിലൂടെ കെർവി രണ്ടാം പകുതിയുടെ അധിക സമയത്തും ഇറാഖിന്റെ വലകുലുക്കുകയായിരുന്നു. 16ന് ചിരവൈരികളായ ബ്രസീലിനെതിരെയാണ് അർജന്റീനയുടെ അടുത്ത മത്സരം.

മാഞ്ചസ്റ്റർ യുണൈറ്റഡിന്റെ ഇതിഹാസതാരം റയാൻ ഗിഗ്‌സിന്റെ പരിശീലനത്തിൻ കീഴിലിറങ്ങിയ വേൽസിനെ ഒന്നിനെതിരെ നാല് ഗോളുകൾക്ക് വീഴ്ത്തിയാണ് സ്പെയിൻ തകർപ്പൻ ജയം ആഘോഷിച്ചത്. ഇരട്ടഗോളുമായി തിളങ്ങിയ പാക്കോ അൽകാസറാണ് സ്പെയിനിന്റെ വിജയ ശില്പി. സെർജിയോ റാമോസ്, മാർക് ബർട്ര എന്നിവരും സ്പെയിനിനായി ലക്ഷ്യം കണ്ടു. സാം വോക്സാണ് വേൽസിന്റെ ആശ്വാസ ഗോൾ നേടിയത്.

ലോകഫുട്ബാളിലെ അദ്ഭുത ടീം ഐസ്‌ലൻഡാണ് നിലവിലെ ലോകചാമ്പ്യൻമാരായ ഫ്രാൻസിനെ 2-2ന്റെ സമനിലയിൽ തളച്ചത്. രണ്ട് ഗോളിന് പിന്നിൽ നിന്ന ശേഷമാണ് ഒരു സെൽഫ് ഗോളിന്റെയും പെനാൽറ്റിയുടെയും ആനുകൂല്യത്തിൽ ഫ്രാൻസ് സമനില പിടിച്ചത്. ബജാർനസണും അർനാസണുമാണ് ഐസ്‌ലൻഡിനായി ഗോളുകൾ നേടിയത്. ഐസ്‌ലൻഡിന്റെ യുജോൽഫ്സണിന്റെ വകയായി ലഭിച്ച സെൽഫ് ഗോളും രണ്ടാം പകുതിയുടെ അധിക സമയത്ത് കിട്ടിയ പെനാൽറ്റി ഗോളാക്കിയ കെയ്‌ലിയൻ എംബാപ്പയുമാണ് ഫ്രഞ്ച് പടയെ തോൽവിയിൽ നിന്ന് രക്ഷിച്ചത്. മറ്റ് മത്സരങ്ങളിൽ കൊളംബിയ 4-2ന് യു.എസ്.എയേയും ദക്ഷിണ കൊറിയ 2-1ന് ഉറുഗ്വയേയും ജപ്പാൻ 3-0ത്തിന് പാനമയേയും മെക്സിക്കോ 3-2ന് കോസ്റ്ററിക്കയേയും കീഴടക്കി.

# റൊണാൾഡോയില്ലാഞ്ഞിട്ടും പകിട്ടോടെ പോർച്ചുഗൽ

സ്ലസ്‌കി: യു.ഇ.എഫ്.എ നേഷൻസ് ലീഗ് മത്സരത്തിൽ ഗ്രൂപ്പ് 3ലെ മത്സരത്തിൽ ക്രിസ്റ്റ്യാനൊ റൊണാൾഡോയില്ലാതിറങ്ങിയ പോർച്ചുഗൽ 3-2ന് പോളണ്ടിനെ കീഴടക്കി. ആന്ദ്രേസിൽവ, ബെർണാഡോ സിൽവ എന്നിവർ പോർച്ചുഗലിനായി ഗോൾ നേടിയപ്പോൾ പോളണ്ടിന്റെ ഗ്ലിക്കിന്റെ വകയായി സെൽഫ്ഗോളും പറങ്കിപ്പടയ്ക്ക് ലഭിച്ചു.

പയാറ്റക്കും ബ്ലാസികോവ്‌സ്കിയുമാണ് പോളണ്ടിനായി ലക്ഷ്യം കണ്ടത്. തന്റെ നൂറാം രാജ്യാന്തര മത്സരത്തിനിറങ്ങിയ പോളിഷ് നായകൻ റോബർട്ടോ ലെവൻഡോവ്‌സ്കിമറക്കാനാഗ്രഹിക്കുന്നതായി മത്സരഫലം. മറ്റ് മത്സരങ്ങളിൽ സെർബിയ 2-0ത്തിന് മോണ്ടെനെഗ്രോയേയും റുമാനിയ 2-1ന് ലിത്വാനിയയേയും കൊസോവോ 3-1ന് മാൾട്ടയേയും ഇസ്രയേൽ 2-1ന് സ്കോട്ട്‌ലൻഡിനെയും അസർബൈജാൻ 3-0ത്തിന് ഫറോസ് ഐലൻഡ്സിനെയും തോൽപ്പിച്ചു.

# ചേസിന്റെ ചെറുത്തുനില്പ്



ഹെറ്റ്മേയർക്കെതിരായ എൽബി അപ്പീൽ

ഹൈദരാബാദ്: ഇന്ത്യയ്ക്കെതിരായുടെ സ്റ്റ്പരമ്പരയിലെ രണ്ടാമത്തേയും അവസാനത്തേയും മത്സരത്തിൽ ടോസ് നേടി ഒന്നാം ഇന്നംഗ്സ് ബാറ്റിംഗിനിറങ്ങിയ വെസ്റ്റിൻഡീസ് പൊരുതുന്നു. ഒന്നാം ദിനം സ്റ്റമ്പെടുക്കുമ്പോൾ വെസ്റ്റിൻഡീസ് സെഞ്ച്വറിക്ക് രണ്ട് റൺസ് മാത്രം അകലെയുള്ള റോസ്റ്റൺ ചേസിന്റെ (പുറത്താകാതെ 98) ചെറുത്ത് നില്പിന്റെ പിൻബലത്തിൽ 7 വിക്കറ്റ് നഷ്ടത്തിൽ 295 റൺ സെടുത്തിട്ടുണ്ട്. 174 പന്ത് നേരിട്ട ചേസ് 7 ഫോറും 1 സിക്സും അടിച്ചു. ക്യാപ്ടൻ ജാസൺ ഹോൾഡറും(52) അർദ്ധ സെഞ്ച്വറി നേടി വിൻഡീസ് ഇന്നിംഗ്‌സിന് നിർണായക സംഭാവന നൽകി. ഇന്ത്യയ്ക്കായി ഉമേഷ് യാദവ്, കുൽദീപ് യാദവ് എന്നിവർ മൂന്ന് വിക്കറ്റ് വീതം വീഴ്ത്തി.

ഓപ്പണർമാരായ ക്രെയ്ഗ് ബ്രാത്ത്‌വെയ്റ്റും (14), കീറോൺ പവലും (21) അല്പ നേരം ക്രീസിൽ പിടിച്ച് നിന്നു. 12മത്തെ ഓവറിലെ ആദ്യ പന്തിൽ പവലിനെ ജഡേജയുടെ കൈയിൽ എത്തിച്ച് അശ്വിനാണ് ഇന്ത്യയുടെ വിക്കറ്റ് വേട്ടയ്ക്ക് തുടക്കമിട്ടത്. അധികം വൈകാതെ ബ്രാത്ത്‌വെയ്റ്റിനെ കുൽദീപ് വിക്കറ്റിന് മുന്നിൽ കുടുക്കി. 68 പന്തിൽ 32 റൺസ് നേടി നന്നായി ബാറ്റ് ചെയ്ത് വരികയായിരുന്ന ഹോപ്പിനെ എൽബിയിൽ കുരുക്കി ഉമേഷ് ഇന്ത്യയ്ക്ക് മൂന്നാം വിക്കറ്റ് സമ്മാനിച്ചു. അധികം വൈകാതെ ഹെറ്റ്മേയറും (12) കുൽദീപിന്റെ പന്തിൽ വിക്കറ്റിന് മുന്നിൽ കുടുങ്ങി പുറത്തായി. ആംബ്രിസിനെ (18) കുൽദീപ് ജഡേജയുടെ കൈയിൽ എത്തിച്ചതോടെ 113/5 എന്ന നിലിയിലായി വിൻഡീസ്. പിന്നീട് ഹോപ്പും ഡോവ്‌റിച്ചും (30) കുറച്ച് നേരം ക്രീസിൽ പിടിച്ച് നിന്ന് വിൻഡീസ് ഇന്നിംഗ്സിനെ മുന്നോട്ട് നയിച്ചു. പക്ഷേ ടീം സ്കോർ 182 ൽ വച്ച് ഹോപ്പ് ഉമേഷിന്റെ പന്തിൽ എൽബിയിൽ കുരുങ്ങി പുറത്തായി.

തുടർന്ന് ക്രീസിൽ ഒന്നിച്ച ചേസും ഹോൾഡറും വിൻഡീസ് ഇന്നിംഗ്‌സിലെ നട്ടെല്ലായ കൂട്ടുകെട്ട് പടുത്തുയർത്തുകയായിരുന്നു. ഇരുവരും 7-ാം വിക്കറ്റിൽ 104 റൺസ് കൂട്ടിച്ചേർത്തു. ഒടുവിൽ അർദ്ധ സെഞ്ച്വറി തികച്ചയുടനെ ഹോപ്പിനെ പന്തിന്റെ കൈയിൽ എത്തിച്ച് ഉമേഷാണ് കൂട്ടുകെട്ട് പൊളിച്ചത്.

2 റൺസുമായി ദേവേന്ദ്റോ ബിഷുവാണ് ഇന്നലെ സ്റ്റമ്പെടുക്കുമ്പോൾ ചെസിനൊപ്പം ക്രീസിൽ.

### അരങ്ങേറ്റത്തിൽ ഷർദ്ദുളിന് പരിക്ക്

മുംബയ് പേസർ ഷർദ്ദുൽ താക്കൂറിന് ഇന്ത്യൻ ടെസ്റ്റ് ജേഴ്സിയിലെ അരങ്ങേറ്റം ഒരിക്കലും ഓർക്കാനാഗ്രഹിക്കാത്തതായിപ്പോയി. വെറും പത്ത് പന്തുകൾ മാത്രമാണ് അരങ്ങേറ്റ മത്സരത്തിൽ ഷർദ്ദുലിന് എറിയാനായത്. അടിവയറ്റിൽ പരിക്കേറ്റ് ഷർദ്ദുൽ 1.4 ഓവർ മാത്രമെറിഞ്ഞ് പിൻവാങ്ങുകയായിരുന്നു. മത്സരത്തിന്റെ നാലാം ഓവറിലെ നാലാം പന്ത് എറിഞ്ഞ ശേഷമാണ് ഷർദ്ദുലിന് വേദന അനുഭവപ്പെട്ടത്. ഉടൻ ടീം ഫിസിയോ പാടിക്ക് ഫാർഹാർട്ട് താരത്തിനടുത്തെത്തി പരിശോധന നടത്തി. ഏതാനും മിനിറ്റുകൾക്കു ശേഷം ഷർദ്ദുൾ മൈതാനം വിടുകയായിരുന്നു. അശ്വിനാണ് തുടർന്ന് ഷർദ്ദുളിന് പകരം പന്തെറിഞ്ഞത്. ഷർദ്ദുൾ പിന്നീട് സ്കാനിംഗിന് വിധേയനായി. സ്കാനിംഗ് റിപ്പോർട്ട് വന്നശേഷമേ ഷർദ്ദുളിന് തുടർന്ന് മത്സരത്തിൽ കളിക്കാനാകുമോയെന്ന് അറിയാനാകൂ.

ടെസ്റ്റിൽ ഇന്ത്യയ്ക്കായി അരങ്ങേറ്റം കുറിക്കുന്ന 294 മത്തെ താരമാണ് ഷർദ്ദുൾ.



കാലു പിടിക്കാം...കോട്ടയത്ത് നടന്ന സൗത്ത് സോൺ സ്കൂൾ ഗെയിംസിൽ പത്തൊൻപത് വയസിൽ താഴെയുള്ള വരുടെ(പെൺ) കബഡി ഫൈനൽ മത്സരത്തിൽ കൊല്ലത്തിനെതിരെ കോട്ടയം പോയിന്റ് നേടുന്നു. കൊല്ലം ജേതാക്കളായി
ഫോട്ടോ: ശ്രീകുമാർ ആലപ്ര

### ലോക ചാമ്പ്യൻഷിപ്പിന് സീഡിംഗ് നേടുന്ന ആദ്യ ഇന്ത്യൻ ഗുസ്തി താരമായി ബജ്റംഗ് പൂനിയ

കൊച്ചി: ഒക്ടോബർ 20 മുതൽ 28 വരെ ഹങ്കറിയുടെ തലസ്ഥാനമായ ബുഡാപെസ്റ്റിൽ നടക്കുന്ന ലോക റെസ്‌ലിംഗ് ചാമ്പ്യൻഷിപ്പിന്റെ ടോപ് സീഡ് താരങ്ങളിൽ ഇന്ത്യൻ ഗുസ്തി താരം ബജ്റംഗ് പൂനിയയും. 65 കിലോഗ്രാം ഫ്രീസ്റ്റൈൽ ഗുസ്തി വിഭാഗത്തിലാണ് ബജ്റംഗ് മൂന്നാം സീഡായി തെരഞ്ഞെടുക്കപ്പെട്ടത്. ലോക ചാമ്പ്യൻഷിപ്പിന് ഇതാദ്യമായാണ് റെസ്‌ലിംഗിന്റെ പരമോന്നത ബോഡിയായ യുണൈറ്റഡ് വേൾഡ് റെസ്‌ലിംഗ് (യു.ഡബ്ല്യു.ഡബ്ല്യു) സീഡിംഗ് സംവിധാനം ഏർപ്പെടുത്തുന്നത്. 2017ൽ ഏർപ്പെടുത്തിയ റാങ്കിംഗ് സംവിധാനത്തിന് പിന്നാലെയാണ് പ്രീചാമ്പ്യൻഷിപ്പ് പ്രകടനത്തിന്റെ അടിസ്ഥാനത്തിൽ സീഡിംഗും ഇത്തവണ ഏർപ്പെടുത്തിയത്. നേരത്തെ നറുക്കെടുപ്പിലൂടെയായിരുന്ന മത്സരക്രമവും എതിരാളികളെയും നിശ്ചയിച്ചിരുന്നത്. ലോക ചാമ്പ്യൻഷിപ്പിന് സീഡിംഗ് ലഭിക്കുന്ന ആദ്യ ഇന്ത്യൻ താരമെന്ന നേട്ടവും ബജ്റംഗ് സ്വന്തമാക്കി.

അമ്പത് പോയിന്റ് നേടി തുർക്കിയുടെ സെലാഹദീൻ കിലിക്സലായനാണ് 65 കിലോ ഗ്രാം ഫ്രീസ്റ്റൈൽ വിഭാഗത്തിൽ ഒന്നാം സീഡ്. റഷ്യയുടെ ഇല്യാസ് ബെക്ബുലാതോവാണ് രണ്ടാം സീഡ്. മൂന്നാം സീഡായ ബജ്റംഗ് 45 പോയിന്റുകളാണ് പ്രീചാമ്പ്യൻഷിപ്പുകളിലൂടെ നേടിയത്.

# വൻമതിൽ തകർക്കാൻ ഇന്ത്യ

- ഇന്ത്യ vs ചൈന മത്സരം ഇന്ന്
- വൈകിട്ട് 5.05 മുതൽ സ്റ്റാർ സ്പോർട്സ് ചാനലുകളിൽ തത്സമയം

സുഷൗ: അന്താരാഷ്ട്ര സൗഹൃദ ഫുട്ബാൾ മത്സരത്തിൽ ഇന്ത്യ ഇന്ന് ചൈനയെ നേരിടും. ഇരുപത്തൊന്ന് വർഷത്തെ ഇടവേളയ്ക്ക് ശേഷമാണ് ഇന്ത്യയും ചൈനയും ഫുട്ബാൾ മൈതാനത്ത് മുഖാമുഖം വരുന്നത്. ഇന്ത്യൻ ടീം ആദ്യമായാണ് ചൈനയിൽ ഫുട്ബാൾ തട്ടാനിറങ്ങുന്നത്. ചൈനീസ് നഗരമായ സുഷൗവിലെ ഒളിമ്പിക് സ്പോർട്സ് സെന്റർ സ്റ്റേഡിയത്തിൽ വൈകിട്ട് 5.05 മുതലാണ് മത്സരം. ഇതുവരെ മുഖാമുഖം വന്ന 17 മത്സരങ്ങളിൽ ഒരെണ്ണത്തിൽ പോലും ഇന്ത്യയ്ക്ക് ജയിക്കാനായിട്ടില്ല. ചൈന പന്ത്രണ്ട് മത്സരങ്ങളിൽ ജയം നേടിയിട്ടുണ്ട്.

മലയാളി താരങ്ങളായ അനസ് എടത്തൊടികയും ആഷിഖ് കരുണിയനും അടങ്ങുന്ന ഇന്ത്യൻടീം കേരളബ്ലാസ്റ്റേഴ്സിന്റെ നായകൻ സന്ദേശ് ജിങ്കന്റെ നേതൃത്വത്തിലാണ് കളത്തിലിറങ്ങുന്നത്. 1997ലെ നെഹ്റുകപ്പിൽ കൊച്ചിയിൽ വച്ചാണ് ഇരുടീമും അവസാനം മുഖാമുഖം വന്നത്. ആ മത്സരത്തിൽ ചൈന 2-1ന് ഇന്ത്യയെ കീഴടക്കി. അടുത്ത വർഷത്തെ എ.എഫ്.സി കപ്പ് മുൻനിറുത്തിയുള്ള പരിചയമാണ് ഈ മത്സരത്തിലൂടെ ഇന്ത്യ ലക്ഷ്യമിടുന്നത്.



ഇന്ത്യൻ ടീം പരിശീലനത്തിൽ

# ഇന്ത്യ - വിൻഡീസ് ഏകദിനം: ടിക്കറ്റ് വില്പന 17മുതൽ

കഴക്കൂട്ടം: നവംബർ ഒന്നിന് കാര്യവട്ടം സ്പോർട്സ് ഹബിൽ നടക്കുന്ന ഇന്ത്യയും വെസ്റ്റിൻഡീസും തമ്മിലുള്ള ഏകദിന മത്സരത്തിന്റെ ടിക്കറ്റ് വില്പന 17ന് തുടങ്ങുമെന്ന് കേരള ക്രിക്കറ്റ് അസോസിയേഷൻ ഭാരവാഹികൾ അറിയിച്ചു. 17 രാവിലെ മന്ത്രി ഇ.പി. ജയരാജൻ ടിക്കറ്റുകളുടെ വിതരണോദ്ഘാടനം നിർവഹിക്കും. ഓൺലൈൻ വഴിയാണ് ടിക്കറ്റ് വില്പന. പേടിഎമ്മാണ് ടിക്കറ്റിംഗ് പാർട്ണർ. ഓൺലൈൻ ടിക്കറ്റ് ബുക്ക് ചെയ്യുന്നവർക്ക് മൊബൈലിലെ ടിക്കറ്റ് പകർപ്പോ, പ്രിന്റൗട്ടോ എടുത്ത് സ്റ്റേഡിയത്തിനകത്ത് പ്രവേശിക്കാം. ആയിരം, രണ്ടായിരം, മൂവായിരം എന്നിങ്ങനെയാണ് ടിക്കറ്റ് നിരക്കുകൾ. വിദ്യാർത്ഥികൾക്ക് അമ്പതു ശതമാനം ഇളവ് ഉണ്ടായിരിക്കും



30 ന ജെറ്റ് എയർവേസിന്റെ വിമാനത്തിൽ ഇരു ടീമുകളും തിരുവനന്തപുരത്തെത്തും. 31 രാവിലെ വെസ്റ്റിൻഡീസ് ടീമും ഉച്ചകഴിഞ്ഞ് ഇന്ത്യൻ ടീമും സ്പോർട്സ് ഹബിൽ പരിശീലനം നടത്തും. ഇത് കാണുന്നതിനും കാണികൾക്കു സൗകര്യം ഒരുക്കുന്നതിനെ പറ്റി ആലോചിക്കുന്നുണ്ട്. ഒന്നാം തീയതി ഉച്ചക്ക് ഒന്നരമുതൽ രാത്രി ഒമ്പതരയാണ് മത്സരം. അന്ന് രാവിലെ 10 .30 മുതലാണ് കാണികൾക്ക് സ്റ്റേഡിയത്തിൽ പ്രവേശനം അനുവദിച്ചിട്ടുള്ളത്.

മത്സരത്തിനായുള്ള ഒരുക്കങ്ങളും കെ.സി.എ ക്യൂറേറ്റർ ബിജുവിന്റെ നേതൃത്വത്തിൽ പിച്ച് നിർമാണവും അവസാന ഘട്ടത്തിലെത്തി. ഇന്നലെ സ്പോർട്സ് ഹബിൽ കേരള ക്രിക്കറ്റ് അസോസിയേഷന്റെ നേതൃത്വത്തിൽ നടന്ന സംഘാടക സമിതി രൂപീകരണ യോഗം മന്ത്രി കടകംപള്ളി സുരേന്ദ്രൻ ഉദ്ഘാടനം ചെയ്തു.

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് കെ.സി.എ സ്വരൂപിച്ച 50 ലക്ഷം രൂപ ഇന്ന് മുഖ്യമന്ത്രിക്ക് കൈമാറുമെന്ന് കെ.സി.എ ട്രഷറർ കെ.എം. അബ്ദുറഹിമാൻ പ്രഖ്യാപിച്ചു. കെ.സി.എ പ്രസിഡന്റ് സജൻ കെ.വർഗീസ് ചടങ്ങിൽ അദ്ധ്യക്ഷത വഹിച്ചു. തിരുവനന്തപുരം കോർപ്പറേഷൻ വിദ്യാഭ്യാസ കായിക സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ സുദർശനൻ, ബി.സി.സി.ഐ അംഗം ജയേഷ് ജോർജ്, കെ.സി.എ ജോയിന്റ് സെക്രട്ടറി രജിത്ത് രാജേന്ദ്രൻ എന്നിവർ സംസാരിച്ചു.

# ജൂനിയർ അത്‌ലറ്റിക്സ്: തൃശൂർ മുന്നേറുന്നു

തിരുവനന്തപുരം: സംസ്ഥാന ജൂനിയർ അത്‌ലറ്റിക് ചാംപ്യൻഷിപ്പിൽ ആദ്യ ദിനത്തിലെ മത്സരങ്ങൾ അവസാനിക്കുമ്പോൾ 9 സ്വർണവും 5 വെള്ളിയും മൂന്ന് വെങ്കലവും ഉൾപ്പടെ നേടി 125 പോയിന്റുമായി തൃശ്ശൂർ ഒന്നാം സ്ഥാനത്തെത്തി. ചന്ദ്രശേഖരൻ നായർ സ്റ്റേഡിയ വേദിയായ മീറ്റിൽ10 സ്വർണവും മൂന്ന് വീതം വെള്ളിയും വെങ്കലവും നേടി 114 പോയിന്റുമായി ആതിഥേയരായ തിരുവനന്തപുരമാണ് രണ്ടാം സ്ഥാനത്ത്. പാലക്കാട് ജില്ല 108 പോയിന്റുമായി മൂന്നാം സ്ഥാനത്തും 105പോയിന്റുള്ള എറണാകുളം നാലാം സ്ഥാനത്തുമാണ്. 31 ഫൈനലുകൾ പൂർത്തിയായ ഇന്നലെ അഞ്ച് റെക്കാഡുകളാണ് പിറന്നത്. ആദ്യദിനത്തിൽ 36 ഫൈനലുകൾ പൂർത്തിയായപ്പോൾ ആറ് മീറ്റ് റെക്കാഡുകളാണ് പിറന്നത്.

അണ്ടർ 14 പെൺകുട്ടികളുടെ ട്രയാത്‌ലണിൽ കോഴിക്കോടിന്റെ നന്ദന 1523 പോയിന്റുമായി പുതിയ മീറ്റ് റെക്കാഡ് സ്ഥാപിച്ചു. അണ്ടർ 18 യൂത്ത് പെൺകുട്ടികളുടെ ലോംഗ്ജമ്പിൽ തൃശൂരിന്റെ ആൻസി സോജൻ 5.89 മീറ്റർ ദൂരം ചാടി തന്റെ തന്നെ പേരിലുള്ള മീറ്റ് റെക്കാഡ് തിരുത്തിയെഴുതി. അണ്ടർ20 ജൂനിയർ പെൺകുട്ടികളുടെ ഷോട്പുട്ടിൽ തിരുവനന്തപുരത്തിന്റെ മേഘ മറിയം മാത്യു 13.32 മീറ്റർ ദൂരത്തേക്ക് ഷോട്ട് പായിച്ച് പുതിയ റെക്കാഡ് കുറിച്ചു. അണ്ടർ 14 ആൺകുട്ടികളുടെ ഷോട്ട്പുട്ടിൽ ആലപ്പുഴയുടെ രാജ് കുമാർ 14.25 മീറ്റർ ദൂരം എറിഞ്ഞ് റെക്കാഡ് പുസ്തകത്തിൽ ഇടം നേടിയപ്പോൾ അണ്ടർ 18 യൂത്ത് ആൺകുട്ടികളുടെ 100 മീറ്ററിൽ തിരുവനന്തപുരത്തിന്റെ സി അഭിനവ് 10.77 സെക്കന്റിൽ ഫിനിഷ് ചെയ്ത് റെക്കാഡ് തിളക്കത്തോടെ സ്വർണമണിഞ്ഞു. 10.84 സെക്കന്റിൽ ഫിനിഷ് ചെയ്ത് വെള്ളിനേടിയ തിരുവനന്തപുരത്തിന്റെ തന്നെ കെ. ബിജിതും നിലവിലെ മീറ്റ് റെക്കാഡിനെ മറികടക്കുന്ന പ്രകടനം നടത്തി. ചാംപ്യൻഷിപ്പിന്റെ രണ്ടാം ദിനമായ ഇന്ന് 40 ഫൈനലുകൾ നടക്കും.



അണ്ടർ 18 പെൺകുട്ടികളുടെ ലോംഗ് ജമ്പിൽ തൃശ്ശൂരിന്റെ ആൻസി സോജൻ റെക്കാഡോടെ സ്വർണം നേടുന്ന



അണ്ടർ 20 പെൺകുട്ടികളുടെ ഷോട്ട്പുട്ടിൽ റെക്കാഡോടെ സ്വർണം നേടിയ തിരുവനന്തപുരത്തിന്റെ മേഘാ മറിയം മാത്യു



അണ്ടർ 14 ആൺകുട്ടികളുടെ ലോംഗ്ജമ്പിൽ സ്വർണം നേടിയ തിരുവനന്തപുരത്തിന്റെ അപ്പു. കെ. ബി.

ചിത്രങ്ങൾ: അജയ് മധു





### എൽ.ദിവാകരൻ

**ഉഴമലയ്ക്കൽ:** അയ്യപ്പൻകുഴി അശ്വതിഭവനിൽ എൽ.ദിവാകരൻ (68, ഉഴമലയ്ക്കൽ ശ്രീനാരായണ ഹയർസെക്കൻഡറി സ്‌കൂൾ മുൻ മാനേജിംഗ് കമ്മിറ്റിയംഗം) നിര്യാതനായി. ഭാര്യ : എസ്.ബേബി. മക്കൾ : രഞ്ജിത്ത് ദിവാകരൻ (കേരള വാട്ടർ അതോറിട്ടി), പരേതനായ രാകേഷ് ദിവാകരൻ. മരുമകൾ : രതീന.യു.ആർ. സഞ്ചയനം 16ന് രാവിലെ എട്ടരയ്ക്ക്. ഫോൺ : 9846625539.



### ശാരദാമ്മ

**തിരുമല :** കൈരളി ഗാർഡൻസ് ഇ-231 (എ) എസ്.വി സദനത്തിൽ ശാരദാമ്മ (85) നിര്യാതയായി. മക്കൾ : വസന്തകുമാരി, പ്രഭാകരൻ നായർ, ലളിതാംബിക, രാധാകൃഷ്ണൻ, രമാദേവി. മരുമക്കൾ : പരേതനായ ചന്ദ്രശേഖരൻ നായർ, പരേതയായ നിർമ്മല കുമാരി, വേണുഗോപാലൻ നായർ, രാധാമണി, മാധവൻകുട്ടി. സഞ്ചയനം ചൊവ്വാഴ്ച രാവിലെ 8ന്. ഫോൺ : 9048497199.



### സെൽവി

**വട്ടപ്പാറ :** പുങ്കുംമൂട് യേശുദാസ് മന്ദിരത്തിൽ പരേതനായ കൃഷ്ണൻകുട്ടിയുടെ ഭാര്യ സെൽവി (55) നിര്യാതയായി. മക്കൾ: ഷീജ, യേശുദാസ്. മരുമക്കൾ: ജോൺ, പ്രിൻസി. പ്രാർത്ഥന: വ്യാഴാഴ്ച രാവിലെ 8ന് വട്ടപ്പാറ സെന്റ് സേവ്യഴ്സ് ചർച്ചിൽ.



### കമല

**ചിറയിൻകീഴ്:** കുന്തള്ളൂർ കുന്നിൽ പേയ്ക്കാവിളവീട്ടിൽ രാജന്റെ ഭാര്യ കമല (68) നിര്യാതയായി. മക്കൾ: അജയകുമാർ, അജി, അജിത, സലില. മരുമക്കൾ: മനു, സരിത, ജയചന്ദ്രൻ, സേതു. സംസ്കാരം ഇന്ന് രാവിലെ 8.30ന്



### ലളിതാബായി

**നരുവാമൂട്:** കൃഷ്ണ ഭവനിൽ പരേതനായ കൃഷ്ണപണിക്കരുടെ ഭാര്യ പി.ജെ. ലളിതാബായി (90, റിട്ട. ബ്ലൈൻഡ്സ്‌കൂൾ ടീച്ചർ, വഴുതയ്ക്കാട്) നിര്യാതയായി. മക്കൾ : സൂരജ് കുമാർ, മിനി. മരുമക്കൾ : ബിന്ദു, സതീഷ്‌കുമാർ. സഞ്ചയനം വ്യാഴാഴ്ച രാവിലെ 9ന്.



### ടി.ദേവദാസ്

**മയ്യനാട്:** ധന്യ നഗർ 82 ധന്യയിൽ (ആശാരിക്കുടി) ടി. ദേവദാസ് (90, റിട്ട. ഹൈസ്‌കൂൾ ഹെഡ്മാസ്റ്റർ) നിര്യാതനായി. . ഭാര്യ: പൊന്നമ്മ.



### രാജലക്ഷ്മി

**തിരുവനന്തപുരം :** പേട്ട കവറടി കോളശേരി വീട്ടിൽ പരേതനായ നൃപേന്ദ്രനാഥിന്റെ ഭാര്യ രാജലക്ഷ്മി (75) നിര്യാതയായി. മക്കൾ : ലക്ഷ്മി (റെയിൻബോസ്‌കൂൾ, പേട്ട), ആതിര (ഏഷ്യാനെറ്റ്). മരുമക്കൾ : അനിൽകുമാർ, രാജേഷ്. സഞ്ചയനം : ചൊവ്വാഴ്ച രാവിലെ 8.30ന്. ഫോൺ 9388405400.



### ശാരദകുമാരി അമ്മ

**വഞ്ചിയൂർ :** പാറ്റൂർ ലക്ഷ്മി നിവാസ് പി.ഇ.ആർ.എ22-ൽ പരേതനായ എസ്. അപ്പുക്കുട്ടൻ നായരുടെ ഭാര്യ സി. ശാരദകുമാരി അമ്മ (83) നിര്യാതയായി. മക്കൾ : ഹരീന്ദ്രനാഥ്, കുമാരി ഗീത, രമാദേവി, കുമാരി ശോഭന, രവീന്ദ്രനാഥ്. മരുമക്കൾ: ലേഖകുമാരി, ഗിരിജൻ, തുളസീധരൻ നായർ, അഡ്വ. ജയപാലൻ തമ്പി, ശിവകല. സഞ്ചയനം : വ്യാഴാഴ്ച രാവിലെ 8.30ന്. ഫോൺ: 9746444682.



### വനജാക്ഷി

**കോവളം :** വെള്ളാർ ഷാജിനിവാസിൽ വനജാക്ഷി (84) നിര്യാതയായി. മക്കൾ : ഷാജി (ആർ.വൈ.എഫ് മുൻ സംസ്ഥാന കമ്മിറ്റി അംഗം), ലത. മരുമകൾ : സുൽഫാറാണി (എം.ഐ.ജി കേരള പ്രോജക്ട്). സഞ്ചയനം : ചൊവ്വാഴ്ച രാവിലെ 9ന്. ഫോൺ: 9995759881.



### രുദ്രായണിഅമ്മ

**പോത്തൻകോട് :** മോട്ടൂർക്കോണം തിരുവാതിര വീട്ടിൽ രുദ്രായണിഅമ്മ (97) നിര്യാതയായി. സഞ്ചയനം : വ്യാഴാഴ്ച രാവിലെ 9ന്. ഫോൺ: 9947539527.



### സരസമ്മ

**കിളിമാനൂർ :** കൊപ്പം എ.എസ് മന്ദിരത്തിൽ സരസമ്മ കെ. (റിട്ട. അദ്ധ്യാപിക ആർ. ആർ. വി സ്‌കൂൾ ) നിര്യാതയായി. സഞ്ചയനം തിങ്കൾ ഒൻപതിന്.



### പ്രഭാവതി

**ആനാട്:** പുനവക്കുന്ന് ദേവികൃപയിൽ പരേതനായ രവീന്ദ്രന്റെ ഭാര്യ പ്രഭാവതി (70, ഓമന) നിര്യാതയായി. സംസ്കാരം നടത്തി. മക്കൾ: അനിൽകുമാർ, അജിത, അനിത, സുനിത. മരുമക്കൾ : ജി. ബിന്ദു, എം. വിജയൻ, എസ്. രാജൻ, ജി. സുകു.



### കൃഷ്ണപിള്ള

**തിരുവനന്തപുരം :** ചാല പുകയിലകട വീട്ടിൽ സുന്ദര മന്ദിരത്തിൽ ടി.സി 39/718 ൽ ഇ. കൃഷ്ണപിള്ള (91) നിര്യാതനായി. ഭാര്യ : എം. താണു അമ്മാൾ. മകൻ : കെ.ഇ. മൂർത്തി (റിട്ട. സെക്രട്ടേറിയറ്റ്). മരുമകൾ: കമലാദേവി. ഫോൺ: 8848164326.



### സരസമ്മ

**വെള്ളായണി:** തെന്നൂർ ശാസ്താലയലിൽ ശ്രീവത്സം വീട്ടിൽ പരേതനായ കൃഷ്ണപിള്ളയുടെ ഭാര്യ സരസമ്മ (86) നിര്യാതയായി. മക്കൾ : വത്സല, തങ്കമണി, പരേതനായ സുരേന്ദ്രൻ നായർ. മരുമക്കൾ : പരേതനായ സുകുമാരൻ നായർ, ജഗന്നാഥൻ നായർ, ശ്രീകല. സഞ്ചയനം : ഞായറാഴ്ച രാവിലെ 8.30ന്. ഫോൺ: 8765940479.



### വിക്രമൻ ആശാരി

**നെടുമങ്ങാട്:** കല്ലയം വടക്കേതിൽ വീട്ടിൽ വിക്രമൻ ആശാരി ( 60 ) നിര്യാതനായി. ഭാര്യ ഓമന . മക്കൾ: വിപിൻകുമാർ, അഖിൽ, വിനീത്. മരുമകൾ ആതിര . സഞ്ചയനം വ്യാഴാഴ്ച രാവിലെ 9 മണിക്ക്.



### ക്രിസ്റ്റീന

**കഴക്കൂട്ടം:** വെട്ടുകാട് സെന്റ് ഡൊമിനിക്ക് ബി.സി. കോട്ടേജിൽ പരേതനായ ബർണബാസ് ഡിക്രൂസിന്റെ ഭാര്യ ക്രിസ്റ്റീന ബർണബാസ് (63) നിര്യാതയായി. സംസ്കാരം ഇന്ന് 1.30ന് സെന്റ് ഡൊമിനിക് ദേവാലയത്തിൽ. മക്കൾ: മാത്യു ഡിക്രൂസ്, അൽഫോൺസാ അലക്സ്, സ്റ്റീഫൻ ഡിക്രൂസ്.



### സരോജിനി അമ്മ

**വഴുതയ്ക്കാട്:** ലെനിൻ നഗർ കുളംനികത്തിയ പുത്തൻവീട്ടിൽ ഗോപിനാഥൻ നായരുടെ ഭാര്യ സരോജിനിഅമ്മ (82) നിര്യാതയായി. മക്കൾ: വസന്തകുമാരി, വേണുഗോപാൽ, നിർമ്മല, ഗീതകുമാരി. മരുമക്കൾ: സുരേന്ദ്രൻ, തുളസി, രാജൻ, മോഹനൻ. സഞ്ചയനം : 16ന് രാവിലെ 8.30ന്.



### ശാരദ

**പേരൂർക്കട:** കുടപ്പനക്കുന്ന് ലക്ഷംവീട് വീട്ടുനമ്പർ പത്തിൽ ശാരദ (65) നിര്യാതയായി. ഭർത്താവ് സണ്ണി. മക്കൾ: സുരേഷ് കുമാർ, സനൽ കുമാർ, ശോഭന. മരുമക്കൾ : വത്സല, ശോഭ, സതീശൻ.



### പൊന്നമ്മ

**കടയ്ക്കാവൂർ:** നെടുങ്ങണ്ട മേലേകോതച്ചിവിളാകത്ത് പരേതനായ സദാനന്ദന്റെ ഭാര്യ പൊന്നമ്മ (72) നിര്യാതയായി. മക്കൾ: പരേതനായ ശിവദാസൻ, അംബുജാക്ഷി, സരസ്വതി, മണികണ്ഠൻ. മരുമക്കൾ: ഉഷ, രവീന്ദ്രൻ, രാജേന്ദ്രൻ, രജനി. സഞ്ചാന്യം ഞായറാഴ്ച രാവിലെ 8ന്.



### തോമസ് കുരുവിള

**ശ്രീകാര്യം:** ചെറുവയ്ക്കൽ അയോദ്ധ്യനഗറിൽ വെട്ടത്ത് തോമസ് കുരുവിള (54) നിര്യാതനായി. ഭാര്യ മറിയാമ്മ തോമസ്. മകൻ പ്രിൻസ് തോമസ്. പ്രാർത്ഥന എഞ്ചിനീയറിംഗ് കോളേജ് സെന്റ് ജോസഫ് എമ്മാവൂസ് ചർച്ചിൽ ഉച്ചയ്ക്ക് 2ന്.



### റോബർട്ട് മിരാന്റ

**തിരുവനന്തപുരം :** ചെറിയതുറ വാട്ട്സ് റോഡ്, മെറ്റിൽഡാ ഹൗസിൽ, റോബർട്ട് മിരാന്റ (69) നിര്യാതനായി. ഭാര്യ : മെറ്റിൽഡാ റോബർട്ട്. മകൻ: ജഫേഴ്സൺ മിരാന്റ. മരുമകൾ: വിനീത ജെഫേഴ്സൺ. മരണാനന്തര ചടങ്ങ് ഇന്ന് 3ന് വലിയതുറ സെന്റാണിസ് ഫെറോനാ ദേവാലയത്തിൽ. ഫോൺ: 9447050385



### തങ്കമ്മ

**പള്ളിച്ചൽ:** കക്കാകുഴി കാരുണ്യയിൽ പരേതനായ വേലായുധൻ നാടാരുടെ ഭാര്യ തങ്കമ്മ നിര്യാതയായി. മക്കൾ : പരേതനായ മുരളി, സരോജം, വത്സല, മണിയൻ. മരുമക്കൾ : ശ്യാമള, ഗംഗാധരൻ, രാജൻ, മണി, ഇന്ദിര. ഫോൺ: 9444491122.

### എൻ. ചന്ദ്രശേഖരൻ പിള്ള

**കുന്നത്തൂർ:** നെടിയവിള കാരയ്ക്കാട്ട് വീട്ടിൽ എൻ. ചന്ദ്രശേഖരൻപിള്ള (65, മുൻ പഞ്ചായത്ത് വൈസ് പ്രസിഡന്റ്) നിര്യാതനായി. സംസ്കാരം ഇന്ന് വൈകിട്ട് 3ന് വീട്ടുവളപ്പിൽ. ഭാര്യ: മീരാഭായി. മകൾ: ആര്യാപാർവതി. മരുമകൻ: വിപിൻ വിജയ്. ഫോൺ: 9847531536.



### എച്ച്.എസ്.മണി

**ശ്രീവരാഹം:** ചേപ്പിൽ റോഡ് സി എൽ ആർ എ 28A ൽ എച്ച്. എസ്. മണി ( 80, റിട്ട. എൽ ഐ സി ) നിര്യാതനായി. ഭാര്യ : ലക്ഷ്മി അമ്മാൾ. മക്കൾ : പരേതനായ ശങ്കർ, ജയന്തി (ടെക്നോപാർക്ക്). മരുമക്കൾ : ഷൈല, ജ്ഞാനശേഖർ (സി. എ ). സംസ്കാരം പുത്തൻകോട്ട ബ്രാഹ്മണ സമുദായ രുദ്രഭൂമിയിൽ നടന്നു. കേരള ബ്രാഹ്മണ സഭ മുൻ ജില്ലാ സെക്രട്ടറി, അനന്തശയനം സഹകരണ ബാങ്ക് മുൻ ഡയറക്ടർ, സ്വാതി തിരുനാൾ സംഗീത സഭ മുൻ ഭരണസമിതി അംഗം തുടങ്ങിയ നിലകളിൽ പ്രവർത്തിച്ചിരുന്നു.



### ഗോപകുമാർ

**നെയ്യാറ്റിൻകര:** കാരക്കോണം മേല്പാല പൂവന്തറവീട്ടിൽ ഗോപകുമാർ (48) നിര്യാതനായി. ഭാര്യ പ്രതിഭ. മക്കൾ: അഞ്ജന പി. നായർ, കൈലാസ് ജി. നാഥ്. അച്ഛൻ: വിശ്വനാഥൻ നായർ. അമ്മ സരോജിനി. സഞ്ചയനം 16 ന് രാവിലെ 9 മണിക്ക്. ഫോൺ: 9895786396



### വിൻസന്റ് ലോപ്പസ്

**കൊച്ചുവേളി :** സുനിതഭവൻ ടി.സി 32/408-ൽ വിൻസന്റ് ലോപ്പസ് (72) നിര്യാതനായി. ഭാര്യ: മേരിക്കുട്ടി. മക്കൾ: ലില്ലിക്കുട്ടി, മേഴ്സി, മോളി. മരുമക്കൾ: റോബർട്ട് വർഗീസ് (ഗൾഫ്), ഫ്രാൻസിസ്, ഷെല്ലിൻ. മരണാനന്തരചടങ്ങ് ഇന്ന് വൈകിട്ട് 4ന് കൊച്ചുവേളി സെന്റ് ജോസഫ് ദേവാലയത്തിൽ.



### സി.പി അമ്മിണിയമ്മാൾ

**കായംകുളം:** കാരക്കാട്ട് വീട്ടിൽ പരേതനായ പി.ഡബ്ല്യു.ഡി കോൺട്രാക്ടർ എസ്. മാധവൻപിള്ളയുടെ ഭാര്യ സി.പി അമ്മിണിയമ്മാൾ (97) നിര്യാതയായി. മക്കൾ: എം. വസന്തകുമാരി, എം.വത്സലാകുമാരി, എം.പ്രസന്നകുമാരി, എം. ബീന. മരുമക്കൾ: പി. കെ. രാമചന്ദ്രൻപിള്ള, വി. സുരേഷ്‌കുമാർ (റിട്ട. ഗവ പ്രസ്, തിരുവനന്തപുരം), പരേതനായ കെ.ആർ.ശങ്കരപിള്ള.



### ചന്ദ്രശേഖരൻ നായർ

**തിരുവനന്തപുരം:** ഉള്ളൂർക്കോണം രമാമന്ദരിത്തിൽ ചന്ദ്രശേഖരൻ നായർ (77) നിര്യാതനായി. ഭാര്യ: ലളിത. മക്കൾ: രമാദേവി, ശ്രീദേവി, ശ്രീജാ ദേവി. മരുമക്കൾ: ഉണ്ണിക്കൃഷ്ണൻ നായർ, അജയകുമാർ, പ്രദീപ് കുമാർ. സഞ്ചയനം: ചൊവ്വാഴ്ച രാവിലെ 8.30ന്. ഫോൺ: 8547994339.



### കെ.എം. ഫിലിപ്പ്

**കല്ലയം:** കരിമ്പിൽ കോട്ടേജിൽ കെ.എം. ഫിലിപ്പ് (75) നിര്യാതനായി. ഭാര്യ: ലീലാമ്മ ഫിലിപ്പ്. മക്കൾ: സാന്ദ ഫിലിപ്പ് (പാസ്റ്റർ അയർലൻഡ്), ഡോ. സുനിൽ ഫിലിപ്പ്, സുനിത ഫിലിപ്പ് (ബംഗളൂരു). മരുമക്കൾ: ജെസിപെരുമ്പാവൂർ, സജ്ജയ് (ബംഗളൂരു). സംസ്കാരം ഇന്ന് രാവിലെ 9ന് ശുശ്രൂഷയ്ക്ക് ശേഷം 12ന് ഐ.പി.സി ജയോത്സവം ചർച്ചിന്റെ നെട്ടയം മലമുകളിൽ.



### ഡി.നാരായണ കുറുപ്പ്

**നെടുമങ്ങാട്:** കല്ലാർ ശ്രീരജനിയിൽ ഡി.നാരായണ കുറുപ്പ് (74) നിര്യാതനായി. ഭാര്യ : എസ്.രമാദേവി. മക്കൾ: രജനി കുറുപ്പ്, രതികാ കുറുപ്പ്. മരുമക്കൾ: കെ.ഉദയകുമാർ, കൃഷ്ണകുമാർ. സംസ്കാരം പുലിപ്പാറയിൽ മൂത്ത മകളുടെ വീടായ ശ്രീഭവനിലെ വളപ്പിൽ ഇന്ന് രാവിലെ 8.30ന്.



### ഡോ. ജി. ഹരികുമാർ

**കൊല്ലം:** വടക്കേവിള നഗർ ബി /4/2 ശ്രീഗോവിന്ദിൽ (ചിത്തിരവീട്) പരേതരായ വി. ഗോവിന്ദപിള്ളയുടെയും യശോദാമ്മാളിന്റെയും മകൻ ഡോ. ജി. ഹരികുമാർ (71) നിര്യാതനായി. ഭാര്യ: ഗീതാ ഹരികുമാർ. മക്കൾ: ജി.എച്ച്. മഞ്ജു (എസ്.ബി.ഐ മാനേജർ), ജി.എച്ച്. രാജി (ഓഡിയോളജിസ്റ്റ്). മരുമക്കൾ : അരുൺകുമാർ (ഒ.എൻ.ജി.സി), പരേതനായ ശങ്കർ.

### മനോജ്

**എഴുകോൺ:** ഇടയ്ക്കോട് ലക്ഷംവീട്ടിൽ മനോജ് (45, പൊടിമോൻ) നിര്യാതനായി. ഭാര്യ: സുജാത.



### സോമൻ

**തിരുവനന്തപുരം :** മൂലവിളാകം എം.ആർ.എ 64ൽ സോമൻ ടി.പി (55, സി.പി.എം കണ്ണാശുപത്രി ബ്രാഞ്ച് അംഗം) നിര്യാതനായി. ഭാര്യ വത്സല (സ്റ്റേറ്റ് ഡ്രഗ്സ് കൺട്രോൾ ഓഫീസ്) . മകൻ ശ്രേയക്. സഞ്ചയനം : തിങ്കളാഴ്ച രാവിലെ 9ന് ഫോൺ: 9847200085.



### യു എ ഇ യിൽ മരിച്ച എസ്.രാജു

**വർക്കല:** ഇടവ മൂന്നുമൂല കളമിട്ടതിൽ വീട്ടിൽ എസ്.രാജു (അമ്പു 47) യു എ ഇ യിൽ നിര്യാതനായി. ഭാര്യ പ്രീതി. മക്കൾ: ശ്രീലക്ഷ്മി, ഭാഗ്യലക്ഷ്മി, യദുകൃഷ്ണൻ. സംസ്കാരം ഇന്ന് രാവിലെ 10.30ന്.



### ബാലചന്ദ്രൻ

**മുരുക്കുംപുഴ :** കുളങ്ങര വീട്ടിൽ സരോജത്തിൽ പരേതനായ ഗംഗാധരന്റെ മകൻ ജി. ബാലചന്ദ്രൻ (63) നിര്യാതനായി. ഭാര്യ: ശശികല. മകൾ: രമ്യബാലചന്ദ്രൻ. മരുമകൻ: സുമേഷ്. സംസ്കാരം: ഇന്ന് രാവിലെ 10.30ന് വീട്ടുവളപ്പിൽ.



### ഷൺമുഖൻ ആശാരി

**മുടവൻമുകൾ :** കേശവദേവ് റോഡ് സായൂജ്യത്തിൽ കെ.ഇ.ആർ.എ 16- എ കെ. ഷൺമുഖൻ ആശാരി (80) നിര്യാതനായി. ഭാര്യ പത്മാക്ഷി. മക്കൾ: ലതകുമാരി, ലതികുമാർ (ബിൽഡിംഗ് ഡിസൈനർ ), ലതീഷ് കുമാർ ( ഇലക്ട്രീഷ്യൻ ശ്രീചിത്ര). മരുമക്കൾ: രാമചന്ദ്രൻ (റിട്ട. വ്യവസായ വകുപ്പ്), മായാദേവി, ബിന്ദുകുമാരി (സെന്റ് മേരീസ് സ്കൂൾ, തമലം). സഞ്ചയനം: ചൊവ്വാഴ്ച രാവിലെ 8.30ന്.



### പഴയകാല നടൻ സുകുമാരൻ നായർ

**ചിറയിൻകീഴ്:** പുരവൂർ പ്ലാവറവീട്ടിൽ പി.സുകുമാരൻ നായർ (86) നിര്യാതനായി. ചിറയിൻകീഴ് കൈരളി തീയേറ്റേഴ്സിലെ പഴയകാല നാടക നടനാണ്. മക്കൾ: എസ്.ഷൈജു (വിദേശം), എസ്.ഷാജു (അദ്ധ്യാപകൻ, വിഎച്ച്എസ്എസ് കരവാരം), എസ്. ഇന്ദു. മരുമക്കൾ : ബീന, വിജയകുമാർ (മിലിട്ടറി), ഷൈനി (ഹോർട്ടികോർപ്പ്). സഞ്ചയനം വ്യാഴാഴ്ച രാവിലെ 8.30ന് കൊയ്ത്തൂർക്കോണം രേവതിയിൽ.



### ചെല്ലയ്യൻ നാടാർ

**കോവളം:** മുല്ലൂർ നെല്ലിക്കുന്ന് കിഴക്കരികത്ത് വീട്ടിൽ ചെല്ലയ്യൻ നാടാർ (96) നിര്യാതനായി. ഭാര്യ: പരേതയായ സരസമ്മ. മക്കൾ : മാധവൻ നാടാർ ( റിട്ട. പൊലീസ് ) രാജേന്ദ്രൻ ( റിട്ട. കെ എസ് ആർ ടി സി ) മരുമക്കൾ : വിമല, ശോഭന . സഞ്ചയനം വ്യാഴാഴ്ച രാവിലെ 9 ന്. 9995141149



### ചന്ദ്രൻ

**കല്ലമ്പലം :** കരവാരം തോട്ടയ്ക്കാട് ചന്ദ്രാലയത്തിൽ ചന്ദ്രൻ (59) നിര്യാതനായി. ഭാര്യ ഉഷ. മക്കൾ: ശിവകുമാർ, ശിവപ്രസാദ്. സഞ്ചയനം: 15ന് രാവിലെ 9ന്.



### കെ. സുധാകരൻ

**കൊട്ടാരക്കര:** നീലേശ്വരം ദിവ്യാസിൽ കെ. സുധാകരൻ (64) നിര്യാതനായി. ഭാര്യ : പ്രസന്ന കുമാരി. മകൾ: ദിവ്യ. മരുമകൻ: ദിലീപ്. കേരള കൗമുദി കൊട്ടാരക്കര ലേഖകൻ കെ. ശശികുമാർ സഹോദരനാണ്.

## അജ്ഞാത വാഹനമിടിച്ച് യുവാവ് മരിച്ചു, കുടുംബം വഴിയാധാരമായി

**കിളിമാനൂർ:** കിളിമാനൂർ പൊലീസ് സ്റ്റേഷനു സമീപം എം.സി.റോഡിൽ അജ്ഞാത വാഹനമിടിച്ച് പരിക്കേറ്റ് മെഡിക്കൽ കോളേജ് ആശുപത്രിയിലായിരുന്ന യുവാവ് മരിച്ചു. കിളിമാനൂർ ചാരുപാറ ചേണിക്കുഴി കുന്നിൽ വീട്ടിൽ സജീവ് (40) ആണ് മരിച്ചത്. ഇക്കഴിഞ്ഞ 29 ന് വൈകിട്ട് 7ന് റോഡ് മുറിച്ചുകടക്കവെ സജീവിനെ അജ്ഞാത വാഹനം ഇടിച്ച് തെറിപ്പിക്കുകയായിരുന്നു . പരിക്കേറ്റ് കിടന്ന സജീവിനെ വഴിയാത്രക്കാർ ചേർന്ന് ഗോകുലം മെഡിക്കൽ കോളേജ് ആശുപത്രിയിലും പിന്നീട് തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിലും എത്തിക്കുകയായിരുന്നു. ഐ.സി.യൂണിറ്റിലായിരുന്ന



*സജീവ്*

സജീവ് വെള്ളിയാഴ്ച പുലർച്ചയോടെ മരിച്ചു. ഇയാളുടെ മരണത്തോടെ, നിർദ്ധന കുടുംബം വഴിയാധാരമായി. മൺകുടിലിന്റെ അരഭിത്തിക്കു മുകളിൽ സാരി ചുറ്റിയ മറച്ചാണ് കിടപ്പ്. പലവട്ടം വീടിനായി അപേക്ഷിച്ചിട്ടും കിട്ടിയില്ല. ഭാര്യ ഷീജകുമാരി. മക്കൾ : അബിൻ, ആർച്ച, അർച്ചന.

## കിണറ്റിൽ വീണ ഗൃഹനാഥൻ മരിച്ചു

**പാറശാല:** കിണറ്റിൽ വീണ് പരിക്കേറ്റ് ചികിത്സയിലായിരുന്ന ഗൃഹനാഥൻ മരിച്ചു. ധനുവച്ചപുരത്തിനു സമീപം മേക്കൊല്ല പനങ്കോട്ടുകോണം പി.ആർ. നിവാസിൽ രഘു (53) ആണ് മരിച്ചത്. ഒരാഴ്ച മുൻപ് വൈകിട്ട് വീട്ടുമുറ്റത്തെ കിണറ്റിൽ വീണതിനെ തുടർന്ന് തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിൽ ചികിത്സയിലായിരുന്നു. ഇന്നലെ വെളുപ്പിന് മരിച്ചു. ഭാര്യ ഗീതാകുമാരി. മക്കൾ: രഞ്ജിത്ത്, അഞ്ചു.

## വീട്ടുമുറ്റത്തുവച്ച് പാമ്പുകടിയേറ്റ് മരിച്ചു

**പുത്തൂർ:** പാമ്പുകടിയേറ്റ് തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിൽ ചികിത്സയിലായിരുന്ന വെണ്ടാർ മാത്തിലഴികത്ത് വീട്ടിൽ ദാസപ്പൻപിള്ളയുടെ ഭാര്യ ലക്ഷ്മിക്കുട്ടിഅമ്മ (80) മരിച്ചു. ശനിയാഴ്ച വൈകിട്ട് 7 മണിയോടെ വീട്ടു മുറ്റത്തു വച്ചാണ് പാമ്പുകടിച്ചത്. മക്കൾ: ശോഭനാകുമാരി, ഗീതാകുമാരി, ശശികല. മരുമക്കൾ: പരേതനായ ചന്ദ്ര



*ലക്ഷ്മിക്കുട്ടിഅമ്മ*

ൻപിള്ള, രാജേന്ദ്രൻപിള്ള, രാജേന്ദ്രൻപിള്ള.

## സ്ഥല പരിചയമില്ലാത്തയാൾ വെള്ളക്കെട്ടിൽ വീണ് മരിച്ചു

**കൊട്ടാരക്കര:** അടൂർ ചൂരക്കോട് മനവേലിൽ തെക്കതിൽ വീട്ടിൽ ജോണിന്റെ മകൻ ബേബിജോൺ (26) മൈലത്ത് പാറക്വാറിയിലെ വെള്ളക്കെട്ടിൽ വീണ് മരിച്ചു. ഓട്ടോ റിക്ഷാ ഡ്രൈവറായ ബേബിജോൺ വ്യാഴാഴ്ച മൈലത്തെ ബന്ധുവീട്ടിലെത്തിയതായിരുന്നു.

രാത്രി പത്തു മണിയോടെ പരിസരത്ത് വഴക്കും ബഹളവും കേട്ട് അതേക്കുറിച്ച് അന്വേഷിക്കാൻ പോയ ബേബിജോൺ, ഏറെ ഇരുട്ടിയിട്ടും തിരികെ വന്നില്ല. രാവിലെ നടത്തിയ തിരച്ചിലിലാണ് പാറക്വാറിയിലെ വെള്ളക്കെട്ടിൽ മൃതദേഹം കാണപ്പെട്ടത്. സ്ഥലം പരിചയമില്ലാത്ത ബേബിജോൺ രാത്രിയിൽ കാൽ വഴുതി വീണതാകാമെന്ന് പൊലീസ് പറഞ്ഞു. മാതാവ് മറിയാമ്മ. അലക്സ്, ബേബി സഹോദരങ്ങൾ.

### സ്റ്റെല്ലാമ്മ ഏലിയാസ്

**കൊല്ലം:** ക്രിസ്തുരാജ് എച്ച്.എസ്.എസിലെ റിട്ട. അദ്ധ്യാപകൻ മതിലിൽ കൊച്ചുപടന്നയിൽ വീട്ടിൽ പരേതനായ ആർ. ഏലിയാസിന്റെ ഭാര്യ സ്റ്റെല്ലാമ്മ ഏലിയാസ് (88, റിട്ട. ഹെഡ്മിസ്ട്രസ്, കടവൂർ എൽ.പി.എസ്) നിര്യാതയായി.

## കാണാതായ വിദ്യാർത്ഥിയുടെ മൃതദേഹം ഇത്തിക്കരയാറ്റിൽ

**ചാത്തന്നൂർ:** കാണാതായ പ്ലസ് വൺ വിദ്യാർത്ഥി കുമ്മല്ലൂർ കട്ടച്ചൽ സുരേഷ് ഭവനിൽ സുരേഷ് - സുമ ദമ്പതികളുടെ മകൻ അനീഷിന്റെ (16) മൃതദേഹം ഇത്തിക്കര ആറ്റിൽ . ഇന്നലെ ഉച്ചയ്ക്ക് 12 മണിയോടെ ഇടനാട് കനാൽ അക്വാഡക്ടിന് സമീപത്തെ കടവിൽനിന്ന് ഫയർഫോഴ്സ് സ്‌കൂബ ടീമും ചേർന്നാണ് മൃതദേഹം കരയ്ക്കെടുത്തത്.

ചാത്തന്നൂർ എൻ.എസ്.എസ് ഹയർ സെക്കൻഡറി സ്കൂൾ വിദ്യാർത്ഥിയായ അനീഷിനെ സ്കൂൾ കലോത്സവത്തിൽ പങ്കെടുക്കാൻ വ്യാഴാഴ്ച രാവിലെ പത്തരയോടെ കൂട്ടുകാർ വീട്ടിലെത്തി കൂട്ടിക്കൊണ്ടു പോവുകയായിരു

*അനീഷ്*

ന്നു. രാത്രിയായിട്ടും തിരികെ എത്താതിരുന്നതിനാൽ, വീട്ടുകാർ ചാത്തന്നൂർ പൊലീസിൽ പരാതി നൽകി. സാമൂഹ്യ മാദ്ധ്യമങ്ങളിലും വാർത്ത പ്രചരിച്ചു. തുടർന്ന് കുറച്ച് കുട്ടികൾ കടവിൽ വന്ന് പോയതായി നാട്ടുകാർ പൊലീസിന് വിവരം നൽകി. പൊലീസ് കടവിനടുത്തു നിന്ന് അനീഷിന്റെ ബാഗ് കണ്ടെടുത്തു. തുടർന്ന് കൂട്ടുകാരെ ചോദ്യം ചെയ്യുകയും ചെയ്തു. വ്യാഴാഴ്ച കടവിൽ കുളിക്കാനിറങ്ങിയെന്നും അനീഷ് കയത്തിൽ അകപ്പെട്ടെന്നും ഇവർ മൊഴി നൽകിയതായി പൊലീസ് പറഞ്ഞു. തുടർന്ന് നടന്ന തെരച്ചിലിലാണ് മൃതദേഹം കണ്ടെത്തിയത്. ഒപ്പമുണ്ടായിരുന്ന കൂട്ടുകാർക്കെതിരെ മനപൂർവമല്ലാത്ത നരഹത്യയ്ക്ക് കേസെടുത്തതായി ചാത്തന്നൂർ എസ്.ഐ എ. സരിൻ അറിയിച്ചു . അജീഷ് സഹോദരൻ.


**വേർപാടിന്റെ രണ്ടാം വർഷം (13.10.2018)**

**സി. കാമപാലൻ**
കൊച്ചുവിള വീട്,
ആൽത്തറമൂട് പി.ഒ, നഗരൂർ.
ദുഃഖിതയായ ഭാര്യ : എസ്. സത്യപ്രഭ,
മക്കൾ, മരുമക്കൾ, ചെറുമക്കൾ,
മറ്റ് ബന്ധുമിത്രാദികൾ.

**ഒന്നാം വാർഷിക ശ്രാദ്ധം (13.10.2018)**

**R. തങ്കപ്പൻ പിള്ള**
(മരണം : 25.09.2017)
രാഘവഭവൻ, പുത്തൻചന്ത,
വർക്കല.
- സന്തപ്തകുടുംബാംഗങ്ങൾ.

**അഞ്ചാം ചരമവാർഷികം (13.10.2018)**

**ശ്രീകണ്ഠൻ. ജി**
ശ്രീനിലയം
മാർക്കറ്റ് റോഡ്, ആറ്റിങ്ങൽ
ദുഃഖിതരായ ഭാര്യ: പ്രസന്നകുമാരി. എസ്
മക്കൾ, മരുമക്കൾ, ചെറുമക്കൾ

**സഞ്ചയനം നാളെ**
**(14.10.2018 ഞായർ 8.30-ന്)**

**M. ഗോപാലകൃഷ്ണൻ (73)**
വിനോദ് വിഹാർ, ITI Jn, ചാക്ക.
എന്ന്,
ദുഃഖിതയായ ഭാര്യ : മാലതി ദേവി.
മക്കൾ : വിനോദ്, മഞ്ജുഷ,
മരുമക്കൾ : വിജി, സജിത്.

**പാവനസ്മരണയ്ക്ക്**
**35-ാം ചരമവാർഷികം നാലാം ചരമവാർഷികം**

**എൻ. വേലായുധൻ കെ. ദേവകി**
പ്രൊപ്രൈറ്റർ, ശ്രീകൃഷ്ണ എയ്റേറ്റഡ് വാട്ടേഴ്സ്.
(3.12.1984) (13.10.2014)
T.C. 14/372, വാണിയർ സ്ട്രീറ്റ്, പാളയം, തിരുവനന്തപുരം-33.
- സന്തപ്തകുടുംബാംഗങ്ങൾ.

**പതിമ്മൂന്നാം ചരമവാർഷികം**
(13.10.2018) (22.01.2019)

**കെ. ഭാസ്കരൻ സി. സത്യവതി**
ഭാസ്കര നിവാസ്, മുട്ടപ്പലം, പെരുങ്ങുഴി പി.ഒ.
ദുഃഖിതരായ മക്കളും മരുമക്കളും ചെറുമക്കളും.

**വേർപാടിന്റെ ദുഃഖസ്മൃതിക്ക് ഇന്ന് 19 വർഷം (13.10.2018)**

**ഡി. വസന്തകുമാരി**
കണ്ണറവിള പുത്തൻവീട്,
കണ്ണറവിള, നെല്ലിമൂട് പി.ഒ.
പരേതയുടെ ആത്മാവിന് നിത്യശാന്തി നേർന്നുകൊണ്ട്,
ഭർത്താവ്: പി. സദാശിവൻ,
മക്കൾ, മരുമക്കൾ, ചെറുമക്കൾ.

**കുളി അടിയന്തിരം നാളെ (14.10.2018)**

മാന്യരേ,
ഞങ്ങളുടെ അഭിവന്ദ്യ പിതാവ് **എൻ. സദാനന്ദൻ** (84) നിര്യാതനായ വിവരം വ്യസനസമേതം അറിയിക്കുന്നു.
പരേതന്റെ കുളിഅടിയന്തിരം 2018 ഒക്ടോബർ 14-ന് (ഞായർ) നടത്താൻ നിശ്ചയിച്ചിരിക്കുന്നു. ഇത് ഒരറിയിപ്പായി കരുതി എല്ലാ ബന്ധുമിത്രാദികളും ചടങ്ങിൽ പങ്കുചേരുവാൻ താൽപര്യപ്പെടുന്നു.
എന്ന്,
ദുഃഖിതരായ,
**മക്കൾ:**
ഹരി. എസ്.എസ് (Late),
റോയൽ അജി,
സംഗീത എസ്.എസ്,
**മരുമക്കൾ:**
നിനോ അജി,
മണിക്കുട്ടൻ. കെ.

**എൻ. സദാനന്ദൻ**
(ആനന്ദൻ ടെയിലർ)
വിളയിൽ വീട്, കുഴിയിൽമുക്ക്,
ആറ്റിങ്ങൽ. 9847062897.

കേരളകൗമുദി

Established by **C.V. Kunjuraman** as a periodical in 1911



'കേരളകൗമുദി' യു.എ.ഇയിലെ പ്രവാസികൾക്ക് ഒരുക്കിയ 'കെ.എസ്.എഫ്.ഇ പ്രവാസി ചിട്ടി കൗമുദി നൈറ്റ്' കലാവിരുന്ന് വിനീത് ശ്രീനിവാസൻ ഉദ്ഘാടനം ചെയ്യുന്നു

# യു. എ. ഇയിൽ മലയാളത്തിന്റെ നിലാവുദിച്ചു: കൗമുദി നൈറ്റ് ആഘോഷമാക്കി പ്രവാസികൾ

എം.എച്ച്.വിഷ്ണു

ദുബായ്: മരുഭൂമിയിൽ മലയാളത്തിന്റെ നിലാവ് ഉദിച്ചുയർന്നു. പാട്ടും നൃത്തവും ഹാസ്യവും വിരുന്നെത്തിയ രാവിൽ യു.എ.ഇയിലെ മലയാളികൾ ഗൃഹാതുര സ്മരണകളിൽ മുഴുകി. നൂറ്റാണ്ടിന്റെ പാരമ്പര്യത്തിന്റെ തലയെടുപ്പോടെ 'കേരളകൗമുദി' യു.എ.ഇയിലെ പ്രവാസികൾക്ക് ഒരുക്കിയ 'കെ.എസ്.എഫ്.ഇ പ്രവാസി ചിട്ടി കൗമുദി നൈറ്റ്' കലാവിരുന്ന് രാഗ, താള, നൃത്ത, ഹാസ്യ ലയത്തിന്റെ വിസ്മയരാവായി മാറി. യു.എ.ഇയിലെ ഏഴ് എമിറേറ്റുകളിൽ നിന്നും പ്രവാസിസമൂഹം അജ്മാനിലെ റമദാ ഹോട്ടൽ ആൻഡ് സ്യൂട്ട്സിലെ ദി മജസ്റ്റിക് ബാൾറൂമിലേക്ക് ഒഴുകിയെത്തി. പാട്ടുപാടിയും നൃത്തം ചവിട്ടിയും ആശംസകൾ നേർന്നും അവർ കൗമുദി നൈറ്റ് ഗംഭീരമാക്കി. കൗമുദി ടി.വിയിൽ സംപ്രേഷണം ചെയ്യാനിരിക്കുന്ന ശ്രീനാരായണ ഗുരുദേവന്റെ ജീവിതം ആധാരമാക്കിയുള്ള 'മഹാഗുരു' പരമ്പരയുടെ ടെയിലർ കൗമുദി നൈറ്റിൽ പ്രകാശനം ചെയ്തു.

കിടിലം കൊള്ളിക്കുന്ന പ്രകടനവുമായി വിനീത് ശ്രീനിവാസന്റെ ബാൻഡ് യു.എ.ഇയിൽ ആദ്യമായി അരങ്ങിലെത്തി. രണ്ടര മണിക്കൂർ ദൈർഘ്യമുള്ള സംഗീത വിരുന്നാണ് വിനീതിന്റെ ബാൻഡ് ഒരുക്കിയത്. ശ്രദ്ധേയയായ പുതുമുഖനായിക അനുസിതാരയും സംഘവും ചടുലമായ ചുവടുകളോടെ വേദിയിലെത്തി. ചിരിയുടെ മാലപ്പടക്കവുമായി മനോജ് ഗിന്നസും പ്രവാസി മലയാളികളിൽ ഗൃഹാതുരത്വ ഉണർത്തുന്ന പഴയകാല ഗാനങ്ങളുമായി സംഗീത സംവിധായകനും ഗായകനുമായ ആലപ്പി ബെന്നിയും കൈയടി നേടി. ശ്രീനാരായണഗുരുദേവന്റെ അർദ്ധനാരീശ്വര സ്തവത്തിന്റെ രംഗാവിഷ്കാരമായിരുന്നു കൗമുദിനൈറ്റിന്റെ പ്രത്യേകത. വനിതാവിംഗ് പ്രസിഡന്റ് പത്മിനി ശശീന്ദ്രന്റെ നേതൃത്വത്തിൽ സേവനം ഷാർജ എമിറേറ്റ്സ് സെന്റർ കമ്മിറ്റി അംഗങ്ങളാണ് അരമണിക്കൂറുള്ള രംഗാവിഷ്കാരം ഒരുക്കിയത്.

കലാസന്ധ്യയ്ക്ക് മുന്നോടിയായുള്ള പൊതുസമ്മേളനം വിനീത് ശ്രീനിവാസൻ ഉദ്ഘാടനം ചെയ്തു. സേവനം സെന്റർ ഷാർജ എമിറേറ്റ്സ് കമ്മിറ്റി പ്രസിഡന്റ് കെ.വി. ശശീന്ദ്രൻ അദ്ധ്യക്ഷനായി. ഷാർജ ഇന്ത്യൻ അസോസിയേഷൻ പ്രസിഡന്റ് ഇ.പി. ജോൺസൺ, സെക്രട്ടറി അബ്ദുള്ള മല്ലശേരി, ട്രഷറർ കെ.ബാലകൃഷ്ണൻ, സേവനം സെന്റർ സെൻട്രൽ കമ്മിറ്റി പ്രസിഡന്റ് എം.കെ.രാജൻ, സെക്രട്ടറി പ്രദീപ്കുമാർ, ട്രഷറർ കെ.ബാബു, കേരളകൗമുദി ബ്രോഡ്കാസ്റ്റിംഗ് ഹെഡ് എ.സി.റെജി, സേവനം ഷാർജ എമിറേറ്റ്സ് കമ്മിറ്റി വൈസ് പ്രസിഡന്റ് ബിനുമനോഹർ, സെക്രട്ടറി ബിജുകുമാർ, ട്രഷറർ പ്രഭാകരൻ പയ്യന്നൂർ, ലേഡീസ് വിംഗ് പ്രസിഡന്റ് പത്മിനി ശശീന്ദ്രൻ, ലേഡീസ് വിംഗ് കേന്ദ്രകമ്മിറ്റി കോ-ഓർഡിനേറ്റർ ലത വേണുഗോപാൽ, കേരളകൗമുദി പരസ്യവിഭാഗം കോർപറേറ്റ് മാനേജർ സുധീർകുമാർ, കൗമുദി ടി.വി പരസ്യവിഭാഗം കോർപറേറ്റ് മാനേജർ രാജീവ്കുമാർ എന്നിവർ പങ്കെടുത്തു. ഉച്ചമുതൽ സേവനം അംഗങ്ങളുടെ കലാപരിപാടികൾ അരങ്ങേറി.

# ഡാം സുരക്ഷ: പ്രത്യേകപഠനം നടത്തണമെന്ന് റിപ്പോർട്ട്

തിരുവനന്തപുരം: പ്രളയത്തെ അതിജീവിച്ച സംസ്ഥാനത്തെ ഡാമുകളിൽ ഹൈഡ്രോളജി പഠനമുൾപ്പെടെയുള്ള സുരക്ഷാ പരിശോധനകൾ നടത്തണമെന്ന് ഡാം സുരക്ഷാ പഠന റിപ്പോർട്ട്. ഇനിയൊരു പ്രളയത്തെ അതിജീവിക്കാൻ ഡാമുകൾക്കാകുമോ എന്ന് പരിശോധിക്കണം. എല്ലാ പ്രധാന ഡാമുകളുടെയും ഫുൾ റിസർവോയർ ലവൽവരെ ജലം സംഭരിക്കുമ്പോൾ ഉണ്ടാകാനിടയുള്ള പ്രശ്നങ്ങൾ സംബന്ധിച്ച് പ്രത്യേക പഠനങ്ങൾ ആവശ്യമാണ്. ഡാമിന്റെ സുരക്ഷിതത്വം, ഭൂചലന അവസ്ഥയിൽ പരിശോധിച്ച് ഉറപ്പുവരുത്തണം-റിപ്പോർട്ടിൽ നിർദ്ദേശിച്ചു.

അന്താരാഷ്ട്ര ഡാം സുരക്ഷാ വിദഗ്ദ്ധൻ ഡോ. ബാലു അയ്യർ, ജലസേചനവകുപ്പ് ചീഫ് എൻജിനിയർ കെ.എ. ജോഷി, കെ.എസ്. ഇ.ബി ഡാംസേഫ്റ്റി ചീഫ് എൻജിനിയർ ബിബിൻ ജോസഫ് എന്നിവരാണ് പ്രളയത്തിന് ശേഷമുള്ള ഡാമുകളുടെ സ്ഥിതി പരിശോധിച്ച് ഇന്നലെ മുഖ്യമന്ത്രി പിണറായി വിജയന് റിപ്പോർട്ട് കൈമാറിയത്. പെരിങ്ങൽകുത്തിൽ മാത്രമാണ് പ്രളയകാലത്ത് വെള്ളം കരകവിഞ്ഞൊഴുകിയത്. ഡാമുകൾക്ക് പ്രളയത്തിൽ കേട് സംഭവിച്ചിട്ടില്ല. എല്ലാം സുരക്ഷിതമാണ്. എന്നാൽ ഇനിയൊരു പ്രളയത്തെ അതിജീവിക്കുമോ എന്ന് വിശദമായ പരിശോധന നടത്തണം. ഡാമുകളുടെ ഉയരം കൂട്ടുക, സ്പിൽവേ ഷട്ടറുകൾ താഴ്ത്തുക ഡാമിൽ അടിഞ്ഞുകൂടിയിട്ടുള്ള ചെളി നീക്കം ചെയ്യുക തുടങ്ങിയ മാർഗങ്ങളിലൂടെ ഡാമിന്റെ സംഭരണശേഷി വർദ്ധിപ്പിക്കുന്നതിനെക്കുറിച്ചും ആലോചിക്കണമെന്നും റിപ്പോർട്ട് നിർദ്ദേശിക്കുന്നു..



ജൈവകൃഷി പ്രോത്സാഹനാർത്ഥം കൃഷിവകുപ്പ് നൽകുന്ന പച്ചക്കറി വിത്തുകൾ കേരളകൗമുദി ബോധപൗർണമി ക്ലബിന്റെ ആഭിമുഖ്യത്തിൽ സ്കൂളുകളിൽ വിതരണം ചെയ്യുന്നതിനായി മന്ത്രി വി.എസ്. സുനിൽകുമാറിൽ നിന്ന് കേരളകൗമുദി യൂണിറ്റ് ചീഫ് കെ. അജിത്കുമാർ ഏറ്റുവാങ്ങുന്നു. പരസ്യവിഭാഗം അസിസ്റ്റന്റ് മാനേജർ എം.എസ്. രതീഷ്, കൃഷി വകുപ്പ് ഡയറക്ടർ പി.കെ. ജയശ്രീ, വി.എഫ്.പി.സി.കെ സി.ഇ.ഒ സജിജോൺ എന്നിവർ സമീപം

# യതി പൂജ: പ്രവർത്തക യോഗങ്ങൾ ഇന്ന് തുടങ്ങും

തിരുവനന്തപുരം: ശ്രീനാരായണ ധർമ്മസംഘം ട്രസ്റ്റും എസ്.എൻ.ഡി.പി യോഗവും സംയുക്തമായി നടത്തുന്ന യതി പൂജയോട് അനുബന്ധിച്ചുള്ള യൂണിയൻതല പ്രവർത്തകയോഗങ്ങൾക്ക് ഇന്ന് തുടക്കമാകും. യോഗം വൈസ് പ്രസിഡന്റ് തുഷാർ വെള്ളാപ്പള്ളി, ദേവസം സെക്രട്ടറി അരയാക്കണ്ടി സന്തോഷ് എന്നിവർ വിവിധ യോഗങ്ങളിൽ പങ്കെടുക്കും.

യൂണിയൻ , ശാഖാ ഭാരവാഹികൾ, വനിതാ സംഘം, യൂത്ത്മൂവ്മെന്റ്, സൈബർസേന, കുമാരിസംഘം എന്നിവയുടെ പ്രവർത്തകർ പങ്കെടുക്കും. യതി പൂജയുടെ സന്ദേശം ഓരോ ഭവനത്തിലും എത്തിക്കുകയെന്ന ലക്ഷ്യത്തോടുകൂടിയാണ് വിപുലമായ യോഗങ്ങൾ നടത്തുന്നത്.

ഇന്ന് തിരുവനന്തപുരം ജില്ലയിലെ ആര്യനാട്, നെടുമങ്ങാട്, വാമനപുരം, നേമം, നെയ്യാറ്റിൻകര, കോവളം യൂണിയനുകളിലും നാളെ പി.കെ.എസ്. എസ് യൂണിയൻ, ഡോക്ടർ പല്പു സ്മാരക യൂണിയൻ, ചെമ്പഴന്തി, വർക്കല, ആറ്റിങ്ങൽ, ചിറയിൻകീഴ് യൂണിയനുകളിലും സമ്മേളനം നടക്കും.

15 ന് കൊല്ലം ജില്ലയിലെ കുന്നത്തൂർ, കരുനാഗപ്പള്ളി, ചവറ, കുണ്ടറ, കൊല്ലം. 16 ന് കൊട്ടാരക്കര, പുനലൂർ, പത്തനാപുരം, കടക്കൽ, ചാത്തന്നൂർ യൂണിയൻ സമ്മേളനങ്ങളും നടക്കും.

# കുടുംബശ്രീക്കെതിരെ സമരം ശക്തം, വിരോധം തീർത്തത് ചെരുപ്പുകളോട്

**കെ.എസ്.ആർ.ടി.സിയിൽ പരിശീലനത്തിനെത്തിയ കുടുംബശ്രീ അംഗങ്ങളുടെ ചെരുപ്പ് ഓടയിൽ കളഞ്ഞു**

തിരുവനന്തപുരം: കെ.എസ്.ആർ.ടി.സി സ്റ്റാൻഡുകളിലെ ടിക്കറ്റ് കൗണ്ടറുകൾ കുടുംബശ്രീയെ ഏല്പിച്ചതിനെതിരെ സംയുക്ത സമരസമിതിയുടെ പ്രതിഷേധം ശക്തമായി. പരിശീലനത്തിനെത്തിയവരെ തടഞ്ഞ സമര സമിതി നേതാക്കളെ പൊലീസ് അറസ്റ്റ് ചെയ്ത് നീക്കിയപ്പോൾ കുടുംബശ്രീ വനിതകളുടെ ചെരുപ്പുകൾക്കാണ് പണി കിട്ടിയത്. വ്യാഴാഴ്ച സിറ്റി ഗാരേജിലെ ട്രെയിനിംഗ് സെന്ററിൽ കുടുംബശ്രീ പ്രവർത്തകർ പരിശീലനത്തിന് എത്തിയപ്പോൾ മുതൽ പ്രതിഷേധമുണ്ടായിരുന്നു. തുടർന്ന് പരിശീലനം ആരംഭിക്കാൻ കഴിഞ്ഞില്ല. പ്രതിഷേധക്കാർ പിരിഞ്ഞശേഷം ഉച്ചയോടെ പരിശീലനം തുടങ്ങി. ഇതറിഞ്ഞെത്തിയവർ പുറത്തുകിടന്ന ചെരുപ്പുകൾ എടുത്തുമാറ്റി. പുറത്തിറങ്ങിയ സ്ത്രീകൾ സുരക്ഷാ ജീവനക്കാരോടൊപ്പം നടത്തിയ പരിശോധനയിൽ സമീപത്തെ ഓടയിൽ നിന്ന ചെരുപ്പുകൾ കണ്ടെത്തുകയായിരുന്നു. വള്ളികൾ പൊട്ടിച്ച് ഉപയോഗിക്കാൻ കഴിയാത്ത വിധത്തിലാക്കി ചെരുപ്പുകൾ ഉപേക്ഷിക്കുകയായിരുന്നു.

ഇന്നലെ പരിശീലനം തടയാൻ ജീവനക്കാരുടെ വൻ സംഘം പുറത്തുണ്ടായിരുന്നു. പൊലീസ് പ്രതിഷേധക്കാരെ അറസ്റ്റ് ചെയ്ത് മാറ്റിയതിനു ശേഷമാണ് പരിശീലനം ആരംഭിച്ചത്. ഉച്ചയ്ക്ക് ശേഷം രണ്ടാമത്തെ ബാച്ച് പരിശീലനത്തിന് കയറിയപ്പോൾ പ്രതിഷേധക്കാർ ഇന്റർനെറ്റ് വിച്ഛേദിച്ചു. ഇതോടെ പരിശീലനം മുടങ്ങി. എം.ഡി ടോമിൻ തച്ചങ്കരിക്ക് അധികൃതർ പരാതി നൽകി. ഇത് ഫോർട്ട് പൊലീസിന് കൈമാറി. സംഭവത്തിൽ പൊലീസ് കേസെടുത്തു.



മഹായതിപൂജയോടനുബന്ധിച്ച് ചെങ്ങന്നൂർ യൂണിയൻ കൺവീനർ സുനിൽ വള്ളിയിൽ രചിച്ച് രാജു പനയ്ക്കൽ സംഗീതം നല്കി എം.ജി.ശ്രീകുമാർ ആലപിച്ച എന്റെ ഗുരു വീഡിയോ സി.ഡി.യുടെ പ്രകാശനം ശിവഗിരിയിൽ ധർമ്മസംഘം ട്രസ്റ്റ് പ്രസിഡന്റ് സ്വാമി വിശുദ്ധാനന്ദ യോഗം വൈസ് പ്രസിഡന്റ് തുഷാർ വെള്ളാപ്പള്ളിക്ക് നല്കി നിർവഹിക്കുന്നു. ധർമ്മസംഘം ട്രസ്റ്റ് ജനറൽ സെക്രട്ടറി സ്വാമി സാന്ദ്രാനന്ദ, ഡി. പ്രേംരാജ്, അഡ്വ.സിനിൽ മുണ്ടപ്പള്ളി, പച്ചയിൽ സന്ദീപ്, കിരൺ ചന്ദ്രൻ, ഗോപകുമാർ ചാത്തന്നൂർ, അജി എസ്.ആർ.എം, രാജേഷ് നെടുമങ്ങാട്, സുനിൽ വള്ളിയിൽ , മേടയിൽ വിജീഷ് തുടങ്ങിയവർ പങ്കെടുത്തു.

# പ്രളയത്തിൽ കൃഷിനശിച്ചു, കടംപെരുകിയ കർഷകൻ ജീവനൊടുക്കി

കുട്ടനാട്: പ്രളയത്തിൽ കൃഷി നശിച്ചതിനെത്തുടർന്ന് വൻ കടബാദ്ധ്യതയിലായ കർഷകൻ, കുട്ടനാട് നെടുമുടി പഞ്ചായത്ത് അഞ്ചാം വാർഡ് ആറ്റുവാത്തല ഉമ്പുക്കാട് വീട്ടിൽ ബി.ഷാജിയെ (47 ) വിഷം ഉള്ളിൽച്ചെന്ന് മരിച്ച നിലയിൽ കണ്ടെത്തി. ഇന്നലെ രാവിലെ ഒമ്പതിന് വീട്ടിൽ നിന്ന് ഇരുന്നൂറ് മീറ്റർ മാറി നെടുമുടി വില്ലേജ് ഓഫീസിനു സമീപമുള്ള നെൽപ്പുരമഠം കാവിലാണ് മൃതദേഹം കണ്ടത്. വ്യാഴാഴ്ച വൈകിട്ട് നാലുമുതൽ കാണാതായ ഷാജി രാത്രി വൈകിയിട്ടും വീട്ടിലെത്താത്തതിനെ തുടർന്നാണ് വീട്ടുകാരും പ്രദേശവാസികളും ചേർന്ന് തെരച്ചിൽ ആരംഭിച്ചത്.



ഷാജി

2016 മുതൽ നെടുമുടി കൊട്ടാരം ശ്രീ ഭഗവതി ദേവസ്വത്തിന്റെ മൂന്നേക്കറോളം നിലം പാട്ടത്തിനെടുത്ത് കൃഷി ചെയ്തിരുന്ന ഷാജി, അടിക്കടിയുണ്ടായ നഷ്ടത്തെത്തുടർന്ന് വലിയ കടബാദ്ധ്യതയിലായിരുന്നു. ഇതിനിടെയാണ് കഴിഞ്ഞ പ്രളയത്തിൽ വീണ്ടും കൃഷിനാശമുണ്ടായത്. ഇതോടെ ജീവനൊടുക്കുകയായിരുന്നെന്നാണ് പൊലീസ് നിഗമനം. ഭാര്യ: രമ. പ്ലസ് വൺ വിദ്യാർത്ഥിനിയായ രേഷ്മ ഏകമകളാണ്.

# ഡോ.രേഖാ നായർ വിദേശത്തും വൈദഗ്ദ്ധ്യം നേടി

തിരുവനന്തപുരം: ആർ.സി.സി ഡയക്ടറായി നിയമിതയായ ഡോ.രേഖാനായർ വിദേശത്തും രക്താർബുദ നിർണയത്തിൽ പരിശീലനം നേടിയ പ്രമുഖയാണ്.

- തിരുവനന്തപുരം മെഡിക്കൽ കോളേജിൽ നിന്ന് 1984ൽ എം. ബി. ബി. എസും 1990ൽ പാതോളജി എം.ഡിയും ഉന്നത നിലയിൽ വിജയിച്ചു
- അമേരിക്കയിലെ നാഷണൽ കാൻസർ ഇൻസ്റ്റിറ്റ്യൂട്ട്, ഇംഗ്ലണ്ടിലെ ലീഡ്സ് സർവകലാശാല എന്നിവിടങ്ങളിൽ രക്താർബുദ നിർണയത്തിൽ പരിശീലനം
- 1989-ൽ സർവീസിൽ പ്രവേശിച്ചു
- അദ്ധ്യാപനത്തിലും റിസർച്ചിലും ക്ലിനിക്കൽ വിഭാഗത്തിലുമായി 30 വർഷത്തെ പരിചയം
- ആർ.സി.സിയിലെ അഡ്വാൻസ്ഡ് സ്പെഷ്യാലിറ്റി ലാബുകളായ മോളിക്യുലാർ ഫ്ളോസൈറ്റോമെട്രി, ഫിഷ്ലാബ്, ഇമ്മ്യൂണോ ഹിസ്റ്റോ കെമിസ്ട്രിലാബ് എന്നിവ ആരംഭിക്കുന്നതിന് മേൽനോട്ടം വഹിച്ചു
- ദേശീയ അന്തർദ്ദേശീയ ജേർണലുകളിൽ 50 ൽപരം മെഡിക്കൽ ലേഖനങ്ങൾ പ്രസിദ്ധീകരിച്ചു
- ദേശീയ, അന്തർദ്ദേശീയ സെമിനാറുകളിൽ പ്രബന്ധം അവതരിപ്പിക്കുന്ന സ്ഥിരം ക്ഷണിതാവ്
- രക്താർബുദ നിർണയത്തിലും സ്തനാർബുദ നിർണയത്തിലും പുതിയ വെളിച്ചം പകർന്ന മൈക്രോ ആർ.എൻ.എയുടെ കണ്ടുപിടിത്തത്തിന് 2016-ൽ ദേശീയ അന്തർദ്ദേശീയ പേറ്റന്റ് ലഭിച്ചു
- ഇപ്പോൾ ഐ.സി.എം.ആറിന്റെ രക്താർബുദ നിർണയ ടാസ്ക്ഫോഴ്സ് അംഗം



*കേരള സർവകലാശാലയിൽ നിന്ന് ഫിസിക്സിൽ പിഎച്ച്.ഡി നേടിയ മലയിൻകീഴ് എം.എം.എസ് ഗവ. ആർട്സ് ആൻഡ് സയൻസ് കോളേജിലെ ഗസ്റ്റ് ലക്ചറർ ഭാഗ്യ ഉത്തമൻ. തിരുവല്ല പ്ലാവിള ഉഷസിൽ ഉത്തമന്റെയും സുഷമ ഉത്തമന്റെയും മകളും എൻജിനിയർ അക്ഷയ് യുടെ ഭാര്യയുമാണ്*



*ചെന്നൈ ഇന്റർനാഷണൽ തമിഴ് സർവകലാശാലയിൽ നിന്ന് കേരളനടനം, കഥകളി, ഭരതനാട്യം എന്നിവയുടെ താരതമ്യ പഠനത്തിനുള്ള ഗവേഷണത്തിൽ ഡോക്ടറേറ്റ് നേടിയ കെ. ശിവാനന്ദൻ നായർ. സ്വാതി തിരുനാൾ സംഗീത കോളേജിലെ നൃത്തവിഭാഗം പ്രൊഫസറായ ഇദ്ദേഹം അഞ്ചൽ അയിലറ സ്വദേശിയാണ്*










Vol. No. 108 Issue No. 276 R.No.3052/57 (R.No. KL/TV(N) 72/2018-20 ) Printed and Published by **Darshan Ravi** from Kaumudi Buildings, Thiruvananthapuram-695 024 on behalf of Kerala Kaumudi (Pvt.) Ltd. and printed at Ravi Printers & Publishers (P) Ltd., Thiruvananthapuram. Phone: **2461010, 2461050, 3941050, Fax: 3078979** e-mail: **news @ keralakaumudi.com, desk@kaumudi.com** Chief Editor : **Deepu Ravi** (Responsible for selection of news under the PRB Act) .